No/450/2022/SRG/LSGD/CC(10)

## വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 08.03.2023 ന നടന്ന യോഗത്തിന്റെ നടപടി വിവരം

യോഗം ഉച്ചകഴിഞ്ഞ് 3.30 ന് സെക്രട്ടറിയേറ്റ് അനക്സ് II വിലെ 'ലയം' ഹാളിൽ ആരംഭിച്ചു. ബഹു. തദ്ദേശസ്വയംഭരണ – എക്സൈസ് വകുപ്പ് മന്ത്രി യോഗത്തിൽ അദ്ധ്യക്ഷത വഹിച്ചു. യോഗത്തിൽ പങ്കെടുത്തവരുടെ പേരു വിവരം അനുബന്ധമായി ചേർക്കുന്നു.

സാധാരണ കോഓർഡിനേഷൻ കമ്മിറ്റി യോഗങ്ങളിൽ ക്രമ നമ്പർ ഒന്ന് ആയി ഉൾപ്പെടുത്തുന്ന പദ്ധതി പുരോഗതി അവലോകനം ഇന്നത്തെ അജണ്ടയിൽ ഉൾ പ്പെടുത്തിയിരുന്നില്ല. ക്രമനമ്പർ രണ്ട്, മൂന്ന്, നാല് ആയി വരുന്ന മുൻ കോഓർഡിനേഷൻ കമ്മിറ്റി തീരുമാന പ്രകാരം സ്വീകരിക്കേണ്ട തുടർനടപടികൾ, പൊതു വിഷയം, പ്രത്യേകവിഷയം എന്നിവയാണ് ഇന്നത്തെ യോഗത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

**2) കോഓർഡിനേഷൻ കമ്മിറ്റിയുടെ 14.02.2023 ലെ യോഗത്തിന്റെ മിനിറ്റ്സ് പ്രകാരം നടപടി സ്വീകരിക്കേണ്ടവയിൽ റിപ്പോർട്ട് ലഭിച്ച വിഷയങ്ങൾ**

**കോഓർഡിനേഷൻ കമ്മിറ്റിയുടെ 22.11.2022 ലെ യോഗത്തിൽ വന്ന വിഷയം**

**2.3 ഖണ്ഡിക 4.2**

**കേരള ഗവ.ഫാർമസിസ്റ്റ് അസ്സോസിയേഷൻ**

**കേരള ഗവ.ഫാർമസിസ്റ്റ് അസ്സോസിയേഷൻ പ്രസിഡന്റിന്റെ 01.10.2022 ലെ 17/2022–23/KGPA നമ്പർ കത്ത് (SRG 1110/22)**

**വിഷയം:–** താല്ക്കാലികമായി ജോലി ചെയ്യുന്ന ഫാർമസിസ്റ്റുമാർക്ക് പുതുക്കിയ അടിസ്ഥാന ശമ്പളം നൽകണമെന്നതു സംബന്ധിച്ച്.

ഡോക്ടർമാരെയും പാരാമെഡിക്കൽ സ്റ്റാഫിനേയും പി.എച്ച്.സി, സി.എച്ച്.സി, താലൂക്കാശുപത്രികൾ, നഗരസഭകളുമായി ബന്ധപ്പെട്ട ആശുപത്രികൾ എന്നിവിടങ്ങളിൽ തദ്ദേശഭരണസ്ഥാപനങ്ങൾ മുഖേന താല്ക്കാലികമായി നിയമിക്കാറുണ്ട്. ആരോഗ്യവകുപ്പിന്റെ മാനദണ്ഡപ്രകാരം പുതുതായി നിയമിക്കപ്പെടുന്ന ഡോക്ടർ/നേഴ്സ്മാരുടെ അടിസ്ഥാന ശമ്പളമാണ് ഇവർക്ക് നൽകേണ്ടത്. ഇതനുസരിച്ച് പുതിയ ശമ്പള പരിഷ്കരണ പ്രകാരം ഡോക്ടർമാർക്ക് 63,700 രൂപയും നഴ്സ്മാർക്ക് 39,300 രൂപയുമാണ് നൽകാവുന്നതെന്ന് കോഓർഡിനേഷൻ കമ്മിറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ തദ്ദേശസ്വയംഭരണവകുപ്പ് സർക്കുലർ ഇറക്കിയിട്ടുണ്ട്. തദ്ദേശഭരണസ്ഥാപനങ്ങൾ ഫാർമസിസ്റ്റുകളേയും താല്ക്കാലികമായി നിയമിച്ചിട്ടുണ്ട്. ഇവർക്കും അഡ്ഹോക്ക് സാലറി നൽകണമെന്ന ആവശ്യം സംബന്ധിച്ച്.

**തീരുമാനം :–** ഇന്നത്തെ യോഗത്തിലെ പൊതു തീരുമാനം ഖണ്ഡിക 3.2 ബാധകമാണ്.

**നടപടി:– തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

**കോഓർഡിനേഷൻ കമ്മിറ്റിയുടെ 14.02.2023 ലെ യോഗത്തിൽ വന്ന വിഷയം**

**2.5 ഖണ്ഡിക 3.2 (iii)**

ഒരു കോടി രൂപയ്ക്ക് മുകളിൽ അടങ്കൽ വരുന്ന എല്ലാ പ്രോജക്ടുകളും സാധ്യതാ പഠനത്തിനുശേഷം തയ്യാറാക്കുന്ന സ്ഥല പരിശോധന, റിപ്പോർട്ട്, പ്ലാൻ, ഡിസൈൻ എന്നിവ

തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ കൺവീനർ ആയ സാങ്കേതിക സമിതിക്ക് നൽകി (ഓൺലൈൻ ആയി) സമിതിയുടെ അഭിപ്രായവും ഉപദേശവും കൂടി പരിഗണിച്ച് പ്രോജക്ടുകൾക്ക് അന്തിമ രൂപം നൽകണമെന്നുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ ചീഫ് എഞ്ചിനീയർ കൺവീനറായി ഒരു സമിതി രൂപീകരിച്ചിട്ടുണ്ട്. ഈ സമിതിയിലെ അനൗദ്യോഗിക അംഗങ്ങൾക്ക് നൽകേണ്ട വേതനം (ഓണറേറിയം) സംബന്ധിച്ച് ശുപാർശ നൽകാൻ ചീഫ് എഞ്ചിനീയറെ ചുമതലപ്പെടുത്തിയ പ്രകാരം റിപ്പോർട്ട് നൽകിയിട്ടുണ്ട്.

**<u>08.03.2023 ലെ റിപ്പോർട്ട്</u>**:- ഈ സമിതിയിലെ അനൗദ്യോഗികാംഗങ്ങൾക്ക് ഒരു സിറ്റിംഗിന് 5000 രൂപ ക്രമത്തിൽ നൽകാവുന്നതാണെന്ന് അറിയിച്ചിരിക്കുന്നു. ഈ ഇനത്തിൽ ഒരു സാമ്പത്തിക വർഷം 7.20 ലക്ഷം രൂപ ചെലവ് പ്രതീക്ഷിക്കുന്നു. ഒരാഴ്ചയിൽ ശരാശരി ഒരു സിറ്റിംഗ് വീതം 3 പേർക്ക് സിറ്റിംഗ് ഫീ നൽകുന്ന രീതിയാണ് ശുപാർശ ചെയ്തത്. (48 Weeks x 3 person x Rs. 5000).

**തീരുമാനം :-** തദ്ദേശസ്വയംഭരണ ചീഫ് എഞ്ചിനീയറുടെ ശുപാർശ പ്രകാരം ഒരു സിറ്റിംഗിന് 5000 രൂപ വീതം അനൗദ്യോഗികാംഗങ്ങൾക്ക് നല്കാവുന്നതാണ്. ഒരു മാസം പരമാവധി 4 സിറ്റിംഗ് ആണ് നടത്താവുന്നത്.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

**<u>2.5 ഖണ്ഡിക 3.2 (iv)</u>**

എഞ്ചിനീയറിംഗ് വിഭാഗം ജീവനക്കാർക്ക് ഓഫീസിലും വർക്ക്സൈറ്റിലും ഉണ്ടാകുന്ന സാങ്കേതിക പ്രയാസങ്ങൾ, സംശയങ്ങൾ തുടങ്ങിയവ ദൂരീകരിക്കുന്നതിനും ജീവനക്കാർക്ക് പുതിയ സാങ്കേതികവിദ്യകൾ സംബന്ധിച്ച് അവബോധം ഉണ്ടാക്കുന്നതിനും പ്രിൻസിപ്പൽ ഡയറക്ടറേറ്റ് കേന്ദ്രീകരിച്ച് ഒരു സാങ്കേതിക വിദഗ്ധ സമിതി (ഹെൽപ് ഡെസ്ക്) രൂപീകരിക്കാൻ തീരുമാനിച്ചു. ഇതിൽ എത്ര പേർ വേണമെന്നും ഓണറേറിയം എത്രയായിരിക്കണമെന്നും സംബന്ധിച്ച് ശുപാർശ നൽകാൻ തദ്ദേശസ്വയംഭരണവകുപ്പ് ചീഫ് എഞ്ചിനീയറെ ചുമതലപ്പെടുത്തിയ പ്രകാരം റിപ്പോർട്ട് നൽകി.

**<u>08.03.2023 ലെ റിപ്പോർട്ട്</u>** :- ഹെൽപ് ഡസ്കിൽ ഐ.റ്റി. സംബന്ധമായ വിഷയങ്ങൾ കൈകാര്യം ചെയ്യുന്നതിന് ഈ മേഖലയിൽ (Price 3.0, e-tender etc) വൈദഗ്ധ്യമുള്ള ഒരു വിദഗ്ധനേയും പദ്ധതി സംബന്ധിച്ചും സാങ്കേതികവിദ്യ സംബന്ധിച്ചുമുള്ള വിഷയങ്ങൾ കൈകാര്യം ചെയ്യുന്നതിന് വൈദഗ്ധ്യമുള്ള ഒരു വിദഗ്ധനേയും (ആകെ 2 പേർ) ഉൾപ്പെടുത്താനാണ് ശുപാർശ ചെയ്തിരിക്കുന്നത്. ഇങ്ങനെ നിയമിക്കപ്പെടുന്നവർക്ക് പ്രതിമാസം 50,000 രൂപ ഓണറേറിയം നൽകാവുന്നതാണ്.

**തീരുമാനം :-** ഇങ്ങനെ നൽകുന്ന ഓണറേറിയത്തിനുള്ള വിഹിതം എവിടെ നിന്ന് കണ്ടെത്തും എന്നതു സംബന്ധിച്ച് കില ഡയറക്ടറുടെ കൂടി അഭിപ്രായമാരാഞ്ഞ് അടുത്ത യോഗത്തിൽ തീരുമാനമെടുക്കാൻ മാറ്റിവച്ചു.

**നടപടി:-1) ഡയറക്ടർ ജനറൽ, കില**
**തദ്ദേശസ്വയംഭരണ (ഇ.ഡബ്ളിയു.എ) വകുപ്പ്**

3) **<u>പൊതുവിഷയം</u>**

3.1) പതിനാലാം പഞ്ചവത്സര പദ്ധതി സബ്സിഡി - ധനസഹായ മാർഗ്ഗരേഖ (28.05.2021-ലെ 115/2022/തസ്വഭവ നമ്പർ സർക്കാർ ഉത്തരവ്) ഖണ്ഡിക 7.2.22 പ്രകാരം എം.എൽ.റ്റി യോഗ്യതയുള്ള പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിലെ ഉദ്യോഗാർത്ഥികളെ സർക്കാർ സ്ഥാപനത്തിൽ നിയോഗിച്ച് പരിശീലനം നൽകാം. പരിശീലന കാലയളവ് രണ്ടു വർഷമാണ്. പ്രതിമാസം 8000 രൂപ സ്റ്റൈപന്റ് നൽകാം. പരാമെഡിക്കൽ കൗൺസിലിന്റെ രജിസ്ട്രേഷൻ / അംഗീകാരമില്ലാത്ത എം.എൽ.റ്റി പാസ്സായവരെയും ഇങ്ങനെ പരിശീലനത്തിനായി തെരഞ്ഞെടുക്കുന്നതിനാൽ തദ്ദേശഭരണസ്ഥാപനങ്ങളിൽ അവ്യക്തതയുണ്ട്. പാരാമെഡിക്കൽ

കൗൺസിലിന്റെ രജിസ്ട്രേഷൻ/ അംഗീകാരമുള്ള ബി.എം.എൽ.റ്റി, ഡി.എം.എൽ.റ്റി കോഴ്സ് പാസ്സായവരെ മാത്രമേ ഇത്തരം പരിശീലനത്തിന് തെരഞ്ഞെടുക്കാവൂ എന്ന് ആരോഗ്യവകുപ്പ് ഡയറക്ടറുടെ പ്രതിനിധി 14.02.2023 ലെ കോഓർഡിനേഷൻ കമ്മിറ്റി യോഗത്തിൽ അറിയിച്ചിട്ടുണ്ട്.

എന്നാൽ പതിനാലാം പഞ്ചവത്സരപദ്ധതി സബ്സിഡി - ധനസഹായ മാർഗ്ഗരേഖ പ്രകാരം എം.എൽ.റ്റി യോഗ്യതയുള്ളവർക്ക് മാത്രമാണ് പരിശീലനം നൽകാവുന്നത്. ബി.എം.എൽ.റ്റി ബിരുദകോഴ്സും ഡി.എം.എൽ.റ്റി ഡിപ്ലോമ കോഴ്സുമാണ്. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ റിപ്പോർട്ട് കൂടി പരിഗണിച്ച് താഴെ പറയുന്ന മാറ്റം മാർഗ്ഗരേഖയിൽ വരുത്താൻ തീരുമാനിച്ചു.

സർക്കാരിന്റെ 28.05.2022 ലെ 115/2022/തസ്വഭവ നമ്പർ ഉത്തരവു പ്രകാരമുള്ള സബ്സിഡി - ധനസഹായ മാർഗ്ഗരേഖയിലെ 7.2.22 ൽ പ്രതിപാദിക്കുന്ന പരിശീലനത്തിന് ബി.എം.എൽ.റ്റി കോഴ്സിനോടൊപ്പം ഡി.എം.എൽ.റ്റി കോഴ്സ് പാസ്സായവരെ കൂടി തെരഞ്ഞെടുക്കാവുന്നതാണ്. എന്നാൽ പാരാമെഡിക്കൽ കൗൺസിലിന്റെ രജിസ്ട്രേഷൻ / അംഗീകാരമുള്ള ബി.എം.എൽ.റ്റി, ഡി.എം.എൽ.റ്റി കോഴ്സ് പാസ്സായിട്ടുള്ളവരെ മാത്രമേ ഈ കോഴ്സിനു തെരഞ്ഞെടുക്കാവൂ. ബി.എം.എൽ.റ്റി യോഗ്യതയുള്ളവർക്ക് 8000 രൂപയും ഡി.എം.എൽ.റ്റി യോഗ്യതയുള്ളവർക്ക് 7000 രൂപയും സ്റ്റൈപന്റ് ആയി നൽകാവുന്നതാണ്.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

3.2) കുടുംബാരോഗ്യ കേന്ദ്രങ്ങളിലും കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളിലും ഡോക്ടർമാരുടെ സേവനം ഉച്ചകഴിഞ്ഞ് (1.00 മണി മുതൽ 7.00 മണിവരെ) ആവശ്യമായി വരും. ഇതിനായി കുടുംബാരോഗ്യ കേന്ദ്രത്തിൽ ഒരു ഡോക്ടറേയും ഒരു പാരാമെഡിക്കൽ സ്റ്റാഫിനേയും കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളിൽ രണ്ടു ഡോക്ടർമാരേയും പാരാമെഡിക്കൽ സ്റ്റാഫിനേയും നിയമിക്കാൻ തദ്ദേശഭരണസ്ഥാപനങ്ങൾക്ക് അനുമതിയുണ്ട്. ഇവർക്കുള്ള വേതനം നൽകാൻ തനതുഫണ്ടോ വികസനഫണ്ടോ ഉപയോഗിക്കുവാനും അനുമതിയുണ്ട്. കോഓർഡിനേഷൻ കമ്മിറ്റിയുടെ 30.11.2018 ലെ യോഗത്തിൽ ആർദ്രം മിഷൻ ആവശ്യപ്പെട്ട പ്രകാരം ആരോഗ്യ വകുപ്പിൽ നിലനിൽക്കുന്ന അഡ്ഹോക്ക് നിയമന പ്രകാരമുള്ള വേതനം നൽകാമെന്ന് തീരുമാനിച്ചിരുന്നു. തുടർന്ന് ഈ നിരക്കിലാണ് ഇവർക്ക് വേതനം നൽകുന്നത്. ഇതനുസരിച്ച് ഇപ്പോൾ ഡോക്ടർമാർക്ക് 63,700 രൂപയും നേഴ്സുമാർക്ക് (ഗ്രേഡ് 2) 39,300 രൂപയുമാണ് പ്രതിമാസവേതനം നൽകാവുന്നത്.

എന്നാൽ ധനവകുപ്പിന്റെ 11.02.2021 - ലെ 29/2021/ധന. നമ്പർ ഉത്തരവു പ്രകാരം (ഏറ്റവും അവസാനം പരിഷ്കരിച്ചത് ) ഡോക്ടർമാർക്ക് പ്രതിമാസം പരമാവധി 57,525 രൂപയും നേഴ്സുമാർക്ക് പ്രതിമാസം പരമാവധി 24,520 രൂപയുമാണ് നൽകാവുന്നത്. ഇതു കൂടി പരിഗണിച്ച് താഴെ പറയുന്ന തീരുമാനമെടുത്തു.

ഈ സാഹചര്യത്തിൽ ധനവകുപ്പിന്റെ 11.02.2021 - ലെ 29/2021/ധന.നമ്പർ ഉത്തരവു പ്രകാരമുള്ള നിരക്കിലുള്ള വേതനമാണ് തദ്ദേശഭരണസ്ഥാപനങ്ങളിൽ നിന്ന് താൽക്കാലികാടിസ്ഥാനത്തിൽ നിയമിക്കുന്ന ഡോക്ടർമാർക്കും പാരാമെഡിക്കൽ സ്റ്റാഫിനും നൽകാവുന്നത്. ധനവകുപ്പ് കാലാകാലങ്ങളിൽ പുതുക്കുന്ന നിരക്ക് ബാധകമാക്കാവുന്നതാണ്. ഇത് 2023 ഏപ്രിൽ ഒന്നു മുതൽ ബാധകമായിരിക്കും. എന്നാൽ ഏതെങ്കിലും തദ്ദേശഭരണസ്ഥാപനം പഴയ നിരക്കിൽ (അഡ്ഹോക്ക് നിരക്ക്) ഡോക്ടർ / പാരാമെഡിക്കൽ സ്റ്റാഫുമായി കരാറിലേർപ്പെട്ടിട്ടുണ്ടെങ്കിൽ കരാർ കാലാവധി തീരുംവരെ (പരമാവധി ഒരു വർഷം) കരാർ പ്രകാരമുള്ള നിരക്കിൽ വേതനം നൽകാവുന്നതാണ്.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

3.3) പതിനാലാം പഞ്ചവത്സരപദ്ധതി സബ്സിഡി - ധനസഹായ മാർഗ്ഗരേഖ (28.05.2022 ലെ 115/2022/തസ്വഭവ നമ്പർ ഉത്തരവ്) പ്രകാരം ഖണ്ഡിക 7.2.7 ൽ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിലെ വിദ്യാർത്ഥികൾക്ക് ലാപ് ടോപ് നൽകുന്നതു സംബന്ധിച്ച് വിശദാംശങ്ങൾ ചേർത്തിട്ടുണ്ട്. ഇതനുസരിച്ച് ബിരുദം, ബിരുദാനന്തര ബിരുദം, പോളിടെക്നിക് (ഡിപ്ലോമ)

എഞ്ചിനീയറിംഗ് അടക്കമുള്ള പ്രൊഫഷണൽ കോഴ്സ്, മെഡിക്കൽ, കമ്പ്യൂട്ടർ സയൻസ് (ഡിപ്ലോമ, ബിരുദം, ബിരുദാനന്തര ബിരുദം) ചാർട്ടേർഡ് അക്കൗണ്ടന്റ് ആർട്ടിക്കിൾഷിപ്പ് എന്നീ കോഴ്സുകൾക്ക് പഠിക്കുന്ന വിദ്യാർത്ഥികൾക്കാണ് ലാപ് ടോപ് നൽകാവുന്നത്. ഈ കോഴ്സുകൾക്കൊപ്പം ഐ.റ്റി.ഐ, അംഗീകൃത മെഡിക്കൽ സയൻസ് ഡിപ്ലോമ എന്നീ കോഴ്സുകൾക്ക് പഠിക്കുന്ന വിദ്യാർത്ഥികൾക്കും ലാപ് ടോപ് നൽകാവുന്നതാണ്. മുകളിൽ പറഞ്ഞ ഖണ്ഡിക (7.2.7) ലെ മറ്റു നിബന്ധനകൾ ലാപ് ടോപ് നൽകുന്നതിനു ബാധകമായിരിക്കും. പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കൊപ്പം മത്സ്യത്തൊഴിലാളി വിഭാഗത്തിലെ കുടുംബത്തിൽപ്പെട്ട വിദ്യാർത്ഥികൾക്കും ഖണ്ഡിക 7.3.1 നിബന്ധനകൾക്ക് വിധേയമായി ലാപ് ടോപ് നൽകാവു ന്നതാണ്.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

3.4) പതിനാലാം പഞ്ചവൽസര പദ്ധതി സബ്സിഡി-ധനസഹായ മാർഗ്ഗരേഖ (28.05.2022-ലെ 115/2022/തസ്വഭവ നമ്പർ ഉത്തരവ്) പ്രകാരം (ഖണ്ഡിക 6.1.12, 6.1.13) പ്രകാരം കൃഷി ആവശ്യത്തിന് സബ്മേഴ്സിബിൾ/പോർട്ടബിൾ പമ്പ്/ വെർട്ടിക്കൽ/ആക്സിയൽ ഫ്ലോപമ്പ്, പെട്ടിയും പറയും, സോളാർ പമ്പ് എന്നിവയ്ക്ക് സബ്സിഡി നൽകാൻ അനുമതിയുണ്ട്. മാർഗ്ഗരേഖ പ്രകാരം ഇതിന്റെ യൂണിറ്റ് നിരക്ക് ജില്ലാതലത്തിലാണ് നിശ്ചയിക്കേണ്ടത്. എന്നാൽ പമ്പ് സെറ്റിന്റെ അനുബന്ധ ഉപകരണങ്ങളുടെ യൂണിറ്റ് നിരക്ക്/വില എത്രയാണെന്നതു സംബന്ധിച്ച് തദ്ദേശഭരണ സ്ഥാപനങ്ങളിൽ അവ്യക്തതയുണ്ട് എന്നറിയിച്ചിട്ടുണ്ട്. പമ്പ് സെറ്റിന്റെ അനുബന്ധ ഉപകരണങ്ങളുടെ യൂണിറ്റ് നിരക്ക്/വില ജില്ലാതലത്തിൽ നിശ്ചയിക്കാവുന്ന താണെന്ന് വ്യക്തത വരുത്തുന്നു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

3.5) സർക്കാരിന്റെ 30.05.2009-ലെ 1275/2009/തസ്വഭവ ഉത്തരവിലെ ഖണ്ഡിക 2.5 പ്രകാരം പൊതു ടാപ്പുകളുടെ കുടിവെള്ള ചാർജ്ജ് അടയ്ക്കാൻ നോൺ റോഡ് മെയിന്റനൻസ് ഗ്രാന്റ് ഉപയോഗിക്കുകവാൻ അനുമതിയുണ്ട്. ഈ ഉത്തരവിലെ പൊതു ടാപ്പുകളുടെ കുടിവെള്ള ചാർജ്ജ് അടയ്ക്കാൻ നോൺ റോഡ് മെയിന്റനൻസ് ഗ്രാന്റ് ഉപയോഗിക്കാനുള്ള അനുമതി റദ്ദ് ചെയ്യുന്നു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്**

3.6) പതിനാലാം പഞ്ചവൽസര പദ്ധതി സബ്സിഡി - ധനസഹായ മാർഗ്ഗരേഖ (28.05.2022 ലെ 115/2022/തസ്വഭവ നമ്പർ സർക്കാർ ഉത്തരവ്) ഖണ്ഡിക 8.2 പ്രകാരം തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഓഫീസ് ആവശ്യത്തിന് വാഹനം വാടകയ്ക്കെടുക്കാവുന്നതാണ്. 2017-നു ശേഷമുള്ള മോഡൽ വാഹനമായിരിക്കണം വാടകയ്ക്കെടുക്കേണ്ടതെന്ന് മാർഗ്ഗരേഖയിൽ നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ക്വട്ടേഷൻ ക്ഷണിക്കുമ്പോൾ 2017 നുശേഷമുള്ള മോഡൽ വാഹനം ലഭ്യമാകുന്നില്ലെങ്കിൽ രണ്ടാമത്തെ ക്വട്ടേഷനിൻ വാഹനങ്ങളുടെ പഴക്കം സംബന്ധിച്ച നിബന്ധന ഒഴിവാക്കുന്നു. ഇത് മാർഗ്ഗേരേഖയിൽ കൂട്ടിച്ചേർക്കാൻ തീരുമാനിച്ചു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

3.7) പതിനാലാം പഞ്ചവൽസര പദ്ധതി സബ്സിഡി - ധനസഹായ മാർഗ്ഗരേഖ (28.05.2022 ലെ 115/2022/തസ്വഭവ നമ്പർ സർക്കാർ ഉത്തരവ്) ഖണ്ഡിക 7.3.2-പ്രകാരം പറയുന്നവയിൽ ഫർണിച്ചർ നൽകുന്നതിന് താഴെപ്പറയുന്ന കൂട്ടിച്ചേർക്കൽ വരുത്തുന്നു.

രജിസ്റ്റേഡ് മത്സ്യ തൊഴിലാളികളുടെയോ അനുബന്ധ തൊഴിലാളികളുടെയോ മത്സ്യ തൊഴിലാളി/ക്ഷേമനിധി ബോർഡിൽ നിന്നും പെൻഷൻ പറ്റിയ മത്സ്യ അനുബന്ധ തൊഴിലാളികളുടെയോ മക്കൾക്ക് ഫർണിച്ചർ (തടികൊണ്ടുള്ള മേശ, കസേര) ഗ്രാമപഞ്ചായത്തുകൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കും വാങ്ങി നൽകാവുന്നതാണ്. സ്കൂൾ അധികൃതരിൽ നിന്ന് ലഭിക്കുന്ന വിദ്യാർത്ഥികളുടെ ലിസ്റ്റ് പ്രകാരം ഫർണിച്ചർ വാങ്ങി സ്കൂൾ

അധികൃതർ മുഖേന നൽകണം. ഒരു വിദ്യാർത്ഥിക്ക് ഒരിക്കൽ മാത്രമേ ഈ ആനുകൂല്യം നൽകുവാൻ പാടുള്ളൂ. ഇപ്രകാരമുള്ള ലിസ്റ്റ് പിന്നീട് ചേരുന്ന ഗ്രാമസഭ/വാർഡ്സഭ/വാർഡ് കമ്മിറ്റി മുമ്പാകെ അവതരിപ്പിക്കേണ്ടതാണ്. ഗുണഭോക്തൃ ലിസ്റ്റ് തൊട്ടടുത്ത് ചേരുന്ന ഗ്രാമസഭ/വാർഡ് സഭ/ വാർഡ് കമ്മിറ്റിയിൽ അവതരിപ്പിക്കണം.

അധികമായി കൂട്ടിച്ചേർക്കുന്നത് " ഇപ്രകാരം ഫർണിച്ചർ വാങ്ങി നൽകുന്നതിന് 6000 രൂപ ചെലവഴിക്കാവുന്നതാണ്". ഇത് മാർഗ്ഗരേഖയിൽ ഉൾപ്പെടുത്താൻ തീരുമാനിച്ചു.

**നടപടി:– തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

3.8) എ.ബി.സി പോലുള്ള സംയുക്ത പ്രോജക്ടുകൾ നടപ്പാക്കുമ്പോൾ ഫണ്ട് കൈമാറുന്നത് സംബന്ധിച്ച് 26.05.2022 ലെ 41/2022/**FIN** നമ്പർ അനുസരിച്ചുള്ള ധനവകുപ്പിന്റെ സർക്കുലർ പ്രകാരം മാർഗ്ഗ നിർദ്ദേശം നൽകിയിട്ടുണ്ട്.

സർക്കാർ മുന്തിയ പ്രാധാന്യത്തോടെ നടപ്പാക്കുന്ന പദ്ധതിയാണ് എ.ബി.സി. മുകളിൽ പറഞ്ഞ സർക്കുലർ പ്രകാരം ഓരോ ഗ്രാമപഞ്ചായത്തിനും റിക്വിസിഷൻ നൽകി ഓരോ ആവശ്യത്തിനും തുക വാങ്ങുന്നത് പ്രായോഗികമായി വലിയ ബുദ്ധിമുട്ടുണ്ടാക്കുന്നു എന്ന് പല തദ്ദേശഭരണസ്ഥാപനങ്ങളും ഉദ്യോഗസ്ഥരും അറിയിച്ചിട്ടുണ്ട്. ഇതു എ.ബി.സി പദ്ധതിയുടെ സുഗമമായ നടത്തിപ്പിനെ ബാധിക്കുന്നുണ്ട്. അതിനാൽ എ.ബി.സി പദ്ധതി സുഗമമായി നടപ്പാക്കുന്നതിനായി പങ്കാളികളാകുന്ന തദ്ദേശഭരണസ്ഥാപനങ്ങൾ വിഹിതം കൈമാറുന്നതിന് ജില്ലാ പഞ്ചായത്തു സെക്രട്ടറിയുടേയോ അനുയോജ്യനായ മറ്റു നിർവ്വഹണ ഉദ്യോഗസ്ഥന്റേയോ പേരിൽ ട്രഷറിയിൽ സ്പെഷ്യൽ റ്റി.എസ്.ബി അക്കൗണ്ട് തുടങ്ങാൻ അനുമതി നൽകണമെന്ന് ധനവകുപ്പിനോടാവശ്യപ്പെടാൻ തീരുമാനിച്ചു. ട്രഷറിയിൽ സ്പെഷ്യൽ റ്റി.എസ്.ബി അക്കൗണ്ട് തുടങ്ങാൻ കഴിയില്ലായെങ്കിൽ എ.ബി.സി പദ്ധതി നടപ്പാക്കുന്നതിന് ജില്ലാതലത്തിൽ ഒരു കമ്മിറ്റി/സൊസൈറ്റി പോലുള്ള സംവിധാനം രൂപീകരിച്ച് തുക ഈ സംഘടനയുടെ അക്കൗണ്ടിൽ ഡിപ്പോസിറ്റ് ചെയ്യുന്നതിന്റെ സാധ്യതയും ധനവകുപ്പിന്റെ പരിഗണനയ്ക്ക് നൽകാനും തീരുമാനിച്ചു. ഇതിനായി ധനവകുപ്പിനു നൽകാനുള്ള കരട് കുറിപ്പ് തയ്യാറാക്കി നൽകാൻ എസ്.ആർ.ജിയെ ചുമതലപ്പെടുത്തി.

**നടപടി:– തദ്ദേശസ്വയംഭരണ (ആർ.സി) വകുപ്പ്**

3.9) മുനിസിപ്പാലിറ്റികളുടെ അദ്ധ്യക്ഷന്മാർക്ക് ഔദ്യോഗികാവശ്യത്തിന് പരമാവധി 15.00 ലക്ഷം രൂപ വരെയുള്ള വാഹനം വാങ്ങാവുന്നതാണ്. ഇതിനായി 28.05.2022 ലെ 115/2022/തസ്വഭവ ഉത്തരവു പ്രകാരമുള്ള മാർഗ്ഗരേഖയിലെ ഖണ്ഡിക 8.2 പ്രകാരമുള്ള മാനദണ്ഡങ്ങൾ പാലിക്കേണ്ടതാണ്.

**നടപടി:– 1) സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്**
**2)തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

3.10) സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പിന്റെ ഓഫീസിൽ കോഓർഡിനേഷൻ കമ്മിറ്റിയുടെ ഫയൽ വർക്കും മറ്റും അടിയന്തിരമായി ചെയ്തു തീർക്കുന്നതിന് സഹായിക്കുന്നതിനായി ഒരു ക്ലാർക്കിനെ 23.02.2023 മുതൽ ദിവസവേതാനാടിസ്ഥാനത്തിൽ നിയമിച്ചിട്ടുണ്ട്. ക്ലാർക്ക് എന്ന നിലയിൽ യോഗ്യതയുള്ള ശ്രീ. അജേഷ്.എസ്. വളവിൽ പുത്തൻവീട്, പുന്നാംകരിക്കകം, പൂവച്ചൽ എന്ന വ്യക്തിയെ നിയമിച്ചത് സാധൂകരിക്കാനും ഇയാളുടെ സേവനം ദിവസവേതാനാടിസ്ഥാനത്തിൽ തുടരാനും അനുമതി നൽകി.

**നടപടി:– 1) സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്**
**2)തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

**4. പ്രത്യേക വിഷയം**

**===================**

**4.1 <u>നൂൽപ്പുഴ ഗ്രാമപഞ്ചായത്ത്</u>**

**വയനാട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 16.12.2022 ലെ കത്തും നൂൽപ്പുഴ ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 30.11.2022 ലെ 15(1)-ാം നമ്പർ തീരുമാനവും നൂൽപ്പുഴ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 02.02.2023 ലെ കത്തും (SRG 94/2023 - CC/902/2022)**

**വിഷയം:-** ഹെൽത്ത് ഗ്രാന്റ് ഉപയോഗിച്ചുള്ള ഹെൽത്ത് ആന്റ് വെൽനസ്സ് സെന്ററിന്റെ നിർമ്മാണം NHM വഴി നടത്തുന്നതു സംബന്ധിച്ച്.

| | | |
|---|---|---|
| *പ്രോ.നം: 372/23* | *അടങ്കൽ* | *25,00,000 /- രൂപ (ഹെൽത്ത് ഗ്രാന്റ്)* |
| *പേര്* | *തേലംപറ്റ സബ് സെന്ററിന് കെട്ടിട നിർമ്മാണം* | |

തേലംപറ്റയിൽ ഹെൽത്ത് ആന്റ് വെൽനസ്സ് സെന്റർ സ്ഥാപിക്കുന്നതിനുള്ള ഈ പ്രോജക്ടിന്റെ നിർവ്വഹണ ഉദ്യോഗസ്ഥൻ അസിസ്റ്റന്റ് എഞ്ചിനീയർ ആണ്. ഈ പ്രവൃത്തി ജില്ലാ നിർമ്മിതി കേന്ദ്രം മുഖേന നടപ്പാക്കാനാണ് ഉദ്ദേശിച്ചിരുന്നത്. എന്നാൽ ഗ്രാമപഞ്ചായത്തു പ്രസിഡന്റിന്റെ 02.02.2023 ലെ കത്തു പ്രകാരം മുകളിൽ പറഞ്ഞ തേലംപറ്റ സബ് സെന്ററിന്റേയും ഇതു കൂടാതെ ഗ്രാമപഞ്ചായത്തിന്റെ ഈ വർഷത്തെ പദ്ധതിയിലുള്ള കല്ലൂർ സബ് സെന്ററിന്റേയും നിർമ്മാണത്തിനുള്ള തുക NHM ന് ഡിപ്പോസിറ്റ് ചെയ്ത് നടപ്പാക്കാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം :-** അനുമതി നൽകുന്നു

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

**4.2 <u>വട്ടവട ഗ്രാമ പ പഞ്ചാത്ത്</u>**

**ഇടുക്കി ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 16.12.2022 ലെ കത്തും വട്ടവട ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 07.12.2022 ലെ 1(3)-ാം നമ്പർ തീരുമാനവും (SRG 98/23 - CC/907/2022).**

**വിഷയം:-** ജനമൈത്രി പോലീസ് എയ്ഡ് പോസ്റ്റ് കെട്ടിടത്തിന് സൗകര്യമൊരുക്കുന്നത് സംബന്ധിച്ച്.

| | | |
|---|---|---|
| *പ്രോ.നം: 83/23* | *അടങ്കൽ* | *4,00,000/- രൂപ (വികസനഫണ്ട്- ജനറൽ)* |
| *പേര്* | *ജനമൈത്രി പോലീസ് എയ്ഡ് പോസ്റ്റ് കെട്ടിടം നവീകരണം* | |

വട്ടവടയിലെ ജനമൈത്രി പോലീസ് എയ്ഡ് പോസ്റ്റ് നവീകരിക്കുന്നതിനു വേണ്ടിയാണ് പ്രോജക്ട്. വട്ടവടയിൽ നിന്ന് 48 കി.മി അകലെയുള്ള ദേവികുളം പോലീസ് സ്റ്റേഷനെയാണ് ഗ്രാമപഞ്ചായത്ത് നിവാസികൾ ആവശ്യങ്ങൾക്കായി സമീപിക്കുന്നത്. അതിനാൽ വട്ടവട പോലീസ് എയ്ഡ് പോസ്റ്റിന് മതിയായ അടിസ്ഥാന സൗകര്യമൊരുക്കുന്നതിനുള്ള ഈ പ്രോജക്ടിന് അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം :-** ഗ്രാമപഞ്ചായത്തിന്റെതന്നെ ആസ്തി ആണെന്നത് പരിഗണിച്ച് നിലവിലെ അമിനിറ്റി സെന്ററിന് നവീകരണം നടത്താൻ പ്രത്യേക അനുമതി നൽകുന്നു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

**4.3 കാസർകോഡ് ജില്ലാ പഞ്ചായത്ത്**

**കാസർകോഡ് ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ 24.01.2023 ലെ കത്ത് (SRG 261/23 )**

**വിഷയം:-** ദേളി-കരിച്ചേരി റോഡ് ഭാഗത്ത് VCB നിർമ്മിക്കുന്നത് സംബന്ധിച്ച്.

ദേളി-കരിച്ചേരി റോഡ് നിർമ്മാണം PMGSY പദ്ധതിയിൽ ഉൾപ്പെടുത്തി നടന്നുവരികയാണ്. ഈ റോഡിൽ ബാര എന്ന സ്ഥലത്തുള്ള VCB പൊളിച്ചുമാറ്റിയാണ് റോഡ് നിർമ്മാണം നടക്കുന്നത്. എന്നാൽ റോഡ് നിർമ്മാണത്തിനുശേഷം VCB നിർമ്മിക്കണം. ഇതിന് 70 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് ഇറിഗേഷൻ വകുപ്പ് തയ്യാറാക്കിയിട്ടുണ്ട്. VCB നിർമ്മിക്കുന്നതിന് ഈ വർഷം 25 ലക്ഷം രൂപ ജില്ലാ പഞ്ചായത്തിൽ നിന്നും വകയിരുത്താനും ബാക്കി തുക അടുത്ത വർഷം ഉൾപ്പെടുത്താനും ജില്ലാ പഞ്ചായത്ത് തീരുമാനിച്ചിട്ടുണ്ട്. ഈ തുക മൈനർ ഇറിഗേഷൻ വകുപ്പിനു ഡിപ്പോസിറ്റ് ചെയ്ത് പ്രവൃത്തി നടപ്പാക്കാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം :-** VCB പുനർ നിർമ്മിക്കാൻ PMGSY വിഹിതം ലഭിക്കില്ല എന്ന് തദ്ദേശസ്വയംഭരണവകുപ്പ് ചീഫ് എഞ്ചിനീയർ യോഗത്തിൽ അറിയിച്ചു. VCB നിർമ്മാണം ഇറിഗേഷൻ വകുപ്പ് തന്നെ ചെയ്യുന്നതാണ് നല്ലത് എന്ന് യോഗം വിലയിരുത്തിയതിന്റെ അടിസ്ഥാനത്തിൽ അനുമതി നൽകുന്നു. എന്നാൽ മാർഗ്ഗരേഖ പ്രകാരം അനുവദനീയ വിഹിതം മാത്രമേ ഇതിനായി ഉപയോഗിക്കാവു എന്നും ഇറിഗേഷൻ വകുപ്പിനു തുക ഡിപ്പോസിറ്റ് ചെയ്യാൻ ധനവകുപ്പിന്റെ അനുമതി നേടേണ്ടതാണെന്നും നിർദ്ദേശിക്കുന്നു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

**4.4 കൊച്ചി കോർപ്പറേഷൻ**

**എറണാകുളം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 07.12.2022 ലെ കത്തുകളും (2 എണ്ണം) കൊച്ചി കോർപ്പറേഷൻ മേയറുടെ 02.12.2022 ലെ കത്തും അനുബന്ധ രേഖകളും (SRG 62/2023 - CC/864/22)**

**വിഷയം:-** കോർപ്പറേഷൻ പ്രദേശത്തു പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ലാപ് ടോപ്, സ്കോളർഷിപ്പ് തുടങ്ങിയവ നൽകുന്നതു സംബന്ധിച്ച്

സംസ്ഥാനത്തിന്റെ മറ്റ ജില്ലകളിൽ നിന്നും വിദ്യാഭ്യാസത്തിനായി കൊച്ചി നഗരസഭയിലെ വിവിധ കോളേജുകളിൽ പഠനം നടത്തുന്ന പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾ ഉണ്ട്. അവരുടെ സ്വന്തം തദ്ദേശഭരണസ്ഥാപനങ്ങളിൽ നിന്ന് ഫണ്ടിന്റെ അപര്യാപ്തത മൂലം സഹായങ്ങൾ ലഭിക്കുന്നില്ല എന്ന സാഹചര്യമുണ്ട്. ഇങ്ങനെ സഹായം ലഭിക്കാത്ത വിദ്യാർത്ഥികൾക്ക് ലാപ് ടോപ്, സ്കോളർഷിപ്പ് തുടങ്ങിയ പഠന സൗകര്യങ്ങളും സഹായവും നൽകാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്. കൊച്ചി നഗരസഭയിൽ ആകെ 325 പട്ടികവർഗ്ഗ കുടുംബങ്ങൾ മാത്രമാണുള്ളതെന്നും ഈ വർഷം സ്പിൽ ഓവറടക്കം 3,04,19,241 രൂപ റ്റി.എസ്.പി വിഹിതമായി ലഭിച്ചിട്ടുണ്ടെന്നും മേയർ അറിയിച്ചിട്ടുണ്ട്.

**തീരുമാനം :-**

1) അനുമതി നിരസിച്ചു. മറ്റു തദ്ദേശഭരണസ്ഥാപനങ്ങളിൽ സ്ഥിരതാമസമുള്ള വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ്, സ്കോളർഷിപ്പ് തുടങ്ങിയ വ്യക്തിഗത ആനുകൂല്യം നൽകാവുന്നതല്ല.
2) അർഹരായ പട്ടികവർഗ്ഗ ഗുണഭോക്താക്കളെ കണ്ടെത്താൻ കഴിയാത്ത സാഹചര്യത്തിൽ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് മാത്രമായി കോർപ്പറേഷൻ പ്രദേശത്ത് ഹോസ്റ്റൽ നിർമ്മിക്കുക, ഹോസ്റ്റലിലേക്ക് ആവശ്യമായ സൗകര്യങ്ങൾ ഒരുക്കുക, ഹോംസ്റ്റേ നിർമ്മിക്കുക, മറ്റ് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുക

തുടങ്ങിയവയ്ക്ക് കോർപ്പറേഷന് പ്രോജക്ട തയ്യാറാക്കാവുന്നതാണ്. ഇതിനാവശ്യമായ സഹായം നൽകാൻ ആസൂത്രണ ബോർഡ് വികേന്ദ്രീകൃതാസൂത്രണ വിഭാഗം ചീഫിനെയും പട്ടികവർഗ്ഗ വികസന വകുപ്പ ഡയറക്ടറേയും ചുമതലപ്പെടുത്തി.

**നടപടി:- 1) ചീഫ്, വികേന്ദ്രീകൃതാസൂത്രണ വിഭാഗം, സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ്**
**2)പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടർ**
**3)തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

**4.5 <u>എരമം ഗ്രാമപഞ്ചായത്ത്</u>**

**കണ്ണൂർ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 03.12.2022ലെ കത്ത് (SRG 59/23 - CC/822/2022).**

**വിഷയം:-** പട്ടികവർഗ്ഗവിഭാഗത്തിലെ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പിന്റെ കുടിശ്ശിക നൽകുന്നതു സംബന്ധിച്ച്.

| | | |
|---|---|---|
| *പ്രോ.നം: 140/23* | *അടങ്കൽ* | *2,60,000/- രൂപ* |
| | *റ്റി.എസ്.പി* | *60,000 രൂപ* |
| | *ബ്ലോക്ക് പഞ്ചായത്ത് വിഹിതം* | *2,00,000 രൂപ* |
| *പേര്* | *പട്ടികജാതി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്* | |

എരമം ഗ്രാമപഞ്ചായത്ത് കഴിഞ്ഞവർഷം (2021-22) പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകാൻ പ്രോജക്ട് വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്നില്ല. എങ്കിലും ഗ്രാമപഞ്ചായത്തിലെ ഗുണഭോക്താക്കൾക്ക് പയ്യന്നൂർ ബ്ലോക്ക് പഞ്ചായത്ത് സ്കോളർഷിപ്പ് നൽകി. എന്നാൽ കൊവിഡ് പശ്ചാത്തലത്തിൽ കോഴ്സ് തുടങ്ങാൻ വൈകിയതിനാൽ ചില വിദ്യാർത്ഥികൾ അപേക്ഷ നൽകിയത് താമസിച്ചാണ്. ഇത്തരം വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകിയില്ല.

ഈ വർഷം ഗ്രാമപഞ്ചായത്ത് ബ്ലോക്ക് പഞ്ചായത്ത് വിഹിതം കൂടി ഉൾപ്പെടുത്തി പട്ടിക വർഗ്ഗ വിഭാഗത്തിലെ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പിന് പ്രോജക്ട് ഏറ്റെടുത്തിട്ടുണ്ട്. ഇതു പ്രകാരം ഈ വർഷം അപേക്ഷിച്ചവർക്കെല്ലാം സ്കോളർഷിപ്പ് നൽകി. ബാക്കി തുക ഉപയോഗിച്ച് കഴിഞ്ഞ വർഷത്തെ (2021-22) ഗുണഭോക്തൃ ലിസ്റ്റിൽ ഉള്ളവരും സ്കോളർഷിപ്പ് ലഭിക്കാത്തവരുമായ വിദ്യാർത്ഥികൾക്ക് കുടിശ്ശിക നൽകാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം :-** കഴിഞ്ഞ വർഷത്തെ കുടിശ്ശിക നൽകാൻ അനുമതി നൽകുന്നു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

**4.6 <u>പുറത്തൂർ ഗ്രാമ പഞ്ചായത്ത്</u>**

**പുറത്തൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 26.12.2022-ലെ കത്ത് (SRG 79/2023)**

**വിഷയം:-** പട്ടികജാതി/പട്ടികവിഭാഗക്കാരായ വിദ്യാർത്ഥികൾക്ക് ലാപ് ടോപ് നൽകുന്നതു സംബന്ധിച്ച്

ബിരുദം, ബിരുദാനന്തര ബിരുദം, വിവിധ പ്രൊഫഷണൽ കോഴ്സ്, ഡിപ്ലോമ കോഴ്സ് തുടങ്ങിയവയ്ക്ക് പഠിക്കുന്ന പട്ടികജാതി /പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് ലാപ് ടോപ് നൽകാൻ മാർഗ്ഗരേഖ പ്രകാരം അനുമതിയുണ്ട്. സർക്കാർ/എയ്ഡഡ് /സ്വാശ്രയ സ്ഥാപനങ്ങളിലോ സർവകലാശാല അഫിലിയേഷൻ ഉള്ള സ്ഥാപനങ്ങളിലോ പഠിക്കുന്ന പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിലെ വിദ്യാർത്ഥികൾക്കാണ് ലാപ് ടോപ് നൽകാവുന്നത്. ഗ്രാമപഞ്ചായത്തിലെ തിരൂർ കോഓപ്പറേറ്റീവ് കോളേജിൽ ബിരുദ/ബിരുദാനന്തര കോഴ്സിനു

പഠിക്കുന്ന വിദ്യാർത്ഥികൾക്കും ലാപ് ടോപ് നൽകുന്നതിന് അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം :-** അനുമതി നിരസിച്ചു. 28.05.2022 ലെ 115/22/തസ്വഭവ സർക്കാർ ഉത്തരവു പ്രകാരമുള്ള മാർഗ്ഗരേഖയിലെ ഖണ്ഡിക 7.2.7 ൽ പറയുന്ന സ്ഥാപനങ്ങളിൽ പഠിക്കുന്നവർക്കു മാത്രമേ ലാപ് ടോപ് നൽകാവൂ എന്നു നിർദ്ദേശിക്കുന്നു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

**4.7 ചേർപ്പ് ഗ്രാമപഞ്ചായത്ത്**

**തൃശ്ശൂർ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 27.12.2022 ലെ കത്തുകളും ചേർപ്പ് ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 07.12.2022 ലെ** A4-5458/2022-ാം **നമ്പർ കത്തും (SRG 159/23**- CC/**884**/2022**,** SRG 156/23 - CC/888/23**)**

**വിഷയം:-** പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ് ടോപ് നൽകുന്നതു സംബന്ധിച്ച്

| | | |
|---|---|---|
| ***പ്രോ.നം: 95/23*** | ***അടങ്കൽ*** | ***9,45,000/- രൂപ*** |
| | *എസ്.സി.പി* | *9,00,000 രൂപ* |
| | *തനത് ഫണ്ട്* | *45,000 രൂപ* |
| ***പേര്*** | ***പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ് ടോപ്*** | |

പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ് ടോപ് നൽകുന്നതിനുള്ള പ്രോജക്റ്റ് ഗ്രാമപഞ്ചായത്ത് ഈ വർഷത്തെ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഐ.റ്റി.ഐ, മെഡിക്കൽ സയൻസ് ഡിപ്ലോമ എന്നീ കോഴ്സുകൾക്ക് പഠിക്കുന്നവർക്കും യൂണിവേഴ്സിറ്റി രജിസ്ട്രേഷൻ ലഭിച്ച പാരലൽ കോളേജിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്കും ലാപ് ടോപ് നൽകാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം:-**

**1)** പാരലൽ കോളേജിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ലാപ് ടോപ് നൽകാവുന്നതല്ല. 28.05.2022 ലെ 115/22/തസ്വഭവ സർക്കാർ ഉത്തരവു പ്രകാരമുള്ള മാർഗ്ഗരേഖയിലെ ഖണ്ഡിക 7.2.7 ൽ പറയുന്ന സ്ഥാപനങ്ങളിൽ പഠിയ്ക്കുന്നവർക്കു മാത്രമേ ലാപ് ടോപ് നൽകാവൂ എന്നു നിർദ്ദേശിക്കുന്നു.

**2)** മാർഗ്ഗരേഖയിൽ പറയുന്ന സ്ഥാപനങ്ങളിൽ ഐ.റ്റി.ഐ, മെഡിക്കൽ സയൻസ് ഡിപ്ലോമയ്ക്ക് പഠിയ്ക്കുന്ന വിദ്യാർത്ഥികൾക്കും ലാപ് ടോപ് നൽകാൻ അനുമതി നൽകുന്നു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

**4.8 അങ്ങാടിപ്പുറം ഗ്രാമപഞ്ചായത്ത്**

**മലപ്പുറം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 14.12.2022 ലെ കത്ത് (SRG 101/23 - CC/900/2022).**

**വിഷയം:-** ഭിന്നശേഷിക്കാർക്കു വേണ്ടി ആരംഭിച്ച പ്രതീക്ഷാ പദ്ധതിയിലെ ജോലിക്കാർക്ക് വേതനം നൽകുന്നതു സംബന്ധിച്ച്.

| | | |
|---|---|---|
| ***പ്രോ.നം: 162/23*** | ***അടങ്കൽ*** | ***5,00,000/- രൂപ*** |
| | *വികസനഫണ്ട് - ജനറൽ* | ***4,00,000 രൂപ*** |
| | *തനത് ഫണ്ട്* | ***1,00,000 രൂപ*** |
| ***പേര്*** | ***പ്രതീക്ഷാ പദ്ധതി*** | |

മാനസിക ഭിന്നശേഷി അനുഭവിക്കുന്നവർക്കുവേണ്ടി ജില്ലാ പഞ്ചായത്തും ഗ്രാമപഞ്ചായത്തും ചേർന്ന് 2010ൽ ആരംഭിച്ചതാണ് പ്രതീക്ഷാ പദ്ധതി. ഇപ്പോൾ 18 പേർ ഇവിടെയുണ്ട്. എസ്.എസ്.എൽ.സി പാസ്സായി മൂന്നുമാസം പ്രത്യേകം പരിശീലനം ലഭിച്ച ശ്രീമതി

വിലാസിനി, ശ്രീമതി റാബിയ എന്നിവർ ടീച്ചർമാരായി ഇവിടെ പ്രവർത്തിക്കുന്നു. കൂടാതെ ഒരു ഡ്രൈവറും ഉണ്ട്. ഡ്രൈവർക്ക് ധനവകുപ്പിന്റെ ഉത്തരവുപ്രകാരമുള്ള പ്രതിദിന വേതനമായ 730 രൂപ നൽകുന്നു. ടീച്ചർമാർക്ക് പ്രതിമാസം 7500 രൂപ വീതവും നൽകുന്നു. ആസൂത്രണമാർഗ്ഗരേഖ പ്രകാരമുള്ള ടീച്ചർ, അസിസ്റ്റന്റ് ടീച്ചർമാർക്കു വേണ്ട യോഗ്യത മുകളിൽ പറഞ്ഞ ടീച്ചർമാർക്കില്ല. എന്നാൽ മാർഗ്ഗരേഖയിൽ പറയുന്ന ആയമാരുടെ പ്രതിമാസ വേതനമായ 18,390 രൂപ വീതം 2022 ഏപ്രിൽ ഒന്നു മുതൽ മുൻകാല പ്രാബല്യത്തോടെ ഈ സ്ഥാപനത്തിലെ ടീച്ചർമാർക്കു നൽകാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്. മുൻവർഷങ്ങളിൽ ആഴ്ചയിൽ 4 ദിവസമായിരുന്നു പ്രവർത്തിച്ചിരുന്നത്. ഇപ്പോൾ ആഴ്ചയിൽ 6 ദിവസവും പ്രവർത്തിക്കുന്നു.

**തീരുമാനം:-** റൂറൽ ഡയറക്ടർ ഈ സ്ഥാപനത്തിന്റെ പ്രവർത്തനം പരിശോധിച്ച് റിപ്പോർട്ട് നൽകാൻ നിർദ്ദേശിക്കുന്നു. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പിന്നീടു പരിഗണിക്കും.

**നടപടി:- 1) റൂറൽ ഡയറക്ടർ**
**2)തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

**4.9 പറപ്പൂർ ഗ്രാമപഞ്ചായത്ത്**

**മലപ്പുറം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 14.12.2022-ലെ കത്ത് (SRG 104/23-CC/841/22)**

**വിഷയം:-** പട്ടികജാതി വിഭാഗത്തിലെ വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് നൽകുന്നത് സംബന്ധിച്ച്

| *പ്രോ.നം: 90/23* | *അടങ്കൽ* | *4,40,000/- രൂപ* |
|---|---|---|
| | *എസ്.സി.പി* | *1,38,142 രൂപ* |
| | *വികസനഫണ്ട് ജനറൽ* | *3,01,858 രൂപ* |
| *പേര്* | *പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ് ടോപ്* | |

പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ് ടോപ് നൽകുന്നതിനുള്ള പ്രോജക്ട് ഈ വർഷം സ്പിൽഓവറായി തുടരുന്നു. ലാപ് ടോപ്പ് ജെം മുഖേന വാങ്ങുന്നതിൽ കാലതാമസം വന്നതിനാൽ താഴെപറയുന്ന മൂന്ന് പേർക്ക് ലാപ് ടോപ് നൽകാൻ കഴിഞ്ഞില്ല. ഗുണഭോക്തൃ ലിസ്റ്റിൽ ഉണ്ടായിരുന്ന ഇവർ പഠനം പൂർത്തീകരിച്ചു. ഇവർക്ക് കൂടി ലാപ് ടോപ് നൽകാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

1. ആതിര.പി.കെ - വാർഡ്-12
2. ആദിശ് റ്റി.പി - വാർഡ്-18
3. അർജ്ജുൻ മാധവ് കുറിഞ്ഞിക്കാട്ടിൽ - വാർഡ്-7

**തീരുമാനം :-** ആദ്യം തയ്യാറാക്കിയ ഗുണഭോക്തൃ ലിസ്റ്റിൽ ഇവർ ഉൾപ്പെട്ടിരുന്നു എന്നുറപ്പാക്കി ലാപ് ടോപ് നൽകുന്നതിന് അനുമതി നൽകുന്നു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

**4.10 കരിമ്പുഴ ഗ്രാമപഞ്ചായത്ത്**

**പാലക്കാട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 23.13.2023 ലെ കത്തും കരിമ്പുഴ ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 14.12.2022 ലെ 1/19-ാം നമ്പർ തീരുമാനവും (SRG 148/2023** - CC/61/2023)

**വിഷയം:-** കോട്ടപ്പുറം ഹെലൻ കെല്ലർ സ്മാരക അന്ധവിദ്യാലയത്തിന് ബ്രയിലർ മെഷീൻ വാങ്ങുന്നതു സംബന്ധിച്ച്.

| *പ്രോ.നം: 106/23* | *അടങ്കൽ* | *2,00,000/- രൂപ (വികസന ഫണ്ട് ജനറൽ)* |
|---|---|---|
| *പേര്* | *ജ്യോതിർഗമയ* | |

കരിമ്പുഴ ഗ്രാമപഞ്ചായത്ത് പരിധിയിലെ കോട്ടപ്പുറത്ത് ഹെലൻ കെല്ലർ സ്മാരക അന്ധവിദ്യാലയം പ്രവർത്തിക്കുന്നുണ്ട്. 1980 മുതൽ കാഴ്ച പരിമിതർക്ക് വേണ്ടി എയ്ഡഡ് മേഖലയിൽ നല്ല നിലയിൽ പ്രവർത്തിക്കുന്ന സ്കൂളാണ് ഇതെന്ന് ചൂണ്ടികാണിച്ചുകൊണ്ട് ഇവിടുത്തെ വിദ്യാർത്ഥികളുടെ പഠന സൗകര്യം മെച്ചപ്പെടുത്തുന്നതിന് സ്ഥാപനത്തിലേക്ക് ഒരു ബ്രയിലർ മെഷീൻ വാങ്ങി നൽകാൻ അനുമതി നൽകണമെന്നും ജെം പോർട്ടലിൽ സ്പെസിഫിക്കേഷൻ പ്രകാരമുള്ള ഈ മെഷീൻ ലഭിക്കില്ല എങ്കിൽ ടെണ്ടർ നടപടിയിൽ കൂടി പൊതുമാർക്കറ്റിൽ നിന്നു വാങ്ങാൻ അനുമതി നൽകണമെന്നും സംബന്ധിച്ച്.

**തീരുമാനം :-** കാഴ്ച പരിമിതരായ വിദ്യാർത്ഥികൾക്ക് പ്രയോജനപ്പെട്ടമെന്നതിനാലും ഇത് മികച്ച സ്ഥാപനമാണ് എന്നതും പരിഗണിച്ച് പ്രത്യേകാനുമതി നൽകുന്നു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.ഇ) വകുപ്പ്**

**4.11 <u>അഞ്ചൽ ബ്ലോക്ക് പഞ്ചായത്ത്</u>**

**അഞ്ചൽ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ 11.01.2023 ലെ കത്ത് (SRG 196/23)**

**വിഷയം:-** പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകുന്നത് സംബന്ധിച്ച്.

മാർഗ്ഗരേഖ പ്രകാരം ഗ്രാമപഞ്ചായത്തുകൾക്കും നഗരസഭകൾക്കുമാണ് പട്ടികജാതി / പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകാവുന്നതാണ്. പട്ടികജാതി വിഭാഗത്തിലെ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകുന്നതിന് അഞ്ചൽ ബ്ലോക്ക് പഞ്ചായത്ത് വിഹിതം ഗ്രാമപഞ്ചായത്തുകൾക്ക് കൈമാറാനോ ബ്ലോക്ക് പഞ്ചായത്തിൽ നിന്ന് സ്കോളർഷിപ്പ് നേരിട്ടു നൽകാനോ അനുമതി നൽകണമെന്നു സംബന്ധിച്ച്.

**തീരുമാനം :-** ബ്ലോക്ക് പഞ്ചായത്ത് വിഹിതം ഗ്രാമപഞ്ചായത്തിന് കൈമാറി പട്ടികജാതി വിഭാഗത്തിലെ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകാൻ അനുമതി നൽകുന്നു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

**4.12 <u>മുള്ളൂർക്കര ഗ്രാമപഞ്ചായത്ത്</u>**

**തൃശ്ശൂർ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 27.12.2023 ലെ കത്ത് (SRG 160/23 - CC/860/22)**

**വിഷയം:-** പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥിനികൾക്ക് സൈക്കിൾ വാങ്ങി നൽകുന്നതു സംബന്ധിച്ച്.

| | | |
|---|---|---|
| ***പ്രോ.നം: 161/23*** | ***അടങ്കൽ*** | ***3,00,000/- രൂപ (എസ്.സി.പി)*** |
| ***പേര്*** | ***എസ്.സി വിദ്യാർത്ഥിനികൾക്ക് സൈക്കിൾ വാങ്ങി നൽകൽ*** | |

പട്ടികജാതി വിഭാഗത്തിൽപ്പെട്ട സ്കൂൾ വിദ്യാർത്ഥിനികൾക്ക് സൈക്കിൾ വാങ്ങി നൽകുന്നതിനുള്ള മുകളിൽ പറഞ്ഞ പ്രോജക്ട് നടപ്പാക്കാൻ അനുമതി നൽകണമെന്നു സംബന്ധിച്ച്.

**തീരുമാനം :-** അനുമതി നിരസിച്ചു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

**4.13 <u>കോഴിക്കോട് ജില്ലാ പഞ്ചായത്ത്</u>**

**കോഴിക്കോട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 23.12.2022 ലെ കത്തും കോഴിക്കോട് ജില്ലാ പഞ്ചായത്ത് ഭരണസമിതിയുടെ 25.11.2022 ലെ 100/22 (6) തീരുമാനവും ജില്ലാപഞ്ചായത്ത് സെക്രട്ടറിയുടെ റിപ്പോർട്ടും (SRG 84/2023 - CC/875/22)**

**വിഷയം:-** എ.ബി.സി പദ്ധതി നടത്തിപ്പിനായി ബാങ്ക് അക്കൗണ്ട് തുടങ്ങുന്നത് സംബന്ധിച്ച്.

| പ്രോ.നം: 576/23 | അടങ്കൽ | 80,00,000 രൂപ |
| --- | --- | --- |
| | വികസനഫണ്ട് ജനറൽ | 10,00,000 രൂപ |
| | ഗ്രാമപഞ്ചായത്ത് വിഹിതം | 70,00,000 രൂപ |
| പേര് | എ.ബി.സി പദ്ധതി | |

ഗ്രാമപഞ്ചായത്തുകളുമായി ചേർന്ന് എ.ബി.സി പദ്ധതി തുടങ്ങുന്ന നടപടി ജില്ലയിൽ ആരംഭിച്ചു. 2022 ഡിസംബർ ഒന്നു മുതൽ ബാലുശ്ശേരി ബ്ലോക്കിലെ സെന്റർ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. എ.ബി.സി പോലുള്ള സംയുക്ത പ്രോജക്ടുകൾ നടപ്പാക്കുമ്പോൾ ഫണ്ട് കൈമാറുന്നത് സംബന്ധിച്ച് 26.05.2022 ലെ 41/2022/FIN നമ്പർ പ്രകാരമുള്ള ധനവകുപ്പിന്റെ സർക്കുലർ പ്രകാരം മാർഗ്ഗ നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതനുസരിച്ച് എ.ബി.സി പദ്ധതി പ്രകാരം ജീവനക്കാരുടെ വേതനമടക്കമുള്ള അനാമത്ത് ചെലവ് പദ്ധതിയിൽ പങ്കാളിയാകുന്ന ഓരോ തദ്ദേശഭരണസ്ഥാപനത്തിന്റെ വിഹിതത്തിൽ നിന്നാണ് കണ്ടെത്തുന്നത്. നിലവിലെ നിബന്ധന പ്രകാരം അക്കൗണ്ട് മാപ് ചെയ്ത് റിക്വിസിഷൻ നൽകി ബന്ധപ്പെട്ട ഗുണഭോക്താവിന് നൽകുന്ന രീതി അപ്രായോഗികമാണ്. ഇത് എ.ബി.സി സെന്ററിന്റെ പ്രവർത്തനത്തെ ബാധിക്കും. അതിനാൽ ജില്ലാ പഞ്ചായത്തുകൾക്ക് നൽകുന്ന വിഹിതം ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ പേരിൽ ഏതെങ്കിലും പൊതുമേഖലാ ബാങ്കിൽ അക്കൗണ്ടു തുടങ്ങാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം :-** സർക്കാർ മുന്തിയ പ്രാധാന്യത്തോടെ നടപ്പാക്കുന്ന പദ്ധതിയാണ് എ.ബി.സി. എന്നും മുകളിൽ പറഞ്ഞ പ്രകാരം ഓരോ ഗ്രാമപഞ്ചായത്തിനും റിക്വിസിഷൻ നൽകി ഓരോ ആവശ്യത്തിനും തുക വാങ്ങുന്നത് പ്രായോഗികമായി വലിയ ബുദ്ധിമുട്ടുണ്ടാക്കുന്നു എന്ന് മറ്റു തദ്ദേശഭരണസ്ഥാപനങ്ങളും ഉദ്യോഗസ്ഥരും അറിയിച്ചിട്ടുണ്ട് എന്നും യോഗം വിലയിരുത്തി. ഇതു കാരണം എ.ബി.സി പദ്ധതി സുഗമമായി നടത്താനും തടസ്സമുണ്ടാകുന്നുണ്ട്. അതിനാൽ എ.ബി.സി പദ്ധതി സുഗമമായി നടപ്പാക്കുന്നതിന് പങ്കാളികളാകുന്ന തദ്ദേശഭരണസ്ഥാപനങ്ങൾ വിഹിതം കൈമാറുന്നതിന് ജില്ലാ പഞ്ചായത്തു സെക്രട്ടറിയുടെ പേരിലോ അനുയോജ്യനായ മറ്റു നിർവ്വഹണ ഉദ്യോഗസ്ഥന്റെ പേരിലോ ട്രഷറിയിൽ സ്പെഷ്യൽ റ്റി.എസ്.ബി അക്കൗണ്ട് തുടങ്ങാൻ അനുമതി നൽകണമെന്ന് ധനവകുപ്പിനോടാവശ്യപ്പെടാൻ തീരുമാനിച്ചു. ട്രഷറിയിൽ സ്പെഷ്യൽ റ്റി.എസ്.ബി അക്കൗണ്ട് തുടങ്ങാൻ കഴിയില്ലായെങ്കിൽ എ.ബി.സി പദ്ധതി നടപ്പാക്കുന്നതിന് ജില്ലാതലത്തിൽ ഒരു കമ്മിറ്റി/സൊസൈറ്റി പോലുള്ള സംവിധാനം രൂപീകരിച്ച് തുക ഈ സംഘടനയുടെ അക്കൗണ്ടിൽ ഡിപ്പോസിറ്റ് ചെയ്യുന്നതിന്റെ സാധ്യതയും ധനവകുപ്പിന്റെ പരിഗണനയ്ക്ക് നൽകേണ്ടതാണ്. ഇതിനായി ധനവകുപ്പിനു നൽകാനുള്ള കരട് നോട്ട് തയ്യാറാക്കി നൽകാൻ എസ്.ആർ.ജിയെ ചുമതലപ്പെടുത്തി.

**നടപടി:- 1) സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്**
**2)തദ്ദേശസ്വയംഭരണ (ആർ.സി) വകുപ്പ്**

**4.14 തൃശ്ശൂർ ജില്ലാ പഞ്ചായത്ത്**

**തൃശ്ശൂർ ജില്ലാ പഞ്ചായത്തു പ്രസിഡന്റിന്റെ 26.10.2022 ലെ** A5-4854/2022-ാം **നമ്പർ കത്തുകൾ (2 എണ്ണം) (SRG 173/23)**

**വിഷയം:-** എ.ബി.സി പദ്ധതി നടപ്പാക്കുന്നതിന് പ്രത്യേക അക്കൗണ്ട് തുടങ്ങുന്നതു സംബന്ധിച്ച്

മുകളിൽ കോഴിക്കോട് ജില്ലാ പഞ്ചായത്ത് അറിയിച്ച വിഷയം തൃശ്ശൂർ ജില്ലാ പഞ്ചായത്തും ചൂണ്ടി കാണിച്ച് എ.ബി.സി പദ്ധതി പോലുള്ള സംയുക്ത പ്രോജക്ടുകളുടെ വിഹിതം നിർവ്വഹണ ഉദ്യോഗസ്ഥരുടെ അക്കൗണ്ടിലേക്ക് കൈമാറാൻ ക്രമീകരണം ചെയ്യണമെന്ന ആവശ്യം സംബന്ധിച്ച്.

**തീരുമാനം :-** ക്രമ നമ്പർ 4.13 ൽ എടുത്ത തീരുമാനം ബാധകം.

**നടപടി:- തദ്ദേശസ്വയംഭരണ (ആർ.സി) വകുപ്പ്**

4.15 **<u>കാസർകോഡ് ജില്ലാ പഞ്ചായത്ത്</u>**

**കാസർകോട് ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ കത്ത് (ലഭിച്ചത് 16.01.2023) (SRG 137/23)**

**വിഷയം:-** സംയുക്ത പ്രോജക്ടുകൾ നടപ്പാക്കുന്നതിന് പ്രത്യേക അക്കൗണ്ട് തുടങ്ങുന്നതു സംബന്ധിച്ച്.

തദ്ദേശഭരണസ്ഥാപനങ്ങളുടെ പങ്കാളിത്തത്തോടെ സംയുക്ത പ്രോജക്ടുകൾ ജില്ലയിൽ നടപ്പാക്കുന്നുണ്ട്. തദ്ദേശഭരണസ്ഥാപനങ്ങൾ പരസ്പരം കൈമാറുന്ന വിഹിതം സൂക്ഷിക്കുന്നതിന് മുൻകാലങ്ങളിലെ പോലെ പ്രത്യേക അക്കൗണ്ട് തുടങ്ങാൻ അനുമതി സംബന്ധിച്ച്.

**തീരുമാനം :-** ക്രമനമ്പർ 13-ൽ എടുത്ത തീരുമാനം ബാധകം. എ.ബി.സി. പദ്ധതിയ്ക്കല്ലാതെ മറ്റു സംയുക്ത പ്രോജക്ടുകൾക്ക് പ്രത്യേക അക്കൗണ്ട് തുടങ്ങണമെന്ന ആവശ്യം ഇപ്പോൾ പരിഗണിയ്ക്കുന്നില്ല.

**നടപടി:- തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ്**

**4.16 <u>നടുവണ്ണൂർ ഗ്രാമപഞ്ചായത്ത്</u>**

**നടുവണ്ണൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 28.12.2022 ലെ കത്തും പഞ്ചായത്തു ഡയറക്ടറുടെ 16.12.2022 ലെ** PAN/5395/2021-J2(DP)- **നമ്പർ കത്തും (SRG 15/2023).**

**വിഷയം:-** വീട്ടു വാസയോഗ്യമാക്കൽ പദ്ധതി ബാങ്ക് ലോൺ എടുക്കുന്നതിന് അനുമതി സംബന്ധിച്ച്.

വീട്ടു വാസയോഗ്യമാക്കുന്നതിന് ധനസഹായത്തിനുള്ള തുക ബാങ്ക് വായ്പയിലൂടെ കണ്ടെത്താൻ ഉദ്ദേശിക്കുന്നു. ഇതിന് സർക്കാർ അനുമതിക്കായി കത്ത് നൽകിയിട്ടുണ്ട്. ഗ്രാമപഞ്ചായത്തിന്റെ അനിവാര്യ ചുമതലകൾ, മുൻഗണനാ മേഖല തുടങ്ങിയവയ്ക്കുള്ള വിഹിതം മാറ്റി വയ്ക്കണമെന്ന് നിബന്ധനയോടെ ലോൺ എടുക്കാൻ ഗ്രാമപഞ്ചായത്തിന് അനുമതി നൽകാമെന്ന് പഞ്ചായത്ത് ഡയറക്ടർ സർക്കാരിലേക്ക് ശുപാർശ ചെയ്തിട്ടുണ്ട്. ഇതു വേഗത്തിലാക്കണമെന്ന ആവശ്യം സംബന്ധിച്ച്.

**തീരുമാനം:-** 16.12.2022 ൽ പഞ്ചായത്ത് ഡയറക്ടർ സർക്കാരിലേക്ക് റിപ്പോർട്ട് നൽകിയിട്ടുണ്ട് എന്ന് യോഗം നിരീക്ഷിച്ചു. ഇതനുസരിച്ച് നടപടി വേഗത്തിലാക്കാൻ വകുപ്പിനു നിർദ്ദേശം നൽകുന്നു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.ഇ) വകുപ്പ്**

**4.17 <u>കോട്ടോപ്പാടം ഗ്രാമ പഞ്ചായത്ത്</u>**

**ബഹു. മണ്ണാർക്കാട് എം.എൽ.എ.യുടെ 13.12.2022 -ലെ കത്തും കോട്ടോപ്പാടം ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 12.12.2022-ലെ കത്തും (SRG 48/23)**

**വിഷയം:-** ലൈഫ് ഭവന പദ്ധതി ലിസ്റ്റിൽ ഉൾപ്പെടാത്തവർക്ക് കേരള സ്റ്റേറ്റ് ഹൗസിംഗ് ബോർഡിന്റെ സഹായത്തോടെ വീട് നിർമ്മിച്ചു നൽകുന്നത് സംബന്ധിച്ച്

യഥാസമയം അപേക്ഷ സമർപ്പിക്കാത്തതിനാലും റേഷൻകാർഡ് ഇല്ലാത്തതിനാലും ലൈഫ് ഭവന പദ്ധതി ലിസ്റ്റിൽ ഉൾപ്പെടാത്ത കുടുംബങ്ങൾ ഉണ്ട്. സ്വന്തമായി വീട് നിർമ്മിക്കാൻ

കഴിയാത്ത ഇവർക്ക് കേരള സ്റ്റേറ്റ് ഹൗസിംഗ് ബോർഡിന്റെ ഗൃഹശ്രീ പദ്ധതിയിൽ ഉൾപ്പെടുത്തി വീട് നിർമ്മിക്കാനും അതിനായി ഒരാൾക്ക് 1.00 ലക്ഷം രൂപ വീതം ഗ്രാമപഞ്ചായത്ത് വിഹിതമായി നൽകാനും അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം :-** ഈ ഗ്രാമപഞ്ചായത്തിൽ ലൈഫ് ലിസ്റ്റിലുള്ളവരിൽ ഇനിയും ഭൂരഹിത-ഭവനരഹിതരായുള്ള 144 കുടുംബത്തിനും ഭവന രഹിതരായ 956 കുടുംബത്തിനും (ആകെ 1100 കുടുംബം) വീടു നിർമ്മിച്ചു നൽകാനുണ്ടെന്നു യോഗം നിരീക്ഷിച്ചു. ഈ സാഹചര്യത്തിൽ മറ്റു ഭവനപദ്ധതിയ്ക്കായി തദ്ദേശഭരണ സ്ഥാപന വിഹിതം വകയിരുത്തേണ്ടതില്ലെന്നു നിർദ്ദേശിക്കുന്നു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.ഇ) വകുപ്പ്**

**4.18 <u>പെരിനാട് ഗ്രാമപഞ്ചായത്ത്</u>**

**കൊല്ലം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 03.12.2023 ലെ കത്ത് (SRG 57/2023 - CC/805/22).**

**വിഷയം:-** ശ്രീമതി സിനി, സനിൽ ഭവനം എന്ന ആളെ ലൈഫ് ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതു സംബന്ധിച്ച്.

ശ്രീമതി സിനി, സനിൽ ഭവനം, ചെറുകാട് ചെമ്മക്കാട് എന്ന ആൾ ഇതുവരെ ലൈഫ് ഭവനപദ്ധതി ലിസ്റ്റിൽ ഉൾപ്പെടാൻ അപേക്ഷ നൽകിയിരുന്നില്ല. ഇവർ ലൈഫ് ഭവന രഹിതരുടെ ലിസ്റ്റിൽ ഉൾപ്പെടുത്തണമെന്നാവശ്യപ്പെട്ടുകൊണ്ട് കേരള സംസ്ഥാന പട്ടികജാതി പട്ടിക ഗോത്ര വർഗ്ഗ കമ്മീഷൻ മുമ്പാകെ ഹർജി നൽകി. ലൈഫ് മിഷൻ പദ്ധതി പ്രകാരം ഭൂമിയും വീടും ലഭിക്കുന്നതിനാവശ്യമായ അപേക്ഷ പെരിനാട് ഗ്രാമപഞ്ചായത്തിൽ സമർപ്പിക്കുവാൻ ശ്രീമതി സിനിയോടു കമ്മീഷൻ ഉത്തരവായി. ഇപ്രകാരം അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് ലൈഫ് ഭവനപദ്ധതിയിലെ ഭൂരഹിത ഭവന രഹിത പദ്ധതി പ്രകാരമുള്ള ആനുകൂല്യം നൽകാൻ പെരിനാട് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയോട് നിർദ്ദേശിച്ചുകൊണ്ട് കമ്മീഷൻ 12.01.2022 ലെ 2290/**B3/2022/KLM/KSCSC & ST** നമ്പർ പ്രകാരം ഉത്തരവായിട്ടുണ്ട്. ശ്രീമതി സിനിക്ക് ലൈഫ് ഭവന പദ്ധതിയിൽ ഉൾപ്പെടുത്തി ധനസഹായം നൽകാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം :-** ശ്രീമതി സിനി ലൈഫ് ഭവനപദ്ധതിയിൽ ഉൾപ്പെടാൻ അർഹതയുള്ളവരാണെന്ന് ലൈഫ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ പ്രതിനിധി യോഗത്തിൽ അറിയിച്ചു. ലൈഫ് ഭവന പദ്ധതിയിൽ ഉൾപ്പെടുത്തി ധനസഹായം നൽകാൻ അനുമതി നൽകുന്നു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.ഇ) വകുപ്പ്**

**4.19 <u>കല്ലൂപ്പാറ ഗ്രാമപഞ്ചായത്ത്</u>**

**ശ്രീ. അജികുമാർ കെ.ജി, പടുവയിൽ കുളത്തിങ്കൽ കല്ലൂപ്പാറ എന്ന വ്യക്തിയുടെ 14.12.2022 ലെ കത്ത്** (SRG 78/2022)

**വിഷയം:-** വീടിനു മുകളിലായി പഠനമുറി നിർമ്മിക്കുന്നതു സംബന്ധിച്ച്.

ശ്രീ.അജികുമാർ കെ.ജി, പടുവയിൽ കുളത്തിങ്കൽ, കല്ലൂപ്പാറ എന്ന വ്യക്തി തന്റെ മകന്റെ പഠന ആവശ്യത്തിനായി പഠന മുറി നിർമ്മിക്കുന്നതിനുള്ള ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുണ്ട്. അപേക്ഷകന് ആകെ മൂന്ന് സെന്റ് സ്ഥലം മാത്രമാണ് ഉള്ളത്. തറ നിരപ്പിൽ പഠനമുറിക്ക് സ്ഥലം തികയില്ല. അതിനാൽ വീടിനു മുകൾ ഭാഗത്ത് പഠനമുറി നിർമ്മിക്കാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം :-** നിലവിലെ വീടിനു മുകളിൽ പഠനമുറി നിർമ്മിക്കാൻ വീടിന് ബലമുണ്ട് എന്നതടക്കമുള്ള ഫിറ്റ്നസ് കല്ലപ്പാറ ഗ്രാമപഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയർ സാക്ഷ്യപ്പെടുത്തണമെന്ന നിബന്ധനയോടെ അനുമതി നൽകുന്നു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

**4.20 <u>കണ്ണൂർ ജില്ലാ പഞ്ചായത്ത്</u>**

**കണ്ണൂർ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 24.12.2022-ലെ കത്തും കണ്ണൂർ ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ 16.12.2022-ലെ** B7-4800/2022-**ലെ നമ്പർ <u>കത്തും</u> (SRG 125/2023 - CC/929/2022)**

**വിഷയം:-** ആറളം നവജീവൻ കോളനിയിലെ വീടുകളുടെ നവീകരണം സംബന്ധിച്ച്

| | | |
|---|---|---|
| *പ്രോ.നം: 238/23* | *അടങ്കൽ* | *27,00,000/- രൂപ (TSP)* |
| *പേര്* | *ആറളം നവജീവൻ കോളനി മാതൃകാ ഗ്രാമം* | |

കണ്ണൂർ ജില്ലയിലെ പരിപ്പ് തോട് എന്ന സ്ഥലത്ത് ജില്ലാ പഞ്ചായത്തിന്റെ അധീനതയിലുള്ള 24 ഏക്കർ ഭൂമിയിൽ വീടും അടിസ്ഥാന സൗകര്യങ്ങളും ഏർപ്പെടുത്തി 24 പട്ടികവർഗ്ഗ കുടുംബങ്ങളെ പുനരധിവസിപ്പിച്ചിരുന്നു. കോളനിയിലെ വീടുകളുടെ കാലപ്പഴക്കം കാരണം ചോർച്ചയുണ്ടായതിനാൽ 2017-18 വർഷം 11 വീടുകൾ റിപ്പയർ ചെയ്തു. 16.10.2018-ലെ കോഓർഡിനേഷൻ കമ്മിറ്റിയുടെ പ്രത്യേക അനുമതിയോടെ ഒരു കുടുംബത്തിന് 3.6 ലക്ഷം രൂപ വീതം ഇതിനായി ചെലവഴിച്ചു. തുടർന്ന് 2019-20-ൽ 25.02.2020 ലെ കോഓർഡിനേഷൻ കമ്മിറ്റിയുടെ അനുമതിയോടെ 3.75 ലക്ഷം രൂപ വീതം മുടക്കി 8 വീടുകൾ കൂടി റിപ്പയർ ചെയ്തു. ഇനി 5 വീടുകൾ കൂടി റിപ്പയർ ചെയ്യണം. ഇതിനായി പുതിയ **DSR** പ്രകാരം ഒരു വീടിന് **GST** അടക്കം 5.31 ലക്ഷം രൂപ ചെലവു വരും. ഈ നിരക്കിൽ ബാക്കിയുള്ള 5 വീടുകൾ കൂടി റിപ്പയർ ചെയ്യാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം :-** അറ്റകുറ്റപ്പണി ജില്ലാ പഞ്ചായത്ത് നേരിട്ടാണ് ചെയ്യുന്നത് എന്നതു പരിഗണിച്ച് അനുമതി നൽകുന്നു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

**4.21 <u>കാഞ്ചിയാർ ഗ്രാമപഞ്ചായത്ത്</u>**

**കാഞ്ചിയാർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 15.12.2022 ലെ <u>കത്തും</u> കാഞ്ചിയാർ ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 30.11.2022 ലെ തീരുമാനവും (SRG 32/23)**

**വിഷയം:-** ലൈഫ് ഭവന പദ്ധതി - ഭവന നിർമ്മാണം നിലച്ച ഗുണഭോക്താക്കളുടെ ഭവനങ്ങളുടെ നിർമ്മാണം തുടരുന്നതിനുള്ള അനുമതി സംബന്ധിച്ച്.

കാഞ്ചിയാർ ഗ്രാമപഞ്ചായത്തിലെ 1,2,16 വാർഡുകൾ ഉൾപ്പെടുന്ന കോവിൽമല, മുരിക്കാട്ടുകുടി എന്നീ പട്ടികവർഗ്ഗ സങ്കേതങ്ങളിൽ / ആദിവാസി സെറ്റിൽമെന്റ് മേഖലയിൽ താമസിക്കുന്ന ലൈഫ് ഭവന പദ്ധതി ലിസ്റ്റിലെ ജനറൽ വിഭാഗത്തിൽപ്പെട്ട ഗുണഭോക്താക്കൾക്ക് ഭവന നിർമ്മാണ ധനസഹായത്തിന്റെ ആദ്യ ഗഡു ഗ്രാമപഞ്ചായത്തിൽ നിന്നും നൽകി. എന്നാൽ വനാവകാശ നിയമപ്രകാരം വനം വകുപ്പിൽ നിന്നും വനാവകാശ രേഖ നൽകിയിട്ടുള്ള ആദിവാസി സെറ്റിൽമെന്റുകളിൽ താമസിക്കുന്ന ആദിവാസികൾ അല്ലാത്തവർക്ക് വീട് നിർമ്മിക്കുന്നതിന് അനുമതി നൽകരുത് എന്ന് കാണിച്ച് കോവിൽമല രാജാവായ ശ്രീ രാമൻ രാജമന്നാൻ വനംവകുപ്പിന് പരാതി നൽകിയിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ ആദിവാസി സെറ്റിൽമെന്റുകളിൽ താമസിക്കുന്ന ആദിവാസികൾ

അല്ലാത്തവർക്ക് സ്ഥലത്തിന് യാതൊരു അവകാശവും ഇല്ലാത്തതാണെന്നും ആദിവാസികൾ അല്ലാത്തവർക്ക് ഭവന നിർമ്മാണ ധനസഹായം അനുവദിച്ചിട്ടുള്ളത് ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ് എന്നും കാണിച്ച് അയ്യപ്പൻ കോവിൽ റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസർ 01.10.2020ന് ഗ്രാമപഞ്ചായത്തിനെ അറിയിച്ചു. ഇതിന്റെ അടിസ്ഥാനത്തിൽ 17 ഗുണഭോക്താക്കൾക്ക് ഭവന നിർമ്മാണ ധനസഹായത്തിന്റെ തുടർ ഗഡുക്കൾ അനുവദിക്കുന്നതിന് വനം വകുപ്പിൽ നിന്നുള്ള NOC ഹാജരാക്കേണ്ടതാണ് എന്ന് കാണിച്ച് ഗ്രാമപഞ്ചായത്ത് കത്ത് നൽകിയിട്ടുണ്ട്. NOC ഹാജരാക്കുന്നതിന് ആർക്കും സാധിച്ചിട്ടില്ല. എന്നാൽ ആദ്യ ഗഡു ലഭിച്ച ഗുണഭോക്താക്കൾക്ക് പാർപ്പിട നിർമ്മാണത്തിന്റെ തുടർ ഗഡുക്കൾ അനുവദിക്കുന്നതിന് 17 ഗുണഭോക്താക്കൾ ബഹു. കേരള ഹൈക്കോടതിയെ സമീപിച്ചു. ബഹു. ഹൈക്കോടതിയുടെ 07.11.2022 ലെ WP (C) 30566/2021–ാം നമ്പർ വിധി പ്രകാരം ഗുണഭോക്താക്കളുടെ നിസ്സഹായാവസ്ഥ പരിഗണിച്ച് ഇവർക്ക് പ്രസ്തുത സ്ഥലത്ത് വീട് നിർമ്മിക്കുന്നതിനുള്ള പ്രത്യേക ഉത്തരവ് / അനുമതി സർക്കാരിൽ നിന്നും ലഭിക്കുന്നതിനുള്ള ഇടപെടൽ ഗ്രാമപഞ്ചായത്തിന്റെ ഭാഗത്ത് നിന്നും, ലൈഫ് മിഷന്റെ ഭാഗത്ത് നിന്നും ഉണ്ടാവണമെന്ന് ഉത്തരവായിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ ഇവർക്ക് വീടു നിർമ്മിക്കുന്നതിനു തുടർന്നുള്ള ഗഡുക്കൾ നൽകാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം :-** ഇത് വിശദമായി പരിശോധിച്ച് റിപ്പോർട്ട് നൽകാൻ റൂറൽ ഡയറക്ടറെ ചുമതലപ്പെടുത്തി. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പിന്നീടു പരിഗണിക്കുന്നതാണ്.

**നടപടി:- 1) റൂറൽ ഡയറക്ടർ**
**2)തദ്ദേശസ്വയംഭരണ (ഡി.ഇ) വകുപ്പ്**

4.22 <u>ലൈഫ് ഭവന പദ്ധതി</u>

**ബഹു. ആലപ്പുഴ എം.എൽ.എ 06.12.2022 ൽ അവതരിപ്പിക്കുന്നതിന് അനുവദിച്ച സബ്മിഷൻ നം.2, ബഹു. ആലപ്പുഴ എം.എൽ.എ, കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷൻ ജനറൽ സെക്രട്ടറി, ലൈഫ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ എന്നിവരുടെ കത്തുകളുടെ അടിസ്ഥാനത്തിലുള്ള 03.02.2023 ലെ സർക്കാർ ഫയൽ (SRG 268/2023 - LSGD - DE3/221/2022/LSGD)**

**എ) വിഷയം:-** പ്രളയത്തിൽ വീടു തകർന്നവർക്ക് ധനസഹായം നൽകുന്നത് സംബന്ധിച്ച്.

കേരളത്തിൽ 2018, 2019ൽ ഉണ്ടായ പ്രളയത്തിൽ വീടു നഷ്ടപ്പെട്ടവർക്ക് **CMDRF/SDRF** ൽ നിന്ന് ധനസഹായം നൽകിയിട്ടുണ്ട്. വീട് പൂർണ്ണമായും തകർന്നവർക്ക് തദ്ദേശഭരണ സ്ഥാപനങ്ങളിൽ നിന്ന് ധനസഹായം നൽകുന്നതിന് കോഓർഡിനേഷൻ കമ്മിറ്റിയുടെ 14.09.2021 ലെ താഴെ പറയുന്ന തീരുമാനം പ്രളയത്തിൽ വീടു തകർന്നവർക്ക് ബുദ്ധിമുട്ടുണ്ടാക്കുന്നു എന്നറിയിച്ചിരിക്കുന്നു.

**<u>മുകളിൽ പരാമർശിക്കുന്ന 14.09.2021 ലെ തീരുമാനം</u> :- "**പ്രളയത്തിൽ 75 മുതൽ 100 ശതമാനം വരെ നാശനഷ്ടമുണ്ടായ ഭവനത്തിന് **SDRF** ൽ നിന്നും **CMDRF** ൽ നിന്നും ലഭിക്കുന്ന തുക ചേർത്ത് ആകെ 4.00 ലക്ഷം രൂപ ലഭിക്കും. ഇത്തരം കുടുംബത്തിന് തദ്ദേശഭരണസ്ഥാപനങ്ങൾ ഇനി വിഹിതം നൽകാവുന്നതല്ല. 60 മുതൽ 74 ശതമാനം വരെ നാശനഷ്ടമുണ്ടായ ഭവനങ്ങൾക്ക് (സമതല പ്രദേശവും മലയോര പ്രദേശവും) **SDRF** ൽ നിന്നും **CMDRF** ൽ നിന്നും ആകെ 2,50,000/- രൂപ ലഭിക്കും. എന്നാൽ പലപ്പോഴും ഈ തുക ഉപയോഗിച്ച് വീട് വാസയോഗ്യമാക്കാൻ കഴിയില്ല. ഇത്തരം കേസുകളിൽ അസിസ്റ്റന്റ് എഞ്ചിനീയറുടെ ശുപാർശ പ്രകാരം പുതിയ വീടു നിർമ്മിതിക്കായി ബാക്കി വരുന്ന 1,50,000/- രൂപ തദ്ദേശഭരണസ്ഥാപനങ്ങൾക്ക് നൽകാവുന്നതാണ്. 60 ശതമാനത്തിൽ താഴെ നാശനഷ്ടം സംഭവിച്ചവർക്ക് തദ്ദേശഭരണ സ്ഥാപനത്തിൽ നിന്ന് പ്രത്യേക ധനസഹായം നൽകേണ്ടതില്ല. എന്നാൽ 2018, 2019

പ്രളയത്തിൽ വീട് പൂർണ്ണമായും തകർന്ന ഏതെങ്കിലും കേസുകളിൽ **CMDRF / SDRF** ൽ നിന്നോ മറ്റ വിധത്തിലോ ധനസഹായം ലഭിച്ചിട്ടില്ലെങ്കിൽ ബന്ധപ്പെട്ട അസിസ്റ്റന്റ് എഞ്ചിനീയർ/ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ വീട്ട നിർമ്മാണത്തിനു ലൈഫ് നിരക്കു പ്രകാരം ധനസഹായം നൽകാവുന്നതാണ്".

ഈ തീരുമാനം കാവാലം ഗ്രാമപഞ്ചായത്തടക്കം പല തദ്ദേശഭരണസ്ഥാപനങ്ങൾക്കും ബുദ്ധിമുട്ടുണ്ടാക്കുന്നു എന്ന് ചൂണ്ടി കാണിച്ച് ഇതു പുനഃപരിശോധിക്കണമെന്ന ആവശ്യം സംബന്ധിച്ച്.

**തീരുമാനം :**

**i)** കോഓർഡിനേഷൻ കമ്മിറ്റിയുടെ 14.02.2023 ലെ യോഗ തീരുമാനം (ഖണ്ഡിക 3.4) പ്രകാരം ഈ വിഷയം പരിഹരിച്ചിട്ടുണ്ട്. ഇത് ബഹു. എം.എൽ.എയേയും മറ്റു ബന്ധപ്പെട്ടവരേയും അറിയിക്കാൻ വകുപ്പിനെ ചുമതലപ്പെടുത്തി. എന്നാൽ ലൈഫ് ലിസ്റ്റിൽ ഉൾപ്പെടാത്ത കുടുംബങ്ങൾക്ക് 14.09.2021 ലെ കോഓർഡിനേഷൻ കമ്മിറ്റി തീരുമാനം ബാധകമായിരിക്കുന്നതാണ്.

**ii)** ബഹു മന്ത്രി 03.02.2023 ൽ നോട്ട് ഫയലിൽ (ഖണ്ഡിക 28) ഉത്തരവായിട്ടുള്ള പോലെ പ്രളയത്തിൽ തകർന്ന വീടുകൾക്ക് **SDRF / CMDRF** ൽ നിന്നു ധനസഹായം ലഭിക്കുകയും പിന്നീട് വീട്ട വാസയോഗ്യമല്ലാതായതിനാൽ ലൈഫ് / പി.എം.എ.വൈ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളവരുടെ ജില്ല തിരിച്ചുള്ള വിവരം താഴെ പറയും പ്രകാരം ശേഖരിച്ച് നൽകാൻ ലൈഫ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറെ ചുമതലപ്പെടുത്തി.

| **ജില്ലയുടെ പേര്** | **പ്രളയത്തിൽ തകർന്ന വീടുകളുടെ പുനരുദ്ധാരണത്തിന് CMDRF/SDRF ൽ നിന്ന് ധനസഹായം ലഭിച്ചതും പിന്നീട് ലൈഫ് ലിസ്റ്റിൽ ഉൾപ്പെട്ടവരുമായ കുടുംബങ്ങളുടെ എണ്ണം (പ്രളയ ധനസഹായമായി ലഭിച്ച 10,000 രൂപ വീടിനുള്ള ധനസഹായമായി കണക്കാക്കേണ്ടതില്ല)** |
|---|---|
| തിരുവനന്തപുരം | |
| ↓ | |
| ↓ | |
| ↓ | |
| കാസർകോഡ് | |

**നടപടി:- ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ**
**തദ്ദേശസ്വയംഭരണ (ഡി.ഇ) വകുപ്പ്**

(ബി) **വിഷയം:-** ലൈഫ് ലിസ്റ്റിലുള്ള പൊതു വിഭാഗത്തിൽപ്പെട്ടവർക്ക് ഗഡുക്കൾ നൽകുന്നതു സംബന്ധിച്ച്.

നിലവിലെ മാർഗ്ഗ നിർദ്ദേശമനുസരിച്ച് ലൈഫ് ഭവന നിർമ്മാണ പദ്ധതിയുടെ ഭാഗമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നീക്കി വച്ചിട്ടുള്ള 20 ശതമാനം തുകയിൽ നിന്ന് പട്ടികജാതി, പട്ടികവർഗ്ഗം, മത്സ്യത്തൊഴിലാളികൾ, അതിദരിദ്രർ എന്നിവർക്ക് മുൻഗണാനാടിസ്ഥാനത്തിൽ ആദ്യഘട്ടമെന്ന നിലയിൽ വീട് നൽകുന്നതിനാണ് അനുമതി നൽകിയിട്ടുള്ളത്. എന്നാൽ മാർച്ച് 31 നുള്ളിൽ ഇവർക്ക് ഒന്നോ രണ്ടോ ഗഡു തുക മാത്രമേ നൽകാൻ കഴിയുകയുള്ളു. പട്ടിക ജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ഗുണഭോക്താക്കളിൽ പകുതിയോളം പേർക്ക് രേഖകൾ ഹാജരാക്കാൻ കഴിയാത്തതിനാൽ എഗ്രിമെന്റ് വയ്ക്കാനുള്ള നടപടിക്രമം പോലും പൂർത്തിയാക്കിയിട്ടില്ല. ഈ സാഹചര്യത്തിൽ ഇവർക്ക് മുൻഗണന കൊടുക്കുന്നതോടൊപ്പം ജനറൽ വിഭാഗത്തിൽ നിന്ന് കൂടി ആദ്യഗഡു തുകയെങ്കിലും നൽകാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം :-** പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗക്കാർ, മത്സ്യത്തൊഴിലാളികൾ, അതിദരിദ്രർ എന്നിവർ സമൂഹത്തിൽ പ്രത്യേക പരിഗണന അർഹിക്കുന്നവർ ആണ്. ഇവർക്കാവശ്യമായ രേഖകൾ സമർപ്പിക്കുന്നതിന് തദ്ദേശഭരണ സ്ഥാപനങ്ങൾ സൗകര്യം ചെയ്തു കൊടുക്കണം. പ്രത്യേകിച്ച് അതിദാരിദ്ര്യമനുഭവിക്കുന്നവർ രേഖകൾ ഹാജരാക്കിയില്ല എന്ന കാരണത്താൽ ഒഴിവാക്കുന്ന സാഹചര്യമുണ്ടാകരുതെന്ന് നിർദ്ദേശിക്കുന്നു. അതിനാൽ പൊതുവായി അനുമതി നൽകുന്നില്ല. എന്നാൽ ഏതെങ്കിലും തദ്ദേശഭരണ സ്ഥാപനങ്ങളിൽ ഈ പ്രശ്നം നിലനിൽക്കുന്നുവെങ്കിൽ അതു പരിശോധിച്ച് പ്രത്യേകം പരിഗണിക്കുന്നതാണ്.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.ഇ) വകുപ്പ്**

4.23 കാവാലം ഗ്രാമപഞ്ചായത്ത്

**കാവാലം ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ കത്തും (ലഭിച്ചത് 22.11.2022) കാവാലം ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 25.10.2022 ലെ 2(1) നമ്പർ തീരുമാനവും കോഓർഡിനേഷൻ കമ്മിറ്റിയുടെ 15.10.2022 ലെ (ഖണ്ഡിക 4.3) തീരുമാനവും (SRG 1302/22).**

**വിഷയം:** ലൈഫ് ഭവന പദ്ധതി – ഭാഗികമായി പ്രളയ ധനസഹായം ലഭിച്ചവർക്ക് ധനസഹായം നൽകുന്നതു സംബന്ധിച്ച്.

| | | |
|---|---|---|
| ***പ്രോ.നം: 19/22*** | ***അടങ്കൽ*** | ***48,26,000 രൂപ*** |
| | *വികസന ഫണ്ട് ജനറൽ* | *23,26,000 രൂപ* |
| | *ബ്ലോക്ക് പഞ്ചായത്ത് വിഹിതം* | *10,00,000 രൂപ* |
| | *ജില്ലാ പഞ്ചായത്ത് വിഹിതം* | *10,00,000 രൂപ* |
| | *സംസ്ഥാന വിഹിതം* | *5,00,000 രൂപ* |
| ***പേര്*** | ***ലൈഫ് ഭവന നിർമ്മാണ പദ്ധതി – ജനറൽ*** | |

ഗ്രാമപഞ്ചായത്തിലെ 9 ഗുണഭോക്താക്കൾ പട്ടികജാതി/ പട്ടികവർഗ്ഗ / ഫിഷറീസ് ലൈഫ് ഭവന പദ്ധതിയിലെ അഡീഷണൽ ലിസ്റ്റിൽ ഉൾപ്പെട്ടവരാണ്. ഇതിൽ ഒന്നു വീതം എസ്.സി, എസ്.റ്റി വിഭാഗത്തിൽപ്പെട്ടവരും 7 പേർ മത്സ്യതൊഴിലാളി കുടുംബത്തിൽപ്പെട്ടവരുമാണ്. ഇവർക്ക് ഭാഗികമായി പ്രളയ ദുരിതാശ്വാസ പദ്ധതിയിൽ (**CMDRF, SDRF**) ൽ നിന്ന് ധനസഹായം ലഭിച്ചിട്ടുണ്ട്.

**(i)** കോഓർഡിനേഷൻ കമ്മിറ്റിയുടെ 10.02.2021, 14.09.2021 തീയതികളിലെ തീരുമാനപ്രകാരം ലൈഫ് ഭവനപദ്ധതിയിൽ ധനസഹായം നൽകുന്നതിൽ നിയന്ത്രണമുണ്ട്. ഇവർക്ക് ലൈഫ് പദ്ധതി പ്രകാരം ഭവന നിർമ്മാണത്തിന് ധനസഹായം നൽകാൻ അനുമതി നൽകണമെന്നാവശ്യപ്പെട്ടിരുന്നുവെങ്കിലും കോഓർഡിനേഷൻ കമ്മിറ്റിയുടെ 15.10.2022 ലെ യോഗത്തിൽ ഇത് പൂർണ്ണമായി അംഗീകരിച്ചിരുന്നില്ല. ഇതു പുനഃ പരിശോധിക്കണമെന്ന ആവശ്യം സംബന്ധിച്ച്.

**തീരുമാനം :-** കോഓർഡിനേഷൻ കമ്മിറ്റിയുടെ 14.02.2023 ലെ തീരുമാനം (ഖണ്ഡിക 3.4) പ്രകാരം നടപടി സ്വീകരിക്കാവുന്നതാണ്.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.ഇ) വകുപ്പ്**

**(ii)** കാവാലം ഗ്രാമപഞ്ചായത്തിന്റെ 9 പേരുടെ ലിസ്റ്റിലെ ശ്രീമതി തങ്കമ്മ, കാപ്പിൽ ചിറ എന്ന ആൾക്ക് ആകെ 4.50 ലക്ഷം രൂപ (പ്രളയ ധനസഹായമായി 2.50 ലക്ഷം രൂപയും ലൈഫ് പദ്ധതിയിൽ നിന്ന് 2.00 ലക്ഷം രൂപയും) നൽകി. അധികമായി 50,000 രൂപ നൽകിയത് നിർവ്വഹണ ഉദ്യോഗസ്ഥന്റെ വീഴ്ച ആയതിനാൽ ഇത് ബന്ധപ്പെട്ട

ഉദ്യോഗസ്ഥൻ തിരികെ അടയ്ക്കണമെന്ന 15.10.2022 ലെ തീരുമാനം പുനഃപരിശോധിക്കണമെന്ന ആവശ്യം സംബന്ധിച്ച്.

**തീരുമാനം :-** പ്രളയധനസഹായം കുറവ് ചെയ്യാതെ തന്നെ 4.00 ലക്ഷം രൂപ നൽകാമെന്ന തീരുമാനം 14.02.2023 ലെ കോഓർഡിനേഷൻ കമ്മിറ്റിയിലാണ് എടുത്തത്. എന്നാൽ അധികമായി 50,000 രൂപ ഗുണഭോക്താവിന് നൽകിയത് ഇതിന് മുമ്പാണ്. ഇത് നിർവ്വഹണ ഉദ്യോഗസ്ഥന്റെ വീഴ്ചയാണ്. അതിനാൽ ആവശ്യം പരിഗണിച്ചില്ല. ഇതു വകുപ്പ് തലത്തിൽ പരിശോധിച്ച് നടപടി സ്വീകരിക്കുവാൻ റൂറൽ ഡയറക്ടറെ ചുമതലപ്പെടുത്തി.

**നടപടി:- 1)റൂറൽ ഡയറക്ടർ**
**2) തദ്ദേശസ്വയംഭരണ (ഡി.ഇ) വകുപ്പ്)**

**4.24 <u>അശോക് റബ്ബർ ഫാക്ടറി</u>**

**ചങ്ങനാശ്ശേരി അശോക് റബ്ബർ ഫാക്ടറി മാനേജറുടെ 12.09.2022 ലെ കത്തുകൾ (2 എണ്ണം) (SRG 144/22)**

**വിഷയം:-** കൃഷി ആവശ്യത്തിന് കണിക ജലസേചനം സംബന്ധിച്ച്.

പതിനാലാം പഞ്ചവത്സരപദ്ധതി സബ്സിഡി മാർഗ്ഗരേഖയിൽ (28.05.2022 ലെ 115/2022/തസ്വഭവ) ഖണ്ഡിക 6.1.35 പ്രകാരം കണിക ജലസേചനത്തിന് സബ്സിഡി നൽകാൻ അനുമതിയുണ്ട്. 6.1.35 ഖണ്ഡിക പ്രകാരം ഒരു സെന്റ് വിസ്തൃതിയിൽ **Timer Main line 32 mm, Submain - Laterals 16 mm, emiters, grow bags 25** എണ്ണം എന്നിവയാണ് **drip irrigation** -ൽ ഉൾപ്പെടുത്തിയിരിക്കുന്നത്. എന്നാൽ **drip irrigation** -ൽ **Pin connecter, Extension tube, 16mm pipe fittings** എന്നീ അനുബന്ധ സാമഗ്രികൾ കൂടി ഘടിപ്പിച്ചാൽ മാത്രമേ ഡ്രിപ് ഇറിഗേഷൻ ശരിയായ രീതിയിൽ പ്രവർത്തിക്കു എന്നറിയിച്ചുകൊണ്ട് ഇവ കൂടി ഖണ്ഡിക 6.1.35-ൽ ചേർക്കണമെന്നതു സംബന്ധിച്ച്.

**തീരുമാനം:-** യോഗത്തിൽ കൃഷി വകുപ്പ് ഡയറക്ടറും സ്റ്റേറ്റ് അഗ്രികൾച്ചർ എഞ്ചിനീയറും ഇല്ലാതിരുന്നതിനാൽ അടുത്ത യോഗത്തിൽ പരിഗണിക്കാനായി മാറ്റിവച്ചു.

**നടപടി:- 1) കൃഷിഡയറക്ടർ**
**2)തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

**4.25 <u>കോട്ടുകാൽ ഗ്രാമപഞ്ചായത്ത്</u>**

**കോട്ടുകാൽ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 17.11.2022 ലെ** A2/5312/2022-ാം **നമ്പർ കത്തും അനുബന്ധ രേഖകളും (SRG 1312/22).**

**വിഷയം:-** കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷനിൽ നിന്ന് ഇലക്ട്രിക്കൽ ഉപകരണങ്ങൾ വാങ്ങിയതിന് തുക നൽകുന്നത് സംബന്ധിച്ച്.

കോട്ടുകാൽ ഗ്രാമപഞ്ചായത്തിൽ 2012-13 വർഷം ഇലക്ട്രിക്കൽ ഉപകരണങ്ങൾ വാങ്ങുന്നതിന് രണ്ടു പ്രോജക്ടുകൾ എടുത്തിരുന്നു. ഇതനുസരിച്ച് കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷനിൽ നിന്നും 13,58,269 രൂപയുടെ ഇലക്ട്രിക്കൽ ഉപകരണങ്ങൾ വാങ്ങുകയും ഉപകരണങ്ങൾ ഉപയോഗിക്കുകയും ചെയ്തു. എന്നാൽ പ്രോജക്ടുകൾക്ക് അംഗീകാരം ലഭിക്കുന്നതിനു മുമ്പാണ് ഉപകരണങ്ങൾ വാങ്ങിയത് എന്നതിനാൽ അന്നത്തെ സെക്രട്ടറി ബിൽ തുക നൽകിയില്ല. ബിൽ തുക നൽകാത്തതിനാൽ അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ചു. പലിശ സഹിതം ഇപ്പോൾ 22,40,784 രൂപ നൽകാനുണ്ട്. ഗ്രാമപഞ്ചായത്ത് ആവശ്യപ്പെട്ടതനുസരിച്ച് 2022 നവംബറിൽ ഒറ്റത്തവണയായി അടയ്ക്കണമെന്ന നിബന്ധനയോടെ 16,26,946 രൂപയായി അഗ്രോ ഇൻഡസ്ട്രീസ് തുക

കുറച്ചിട്ടുണ്ട്. ഈ തുക നൽകാൻ പ്രോജക്ട് ജില്ലാ ആസൂത്രണ സമിതിക്ക് സമർപ്പിച്ചിട്ടുണ്ടെന്ന് അറിയിച്ചുകൊണ്ട് തുക നൽകാൻ കോഓർഡിനേഷൻ കമ്മിറ്റിയുടെ അനുമതി നൽകണമെന്നതു സംബന്ധിച്ച്

**തീരുമാനം :-** 2012-13 ലെ പ്രോജക്ടായതിനാലും നൽകിയിരിക്കുന്ന വിവരങ്ങൾ അപൂർണ്ണമായതിനാലും ആവശ്യം പരിഗണിച്ചില്ല. വാങ്ങൽ പ്രക്രിയ, ബില്ല് ഇവയടക്കം പരിശോധിച്ച് റിപ്പോർട്ട് നൽകാൻ റൂറൽ ഡയറക്ടറെ ചുമതലപ്പെടുത്തി. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പിന്നീട് പരിഗണിക്കും.

**നടപടി:- 1) റൂറൽ ഡയറക്ടർ**
**2)തദ്ദേശസ്വയംഭരണ (ഡി.ഇ) വകുപ്പ്**

**4.26 തൃശ്ശൂർ ജില്ലാ പഞ്ചായത്ത്**

**തൃശ്ശൂർ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 04.12.2023 ലെ കത്തും തൃശ്ശൂർ ജില്ലാ പഞ്ചായത്ത് സെക്രട്ടറി 08.12.2022 ലെ DPT/A4-6186/2022-ാം നമ്പർ കത്തും തൃശ്ശൂർ DPO യുടെ 20.12.2022 ലെ 1055/22/R02/DPM നമ്പർ കത്തും (SRG 151/23 - CC/936/2023).**

**വിഷയം:-** കൃഷിയിടത്തെ വന്യമൃഗങ്ങളിൽ നിന്നു സംരക്ഷിക്കുന്നതിനു സോളാർ വേലി നിർമ്മിക്കുന്നത് സംബന്ധിച്ച്.

| | | |
|---|---|---|
| *പ്രോ.നം: 625/23* | *അടങ്കൽ* | *25,00,000/- രൂപ (വികസനഫണ്ട് ജനറൽ)* |
| *പേര്* | *വന്യമിത്ര - ഗ്രാമപഞ്ചായത്തുകൾക്ക് വിഹിതം നൽകൽ* | |

കൃഷിയിടങ്ങളെ വന്യമൃഗങ്ങളിൽ നിന്ന് സംരക്ഷിക്കുന്നതിന് ജില്ലാ പഞ്ചായത്ത് പ്രോജക്ട് തയ്യാറാക്കിയിട്ടുണ്ട്. ജില്ലാ പഞ്ചായത്തിനോടൊപ്പം 36 തദ്ദേശഭരണ സ്ഥാപനങ്ങളും പ്രോജക്ട് തയ്യാറാക്കിയിട്ടുണ്ടെന്ന് ജില്ലാ പ്ലാനിംഗ് ഓഫീസർ അറിയിച്ചിട്ടുണ്ട്. 'വന്യമിത്ര' പ്രോജക്ടിനായി തൃശ്ശൂർ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ 8,60,91,000 രൂപയുടേയും ചാലക്കുടി ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ 67,77,000 രൂപയുടെയും എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. ഈ പദ്ധതി ഫോറസ്റ്റ് ഡെവലപ്മെന്റ് ഏജൻസി മുഖേന നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത്. ഇതിനായി ജില്ലാ പഞ്ചായത്ത് വിഹിതം ബന്ധപ്പെട്ട ഫോറസ്റ്റ് ഡിവിഷണൽ ഓഫീസർമാർക്ക് കൈമാറി (**Deposit**) നടപ്പാക്കാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം :-** അനുമതി നൽകുന്നു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

**4.27 തുമ്പമൺ ഗ്രാമപഞ്ചായത്ത്**

**പത്തനംതിട്ട ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 07.12.2022 ലെ കത്തും തുമ്പമൺ ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 03.11.2022 ലെ 15(1)-ാം നമ്പർ തീരുമാനവും (SRG 63/23 - CC/820/2022).**

**വിഷയം:-** പാടശേഖര സമിതികൾക്ക് പമ്പ് സെറ്റ് സ്ഥാപിക്കുമ്പോൾ അനുബന്ധ സാധനങ്ങളുടെ യൂണിറ്റ് ചെലവ് നിശ്ചയിക്കുന്നതു സംബന്ധിച്ച്.

| | | |
|---|---|---|
| *പ്രോ.നം: 68/23* | *അടങ്കൽ* | *2,00,000/- രൂപ (വികസനഫണ്ട് - ജനറൽ)* |
| *പേര്* | *പാടശേഖര സമിതികൾക്ക് പമ്പ്സെറ്റ്* | |

തുമ്പമൺ ഗ്രാമപഞ്ചായത്ത് ഈ വർഷം പാടശേഖരങ്ങൾക്ക് പമ്പ്സെറ്റ് സ്ഥാപിച്ചു നൽകാൻ പ്രോജക്റ്റ് ഏറ്റെടുത്തിട്ടുണ്ട്. മാർഗ്ഗരേഖ പ്രകാരം ഇതിന്റെ യൂണിറ്റ് കോസ്റ്റ് ജില്ലാതലത്തിൽ നിശ്ചയിക്കണമെന്നാണ് നിർദ്ദേശിച്ചിരിക്കുന്നത്. എന്നാൽ പമ്പ് സെറ്റ് സ്ഥാപിക്കുന്നതിന് അനുബന്ധ ഉപകരണങ്ങൾ ആവശ്യമാണ്. ഈ ഉപകരണങ്ങളുടെ യൂണിറ്റ് കോസ്റ്റ് എങ്ങനെ നിശ്ചയിക്കണമെന്ന് മാർഗ്ഗരേഖയിൽ പറഞ്ഞിട്ടില്ല. പമ്പ് സെറ്റിന്റേയും അനുബന്ധ ഉപകരണങ്ങളുടേയും വിവരം ഇനി പറയുന്നതാണ്.

**Supply, Installation and commissioning of 10 HP Mono block centrifugal pump set with all accessories of size 150 x 150 mm including Panel Board, Foot valve, 7.5 mtrs suction hose (heavy duty) 30 mtrs delivery hose, 150mm G.I Bend, Hex Nipple hose clip, Electrical accessories as per IE rules including Labour charges, transportation etc.**

ഇതിന്റെ യൂണിറ്റ് കോസ്റ്റ് നിശ്ചയിച്ചു നൽകണമെന്ന ആവശ്യം സംബന്ധിച്ച്.

**തീരുമാനം :-** പമ്പ്സെറ്റിന്റെയും അനുബന്ധ ഉപകരണങ്ങളുടേയും യൂണിറ്റ് നിരക്ക് ജില്ലാതലത്തിൽ നിശ്ചയിക്കാവുന്നതാണ് (പൊതു തീരുമാനം ഖണ്ഡിക 3.4)

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

## 4.28 <u>കേരള സ്റ്റേറ്റ് വെയർഹൗസിംഗ് കോർപ്പറേഷൻ</u>

**കേരള സ്റ്റേറ്റ് വെയർഹൗസിംഗ് കോർപ്പറേഷൻ ചെയർമാന്റെ 17.01.2023 ലെ** KSWC/CHM/HDPE Nodel/2022-23-ാം **നമ്പർ കത്ത് (SRG 260/2023)**

**വിഷയം:-** HDPE **ചെടിച്ചട്ടികൾ കേരള സ്റ്റേറ്റ് വെയർ ഹൗസിംഗ് കോർപ്പറേഷനിൽ നിന്ന് വാങ്ങുന്നത് സംബന്ധിച്ച്.**

പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി High Density Polyethylene (HDPE) ചെടിച്ചട്ടികൾ വാങ്ങുന്നതു സംബന്ധിച്ച് തദ്ദേശസ്വയംഭരണ വകുപ്പ് ഉത്തരവായിട്ടുണ്ട്. HDPE കണ്ടെയ്നറുകൾ തദ്ദേശഭരണസ്ഥാപനങ്ങൾക്കും കൃഷി ഭവനുകൾക്കും ടെണ്ടർ നടപടി കൂടാതെ കേരള സംസ്ഥാന വെയർ ഹൗസിംഗ് കോർപ്പറേഷനിൽ നിന്നു വാങ്ങുന്നതിനു അനുമതി നൽകണമെന്നും ഇതിന്റെ നോഡൽ ഏജൻസിയായി KSWC യെ നിയമിക്കണമെന്നുമുള്ള ആവശ്യം സംബന്ധിച്ച്. HDPE ചട്ടികൾ KSWC സ്വന്തമായി ഉല്പാദിപ്പിക്കുന്നില്ലെന്ന് KSWC മാനേജിംഗ് ഡയറക്ടർ ടെലഫോണിലൂടെ അറിയിച്ചിട്ടുണ്ട്.

**തീരുമാനം:-** കേരള സംസ്ഥാനവെയർ ഹൗസിംഗ് കോർപ്പറേഷൻ **HDPE** ചട്ടികൾ സ്വയം ഉല്പാദിപ്പിക്കുന്നില്ല എന്നതിനാൽ അനുമതി നിരസിച്ചു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

## 4.29 <u>കൊറ്റനാട് ഗ്രാമപഞ്ചായത്ത്</u>

**പത്തനംതിട്ട ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 26.12.2023 ലെ കത്തും അനുബന്ധ രേഖകളും (SRG 120/2023 - CC/915/2022)**

**വിഷയം:-** അതിദരിദ്രരുടെ ലിസ്റ്റിൽപ്പെട്ടവർക്ക് ഉന്തുവണ്ടി വാങ്ങി നൽകുന്നതു സംബന്ധിച്ച്.

| *പ്രോ.നം: 233/23* | ***അടങ്കൽ*** | ***60,000/- രൂപ*** |
|---|---|---|
| | *വികസനഫണ്ട് ജനറൽ* | *10,000 രൂപ* |
| | *ബ്ലോക്ക് പഞ്ചായത്ത് വിഹിതം* | *50,000 രൂപ* |
| ***പേര്*** | ***അതിദാരിദ്ര്യ നിർമ്മാർജ്ജന മൈക്രോപ്ലാൻ - ഉന്തുവണ്ടി വാങ്ങി നൽകൽ*** | |

അതിദരിദ്രരുടെ ലിസ്റ്റിൽപ്പെട്ട ഗുണഭോക്താവിന് മൈക്രോപ്ലാൻ പ്രകാരം നൂറു ശതമാനം സബ്സിഡിയോടെ ഉന്തുവണ്ടി വാങ്ങി നൽകുന്നതിന് അനുമതി സംബന്ധിച്ച്.

**തീരുമാനം :-** അതിദരിദ്രരുടെ ലിസ്റ്റിൽ ഉൾപ്പെട്ടവർക്ക് 14.02.2023 ലെ കോഓർഡിനേഷൻ കമ്മിറ്റി യോഗതീരുമാനപ്രകാരം (ഖണ്ഡിക 3.1) നൂറു ശതമാനം സബ്സിഡി നൽകാവുന്നതാണ്. എന്നാൽ ഉന്തുവണ്ടി മാത്രം വാങ്ങി നൽകാതെ ഉപജീവന മാർഗ്ഗമൊരുക്കുന്നതിനാവശ്യമായ മറ്റു സൗകര്യം കൂടി നൽകാൻ ഗ്രാമപഞ്ചായത്ത് നടപടി സ്വീകരിക്കണമെന്ന് നിർദ്ദേശിക്കുന്നു.

**നടപടി:- തദ്ദേശസ്വയംഭരണ (ഐ.എ) വകുപ്പ്**

4.30 **<u>കൊറ്റനാട് ഗ്രാമപഞ്ചായത്ത്</u>**

**പത്തനംതിട്ട ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 26.12.2022- ലെ കത്ത് (SRG 119/2023 - CC/916/2022)**

**വിഷയം:-** അതിദരിദ്രരുടെ ലിസ്റ്റിൽ ഉൾപ്പെട്ടവർക്ക് ആട് നൽകുന്നത് സംബന്ധിച്ച്

| *പ്രോ.നം: 239/23* | ***അടങ്കൽ*** | ***60,000/- രൂപ*** |
|---|---|---|
| | *വികസനഫണ്ട് ജനറൽ* | *10,000 രൂപ* |
| | *ബ്ലോക്ക് പഞ്ചായത്ത് വിഹിതം* | *50,000 രൂപ* |
| ***പേര്*** | ***അതി ദാരിദ്ര്യ നിർമ്മാർജ്ജന മൈക്രോ പ്ലാൻ - ആട് വിതരണം*** | |

അതിദരിദ്രരുടെ ലിസ്റ്റിൽപ്പെട്ട ഗുണഭോക്താവിന് മൈക്രോ പ്ലാൻ പ്രകാരം നൂറു ശതമാനം സബ്സിഡിയോടെ ആട് വാങ്ങി നൽകുന്നതിന് അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം :-** അതിദരിദ്രരുടെ ലിസ്റ്റിൽപ്പെട്ടവർക്ക് 14.02.2023 ലെ കോഓർഡിനേഷൻ കമ്മിറ്റി യോഗതീരുമാനപ്രകാരം (ഖണ്ഡിക 3.1) നൂറു ശതമാനം സബ്സിഡി നൽകാവുന്നതാണ്. എന്നാൽ ആടിനൊപ്പം അതിനനുസരിച്ചുള്ള സംവിധാനവും ഉപജീവന മാർഗ്ഗവും ഉറപ്പാക്കുന്ന സൗകര്യം കൂടി നൽകണമെന്ന് നിർദ്ദേശിക്കുന്നു.

**നടപടി:- തദ്ദേശസ്വയംഭരണ (ഐ.എ) വകുപ്പ്**

4.31 **<u>കൊറ്റനാട് ഗ്രാമപഞ്ചായത്ത്</u>**

**പത്തനംതിട്ട ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 26.12.2022- ലെ കത്ത് (SRG 121/2023 - CC/914/2022)**

**വിഷയം:-** അതിദരിദ്രരുടെ ലിസ്റ്റിൽ ഉൾപ്പെട്ടവർക്ക് പെട്ടിക്കട നൽകുന്നത് സംബന്ധിച്ച്.

| *പ്രോ.നം: 232/23* | ***അടങ്കൽ*** | ***60,000/- രൂപ*** |
|---|---|---|
| | *വികസനഫണ്ട് ജനറൽ* | *10,000 രൂപ* |
| | *ബ്ലോക്ക് പഞ്ചായത്ത് വിഹിതം* | *50,000 രൂപ* |
| ***പേര്*** | ***അതി ദാരിദ്ര്യ നിർമ്മാർജ്ജന മൈക്രോ പ്ലാൻ - പെട്ടിക്കട വാങ്ങി നൽകൽ*** | |

അതിദരിദ്രരുടെ ലിസ്റ്റിൽപ്പെട്ട ഗുണഭോക്താക്കൾക്ക് വേണ്ടിയുള്ള മൈക്രോ പ്ലാനിൽ പെട്ടിക്കട നൽകുന്നത് ഉൾപ്പെടുത്തിയിട്ടുണ്ട്. മാർഗ്ഗരേഖ പ്രകാരം ഭിന്നശേഷിക്കാർക്കാണ് ഇതു നൽകാവുന്നത്. നൂറു ശതമാനം സബ്സിഡിയോടെ ഇവർക്ക് പെട്ടിക്കട നൽകാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം :-** അതിദരിദ്രരുടെ ലിസ്റ്റിൽ ഉൾപ്പെട്ടവർക്ക് 14.02.2023 ലെ കോഓർഡിനേഷൻ കമ്മിറ്റി യോഗതീരുമാനപ്രകാരം (ഖണ്ഡിക 3.1) നൂറു ശതമാനം സബ്സിഡി നൽകാവുന്നതാണ്. ഇവർക്ക് ഉപജീവനം ഉറപ്പാക്കാനുള്ള സൗകര്യവും ചെയ്യണമെന്ന് നിർദ്ദേശിക്കുന്നു.

**നടപടി:- തദ്ദേശസ്വയംഭരണ (ഐ.എ) വകുപ്പ്**

**4.32 <u>കൊറ്റനാട് ഗ്രാമപഞ്ചായത്ത്</u>**

**പത്തനംതിട്ട ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 26.12.2022- ലെ കത്ത് (SRG 122/2023 – CC/917/2022)**

**വിഷയം:-** അതിദരിദ്രരുടെ ലിസ്റ്റിൽപ്പെട്ടവർക്ക് പശുവിനെ വാങ്ങി നൽകുന്നത് സംബന്ധിച്ച്

| *പ്രോ.നം: 240/23* | ***അടങ്കൽ*** | *60,000/- രൂപ* |
|---|---|---|
| | *വികസനഫണ്ട് ജനറൽ* | *10,000 രൂപ* |
| | *ബ്ലോക്ക് പഞ്ചായത്ത് വിഹിതം* | *50,000 രൂപ* |
| ***പേര്*** | ***അതി ദാരിദ്ര്യ നിർമ്മാർജ്ജന മൈക്രോ പ്ലാൻ – പശു വിതരണം.*** | |

അതിദരിദ്രരുടെ ലിസ്റ്റിൽ ഉൾപ്പെട്ട ഗുണഭോക്താവിന് മൈക്രോപ്ലാൻ പ്രകാരം നൂറുശതമാനം സബ്സിഡിയോടെ പശുവിനെ നൽകാൻ അനുമതി സംബന്ധിച്ച്.

**തീരുമാനം :-** അതിദരിദ്രരുടെ ലിസ്റ്റിൽപ്പെട്ടവർക്ക് 14.02.2023 ലെ യോഗ തീരുമാന പ്രകാരം (ഖണ്ഡിക 3.1) നൂറു ശതമാനം സബ്സിഡി നൽകാവുന്നതാണ്. ഇവർക്ക് ഉപജീവനം ഉറപ്പാക്കുന്ന മറ്റു സൗകര്യങ്ങൾ കൂടി ചെയ്യണമെന്ന് നിർദ്ദേശിക്കുന്നു.

**നടപടി:- തദ്ദേശസ്വയംഭരണ (ഐ.എ) വകുപ്പ്**

**4.33 <u>ഉഴവൂർ ഗ്രാമപഞ്ചായത്ത്</u>**

**കോട്ടയം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 03.01.2023 ലെ കത്തുകളും (3 എണ്ണം) ഉഴവൂർ ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 21.11.2022 ലെ 1(9)-ാം നമ്പർ തീരുമാനവും (SRG 202/23- CC/962/22, SRG 203/23- CC/964/23, SRG 201/23 – CC/963/22)**

**വിഷയം:-** കൊവിഡ് പ്രതിരോധ പ്രവർത്തനത്തിനു ചെലവഴിച്ച തുക തിരികെ ലഭിച്ചതുപയോഗിച്ച് മറ്റ് പ്രോജക്ടുകൾ എടുക്കുന്നതു സംബന്ധിച്ച്.

കൊവിഡ് പ്രതിരോധ പരിരക്ഷ പ്രവർത്തനങ്ങളുടെ ഭാഗമായി ഡൊമിസിലിയറി കൊവിഡ് കെയർ സെന്റർ നടത്തിപ്പിനായി വികസന ഫണ്ടു (ജനറൽ) വിഭാഗത്തിൽ 1,50,755 രൂപയും മെയിന്റനൻസ് ഗ്രാന്റ് നോൺറോഡ് ഇനത്തിൽ 1,34,560 രൂപയും തനതുഫണ്ടിനത്തിൽ 1,48,259 രൂപയും പ്രോജക്ട് വച്ച് ചിലവഴിച്ചു. ഈ തുകയുടെ വിശദാംശങ്ങൾ ജില്ലാ കളക്ടർക്ക് നൽകിയ പ്രകാരം ചെലവായ തുക പൂർണ്ണമായും റീക്കുപ്പ് ചെയ്ത് ഗ്രാമപഞ്ചായത്തിനു ലഭിച്ചു. ഈ തുക തനതുഫണ്ട് അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുകയാണ്. ഇതിൽ വികസനഫണ്ടിൽ നിന്നു ചെലവഴിച്ചതും തിരികെ ലഭിച്ചതുമായി 1,50,755 രൂപ വകയിരുത്തി രണ്ടു പ്രോജക്ടുകളും മെയിന്റനൻസ് ഗ്രാന്റ് (നോൺറോഡ്) ഇനത്തിൽ

ചെലവഴിച്ചതും തിരികെ ലഭിച്ചതുമായ 1,34,560 രൂപയും ഉപയോഗിച്ച് ഒരു പ്രോജക്ടും എടുത്തിട്ടുണ്ട്. വിവരങ്ങൾ താഴെ ചേർക്കുന്നു.

| പ്രോജക്റ്റ് നമ്പർ | പ്രോജക്റ്റിന്റെ പേര് | അടങ്കൽ | |
|---|---|---|---|
| 90/23 | അതിദരിദ്രർക്കായുള്ള മൈക്രോ പ്ലാൻ ചെലവുകൾ | 1,00,755 രൂപ | ചെലവഴിച്ച വികസനഫണ്ട് തിരികെ ലഭിച്ചത് |
| 188/23 | അതി ദരിദ്രർക്കുള്ള വീട് മെയിന്റനൻസ് | 50,000 രൂപ | |
| 104/23 | അങ്കണവാടികളിലേക്ക് ഉപകരണങ്ങൾ വാങ്ങൽ | 1,34,560 രൂപ | ചെലവഴിച്ച മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ് തിരികെ ലഭിച്ചത് |

മറ്റ് വികസന പ്രവർത്തനങ്ങൾക്ക് മാറ്റിവച്ച വിഹിതമാണ് കൊവിഡ് പ്രതിരോധ പ്രവർത്തനത്തിനുപയോഗിച്ചതെന്നും അതിനാൽ തിരികെ ലഭിച്ച തുക ഉപയോഗിച്ച് തയ്യാറാക്കിയ മുകളിൽ പറഞ്ഞ പ്രോജക്ടുകൾക്ക് അനുമതി നൽകണമെന്നത് സംബന്ധിച്ച്.

**തീരുമാനം :-** അടിയന്തിര സ്വഭാവമുള്ള കൊവിഡ് പ്രതിരോധ പരിരക്ഷ പ്രവർത്തനം ഗ്രാമപഞ്ചായത്ത് സ്വയം ഏറ്റെടുത്തു നടപ്പാക്കി എന്നതും തിരികെ ലഭിച്ച തുക ഏറ്റവും പരിഗണന നൽകേണ്ട വിഭാഗത്തിനാണ് ഉപയോഗിക്കുന്നതെന്നും പരിഗണിച്ച് പ്രത്യേക അനുമതി നൽകുന്നു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

### 4.34 <u>കരിമ്പ ഗ്രാമപഞ്ചായത്ത്</u>

**പാലക്കാട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 30.11.2022 ലെ കത്തും വില്ലേജ് എക്സ്റ്റൻഷൻ ഓഫീസറുടെ 26.11.2022 ലെ റിപ്പോർട്ടും, കരിമ്പ ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 19.09.2022 ലെ 4/4-ാം നമ്പർ തീരുമാനവും (SRG 8/23 - CC/706/2022).**

**വിഷയം:-** ലൈഫ് ഭവനപദ്ധതി പ്രകാരം ഗുണഭോക്താക്കൾക്ക് തുക നൽകുന്നതു സംബന്ധിച്ച്.

| ***പ്രോ.നം: 29/22*** | ***അടങ്കൽ*** | ***12,66,400/- രൂപ*** |
|---|---|---|
| | *എസ്.സി.പി* | *9,66,400 രൂപ* |
| | *ബ്ലോക്ക് പഞ്ചായത്ത് വിഹിതം* | *1,00,000 രൂപ* |
| | *സംസ്ഥാന വിഹിതം* | *2,00,000 രൂപ* |
| ***പേര്*** | ***ലൈഫ് മിഷൻ എസ്.സി*** | |

താഴെപ്പറയുന്ന ലൈഫ് ഗുണഭോക്താക്കൾക്ക് ഭവന നിർമ്മാണത്തിനുള്ള വിഹിതം നൽകുന്നതിന് കഴിഞ്ഞവർഷം (2021-22) ട്രഷറിയിൽ ബിൽ സമർപ്പിച്ചിരുന്നു. എന്നാൽ ഇവരുടെ ബാങ്ക് അക്കൗണ്ട് രേഖപ്പെടുത്തുന്നതിൽ പിശക് സംഭവിച്ചതിനാൽ തുക ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് പോയില്ല. ഈ തുക മറ്റ് വ്യക്തികളുടെ അക്കൗണ്ടിലേക്ക് പോയിട്ടില്ലെന്നും ട്രഷറി രേഖകൾ പ്രകാരം **'Back to Government'** എന്നും **'CN Return'** എന്നുമാണ് രേഖപ്പെടുത്തിയിരിക്കുന്നതെന്ന് വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ അറിയിച്ചിട്ടുണ്ട്. ഇവർക്കു നൽകേണ്ട ധനസഹായം ഈ വർഷം നൽകുന്നതിന് അനുമതി നൽകണമെന്നതു സംബന്ധിച്ച്.

| ക്രമ നമ്പർ | പേര് | ട്രഷറിയിൽ നിന്ന് മാറാത്ത തുക |
|---|---|---|
| 1 | ശ്രീമതി. കല്യാണി. കെ | 35,000 രൂപ |
| 2 | ശ്രീമതി അനിത | 50,000 രൂപ |
| 3 | ശ്രീ. സുരേന്ദ്രൻ | 4,240 രൂപ |

**തീരുമാനം :–** തുക മറ്റ് ഗുണഭോക്താവിന്റെ അക്കൗണ്ടിലേക്ക് പോയിട്ടില്ല എന്ന് വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ സാക്ഷ്യപ്പെടുത്തിയതനുസരിച്ച് അനുമതി നൽകാവുന്നതാണ്. ഇത്തരം വീഴ്ച ഭാവിയിൽ ആവർത്തിക്കരുതെന്ന് നിർദ്ദേശിക്കുന്നു.

**നടപടി:– തദ്ദേശസ്വയംഭരണ (ഡി.ഇ) വകുപ്പ്**

**4.35 <u>വെള്ളൂർ ഗ്രാമ പഞ്ചായത്ത്</u>**

**വെള്ളൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ കത്തും (ലഭിച്ചത് 16.01.2023) വെള്ളൂർ ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 07.10.2022–ലെ 1(2) –ാം നമ്പർ തീരുമാനവും, 29.10.2022–ലെ 6(2) –ാം നമ്പർ തീരുമാനവും (SRG 81/2023)**

(i) **വിഷയം:–** SNDP തണ്ണിപ്പള്ളി റോഡ് കുഴിപ്പള്ളി ഭാഗം പാർശ്വഭിത്തി – ഡ്രെയിനേജ് നിർമ്മാണത്തിന്റെ ബിൽ തുക നൽകുന്നത് സംബന്ധിച്ച്

ഗ്രാമപഞ്ചായത്ത് 2020–21 വർഷം SNDP തണ്ണിപ്പള്ളി റോഡ് കുഴിപ്പള്ളി ഭാഗം പാർശ്വഭിത്തി – ഡ്രെയിനേജ് നിർമ്മാണത്തിന് പ്രോജക്ട് എടുത്തിരുന്നു. പാർട്ട് ബിൽ ആയി 80,169 രൂപ നൽകി. ഫൈനൽ ബിൽ തുകയായ 89,412 രൂപ നൽകുന്നതിന് 31.03.2021–ൽ ബിൽ തയ്യാറാക്കി ട്രഷറിയിൽ നൽകി. എന്നാൽ ബിൽ കരാറുകാരന്റെ അക്കൗണ്ടിൽ ക്രഡിറ്റായില്ല. സുലേഖയിൽ ചെലവും രേഖപ്പെടുത്തിയിട്ടില്ല. പിന്നീട് സ്പിൽ ഓവറാക്കിയില്ല. സ്പിൽഓവറായി ഈ പ്രോജക്ട് ഉൾപ്പെടുത്തി തുക നൽകാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം :–** സ്പിൽഓവറായി ഉൾപ്പെടുത്തി തുക നൽകാൻ അനുമതി നൽകുന്നു. ആവശ്യമായ ക്രമീകരണം ഇൻഫർമേഷൻ കേരളമിഷൻ ഡയറക്ടർ ചെയ്യണം.

**നടപടി:– 1) ഡയറക്ടർ, ഐ.കെ.എം**
**2)തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

(ii) **വിഷയം:–** ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് , KPPL കെട്ടിടങ്ങളുടെ നികുതി പിരിവ് സംബന്ധിച്ച്

ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ഫാക്ടറി പ്രവർത്തിച്ചുകൊണ്ടിരിക്കുമ്പോഴുള്ള നികുതി കുടിശ്ശികയുണ്ട്. ഇത് RR നടപടിയിലേയ്ക്ക് കടന്നിട്ടുണ്ട്. HNL ൽ നിന്ന് കെട്ടിടങ്ങൾ KPPL–ൽ ഏറ്റെടുത്തപ്പോൾ ഉടമസ്ഥത സംബന്ധിച്ച് ഗ്രാമപഞ്ചായത്തിൽ മാറ്റം വരുത്താത്തതിനാൽ തനത് ഫണ്ടിൽ കുറവു വരുന്നുണ്ട്. ഇതു പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന ആവശ്യം സംബന്ധിച്ച്.

**തീരുമാനം :–** ഇത് പരിശോധിച്ച് നടപടി സ്വീകരിക്കാൻ പഞ്ചായത്ത് ഡയറക്ടറെ ചുമതലപ്പെടുത്തുന്നു. വിശദമായ പരിശോധന ആവശ്യമുള്ളതിനാൽ വകുപ്പിൽ നിന്ന് ഫയൽ റൂറൽ ഡയറക്ടർക്ക് നൽകേണ്ടതാണ്.

**നടപടി:– 1) റൂറൽ ഡയറ്കടർ**
**2)തദ്ദേശസ്വയംഭരണ (ആർ.സി) വകുപ്പ്**

### 4.36 മുതലമട ഗ്രാമപഞ്ചായത്ത്

**പാലക്കാട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 22.12.2022 ലെ കത്തും മുതലമട ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 08.12.2022 ലെ 11(1)-ാം നമ്പർ തീരുമാനവും (SRG 85/2023- CC/912/2022)**

**വിഷയം:-** ആദില ഷെറിൻ എന്ന കുട്ടിക്ക് ഭിന്നശേഷി സ്കോളർഷിപ്പ് നൽകുന്നത് സംബന്ധിച്ച്

മുതലമട ഗ്രാമപഞ്ചാത്തിൽ 2021-22 വർഷം ആദില ഷെറിൻ എന്ന കുട്ടിക്ക് ഭിന്നശേഷി സ്കോളർഷിപ്പ് നൽകുന്നതിന് 23,600 രൂപയുടെ ബിൽ ട്രഷറിയിൽ സമർപ്പിച്ചെങ്കിലും ഗുണഭോക്താവിന്റെ അക്കൗണ്ടിൽ തുക ക്രെഡിറ്റ് ആകാതെ ഗവണ്മെന്റ് അക്കൗണ്ടിലേക്ക് തിരികെ ക്രെഡിറ്റ് ചെയ്യപ്പെട്ടു. ഈ തുക ഗുണഭോക്താവിന് തിരികെ ലഭ്യമാകുന്നതിന് നടപടി സ്വീകരിക്കണമെന്നതു സംബന്ധിച്ച്.

**തീരുമാനം :-** ഈ തുക സർക്കാരിൽ നിന്നു തിരികെ നൽകാൻ ബുദ്ധിമുട്ടാണ്. ഈ വർഷം ഭിന്നശേഷി വിഭാഗക്കാർക്ക് സ്കോളർഷിപ്പ് നൽകാൻ പ്രോജക്ട് തയ്യാറാക്കിയിട്ടുണ്ടെങ്കിൽ ഈ പ്രോജക്ടിൽ നിന്നോ അല്ലെങ്കിൽ പുതിയ പ്രോജക്ട് തയ്യാറാക്കിയോ കഴിഞ്ഞവർഷം നൽകേണ്ട തുക നൽകാൻ നിർദ്ദേശിക്കുന്നു. എന്നാൽ ഈ തുക മറ്റു ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് പോയിട്ടില്ലെന്നും സർക്കാരിലേക്ക് തന്നെയാണ് പോയതെന്നും നിർവ്വഹണ ഉദ്യോഗസ്ഥൻ ട്രഷറി രേഖകളുമായി പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതാണ്.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

### 4.37 തൃക്കരിപ്പൂർ ഗ്രാമപഞ്ചായത്ത്

**കാസർകോഡ് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 20.12.2022 ലെ കത്ത് (SRG 91/2023- CC/839/2023)**

**വിഷയം:-** ലൈഫ് മിഷൻ പദ്ധതിയിലെ ഗുണഭോക്താവിനു തുക നൽകുന്നതു സംബന്ധിച്ച്.

| *പ്രോ.നം: 39/23* | *അടങ്കൽ* | *75,58,133/- രൂപ* |
|---|---|---|
| | *വികസനഫണ്ട് ജനറൽ* | *30,58,133 രൂപ* |
| | *സംസ്ഥാന വിഹിതം* | *15,00,000 രൂപ* |
| | *ബ്ലോക്ക് പഞ്ചായത്ത് വിഹിതം* | *5,00,000 രൂപ* |
| | *ജില്ലാ പഞ്ചായത്ത് വിഹിതം* | *10,00,000 രൂപ* |
| | *ലോൺ വിഹിതം* | *15,00,000 രൂപ* |
| *പേര്* | *ലൈഫ് മിഷൻ 2021-22* | |

തൃക്കരിപ്പൂർ ഗ്രാമപഞ്ചായത്ത് 2021-22 വർഷത്തിൽ ലൈഫ് ഭവനപദ്ധതി ഗുണഭോക്താവായ ശ്രീമതി. കുല്യസു വി.കെ. യ്ക്ക് ഭവന നിർമ്മാണത്തിന്റെ ഗഡുവായ 1,00,000 രൂപ നൽകുന്നതിന് 30.03.2022 ന് ബിൽ ട്രഷറിയിൽ സമർപ്പിച്ചിരുന്നു. ബിൽ പാസായെങ്കിലും ഈ തുക ഗവണ്മെന്റ് അക്കൗണ്ടിലേക്ക് പോയി. ഈ തുക ഈ വർഷം ഗുണഭോക്താവിന് നൽകുന്നതിന് അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം :-** ട്രഷറി രേഖകളുമായി ഒത്തു നോക്കി ഈ തുക സർക്കാർ അക്കൗണ്ടിലേക്കു തന്നെയാണ് പോയിരിക്കുന്നതെന്ന് ട്രഷറി രേഖകളുമായി പരിശോധിച്ച് നിർവ്വഹണ ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തണമെന്ന നിബന്ധനയോടെ അനുമതി നൽകുന്നു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.ഇ) വകുപ്പ്**

4.38 <u>വെട്ടം ഗ്രാമപഞ്ചായത്ത്</u>

**മലപ്പുറം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 27.12.2022 ലെ കത്ത് (SRG 163/23 - CC/926/22)**

**വിഷയം:-** വെറ്ററിനറി ആശുപത്രിയിലേയ്ക്ക് കഴിഞ്ഞ വർഷം മരുന്നു വാങ്ങിയതിന്റെ ബിൽതുക നൽകുന്നത് സംബന്ധിച്ച്.

| | | |
|---|---|---|
| *പ്രോ.നം: 146/22* | *അടങ്കൽ* | *4,05,000/- രൂപ (മെയിന്റനൻസ് ഗ്രാന്റ് - നോൺ റോഡ്)* |
| *പേര്* | *വെറ്റിനറി ഡിസ്പെൻസറിയിലേയ്ക്ക് മരുന്നു വാങ്ങൽ* | |

വെട്ടം ഗ്രാമപഞ്ചായത്തിലെ വെറ്ററിനറി ആശുപത്രിയിലേയ്ക്ക് മരുന്നു കഴിഞ്ഞ വർഷം ടെണ്ടർ നടപടിയിലൂടെ വാങ്ങി. ആകെ ബിൽ തുക 4,05,000 രൂപ. ഇതിന്റെ ബിൽ 30.03.2022 ൽ തിരൂർ സബ് ട്രഷറി പാസ്സാക്കിയെങ്കിലും സ്ഥാപനം നൽകിയ അക്കൗണ്ട് നമ്പർ റദ്ദാക്കപ്പെട്ടതായതിനാൽ തുക സ്ഥാപനത്തിന് ലഭിച്ചില്ല. ഈ തുക സർക്കാർ അക്കൗണ്ടിലേക്ക് തിരികെ പോയി. ഇത് സർക്കാരിന്റെ ബന്ധപ്പെട്ട ശീർഷകത്തിൽ വരവുവച്ചിട്ടുണ്ടെന്ന് സാക്ഷ്യപത്രം ലഭിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ ഈ തുക ബന്ധപ്പെട്ട സ്ഥാപനത്തിന് നൽകാൻ അനുമതി നൽകണമെന്നു സംബന്ധിച്ച്.

**തീരുമാനം :-** വെറ്ററിനറി മരുന്നു നൽകിയ സ്ഥാപനം റദ്ദാക്കപ്പെട്ട അക്കൗണ്ട് നമ്പർ നിർവ്വഹണ ഉദ്യോഗസ്ഥനു നൽകിയത് തെറ്റാണ്. ഇതു പരിശോധിച്ച് റിപ്പോർട്ട് നൽകാൻ റൂറൽ ഡയറക്ടറെ ചുമതലപ്പെടുത്തി. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പിന്നീട് പരിഗണിക്കുന്നതാണ്.

**നടപടി:- 1)റൂറൽ ഡയറക്ടർ**
**2)തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

4.39 <u>വണ്ണപ്പുറം ഗ്രാമപഞ്ചായത്ത്</u>

**ഇടുക്കി ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 08.12.2022 ലെ കത്തും വണ്ണപ്പുറം ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 15.11.2022 ലെ 1(2)-ാം നമ്പർ തീരുമാനവും (SRG 69/2023- CC/845/22)**

**വിഷയം:-** പട്ടികവർഗ്ഗ വിഭാഗത്തിലെ വയോജനങ്ങൾക്ക് കിടക്ക നൽകുന്നതു സംബന്ധിച്ച്.

| | | |
|---|---|---|
| *പ്രോ.നം: 228/23* | *അടങ്കൽ* | *2,00,000/- രൂപ (റ്റി.എസ്.പി)* |
| *പേര്* | *കട്ടിൽ നൽകിയ വയോജനങ്ങൾക്ക് കിടക്ക - പട്ടികവർഗ്ഗം* | |

ഗ്രാമപഞ്ചായത്തിൽ നിന്നും കട്ടിൽ നൽകിയിട്ടുള്ള വയോജനങ്ങൾക്ക് കിടക്ക കൂടി നൽകുന്നതിന് വാർഷിക പദ്ധതിയിൽ പ്രോജക്ട് ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതിന് അനുമതി നൽകണമെന്നു സംബന്ധിച്ച്.

**തീരുമാനം:-** കിടക്കയുടെ വില, വലിപ്പം സംബന്ധിച്ച സ്പെസിഫിക്കേഷൻ എന്നിവ കൂടി ഉൾപ്പെടുത്തി നൽകുന്ന മുറയ്ക്ക് പിന്നീട് പരിഗണിക്കുന്നതാണ്.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

4.40 <u>വണ്ണപ്പുറം ഗ്രാമപഞ്ചായത്ത്</u>

**ഇടുക്കി ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 08.12.2022 ലെ കത്തും വണ്ണപ്പുറം ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 15.11.2022 ലെ 1(2)-ാം നമ്പർ തീരുമാനവും (SRG 113/2023 - CC/843/2022)**

**വിഷയം:-** പൊതുവിഭാഗത്തിലെ വയോജനങ്ങൾക്ക് കിടക്ക വാങ്ങി നൽകുന്നതു സംബന്ധിച്ച്.

| പ്രോ.നം: 222/23 | അടങ്കൽ | 2,80,000/- രൂപ (വികസനഫണ്ട് ജനറൽ) |
|---|---|---|
| പേര് | കട്ടിൽ നൽകിയിട്ടുള്ള വയോജനങ്ങൾക്ക് കിടക്ക - ജനറൽ | |

ഗ്രാമപഞ്ചായത്തിൽ നിന്നും കട്ടിൽ നൽകിയിട്ടുള്ള വയോജനങ്ങൾക്ക് കിടക്ക നൽകുന്നതിന് വാർഷിക പദ്ധതിയിൽ പ്രോജക്ട് ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതിന് അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം :-** അനുമതി നിരസിച്ചു. എന്നാൽ പാലിയേറ്റീവ് / കിടപ്പുരോഗികൾക്ക് മാത്രമായി സാധാരണ കിടക്കയോ, വാട്ടർ ബെഡ്ഡോ നൽകാവുന്നതാണ്. വാട്ടർ ബെഡാണെങ്കിൽ ആവശ്യം കഴിഞ്ഞു മറ്റ് രോഗികൾക്ക് നൽകുന്ന രീതി ഗ്രാമപഞ്ചായത്ത് പരിഗണിക്കേണ്ടതാണ്.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

**4.41 <u>വണ്ണപ്പുറം ഗ്രാമപഞ്ചായത്ത്</u>**

**ഇടുക്കി ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 8.12.2022 ലെ കത്തും വണ്ണപ്പുറം ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 15.11.2022 ലെ 1(2)-ാം നമ്പർ തീരുമാനവും (SRG 112/2023 - CC/843/2022)**

**വിഷയം:-** പട്ടികജാതി വിഭാഗത്തിലെ വയോജനങ്ങൾക്ക് കിടക്ക വാങ്ങി നൽകുന്നതു സംബന്ധിച്ച്.

| പ്രോ.നം: 224/23 | അടങ്കൽ | 2,00,000/- രൂപ (എസ്.സി.പി) |
|---|---|---|
| പേര് | കട്ടിൽ നൽകിയിട്ടുള്ള വയോജനങ്ങൾക്ക് കിടക്ക - പട്ടികജാതി വിഭാഗം | |

ഗ്രാമപഞ്ചായത്തിൽ നിന്ന് കട്ടിൽ നൽകിയിട്ടുള്ള വയോജനങ്ങൾക്ക് കിടക്ക നൽകുന്നതിന് വാർഷിക പദ്ധതിയിൽ പ്രോജക്ട് ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതിന് അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**അഭിപ്രായക്കുറിപ്പ് :-** കിടക്കയുടെ വില, വലിപ്പം സംബന്ധിച്ച സ്പെസിഫിക്കേഷൻ എന്നിവ കൂടി ഉൾപ്പെടുത്തി നൽകുന്ന മുറയ്ക്ക് പിന്നീട് പരിഗണിക്കുന്നതാണ്.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

**4.42 <u>കുടുംബശ്രീ</u>**

**കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 24.01.2023 ലെ 5165/**m/2021/KSHO **നമ്പർ കത്തും അനുബന്ധ കുറിപ്പും (SRG 194/23).**

i) **വിഷയം:-** കുടുംബശ്രീ- രംഗശ്രീ തീയേറ്റർ ഗ്രൂപ്പിനെ **IEC** പ്രവർത്തനങ്ങൾക്കായി ഉപയോഗിക്കുന്നത് സംബന്ധിച്ച്

കുടുംബശ്രീയുടെ നേതൃത്വത്തിൽ രൂപപ്പെടുത്തിയ വനിതകൾ മാത്രം ഉൾക്കൊള്ളുന്ന തീയേറ്റർ ഗ്രൂപ്പാണ് രംഗശ്രീ. കലാ സാംസ്കാരിക മേഖലയിൽ സ്ത്രീകളുടെ പങ്കാളിത്തം ഉറപ്പാക്കുന്നതിനും സ്ത്രീ കലാകാരികൾക്ക് അവസരങ്ങൾ സൃഷ്ടിക്കുന്നതിനും സാമൂഹ്യ പ്രതിബദ്ധതയോടെ പ്രവർത്തിക്കുന്ന ഗ്രൂപ്പുകളാണ് ഇവ. 14 ജില്ലകളിലും രംഗശ്രീ പ്രവർത്തിക്കുന്നുണ്ട്. പ്രചരണവും അവബോധ പ്രവർത്തനവുമായി ബന്ധപ്പെട്ട സന്ദേശങ്ങൾ വിവിധ കലാരൂപങ്ങളിലൂടെ അവതരിപ്പിക്കുകയാണ് രംഗശ്രീ ചെയ്യുന്നത്. അംഗങ്ങൾക്ക് വരുമാന മാർഗ്ഗം എന്നതിനപ്പുറം കലാരംഗത്തും പൊതു ഇടങ്ങളിലും സ്ത്രീകളുടെ സാന്നിധ്യം ഉറപ്പാക്കുക എന്ന ലക്ഷ്യം കൂടി ഈ പ്രവർത്തനങ്ങൾ വഴി നടപ്പിലാക്കാൻ സാധിക്കുന്നു. ഇവ പരിഗണിച്ച് സർക്കാർ വകുപ്പുമായി ബന്ധപ്പെട്ട ഐ.ഇ.സി. **(Information Education**

**& Communication)** പ്രവർത്തനങ്ങൾക്ക് കുടുംബശ്രീ രംഗശ്രീ ഗ്രൂപ്പുകളെ ഉപയോഗപ്പെടുത്തു ന്നതിന് അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം :–** അനുമതി നൽകുന്നു.

**നടപടി:– തദ്ദേശസ്വയംഭരണ (ഐ.എ) വകുപ്പ്**

(ii) **വിഷയം:–** അട്ടപ്പാടി – കമ്മ്യൂണിറ്റി കിച്ചൺ നടത്തിപ്പിന്റെ കുടിശ്ശിക തുക അനുവദിക്കുന്നത് സംബന്ധിച്ച്.

അട്ടപ്പാടിയിലെ പോഷകാഹാരക്കുറവ് പരിഹരിക്കുക എന്ന ലക്ഷ്യത്തോടു കൂടി നടപ്പിലാക്കി വരുന്ന പദ്ധതിയാണ് കമ്മ്യൂണിറ്റി കിച്ചൺ. 2013 – 14 കാലഘട്ടത്തിലെ ശിശുമരണവുമായി ബന്ധപ്പെട്ടാണ് കമ്മ്യൂണിറ്റി കിച്ചൺ നിലവിൽ വന്നത്. ഭക്ഷ്യ സുരക്ഷയും പോഷകാഹാരവും ഉറപ്പാക്കുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം. തുടക്കത്തിൽ ഐ.സി.ഡി.എസ് നടപ്പിലാക്കിയിരുന്ന ഈ പദ്ധതി 2015 ൽ കുടുംബശ്രീക്ക് കൈമാറു കയായിരുന്നു. ഗർഭിണികൾ, മുലയൂട്ടുന്ന അമ്മമാർ, കുട്ടികൾ, കൗമാര പ്രായക്കാർ, മാനസിക രോഗികൾ, വിധവകൾ, കിടപ്പുരോഗികൾ, വൃദ്ധർ എന്നിവരാണ് കമ്മ്യൂണിറ്റി കിച്ചണിലെ ഗുണഭോക്താക്കൾ. ഇതിൽ കുട്ടികൾക്കും ഗർഭിണികൾക്കും മുലയൂട്ടുന്ന അമ്മമാർക്കും മാനസിക രോഗികൾക്കും കിടപ്പുരോഗികൾക്കും രണ്ടു നേരവും മറ്റുള്ളവർക്ക് ഒരു നേരവും ആണ് കമ്മ്യൂണിറ്റി കിച്ചണിൽ നിന്നും ഭക്ഷണം നൽകുന്നത്.

കുടുംബശ്രീ അയൽക്കൂട്ടങ്ങൾ ആണ് ഊരുകളിൽ കമ്മ്യൂണിറ്റി കിച്ചൺ പ്രവർത്തിപ്പിക്കുന്നത്. സപ്ലൈകോ നിർദ്ദേശ പ്രകാരം അട്ടപ്പാടി മാവേലി സ്റ്റോറിൽ നിന്നാണ് കമ്മ്യൂണിറ്റി കിച്ചണാവശ്യമുള്ള സാധനങ്ങൾ മുൻകൂർ അടിസ്ഥാനത്തിൽ ലഭ്യമാക്കുന്നത്. സാധനങ്ങളുടെ വില കുടുംബശ്രീ സപ്ലൈകോയ്ക്ക് നൽകുന്നു. ഭക്ഷണം പാകം ചെയ്യുന്നതിനുള്ള കൂലി, പച്ചക്കറി വാങ്ങുന്നതിനുള്ള ചെലവ്, വിറകിന്റെ ചെലവ് എന്നിവ പാകം ചെയ്യുന്ന അയൽക്കൂട്ടത്തിനാണ് നൽകുന്നത്.

കുടുംബശ്രീ മിഷൻ തയ്യാറാക്കുന്ന വാർഷിക ബജറ്റ് പ്രകാരം സാമൂഹ്യ നീതി വകുപ്പും പട്ടികവർഗ്ഗ വികസന വകുപ്പും 60:40 എന്ന അനുപാതത്തിൽ പണം നൽകിയാണ് കമ്മ്യൂണിറ്റി കിച്ചൺ പദ്ധതി നടപ്പാക്കുന്നത്. കമ്മ്യൂണിറ്റി കിച്ചണിന്റെ സുഗമമായ പ്രവർത്തനത്തിന് താഴെ പറയുന്നവ പരിഗണിക്കണമെന്നാവശ്യപ്പെട്ടിരിക്കുന്നു.

**i.** കമ്മ്യൂണിറ്റി കിച്ചൺ പ്രവർത്തനത്തിൽ നാളിതുവരെ വന്ന ചെലവുകളുടെ തുക ബന്ധപ്പെട്ട രണ്ടു വകുപ്പുകളും കുടുംബശ്രീക്ക് അനുവദിച്ചു നൽകണം.

**കുടിശ്ശിക വിവരങ്ങൾ (2019–20, 2020–21, 2021–22, 2022 ഏപ്രിൽ 01 മുതൽ സെപ്റ്റംബർ 30 വരെ)വനിതാ ശിശുക്ഷേമ വകുപ്പ് (60%), പട്ടികവർഗ്ഗ വികസന വകുപ്പ് (40%)**

| നമ്പർ | വർഷം | പദ്ധതി ചെലവ് | വനിതാ ശിശുക്ഷേമ വകുപ്പ് (60%) | | | പട്ടികവർഗ്ഗ വികസന വകുപ്പ് (40%) | | |
|---|---|---|---|---|---|---|---|---|
| | | | ലഭിക്കേണ്ട തുക | ലഭിച്ച തുക | ലഭിക്കാൻ ബാക്കിയുള്ള തുക | ലഭിക്കേണ്ട തുക | ലഭിച്ച തുക | ലഭിക്കാൻ ബാക്കിയുള്ള തുക |
| 1 | 2019–20 ലെ വിഹിതം | 10,65,03,479 | 6,39,02,087 | 3,44,05,920 | 2,94,96,167 | 4,26,01,391 | 4,26,01,391 | 0 |
| 2 | 2020–21 ലെ വിഹിതം | 9,38,87,534 | 5,63,32,520 | 5,63,32,520 | 0 | 3,75,55,013 | 2,33,82,760 | 1,41,72,253 |
| 3 | 2021–22 ലെ വിഹിതം | 7,76,04,365 | 4,65,62,619 | 4,17,96,721 | 47,65,898 | 3,10,41,746 | 2,78,64,481 | 31,77,265 |
| 4 | 2022 | 3,92,75,399 | 2,35,65,239 | 0 | 2,35,65,239 | 1,57,10,159 | 0 | 1,57,10,159 |

| | | | | | | | |
|---|---|---|---|---|---|---|---|
| | ഏപ്രിൽ 01 മുതൽ 2022 സെപ്റ്റംബർ 30 വരെ | | | | | | |
| | ആകെ | 19,03,62,467 | 13,25,35,162 | 5,78,27,305 | 12,69,08,312 | 9,38,48,632 | 3,30,59,678 |

ii. കുടുംബശ്രീ അയൽക്കൂട്ടങ്ങൾക്ക് ബാധകമാകുന്ന പ്രധാന പ്രശ്നങ്ങളായ പാചകക്കുലി, വിറക്, പച്ചക്കറി എന്നിവയുടെ വില വർദ്ധനവിലൂടെ വന്ന അധിക ചെലവ് പരിഹരിക്കുന്നതിന് ഇടപെടൽ വേണം

iii. കമ്മ്യൂണിറ്റി കിച്ചൺ പ്രവർത്തിപ്പിക്കുന്നതിനുള്ള ഷെഡ്ഡുകളുടെ പൂർത്തീകരണം തൊഴിലുറപ്പ് പദ്ധതി പ്രകാരം നടപ്പിലാക്കുന്നതിന് നിർദ്ദേശം നൽകണം

iv. കാലാകാലങ്ങളായി ഉപയോഗിക്കുന്ന പാത്രങ്ങൾ, അനുബന്ധ ഉപകരണങ്ങൾ എന്നിവ മാറ്റി പുതിയത് വാങ്ങിച്ച് കമ്മ്യൂണിറ്റി കിച്ചൺ പൂർണ്ണ സജ്ജമാക്കുന്നതിന് ഇടപെടൽ വേണം

**തീരുമാനം :-** കമ്മ്യൂണിറ്റി കിച്ചണിനു വേണ്ടി ഷെഡ്ഡുകളുടെ നിർമ്മാണം **MGNREGS** വഴി നടത്തുന്നുണ്ടെന്നും ഇനിയുള്ളതും നിർമ്മിക്കാൻ **MGNREGS** മുഖേന കഴിയുമെന്നും **MGNREGS** മിഷൻ ഡയറക്ടർ യോഗത്തിൽ അറിയിച്ചു. കമ്മ്യൂണിറ്റി കിച്ചണിന് ആവശ്യമായ പാത്രങ്ങൾ, മറ്റ് അനുബന്ധ ഉപകരണങ്ങൾ ബന്ധപ്പെട്ട തദ്ദേശഭരണസ്ഥാപനത്തിനും വാങ്ങി നൽകാൻ യോഗം അനുമതി നൽകി. വനിതാ- ശിശു വികസന ഡയറക്ടർ യോഗത്തിൽ ഹാജരാകാത്തതിനാൽ കമ്മ്യൂണിറ്റി കിച്ചൺ നടത്തിപ്പിന്റെ വിഹിതം വനിതാശിശുക്ഷേമ വകുപ്പിൽ നിന്നു നൽകുന്ന വിഷയം ചർച്ച ചെയ്യാനായില്ല. മുകളിൽ പറഞ്ഞ വിഷയങ്ങളെല്ലാം വിശദമായി ചർച്ച ചെയ്യാൻ ബഹു. തദ്ദേശസ്വയംഭരണ-എക്സൈസ് വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ യോഗം വിളിക്കാൻ തീരുമാനിച്ചു. ഇതിനാവശ്യമായ തുടർനടപടി കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ സ്വീകരിക്കണം.

**നടപടി:-1) എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ**
**2)തദ്ദേശസ്വയംഭരണ (ഐ.എ) വകുപ്പ്**

**4.43 <u>ആല ഗ്രാമപഞ്ചായത്ത്</u>**

**ബഹു. ചെങ്ങന്നൂർ** MLA**യുടെ 17.11.2022-ലെ** MLA CGNR 260/22-ാം **നമ്പർ കത്തും സർക്കാരിന്റെ 11.01.2023-ലെ** LSGD/DA2/121/2021/LSGD **നമ്പർ കത്തും കോഓർഡിനേഷൻ കമ്മിറ്റിയുടെ 18.12.2021-ലെ യോഗ തീരുമാനവും (SRG 143/2023)**

**വിഷയം:-** ആല ഗ്രാമപഞ്ചായത്തിൽ പൂമലച്ചാൽ ടൂറിസം പ്രോജക്ട് നടപ്പാക്കുന്നത് സംബന്ധിച്ച്

ആല ഗ്രാമപഞ്ചായത്തിലെ പൂമലച്ചാൽ ടൂറിസം പദ്ധതിക്ക് അനുമതി നൽകണമെന്ന ആവശ്യം കോഓർഡിനേഷൻ കമ്മിറ്റിയുടെ 18.12.2021-ലെ യോഗത്തിൽ പരിഗണിച്ചിരുന്നു. ധനസ്രോതസ്സടക്കമുള്ള മറ്റ് വിശദാംശങ്ങൾ ഇല്ലാത്തതിനാൽ വിശദമായ പ്രോജക്ട് തയ്യാറാക്കി ജില്ലാ ആസൂത്രണസമിതിക്ക് നൽകാനും ജില്ലാ പഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത് വിഹിതം ഉൾപ്പെടുത്തുന്നത് പരിഗണിക്കാനും ടൂറിസം വകുപ്പിന്റെ ധനസഹായം ലഭിക്കുന്നതിന്റെ സാധ്യത പരിശോധിക്കാനും കോഓർഡിനേഷൻ കമ്മിറ്റിയോഗം നിർദ്ദേശിച്ചിരുന്നു. ഇത് പൂർണ്ണമായും ടൂറിസം വകുപ്പിന്റെ ധനസഹായത്തോടെ നടപ്പാക്കുന്ന പദ്ധതി ആയതിനാൽ ആല ഗ്രാമപഞ്ചായത്തിൽ ഈ പദ്ധതി നടപ്പാക്കുന്നതിന് തദ്ദേശസ്വയംഭരണ വകുപ്പിന്റെ യഥേഷ്ടാനുമതി മാത്രം മതിയെന്ന് അറിയിച്ചുകൊണ്ട് 18.12.2021-ലെ കോഓർഡിനേഷൻ കമ്മിറ്റി തീരുമാനം റദ്ദ് ചെയ്യണമെന്ന അവശ്യം സംബന്ധിച്ച്. ഇതിനായി 4.26 കോടി രൂപ ചെലവഴിച്ചാണ് ടൂറിസം വകുപ്പ് പദ്ധതി നടപ്പാക്കുന്നത്.

**തീരുമാനം :–** ആല ഗ്രാമപഞ്ചായത്ത് നൽകിയ കത്തിൽ വിശദാംശങ്ങൾ ഇല്ലാത്തതിനാലാണ് 18.12.2021 ൽ കോഓർഡിനേഷൻ കമ്മിറ്റി ഇപ്രകാരം നിർദ്ദേശം നൽകിയത്. ടൂറിസം വകുപ്പിന്റെ വിഹിതമായതിനാൽ 18.12.2021 ൽ കോഓർഡിനേഷൻ കമ്മിറ്റി നൽകിയ നിർദ്ദേശം പാലിക്കേണ്ടതില്ല എന്നറിയിക്കുന്നു. മറ്റു മാനദണ്ഡങ്ങൾ പാലിക്കണമെന്ന നിബന്ധനയോടെ പൂമലച്ചാൽ ടൂറിസം പദ്ധതിയ്ക്ക് ഗ്രാമപഞ്ചായത്തു തലത്തിൽ തന്നെ അനുമതി നൽകാവുന്നതാണ്. തദ്ദേശസ്വയം ഭരണവകുപ്പ് തലത്തിൽ തീരുമാനമാവശ്യമുള്ള വിഷയങ്ങൾ ഉണ്ട് എങ്കിൽ അത് വകുപ്പിനു പ്രത്യേകമായി നൽകേണ്ടതാണ്.

**നടപടി:– തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

**4.44 <u>ചേംബർ ഓഫ് മുനിസിപ്പൽ ചെയർമെൻ, കേരള</u>**

**കേരള ചേമ്പർ ഓഫ് മുനിസിപ്പൽ ചെയർമാന്റെ 07.01.2023 ലെ കത്ത് (SRG 49/2023).**

**വിഷയം:–** മുനിസിപ്പാലിറ്റികളിലെ അദ്ധ്യക്ഷന്മാർക്ക് വാഹനം വാങ്ങുന്നതു സംബന്ധിച്ച്

മുനിസിപ്പാലിറ്റികളിലെ അദ്ധ്യക്ഷന്മാർക്ക് നിലവിൽ ഔദ്യോഗിക ആവശ്യത്തിന് വാഹനം വാങ്ങുന്നതിന് അനുവദിച്ചിട്ടുള്ള പരമാവധി തുക 13.00 ലക്ഷം രൂപയാണ്. ഇതു 20.00 ലക്ഷം രൂപയായി വർദ്ധിപ്പിക്കണമെന്ന ആവശ്യം സംബന്ധിച്ച്.

**തീരുമാനം :–** മുനിസിപ്പാലിറ്റികളിലെ അദ്ധ്യക്ഷന്മാർക്ക് ഔദ്യോഗിക ആവശ്യത്തിന് പരമാവധി 15.00 ലക്ഷം രൂപ വരെയുള്ള വാഹനം വാങ്ങാവുന്നതാണ്. മാർഗ്ഗരേഖ പ്രകാരമുള്ള മറ്റു നിബന്ധനകൾ പാലിക്കേണ്ടതാണ്.

**നടപടി:– തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

**4.45 <u>പുലാമന്തോൾ ഗ്രാമപഞ്ചായത്ത്</u>**

**മലപ്പുറം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 14.12.2022 ലെ കത്ത് (SRG 102/23 - CC/871/2022).**

**വിഷയം:–** ഗ്രാമപഞ്ചായത്തിന്റെ ഓഫീസ് ആവശ്യത്തിന് ഇലക്ട്രിക് സ്കൂട്ടർ വാങ്ങുന്നത് സംബന്ധിച്ച്.

പുലാമന്തോൾ ഗ്രാമപഞ്ചായത്തിലെ ഉദ്യോഗസ്ഥർക്ക് ഫീൽഡ് പരിശോധനയ്ക്കും മറ്റും ഒരു ഇലക്ട്രിക് സ്കൂട്ടർ വാങ്ങാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം:–** അനുമതി നിരസിച്ചു.

**നടപടി:– തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

**4.46 <u>പള്ളിച്ചൽ ഗ്രാമപഞ്ചായത്ത്</u>**

**പള്ളിച്ചൽ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 09.01.2023 ലെ കത്തും പള്ളിച്ചൽ ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 16.09.2022 ലെ 2(35)–ാം നമ്പർ തീരുമാനവും (SRG 41/23)**

**വിഷയം:–** പള്ളിച്ചൽ ഗ്രാമപഞ്ചായത്തിന് പുതിയ വാഹനം വാങ്ങുന്നതു സംബന്ധിച്ച്

ഗ്രാമപഞ്ചായത്ത് ഇപ്പോൾ ഉപയോഗിക്കുന്ന 10 വർഷം പഴക്കമുള്ള മഹീന്ദ്ര സ്കോർപിയോ വാഹനം അസിസ്റ്റന്റ് എഞ്ചിനീയർക്ക് കൈമാറികൊണ്ട് ഗ്രാമപഞ്ചായത്തിന് പുതിയ വാഹനം വാങ്ങാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം :-** ഇത് റൂറൽ ഡയറക്ടർ മുഖേന പ്രിൻസിപ്പൽ ഡയറക്ടർക്കു നൽകാൻ നിർദ്ദേശിക്കുന്നു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

### 4.47 <u>പൂവാർ ഗ്രാമപഞ്ചായത്ത്</u>

**തിരുവനന്തപുരം പ്ലാനിംഗ് ഓഫീസറുടെ 24.12.2022 ലെ കത്തും പൂവാർ ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 24.11.2022 ലെ 2(2)-ാം നമ്പർ തീരുമാനവും (SRG 126/23 - CC/831/22)**

**വിഷയം:-** ഗ്രാമപഞ്ചായത്ത് ഓഫീസ് ആവശ്യത്തിന് ഇരു ചക്ര വാഹനം വാങ്ങിക്കുന്നത് സംബന്ധിച്ച്.

| | | |
|---|---|---|
| *പ്രോ.നം: 244/22* | *അടങ്കൽ* | *1,15,000/- രൂപ (വികസനഫണ്ട് ജനറൽ)* |
| *പേര്* | *പഞ്ചായത്ത് ആവശ്യത്തിനായി ഇരു ചക്ര വാഹനം വാങ്ങൽ* | |

ഗ്രാമപഞ്ചായത്ത് എഞ്ചിനീയറിംഗ് വിഭാഗത്തിന് ഔദ്യോഗിക ആവശ്യത്തിന് ഒരു വാഹനം വാങ്ങി നൽകുകയോ വാടകയ്ക്ക് നൽകുകയോ ചെയ്യണമെന്ന് അസിസ്റ്റന്റ് എഞ്ചിനീയർ ആവശ്യപ്പെട്ടിട്ടുണ്ട്. തനതുഫണ്ട് കുറവായതിനാൽ എഞ്ചിനീയറിംഗ് വിഭാഗത്തിന് ഔദ്യോഗികാവശ്യത്തിന് ഇരു ചക്രവാഹനം വാങ്ങി നൽകാൻ അനുമതി സംബന്ധിച്ച്.

**തീരുമാനം :-** ആവശ്യം നിരസിച്ചു. എന്നാൽ അസിസ്റ്റന്റ് എഞ്ചിനീയറുടെ ഔദ്യോഗിക ആവശ്യത്തിന് മാർഗ്ഗരേഖയിലെ നിബന്ധനകൾക്കു വിധേയമായി വാഹനം വാടകയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

### 4.48 <u>ആർട്ടിസാൻസ് ഡെവലപ്മെന്റ് കോ-ഓപ്പറേറ്റീവ് ലിമിറ്റഡ് കേരള</u>

**ആർട്ടിസാൻസ് ഡെവലപ്മെന്റ് കോഓപ്പറേറ്റീവ് കേരള** (ARTCO) **ചെയർമാന്റെ 15.12.2022 ലെ GEN/ARTCO/656/2022-ാം നമ്പർ കത്തും കോഓർഡിനേഷൻ കമ്മിറ്റിയുടെ 14.09.2021 ലെ യോഗ തീരുമാനവും (SRG 1426/22)**

**വിഷയം:-** ARTCO-യെ അങ്കണവാടികളുടെ ഇന്റീരിയർ പ്രവർത്തികൾ ടെണ്ടർ കൂടാതെ ചെയ്യാനുള്ള ഏജൻസിയായി നിശ്ചയിക്കുന്നതു സംബന്ധിച്ച്.

ഇന്റീരിയർ പ്രവൃത്തികൾ ചെയ്യാനുള്ള അക്രഡിറ്റഡ് ഏജൻസിയായി **ARTCO** യെ അംഗീകരിച്ചിട്ടുണ്ട്. **ARTCO** യെ അങ്കണവാടികളുടെ ഇന്റീരിയർ വർക്കുകളുടെ നോഡൽ ഏജൻസിയായി അംഗീകരിക്കണമെന്ന് **ARTCO** ആവശ്യപ്പെട്ടിരുന്നുവെങ്കിലും 10.02.2021 ലെ കോഓർഡിനേഷൻ കമ്മിറ്റി യോഗം (ഖണ്ഡിക 4.32) അംഗീകരിച്ചില്ല. എന്നാൽ **ARTCO** യെ അക്രഡിറ്റഡ് ഏജൻസിയായി ധനവകുപ്പ് അംഗീകരിച്ചിട്ടുണ്ട് എന്നതിനാൽ അങ്കണവാടികളുടെ ഇന്റീരിയർ വർക്കുകൾ ടെണ്ടർ കൂടാതെ **ARTCO** യെ ഏല്പിക്കുന്നതിന് യോഗം അനുമതി നൽകി. ഇതനുസരിച്ച് 30.03.2021 ലെ 819/21/തസ്വഭവ നമ്പർ പ്രകാരം ഉത്തരവു പുറപ്പെടുവിക്കുകയും ചെയ്തു. എന്നാൽ ഈ ഉത്തരവ് കോഓർഡിനേഷൻ കമ്മിറ്റിയുടെ 14.09.2021 ലെ യോഗ തീരുമാന പ്രകാരം (ഖണ്ഡിക 4.62(2) റദ്ദു ചെയ്യുകയും ഇതനുസരിച്ച് 29.11.2021 ൽ 2414/21/തസ്വഭവ നമ്പർ പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തു. ഈ ഉത്തരവു വന്നതിനാൽ തദ്ദേശഭരണസ്ഥാപനങ്ങളിൽ അവ്യക്തതയുണ്ടെന്ന് ചൂണ്ടിക്കാണിച്ച് ഇതു റദ്ദു ചെയ്യണമെന്നും 30.03.2021 ലെ ഉത്തരവു പുനഃസ്ഥാപിക്കണമെന്നുള്ള ആവശ്യം സംബന്ധിച്ച്.

**തീരുമാനം :-** ആവശ്യം നിരസിച്ചു. **ARTCO** യെ ഇന്റീരിയർ വർക്കുകളുടെ അക്രഡിറ്റഡ് ഏജൻസിയായി 04.07.20219 ലെ 77/2019/**Fin** നമ്പർ ഉത്തരവ് പ്രകാരം അംഗീകരിച്ചിട്ടുണ്ട്. ഇതു പരിഗണിച്ചാണ് കോഓർഡിനേഷൻ കമ്മിറ്റിയുടെ 10.02.2021 ലെ യോഗ തീരുമാന പ്രകാരം ഇന്റീരിയർ പ്രവൃത്തികൾ ടെണ്ടർ കൂടാതെ **ARTCO** യെ ഏൽപ്പിക്കാമെന്ന് അറിയിച്ചത്. എന്നാൽ ധനവകുപ്പ് **ARTCO** യെ അക്രഡിറ്റഡ് ഏജൻസിയാക്കിയ സ്ഥിതിക്ക് ഇതോടൊപ്പം തദ്ദേശസ്വയംഭരണവകുപ്പ് പ്രത്യേകമായി ഒരു തീരുമാനം നൽകുന്നത് ശരിയല്ല എന്നതിനാലാണ് ഇന്റീരിയർ പ്രവൃത്തികൾ **ARTCO** യെ ടെണ്ടർ കൂടാതെ ഏല്പിക്കാം എന്ന 10.02.2021 ലെ കോഓർഡിനേഷൻ കമ്മിറ്റി തീരുമാനം 14.09.2021 ൽ റദ്ദ് ചെയ്തത്. **ARTCO** യെ പ്രവൃത്തി ഏല്പിക്കുന്നതിനുള്ള നടപടിക്രമം ധനവകുപ്പ് വ്യക്തമാക്കിയിട്ടുണ്ട്. **ARTCO** ക്ക് ധനവകുപ്പ് അക്രഡിറ്റേഷൻ നൽകിയ സ്ഥിതിക്ക് ധനവകുപ്പിന്റെ മറ്റു മാനദണ്ഡങ്ങൾ പാലിച്ച് തദ്ദേശഭരണസ്ഥാപനങ്ങൾക്ക് **ARTCO** യെ പ്രവൃത്തി ഏല്പിക്കാമെന്ന് നിർദ്ദേശം നൽകുന്നു.

**നടപടി:- തദ്ദേശസ്വയംഭരണ (ഇ.പി.എ) വകുപ്പ്**

**4.49 <u>പത്തനംതിട്ട ജില്ലാ ആസൂത്രണ സമിതി</u>**

**പത്തനംതിട്ട ജില്ലാ കളക്ടറുടെ 26.12.2022 ലെ** R01-601/2022/DPC/DPO/PTA **നമ്പർ കത്ത് (SRG 172/23)**

**വിഷയം:-** ഗാർഹിക സോക്പിറ്റ് നിർമ്മാണത്തിന്റെ വാല്യുവേഷൻ എടുക്കുന്നതു സംബന്ധിച്ച്.

സമ്പൂർണ്ണ ശുചിത്വ പദ്ധതിയുടെ ഭാഗമായി പത്തനംതിട്ട ജില്ലയിൽ തദ്ദേശഭരണസ്ഥാപനങ്ങൾ ഈ വർഷം ഗാർഹിക സോക്പിറ്റ് നിർമ്മാണത്തിന് പ്രോജക്ട് നടപ്പാക്കുന്നുണ്ട്. ഈ പ്രവൃത്തി പൂർത്തീകരിച്ചതിനുശേഷം തദ്ദേശഭരണസ്ഥാപനങ്ങളിലെ എഞ്ചിനീയർമാരാണ് വാല്യുവേഷൻ എടുക്കുന്നത്. തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിലെ എഞ്ചിനീയർമാർക്ക് ജോലി ഭാരം കൂടുതലായതിനാൽ വാല്യുവേഷൻ എടുക്കാൻ ബുദ്ധിമുട്ട് നേരിടുന്നു. അതിനാൽ ജില്ലാ ആസൂത്രണ സമിതിയുടെ നേതൃത്വത്തിൽ 17.12.2022 ൽ കൂടിയ അവലോകന യോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ സോക്പിറ്റ് നിർമ്മിക്കുന്നതിന്റെ വാല്യുവേഷൻ എടുക്കാനുള്ള ചുമതല **MGNREGS** എഞ്ചിനീയർക്ക് നൽകുന്നത് പരിഗണിക്കണമെന്ന ആവശ്യം സംബന്ധിച്ച്.

**തീരുമാനം :-** **MGNREGS** എഞ്ചിനീയർമാർക്ക് നല്ല ജോലി ഭാരമുണ്ട് എന്ന് **MGNREGS** ഡയറക്ടർ യോഗത്തിൽ അറിയിച്ചതനുസരിച്ച് ജില്ലാ ആസൂത്രണ സമിതിയുടെ ആവശ്യം നിരസിച്ചു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡബ്ളിയു.എം) വകുപ്പ്**

**4.50 <u>കൊല്ലം ജില്ലാ പഞ്ചായത്ത്</u>**

**കൊല്ലം ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ 19.10.2022 ലെ** A2-4040/2022-ാം **നമ്പർ കത്ത് (SRG 1405/22- LSGD - DA1/370/2022- LSGD )**

**വിഷയം:-** വിവിധ പ്രോജക്ടുകൾ ജില്ലാ പഞ്ചായത്തിന് നേരിട്ട് നടപ്പാക്കാൻ അനുമതി സംബന്ധിച്ച്.

താഴെ പറയുന്ന പദ്ധതികൾ ജില്ലാ പഞ്ചായത്തിന് നേരിട്ടു നടപ്പാക്കാൻ അനുമതി നൽകണമെന്നാവശ്യപ്പെട്ടിരിക്കുന്നു.

i. ബിരുദ/ബിരുദാനന്തര/പ്രൊഫഷണൽ കോഴ്സുകളിൽ പഠിക്കുന്ന പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് മെറിറ്റോറിയസ് സ്കോളർഷിപ്പ്

കഴിഞ്ഞ സാമ്പത്തിക വർഷം (2021-22) ജില്ലാ പഞ്ചായത്ത് 93.00 ലക്ഷം രൂപ വകയിരുത്തി 350 ഓളം വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകി. 200 ഓളം വിദ്യാർത്ഥികളുടെ അപേക്ഷ സാമ്പത്തിക വർഷാവസാനമാണ് ലഭിച്ചതെന്നതിനാൽ സ്കോളർഷിപ്പ് നൽകാൻ കഴിഞ്ഞില്ല. പതിനാലാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖ പ്രകാരം ഗ്രാമപഞ്ചായത്തുകൾക്കും നഗരസഭകൾക്കുമാണ് പ്രോജക്ട് ഏറ്റെടുക്കാവുന്നത്. ഈ പ്രോജക്ട് ജില്ലാ പഞ്ചായത്തിന് ഏറ്റെടുക്കാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം :-**

1) ജില്ലാ പഞ്ചായത്തിന്റെ വിഹിതം ഗ്രാമപഞ്ചായത്തിനു കൈമാറി സ്കോളർഷിപ്പ് നൽകാവുന്നതാണ്. ജില്ലാ പഞ്ചായത്ത് നേരിട്ടു സ്കോളർഷിപ്പ് നൽകേണ്ടതില്ല.
2) എന്നാൽ കഴിഞ്ഞ വർഷം ജില്ലാ പഞ്ചായത്തിന് അപേക്ഷ നൽകിയവർക്ക് കുടിശിക തുക ഉണ്ടെങ്കിൽ അത് ഈ വർഷം ജില്ലാ പഞ്ചായത്തിൽ നിന്ന് നേരിട്ട് നൽകാൻ അനുമതി നൽകുന്നു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

ii. സ്റ്റേറ്റ് ലൈബ്രറി കൗൺസിലിന്റെ അംഗീകാരമുള്ള ഗ്രന്ഥശാലകൾക്ക് ലാപ് ടോപ്, പ്രോജക്ടർ, സ്ക്രീൻ മുതലായവ ജില്ലാ പഞ്ചായത്തു മുഖേന വാങ്ങി നൽകാൻ അനുമതി മാർഗ്ഗരേഖയിൽ ഉൾപ്പെടുത്തണമെന്നത് സംബന്ധിച്ച്.

**തീരുമാനം:-** കോഓർഡിനേഷൻ കമ്മിറ്റിയുടെ 09.01.2023 ലെ തീരുമാനം (ഖണ്ഡിക3.2) പ്രകാരം ലൈബ്രറി കൗൺസിലിന്റെ അംഗീകാരമുള്ള ഗ്രന്ഥശാലകൾക്ക് ഫർണിച്ചർ, കെട്ടിടം എന്നിവയടക്കമുള്ള ഭൗതിക സൗകര്യങ്ങളും കമ്പ്യൂട്ടർവത്ക്കരണമുൾപ്പെടെ ആധുനികവത്കരണത്തിനുമുള്ള പ്രോജക്ടുകൾ മറ്റു തദ്ദേശഭരണ സ്ഥാപനങ്ങൾക്കൊപ്പം ജില്ലാപഞ്ചായത്തിനുമെടുക്കാൻ അനുമതി നൽകിയിട്ടുണ്ട്. ഇതനുസരിച്ച് നടപടി സ്വീകരിക്കാവുന്നതാണ്. ഒപ്പം LCD പ്രോജക്ടുകൾ, സ്ക്രീൻ എന്നിവയും വാങ്ങി നൽകാവുന്നതാണ്.

കൊല്ലം ജില്ലാ പഞ്ചായത്തിന്റെ മുകളിൽ പറഞ്ഞ കത്തിൽ ജില്ലാ പഞ്ചായത്തു മുഖേന ഭിന്നശേഷിക്കാർക്ക് ജോയിന്റ് സ്റ്റിക് ഒപ്പറേറ്റഡ് വീൽ ചെയർ നൽകാനുള്ള അനുമതി നൽകണമെന്നാ വശ്യപ്പെട്ടിട്ടുണ്ട്. ഈ ആവശ്യം കോഓർഡിനേഷൻ കമ്മിറ്റിയുടെ 21.10.2022 ലെ യോഗത്തിൽ (ഖണ്ഡിക 4.63) പരിഗണിച്ച് അനുമതി നൽകിയിട്ടുണ്ട് എന്നറിയിക്കുന്നു

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

4.51 <u>സി.ഡി.എസുകൾക്ക് റിവോൾവിംഗ് ഫണ്ട്</u>

**തദ്ദേശസ്വയംഭരണ വകുപ്പ് DD2/2141/2020/LSGD നമ്പരായുള്ള 14.10.2022 ലെ നോട്ട് ഫയലും (ഖണ്ഡിക 50) കോഓർഡിനേഷൻ കമ്മിറ്റിയുടെ 21.8.2022 ലെ (ഖണ്ഡിക 4.16), 15.10.2022 ലെ (2.3 ഖണ്ഡിക 4.16) എന്നീ തീയതികളിലെ തീരുമാനങ്ങളും (SRG 1404/22) .**

**വിഷയം:-** സി.ഡി.എസ്സുകൾക്ക് റിവോൾവിംഗ് ഫണ്ടു നൽകുന്നതു സംബന്ധിച്ച്

മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതി പ്രകാരം പ്രവർത്തിക്കുന്ന വീട്ടു നിർമ്മാണ സാമഗ്രി യൂണിറ്റുകൾക്ക് സാധനങ്ങൾ വിതരണം ചെയ്യുന്നതിന് വെണ്ടർ ആയി

പ്രവർത്തിക്കുന്നതിന് സി.ഡി.എസ് കൾക്ക് 13.08.2018 ലെ 110/2018/തസ്വഭവ ഉത്തരവു പ്രകാരം അനുമതിയുണ്ട്.

ആസ്തി നിർമ്മാണ പ്രവൃത്തികൾക്ക് മെറ്റീരിയൽ ഘടകത്തിലുള്ള തുക തൊഴിലുറപ്പ് പദ്ധതിയിൽ നിന്നും ലഭിക്കുന്നതിലെ കാലതാമസം വെണ്ടർമാർക്ക് ബുദ്ധിമുട്ടുണ്ടാകും എന്നതിനാൽ നിലവിൽ വെണ്ടർമാരായി പ്രവർത്തിക്കുന്ന സി.ഡി.എസ്സുകൾക്ക് പരമാവധി 2.00 ലക്ഷം രൂപ റിവോൾവിംഗ് ഫണ്ട് നൽകാൻ 21.08.2022 ലെ കോഓർഡിനേഷൻ കമ്മിറ്റിയിൽ തദ്ദേശഭരണസ്ഥാപനങ്ങൾക്ക് അനുമതി നൽകി.

മറ്റ് ആസ്തി നിർമ്മാണ പ്രവർത്തികളുടേയും വെണ്ടർമാരായി സി.ഡി.എസ്സുകൾക്ക് അനുമതി നൽകണമെന്ന് **MGNREGS** ഡയറക്ടർ 21.08.2022 ലെ കോഓർഡിനേഷൻ കമ്മിറ്റിയിൽ ആവശ്യപ്പെട്ടിരുന്നു. 21.08.2022 ലെ കോഓർഡിനേഷൻ കമ്മിറ്റി ഇതു പരിശോധിക്കുകയും വെണ്ടർ എന്ന നിലയിൽ സി.ഡി.എസിന്റെ പ്രവർത്തനം സംബന്ധിച്ച് പരിശോധിച്ച് റിപ്പോർട്ട് നൽകാൻ കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറെ ചുമതലപ്പെടുത്തുകയും ചെയ്തു. മറ്റ് ആസ്തിനിർമ്മാണ യൂണിറ്റുകൾക്കു കൂടി സാമഗ്രികൾ വിതരണം ചെയ്യുന്നതിന് സി.ഡി.എസിനെ നിശ്ചയിക്കാവുന്നതാണ് എന്ന് കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ ശുപാർശ ചെയ്തു. ഇതു പ്രകാരം **MGNREGS** പദ്ധതി അനുസരിച്ച് പ്രവർത്തിക്കുന്ന വീടു നിർമ്മാണ യൂണിറ്റുകൾക്കൊപ്പം മറ്റ് ആസ്തി നിർമ്മാണ യൂണിറ്റുകൾക്കും വെണ്ടർമാരെന്ന നിലയിൽ സി.ഡി.എസ് കൾക്ക് സാധന സാമഗ്രികൾ വിതരണം ചെയ്യാൻ അനുമതി നൽകി.

വീടു നിർമ്മാണത്തോടൊപ്പം മറ്റ് ആസ്തി നിർമ്മാണ യൂണിറ്റുകൾക്കും വെണ്ടർമാരായി പ്രവർത്തിക്കുന്ന സി.ഡി.എസ്സുകൾക്ക് മുകളിൽ പറഞ്ഞ പ്രകാരം റിവോൾവിംഗ് ഫണ്ടു നൽകാമോ എന്ന് സ്പഷ്ടീകരണം വരുത്തണമെന്ന് സർക്കാർ നോട്ട് ഫയലിലെ നിർദ്ദേശം സംബന്ധിച്ച്.

**തീരുമാനം:-** വീടു നിർമ്മാണ യൂണിറ്റുകളോടൊപ്പം മറ്റ് ആസ്തി നിർമ്മാണ യൂണിറ്റുകൾക്കും വെണ്ടർമാരായി പ്രവർത്തിക്കുന്ന സി.ഡി.എസ്സുകൾക്ക് ഗ്രാമപഞ്ചാ യത്തിൽ നിന്നും രണ്ടു ലക്ഷം രൂപ വീതം റിവോൾവിംഗ് ഫണ്ടായി നൽകാവുന്നതാണ്.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.ഡി) വകുപ്പ്**

**<u>4.52 കോട്ടുകാൽ ഗ്രാമപഞ്ചായത്ത്</u>**

**കോട്ടുകാൽ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 19.12.2022-ലെ 7778/22-ാം നമ്പർ കത്ത് (SRG 47/2023)**

**വിഷയം:-** കരിച്ചൽ കായൽ സർവ്വേയും ബോർഡ് സ്ഥാപിക്കലും എന്ന പ്രോജക്റ്റിന്റെ തുക നൽകുന്നത് സംബന്ധിച്ച്

| | | |
|---|---|---|
| *പ്രോ.നം: 125/23* | *അടങ്കൽ* | *2,85,384 രൂപ (വികസനഫണ്ട് ജനറൽ)* |
| *പേര്* | *കരിച്ചൽ കായൽ സർവ്വേയും ബോർഡ് സ്ഥാപിക്കലും* | |

കരിച്ചൽ കായൽ വികസനത്തിന്റെ ഭാഗമായി പശ്ചാത്തലമൊരുക്കുന്നതിന് കായലിലെ ചെളി കോരി മാറ്റൽ, പരിസരങ്ങളിലെ പാഴ് മരങ്ങൾ വെട്ടിമാറ്റൽ, മാലിന്യങ്ങൾ നീക്കം ചെയ്യൽ ബോർഡുകൾ സ്ഥാപിക്കൽ എന്നിവയ്ക്കാണ് പ്രോജക്ട് തയ്യാറാക്കിയിരുന്നത്. കാലതാമസം വരും എന്നതിനാൽ ടെണ്ടർ വിളിച്ച് പ്രോജക്ട് നടപ്പാക്കുന്നതിന് പകരം മൂന്ന് ഘട്ടങ്ങളിലായി ക്വട്ടേഷൻ വിളിച്ച് പ്രോജക്ട് നടപ്പാക്കി. ഇതിന്റെ വാല്യുവേഷൻ ഗ്രാമപഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയർ എടുത്തിട്ടുണ്ട്. വാല്യുവേഷൻ തുക 2,67,862 രൂപ. ഈ തുക നൽകുന്നതിന് അനുമതി സംബന്ധിച്ച്.

**തീരുമാനം :-** ഇത് പരിശോധിച്ച് റിപ്പോർട്ട് നല്കാൻ തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറെ ചുമതലപ്പെടുത്തി. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പിന്നീട് പരിഗണിക്കുന്നതാണ്.

**നടപടി:- 1) തദ്ദേശസ്വയംഭരണവകുപ്പ് ചീഫ് എഞ്ചിനീയർ**
**2)തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്**

**4.53 <u>പെരിന്തൽമണ്ണ നഗരസഭ</u>**

**തദ്ദേശസ്വയംഭരണ വകുപ്പിന്റെ 05.01.2023-ലെ ഡി.എ1/441/2022/തസ്വഭവ നമ്പർ കത്ത്. (SRG 51/2023) (DC3/175/2021/LSGD)**

**വിഷയം:-** കുടിവെള്ള ചാർജ്ജ് കുടിശ്ശിക അടയ്ക്കുന്നത് സംബന്ധിച്ച്

പെരിന്തൽമണ്ണ നഗരസഭ കേരള വാട്ടർ അതോറിട്ടിയ്ക്ക് 31.12.2020 വരെ 1,75,22,054 രൂപ കുടിവെള്ള ചാർജ്ജിനത്തിലുള്ള കുടിശ്ശികയായി അടയ്ക്കാനുണ്ട്. ഇതിൽ ഒരു വിഹിതം നഗരസഭ നേരിട്ടടയ്ക്കുകയും ബാക്കി തുക ഉറവിടത്തിൽത്തന്നെ ധനവകുപ്പ് കുറവ് വരുത്തുകയും ചെയ്തു. രണ്ടും കൂടി ചേർത്താൽ ആകെ 1,29,79,212 രൂപ. എന്നാൽ റോഡ് റസ്റ്റോറേഷൻ ചാർജ്ജായി കേരള വാട്ടർ അതോറിറ്റി 1,25,16,702 രൂപ നഗരസഭയ്ക്ക് നൽകണം. ഇതു കൂടി ചേർത്താൽ ആകെ 2,54,95,914 രൂപ കേരള വാട്ടർ അതോറിറ്റിയിൽ ചെന്നു. ഇതനുസരിച്ച് 79,73,860 രൂപ കേരള വാട്ടർ അതോറിറ്റി നഗരസഭയ്ക്ക് തിരികെ നൽകണം. ഈ വിഷയം 10.02.2021-ലെ കോഓർഡിനേഷൻ കമ്മിറ്റി യോഗം ധനവകുപ്പിന്റെ ശ്രദ്ധയിൽപ്പെടുത്തി. ഇതു സംബന്ധിച്ച് താഴെപ്പറയുന്ന തീരുമാനമെടുത്തിട്ടുണ്ടെന്ന് ധനവകുപ്പ് അറിയിച്ചിട്ടുണ്ട്. **"**വെള്ളക്കരം കുടിശ്ശികയായിട്ടുള്ള പ്രാദേശിക സർക്കാരുകളുടെ വിവരങ്ങൾ ജല വിഭവ വകുപ്പിൽ നിന്ന് ലഭ്യമാകുന്ന മുറയ്ക്ക് ഭരണ വകുപ്പായ തദ്ദേശസ്വയംഭരണ വകുപ്പിനെ കൂടി അറിയിച്ചിട്ടു മാത്രമേ പ്രാദേശിക സർക്കാരുകൾക്കുള്ള ഫണ്ടുകളിൽ നിന്നും കുടിശ്ശിക ഈടാക്കുകയുള്ളൂ**"** എന്ന് ധനവകുപ്പ് അറിയിച്ചിട്ടുണ്ട്. ഈ വിവരം കോഓർഡിനേഷൻ കമ്മിറ്റി യോഗത്തിന്റെ അറിവിലേയ്ക്കായി സമർപ്പിക്കണമെന്ന് തദ്ദേശസ്വയംഭരണ വകുപ്പ് നിർദ്ദേശിച്ചു.

**തീരുമാനം :-** ധനവകുപ്പ് എടുത്ത തീരുമാനം തദ്ദേശഭരണസ്ഥാപനങ്ങൾക്ക് സഹായകരമാണെന്ന് യോഗം നിരീക്ഷിച്ചു. ഇതു എല്ലാ തദ്ദേശഭരണസ്ഥാപനങ്ങളേയും അറിയിക്കാൻ യോഗം തീരുമാനിച്ചു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്**

**4.54 <u>കേരള ഇലക്ട്രിക്കൽ ആന്റ് അലൈഡ് എഞ്ചിനീയറിംഗ് കമ്പനി ലിമിറ്റഡ് (KEL)</u>**

**കേരള ഇലക്ട്രിക്കൽ ആന്റ് അലൈഡ് എഞ്ചിനീയറിംഗ് കമ്പനി ലിമിറ്റഡ് (KEL) ചെയർമാന്റെ 13.01.2023 ലെ CM/KEL/1621/22-ാം നമ്പർ കത്ത് (SRG 75/23).**

**വിഷയം:-** KEL ൽ നിന്നും ഇലക്ട്രിക്കൽ ഉപകരണങ്ങൾ ടെണ്ടർ കൂടാതെ വാങ്ങാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

കേരള ഇലക്ട്രിക്കൽ ആന്റ് അലൈഡ് എഞ്ചിനീയറിംഗ് കമ്പനിയുടെ പാലക്കാട് ഡിവിഷനിൽ **LED** ഉൾപ്പെടെ വിവിധതരം തെരുവു വിളക്കുകളും അനുബന്ധ സാമഗ്രികളും സ്പെയർ പാർട്സുകളും സൗരോർജ്ജ വിളക്കുകളും ഉല്പാദിപ്പിക്കുന്ന യൂണിറ്റ് ആരംഭിച്ചിട്ടുണ്ട്. ഇവ പാലക്കാട് യൂണിറ്റുകളിൽ നിന്നും ടെണ്ടർ കൂടാതെ വാങ്ങുന്നതിനും സ്ഥാപിക്കുന്നതിനും പരിപാലിക്കുന്നതിനുമുള്ള കരാറിൽ ഏർപ്പെടുന്നതിന് തദ്ദേശഭരണസ്ഥാപനങ്ങൾക്ക് അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം :–** ധനവകുപ്പിന്റെ 04.07.2019 ലെ 77/2019/**Fin** നമ്പർ ഉത്തരവു പ്രകാരം **KEL**–നെ **Electro Mechanical Works and General Civil Construction Works** കളുടെ പി.എം.സി ആയി മാത്രമാണ് അംഗീകരിച്ചിരിക്കുന്നത് എന്ന് യോഗം വിലയിരുത്തി. മുകളിൽ പറഞ്ഞവ **KEL** സ്വയം ഉല്പാദിപ്പിക്കുന്നവയാണോ എന്ന് പരിശോധിച്ച് റിപ്പോർട്ട് നൽകാൻ തദ്ദേശസ്വയംഭരണവകുപ്പ് ചീഫ് എഞ്ചിനീയറെ ചുമതലപ്പെടുത്തി. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പിന്നീടു പരിഗണിക്കുന്നതാണ്.

**നടപടി:– 1)ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണവകുപ്പ്**
**തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

**4.55 <u>ബേദഡുക്ക ഗ്രാമ പഞ്ചായത്ത്</u>**

**കാസർഗോഡ് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 10.01.2023-ലെ കത്ത് (SRG 152/23 - CC/955/22)**

**വിഷയം:–** ഹൈസ്കൂൾ വിദ്യാർത്ഥികൾക്ക് സിവിൽ സർവ്വീസ് പരീക്ഷയ്ക്കായി പരിശീലനം നൽകുന്നത് സംബന്ധിച്ച്

| | | |
|---|---|---|
| ***പ്രോ.നം: 172/23*** | ***അടങ്കൽ*** | ***3,00,000/- രൂപ*** *(വികസനഫണ്ട് - ജനറൽ)* |
| ***പേര്*** | ***സിവിൽ സർവ്വീസ് പരിശീലന പരിപാടി*** | |

ബേദഡുക്ക ഗ്രാമപഞ്ചായത്തിലെ 8, 9, 10 ക്ലാസ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് സിവിൽ സർവ്വീസ് പരിശീലനം നൽകാൻ ഉദ്ദേശിച്ചിട്ടുള്ളതാണ് പ്രോജക്ട്. പരീക്ഷ, മുഖാമുഖം എന്നിവ നടത്തി മികച്ച കുട്ടികളെ കണ്ടെത്തുന്നു. ആകെ 50 കുട്ടികൾക്കാണ് പരിശീലനം നൽകുന്നത്. വരാൻ പോകുന്ന വർഷങ്ങളിൽ ഹയർ സെക്കന്ററി തലത്തിലേയ്ക്കും ഇത് വിപുലപ്പെടുത്താൻ ഉദ്ദേശിക്കുന്നു. ഈ പ്രോജക്ട് നടപ്പാക്കാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം :–** തിരുവനന്തപുരത്തെ സർക്കാർ സിവിൽ സർവ്വീസ് അക്കാദമി മുഖേനയോ ഈ സെന്ററിന്റെ പ്രാദേശിക കേന്ദ്രം മുഖേനയോ നടപ്പാക്കുന്നതിന്റെ സാധ്യത പരിശോധിക്കണമെന്ന് ഗ്രാമപഞ്ചായത്തിനോട് നിർദ്ദേശിക്കുന്നു. ഇതു സാധ്യമല്ലെങ്കിൽ ഫാക്കൽറ്റിയെ തെരഞ്ഞെടുക്കുന്നതടക്കമുള്ള കാര്യങ്ങളിൽ തിരുവനന്തപുരത്തുള്ള സർക്കാർ സിവിൽ സർവ്വീസ് അക്കാദമിയുടെ സഹകരണം ഉറപ്പാക്കണമെന്ന് നിർദ്ദേശിക്കുന്നു.

**നടപടി:– തദ്ദേശസ്വയംഭരണ (ഡി.ഇ) വകുപ്പ്**

**4.56 <u>പുത്തൻവേലിക്കര ഗ്രാമപഞ്ചായത്ത്</u>**

**എറണാകുളം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 28.12.2022 തീയതിയിലെ കത്തുകളും (2 എണ്ണം) പുത്തൻവേലിക്കര ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 05.12.2022-ലെ 7(2)-ാം നമ്പർ തീരുമാനവും പുത്തൻവേലിക്കര ഗ്രാമപഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയറുടെ 17.12.2022-ലെ കത്തും (SRG 153/23 CC - 419/22)**

**വിഷയം:–** റർബൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി പൂർത്തീകരിച്ച പ്രവൃത്തികൾക്ക് മറ്റു വിഹിതം ഉപയോഗിച്ച് ബിൽ തുക നൽകുന്നത് സംബന്ധിച്ച്

ശ്യാമപ്രസാദ് മുഖർജി നാഷണൽ റർബൻ മിഷൻ പദ്ധതിയിൽ **DPR** പ്രകാരം മൂന്ന് പ്രോജക്ടുകൾക്ക് അംഗീകാരം ലഭിച്ചു. ഇതിന്റെ പൂർത്തീകരണത്തിനുശേഷം സേവിംഗ്സ് തുക ഉപയോഗിച്ച് താഴെപ്പറയുന്ന നാല് പ്രവൃത്തികൾ കൂടി ഏറ്റെടുക്കുകയും ടെണ്ടർ നടപടികളിലൂടെ വർക്ക് പൂർത്തിയാക്കുകയും ചെയ്തു. എന്നാൽ ഈ വർക്കുകൾ റർബൻ മിഷന്റെ **MIS** –ൽ ഉൾപ്പെടാത്തതിനാൽ ഫണ്ട് റർബൻ മിഷനിൽ നിന്ന് അനുവദിച്ചില്ല. അതിനാൽ ഈ പ്രവൃത്തികളുടെ ബിൽ തുക മെയിന്റനൻസ് ഗ്രാന്റ് ഉപയോഗിച്ച് നൽകാൻ ഈ വർഷം പ്രോജക്ട് ഏറ്റെടുത്തിട്ടുണ്ട്. എന്നാൽ പ്രോജക്ടിൽ ഉൾപ്പെടുത്തിയിരിക്കുന്ന മെയിന്റനൻസ് ഗ്രാന്റിന് പകരം തനത് ഫണ്ട് ഉപയോഗിച്ച് ബിൽ തുക നൽകാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്. ഇവയുടെ ബിൽ പാറക്കടവ് ബ്ലോക്ക് പഞ്ചായത്ത് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ പരിശോധിച്ച് അംഗീകരിച്ചിട്ടുണ്ടെന്ന് ഗ്രാമപഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയർ അറിയിച്ചിട്ടുണ്ട്.

| ക്രമ നം | പ്രോ.നം. | പേര് | അടങ്കൽ |
|---|---|---|---|
| 1 | 160/23 | വി.പി. തുരുത്ത് റോഡ് | 4,95,692 രൂപ (മെയിന്റനൻസ് ഗ്രാന്റ് (റോഡ്) |
| 2 | 161/23 | സ്റ്റേഷൻ കടവ് K.P. പുരുഷൻ റോഡ് | 4,65,279 രൂപ മെയിന്റനൻസ് ഗ്രാന്റ് (റോഡ്) |
| 3 | 159/23 | സെന്റ് തോമസ് പനച്ച റോഡ് സൈഡ് ഫില്ലിംഗ് & പ്രൊട്ടക്ഷൻ | 1,30,300 മെയിന്റനൻസ് ഗ്രാന്റ് (റോഡ്) |
| 4 | 158/23 | തുരുത്തുർ കല്ലുംപാലം റോഡ് | 2,31,627 രൂപ മെയിന്റനൻസ് ഗ്രാന്റ് (റോഡ്) |

**തീരുമാനം :–** ഈ പ്രോജക്ടുകളുടെ ബിൽതുക തനതുഫണ്ടുപയോഗിച്ച് നൽകാൻ അനുമതി നൽകുന്നു

**നടപടി:– തദ്ദേശസ്വയംഭരണ (ഡി.ഡി) വകുപ്പ്**

**4.57 കണ്ണൂർ ജില്ലാ പഞ്ചായത്ത്**

**കണ്ണൂർ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 03.12.2022 ലെ കത്തും കണ്ണൂർ ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ 05.11.2022 ലെ** B2-4009/2022-ാം **നമ്പർ കത്തും (SRG 58/23 –** CC/**813**/2022**).**

**വിഷയം:–** കിണർ റീചാർജ്ജിംഗ് സംബന്ധിച്ച്.

| | | |
|---|---|---|
| ***പ്രോ.നം: 451/23*** | ***അടങ്കൽ*** | ***10,00,000/– രൂപ (കോർപ്പറേഷൻ വിഹിതം)*** |
| ***പേര്*** | ***നഗരസഞ്ചയ പദ്ധതി – അഞ്ചരക്കണ്ടിപ്പുഴ സംരക്ഷണ പദ്ധതി – കിണർ റീ ചാർജ്ജിംഗ്*** | |

നഗരസഞ്ചയ പദ്ധതിയിൽ ഉൾപ്പെട്ട അഞ്ചരക്കണ്ടി പുഴ സംരക്ഷണത്തിന്റെ ഭാഗമായി കിണർ റീചാർജ്ജിംഗ് പ്രോജക്ട് കണ്ണൂർ ജില്ലാ പഞ്ചായത്ത് ഏറ്റെടുത്തിട്ടുണ്ട്. ഈ വർഷം 10.00 ലക്ഷം രൂപയും തുടർന്നുള്ള രണ്ടു വർഷങ്ങളിൽ 90.00 ലക്ഷം രൂപയും ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്നു. മാർഗ്ഗരേഖ പ്രകാരം കിണർ റീ ചാർജ്ജിംഗിന് പരന്ന മേൽക്കൂരയാണെങ്കിൽ 12,000 രൂപയും ചരിഞ്ഞ മേൽക്കൂരയാണെങ്കിൽ 15,000 രൂപയുമാണ് നൽകാവുന്നത്. എന്നാൽ 50,000 രൂപ നിരക്കിലാണ് ജില്ലാ പഞ്ചായത്ത് പ്രോജക്ട് ഏറ്റെടുത്തിരിക്കുന്നത്. അഞ്ചരക്കണ്ടി പുഴ സംരക്ഷണത്തിന്റെ ഭാഗമായാണ് കിണർ റീചാർജ്ജിംഗ് നടത്തുന്നതെന്നറിയിച്ചുകൊണ്ട് 100 ശതമാനം സബ്സിഡി നൽകാൻ അനുവദിക്കണമെന്നും പരമാവധി നൽകാൻ കഴിയുന്ന ധനസഹായം എത്രയാണെന്ന് നിശ്ചയിച്ചു നൽകണമെന്നതും സംബന്ധിച്ച്.

**തീരുമാനം :-**

1) മാർഗ്ഗരേഖ പ്രകാരം വ്യക്തികൾക്ക് പരന്ന മേൽക്കൂരയാണെങ്കിൽ 12,000 രൂപയും ചരിഞ്ഞ മേൽക്കൂരക്കാണെങ്കിൽ 15,000 രൂപയുമാണ്. എന്നാൽ 12.12.2017 ലെ 3979/2017/തസ്വഭവ ഉത്തരവ്വ പ്രകാരം തദ്ദേശഭരണസ്ഥാപനങ്ങളുടെ ഘടകസ്ഥാപനങ്ങളിലെ കിണറുകളാണെങ്കിൽ പരന്നമേൽക്കൂരയാണെങ്കിൽ 20,500 രൂപയും ചരിഞ്ഞ മേൽക്കൂരയാണെങ്കിൽ 24,500 രൂപയും നൽകാം. സർക്കാർ ഉത്തരവിൽ നിർദ്ദേശിച്ച പ്രകാരം പ്രോജക്ട് നടപ്പാക്കാൻ നിർദ്ദേശിക്കുന്നു.
2) വ്യക്തികൾക്ക് നൽകാവുന്ന ധനസഹായം പതിമൂന്നാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖ പ്രകാരം നിശ്ചയിച്ചതാണ്. ഘടകസ്ഥാപനങ്ങളുടെ നിരക്ക് തദ്ദേശസ്വയം ഭരണവകുപ്പ് ചീഫ് എഞ്ചിനീയർ ശുപാർശ ചെയ്തപ്രകാരം കോഓർഡിനേഷൻ കമ്മിറ്റിയുടെ തീരുമാനമനുസരിച്ച് 12.12.2017 ലെ 3979/2017/ തസ്വഭവ ഉത്തരവ്വ പ്രകാരം നിശ്ചയിച്ചതുമാണ്. ഇത് പുതിയ DSR അനുസരിച്ച് പരിഷ്കരിച്ച് റിപ്പോർട്ട് നൽകാൻ തദ്ദേശസ്വയംഭരണവകുപ്പ് ചീഫ് എഞ്ചിനീയറെ ചുമതലപ്പെടുത്തി.

**നടപടി:- 1) ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണവകുപ്പ്**
**തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

**4.58 <u>കൊടകര ഗ്രാമ പഞ്ചായത്ത്</u>**

**കൊടകര ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 02.12.2022-ലെ കത്തും തൃശ്ശൂർ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 07.12.2022-ലെ കത്തും അനുബന്ധരേഖകളും (SRG 18/2023 CC - 271/22)**

**വിഷയം:-** പ്രാദേശികമായി തൊഴിൽ സൃഷ്ടിക്കുന്നതിന്റെ ഭാഗമായി കർഷകന്റെ കട എന്ന പ്രോജക്ടിന്റെ നിർവ്വഹണം സംബന്ധിച്ച്

| *പ്രോ.നം: 47/22* | *അടങ്കൽ* | *2,00,000/- രൂപ (തനത് ഫണ്ട്)* |
|---|---|---|
| *പേര്* | *കർഷകന്റെ കട - ലോക്കൽ എംപ്ലോയ് മെന്റ് അഷ്വറൻസ് പ്രോഗ്രാം - കുടുംബശ്രീ സംരംഭം* | |

പ്രാദേശികമായി തൊഴിൽ സൃഷ്ടിക്കുന്നതിന്റെ ഭാഗമായി കഴിഞ്ഞ വർഷം കർഷകന്റെ കട എന്ന പേരിൽ പ്രോജക്ട് എടുത്തിരുന്നു. ഈ വർഷം സ്പിൽഓവറായി തുടരുന്നു. ഇത് കുടുംബശ്രീ മുഖേന നടപ്പാക്കാനാണ് ലക്ഷ്യമിട്ടിരുന്നതെങ്കിലും അനുയോജ്യമായ കുടുംബശ്രീ ഗ്രൂപ്പിനെ കണ്ടെത്തിയില്ല. അസിസ്റ്റന്റ് സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായാണ് പ്രോജക്ട് എടുത്തിരിക്കുന്നത്. മൃഗസംരക്ഷണം - കൃഷി മേഖലയുമായി ബന്ധപ്പെടുത്തിയാണ് പ്രോജക്ട്. ഗ്രാമപഞ്ചായത്തിന്റെ ഷോപ്പിംഗ് കോംപ്ലക്സിലെ ഒരു മുറിയിൽ സംരംഭം ആരംഭിക്കാനുദ്ദേശിക്കുന്നു. ആകെ അടങ്കലിൽ 1.00 ലക്ഷം രൂപ വിപണനശാലയിൽ ഫ്രിഡ്ജ്, **Deep Freezer,** ഫർണിച്ചർ തുടങ്ങിയ അടിസ്ഥാന സൗകര്യമൊരുക്കാനാണ് വകയിരുത്തിയിരിക്കുന്നത്. ഈ പ്രോജക്ടിന്റെ നിർവഹണ ഉദ്യോഗസ്ഥൻ ആരാകണമെന്ന് സ്പഷ്ടീകരണം നൽകി പ്രോജക്ട് നടപ്പാക്കാൻ അനുമതി സംബന്ധിച്ച്.

**തീരുമാനം :-** പ്രാദേശിക സാമ്പത്തിക വികസന പദ്ധതിയ്ക്കായുള്ള 4.1.2023 ലെ മാർഗ്ഗരേഖയിൽ പ്രതിപാദിക്കുന്ന സാധ്യത കൂടി പ്രയോജനപ്പെടുത്തി പ്രോജക്ട് നടപ്പാക്കാൻ അനുമതി നൽകുന്നു. ഇതിന്റെ നിർവ്വഹണ ഉദ്യോഗസ്ഥനായി കൃഷി ഓഫീസറെ നിശ്ചയിക്കേണ്ടതാണ്.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

4.59 <u>കാഞ്ഞിരംകുളം ഗ്രാമപഞ്ചായത്ത്</u>

**തിരുവനന്തപുരം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 24.12.2022 ലെ കത്തും കാഞ്ഞിരംകുളം ഗ്രാമപഞ്ചായത്തു പ്രസിഡന്റിന്റെ 23.12.2022 ലെ** SC1-5546/22-ാം **നമ്പർ കത്തും അനുബന്ധ രേഖകളും (SRG 124/23 - CC/945/2022).**

**വിഷയം:-** പൊതു ടാപ്പുകളിലെ കുടിവെള്ള കുടിശ്ശിക നൽകുന്നതിന് മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ്) ഉപയോഗിക്കുന്നത് സംബന്ധിച്ച്.

| *പ്രോ.നം: 163/23* | *അടങ്കൽ* | *8,00,000/- രൂപ (മെയിന്റനൻസ് ഗ്രാന്റ് - നോൺറോഡ്)* |
|---|---|---|
| *പേര്* | *കുടിവെള്ളക്കരം ഒടുക്കൽ* | |

കാഞ്ഞിരംകുളം ഗ്രാമപഞ്ചായത്തിലെ പൊതു ടാപ്പുകളുടെ വെള്ളക്കരം ഒടുക്കുന്നതിനായി മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ്) ഉപയോഗിച്ചുകൊണ്ട് ഈ വർഷം പ്രോജക്ട് വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്നു. ഇതിനായി മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ്) ഉപയോഗിക്കാവുന്നതല്ല എന്ന് ചൂണ്ടികാണിച്ച് ഇതിന് അനുമതി നിരസിച്ചു. സർക്കാരിന്റെ 30.05.2009 ലെ 1275/2009/തസ്വഭവ ഉത്തരവിലെ ഖണ്ഡിക 2.5 ൽ പൊതുടാപ്പുകളുടെ വെള്ളക്കരം അടയ്ക്കുന്നതിന് തനതുഫണ്ട്, ജനറൽ പർപ്പസ് ഗ്രാന്റ്, നോൺ റോഡ് മെയിന്റനൻസ് ഗ്രാന്റ് ഉപയോഗിക്കാൻ അനുമതിയുണ്ട് എന്നു അറിയിച്ചുകൊണ്ട് ഈ പ്രോജക്ടിന് അനുമതി നൽകണമെന്ന ആവശ്യം സംബന്ധിച്ച്.

**തീരുമാനം :-** ആറാം ധനകാര്യ കമ്മീഷന്റെ ശുപാർശയുടെ അടിസ്ഥാനത്തിൽ (30 IX) സർക്കാരിന്റെ 06.06.2022 - ലെ 119/2022/തസ്വഭവ ഉത്തരവു പ്രകാരം കേരള വാട്ടർ അതോറിറ്റി, KSEB എന്നിവയ്ക്ക് നൽകാനുള്ള തുക ഗ്രാമപഞ്ചായത്തുകൾ, മുനിസിപ്പാലിറ്റികൾ, കോർപ്പറേഷനുകൾ എന്നിവയുടെ തനതുവരുമാനം പൊതു ആവശ്യ ഗ്രാന്റ് എന്നിവയിൽ നിന്നും നൽകേണ്ട ആദ്യ ഇനം ആക്കേണ്ടതാണ്. ഈ തുക അടയ്ക്കുന്നതിൽ അകാരണമായി വരുന്ന കാലതാമസത്തിനുള്ള പിഴ സെക്രട്ടറിയുടെ വ്യക്തിപരമായ ബാധ്യതയാണ് എന്ന് ഉത്തരവുണ്ട്. ഇതുകൂടി പരിഗണിച്ച് അനുമതി നിരസിച്ചു. 30.05.2009 ലെ 1275/2009/തസ്വഭവ ഉത്തരവിലെ ഖണ്ഡിക 2.5 പ്രകാരം പൊതു കുടിവെള്ളടാപ്പുകളുടെ വെള്ള ചാർജ്ജ് അടയ്ക്കാൻ മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ്) ഉപയോഗിക്കാനുള്ള അനുമതി റദ്ദ് ചെയ്യാനും തീരുമാനിച്ചു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്**

4.60 <u>**കള്ളിക്കാട് ഗ്രാമപഞ്ചായത്ത്**</u>

**തിരുവനന്തപുരം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 25.10.2022 ലെ** Plg.1040/23/DPC/DPO **തിരു. നമ്പർ കത്തും കള്ളിക്കാട് ഗ്രാമപഞ്ചായത്തു സെക്രട്ടറിയുടെ 29.09.2022 ലെ** SC1-**1388/22-ാം നമ്പർ കത്തും (SRG 329/23)**

**വിഷയം:-** മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ്) ഉപയോഗിച്ച് തെരുവു വിളക്കിന്റെ വൈദ്യുതി ചാർജ്ജും പൊതു ടാപ്പുകളുടെ വെള്ളചാർജ്ജും അടയ്ക്കാൻ അനുമതി സംബന്ധിച്ച്.

വികസനഫണ്ടും തനതുഫണ്ടും കുറവായതിനാൽ നോൺറോഡ് മെയിന്റനൻസ് ഗ്രാന്റുപയോഗിച്ച് തെരുവ് വിളക്കുകളുടെ കുടിശ്ശിക നൽകാനും പൊതുടാപ്പുകളുടെ വെള്ളചാർജ്ജ് നൽകാനും അനുമതി നൽകണമെന്നത് സംബന്ധിച്ച്.

**തീരുമാനം :-** അനുമതി നിരസിച്ചു.

**നടപടി:- തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ്**

**4.61 <u>പിറവം മുനിസിപ്പാലിറ്റി</u>**

**എറണാകുളം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 22.12.2023 ലെ കത്തുകളും (2 എണ്ണം) പിറവം നഗരസഭാ സെക്രട്ടറിയുടെ 08.12.2022ലെ** E3-11374/21 **-ാം നമ്പർ കത്തും (SRG 88/2023-** CC/**920**/2022**)**

**വിഷയം:-** യുവജനങ്ങൾക്ക് കായിക പരിശീലനത്തിനായി സ്വകാര്യ വ്യക്തിയുടെ ടർഫിനു വാടക നൽകുന്നത് സംബന്ധിച്ച്.

| | | |
|---|---|---|
| *പ്രോ.നം: 198/23* | *അടങ്കൽ* | *1,50,000/- രൂപ (തനത് ഫണ്ട്)* |
| *പേര്* | *സ്വകാര്യ ടർഫിനു വാടക നൽകൽ* | |

വിദ്യാഭ്യാസ കലാകായിക സ്റ്റാന്റിംഗ് കമ്മിറ്റിയുടെ നേതൃത്വത്തിൽ കായിക മികവുള്ള കുട്ടികളെ തെരഞ്ഞെടുത്ത് യൂത്ത് കോഓർഡിനേറ്റർ മുഖേന കായിക പരിശീലനം നൽകുന്നതിന് നഗരസഭ പ്രോജക്ട് ഏറ്റെടുത്തിട്ടുണ്ട്. നഗരസഭയ്ക്ക് സ്വന്തമായി കളിസ്ഥലമോ ടർഫുകളോ ഇല്ല. നഗരസഭയിൽ 14-ാം വാർഡിൽ സ്വകാര്യ വ്യക്തിയുടെ ഫുട്ബോൾ ടർഫ് ഉണ്ട്. ഇതിന് ഒരു മണിക്കൂർ 1600 രൂപ നിരക്കാണ് ഉള്ളത്. നഗരസഭ ഈ വ്യക്തിയുമായി ചർച്ച ചെയ്ത് ദിവസേന 2 മണിക്കൂറിന് 1000 രൂപ വാടക നിരക്കിൽ നൽകാമെന്ന് രേഖാമൂലം സമ്മതിച്ചിട്ടുണ്ട്. കുട്ടികൾക്ക്/ യുവജനങ്ങൾക്ക് പരിശീലനം നൽകുന്നതിന് ഈ നിരക്കിൽ ടർഫ് വാടകയ്ക്കെടുക്കാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം :-** തൽക്കാലം അനുമതി നൽകേണ്ടതില്ല എന്നു യോഗം തീരുമാനിച്ചു

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.ഇ) വകുപ്പ്**

**4.62 <u>ബളാൽ ഗ്രാമപഞ്ചായത്ത്</u>**

**കാസർകോഡ് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 20.12.2022 ലെ കത്തും ബളാൽ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 17.11.2022 ലെ** SC - 4893/21-**ാം നമ്പർ കത്തും (SRG 90/2023-** CC/**869**/2022**)**

**വിഷയം:-** കനകപ്പള്ളി ശ്മശാന സൈറ്റിലെ മണ്ണ് നീക്കുന്നത് സംബന്ധിച്ച്.

| | | |
|---|---|---|
| *പ്രോ.നം: 268/23* | *അടങ്കൽ* | *5,00,000/- രൂപ (സ.എഫ്.സി ബേസിക് ഗ്രാന്റ്)* |
| *പേര്* | *കനകപ്പള്ളി ശ്മശാന സൈറ്റിലെ മണ്ണ് നീക്കം ചെയ്യലും അനുബന്ധ പ്രവർത്തനങ്ങളും* | |

ബളാൽ ഗ്രാമപഞ്ചായത്തിൽ ഒരേക്കറോളം ഭൂമി ശ്മശാന നിർമ്മാണത്തിന് വിലയ്ക്കെടുത്തിട്ടുണ്ട്. ഈസ്ഥലം ചെങ്കുത്തായ പ്രദേശമായതിനാൽ മണ്ണെടുത്ത് നിരപ്പാക്കണമെന്ന് അസിസ്റ്റന്റ് എഞ്ചിനീയർ കത്തു നൽകിയിട്ടുണ്ട്. 2649 M3 മണ്ണ് നീക്കം ചെയ്യണം. ഒരു ക്യൂബിക് മീറ്ററിന് 40 രൂപ നിരക്കിൽ 1,05,960 രൂപ ജിയോളജി വിഭാഗത്തിലേക്ക് അടയ്ക്കണമെന്ന് ജിയോളജിസ്റ്റ് അറിയിച്ചിട്ടുണ്ട്. ജിയോളജി വകുപ്പിന് അടയ്ക്കേണ്ട തുക ഉൾപ്പെടെ ലേലം ചെയ്തിട്ട് ആരും ലേലത്തിൽ പങ്കെടുത്തില്ല. 16.04.2022 ലെ ക്വട്ടേഷനിൽ ഒരു ക്യൂബിക് മീറ്ററിന് 10 രൂപ നിരക്കിൽ രാഹുൽ മുല്ലശ്ശേരി എന്നയാൾ ഏറ്റെടുത്തിട്ടും ഇപ്പോൾ മുടങ്ങി. അതിനാൽ തുക ഈടാക്കാതെ മണ്ണിന് ആവശ്യക്കാരുണ്ടെങ്കിൽ സൗജന്യമായി നൽകുന്നതിനോ ഗ്രാമപഞ്ചായത്ത് സ്ഥലം കണ്ടെത്തി മണ്ണു നീക്കം ചെയ്യുന്നതിനോ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം :-** ഇത് പരിശോധിച്ച് റിപ്പോർട്ട് നൽകാൻ തദ്ദേശസ്വയംഭരണ ചീഫ് എഞ്ചിനീയറെ ചുമതലപ്പെടുത്തി. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പിന്നീട് പരിഗണിക്കുന്നതാണ്.

**നടപടി:- 1) തദ്ദേശസ്വയംഭരണവകുപ്പ് ചീഫ് എഞ്ചിനീയർ**
**2)തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

**4.63 <u>വിളപ്പിൽ ഗ്രാമപഞ്ചായത്ത്</u>**

**തിരുവനന്തപുരം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 24.12.2022 ലെ കത്തും വിളപ്പിൽ ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 19.10.2022 ലെ 3(2) നമ്പർ തീരുമാനവും (SRG 98/23 - CC/907/2022).**

**വിഷയം:-** കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷനിൽ നിന്നും കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങിയതിന്റെ ബിൽതുക നൽകുന്നതു സംബന്ധിച്ച്.

വിളപ്പിൽ ഗ്രാമപഞ്ചായത്ത് കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷനിൽ നിന്നു വാങ്ങിയ വകയിൽ 11,63,676 രൂപ ബാധ്യതയുണ്ട്. ഈ തുക ഗ്രാമപഞ്ചായത്തിൽ നിന്ന് ഈടാക്കുന്നതിന് അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ റവന്യൂ റിക്കവറി നടപടികളും ഗ്രാമപഞ്ചായത്തിന്റെ അക്കൗണ്ട് മരവിപ്പിക്കാനുള്ള നടപടിയും സ്വീകരിച്ചിട്ടുണ്ട്.

വിളപ്പിൽ ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 05.09.2013 ലെ തീരുമാന പ്രകാരം ഫണ്ടിന്റെ ലഭ്യത അനുസരിച്ച് കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങുന്നതിന് പ്രോജക്റ്റ് തയ്യാറാക്കാൻ തീരുമാനിച്ചിരുന്നു. എന്നാൽ ഇതിനു എത്ര രൂപ വകയിരുത്തണമെന്നോ ഏതു വിഹിതം വകയിരുത്തണമെന്നോ തീരുമാനിച്ചിരുന്നില്ല. ഇതിനായി 4,21,877 രൂപ വകയിരുത്തി പ്രോജക്റ്റ് തയ്യാറാക്കാൻ 07.09.2013 ൽ ഭരണസമിതി തീരുമാനിച്ചു. 05.09.2013, 07.09.2013 എന്നീ തീയതികളിൽ ഭരണസമിതി തീരുമാനമെടുക്കുന്നതിനു രണ്ടു മാസം മുമ്പ് പ്രോജക്റ്റ് തയ്യാറാക്കാതെ ഉപകരണങ്ങൾ നൽകാൻ കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷന് കത്ത് നൽകി. ഇതു നടപടിക്രമങ്ങളുടെ ലംഘനമാണെന്ന് ഭരണസമിതി വിലയിരുത്തി. അതിനാൽ കേരള അഗ്രോ ഇൻഡസ്ട്രീസിനു നൽകാനുള്ള തുക ഗ്രാമപഞ്ചായത്തിന്റെ അന്നത്തെ സെക്രട്ടറിയിൽ നിന്നും ഈടാക്കണമെന്നും ഗ്രാമപഞ്ചായത്തിന്റെ അക്കൗണ്ട് മരവിപ്പിക്കുന്നതടക്കമുള്ള നിയമനടപടികൾ അവസാനിപ്പിക്കണമെന്നുമുള്ള ആവശ്യം സംബന്ധിച്ച്. ഇതു സംബന്ധിച്ച് ബന്ധപ്പെട്ടവരുമായി ഹിയറിംഗ് നടത്തുന്നതടക്കമുള്ള നടപടികൾ സർക്കാർ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്ത് തലത്തിൽ സ്വീകരിച്ചിട്ടുണ്ട്.

**തീരുമാനം :-** മുൻ ഗ്രാമപഞ്ചായത്ത് സെക്രട്ടറി വീഴ്ചവരുത്തിയ സാഹചര്യത്തിൽ വിശദമായ പരിശോധന ആവശ്യമുള്ള വിഷയമാണ് എന്ന് യോഗം വിലയിരുത്തി. ഈ സാഹചര്യത്തിൽ ഇതു കോഓർഡിനേഷൻ കമ്മിറ്റി പരിഗണിക്കുന്നതിനു പകരം റൂറൽ ഡയറക്ടർ പരിശോധിച്ച് വകുപ്പുതലത്തിൽ നടപടിയെടുക്കാൻ നിർദ്ദേശിക്കുന്നു. കോഓർഡിനേഷൻ കമ്മറ്റിയുടെ തീരുമാനം ആവശ്യമെങ്കിൽ പിന്നീട്ടു റൂറൽ ഡയറക്ടർക്ക് റിപ്പോർട്ട് കോഓർഡിനേഷൻ കമ്മിറ്റിയിൽ നൽകാവുന്നതാണ്.

**നടപടി:- 1)റൂറൽ ഡയറക്ടർ**
**2)തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

**4.64 <u>തൃത്താല ഗ്രാമപഞ്ചായത്ത്</u>**

**പാലക്കാട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 22.12.2022 ലെ കത്തും തൃത്താല ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 06.08.2022 ലെ 8(1)-ാം നമ്പർ തീരുമാനവും അനുബന്ധരേഖകളും (SRG 87/23 - CC/934/2022).**

**വിഷയം:-** 2014-15 വർഷം പൂർത്തീകരിച്ച നിർമ്മാണ പ്രവർത്തികളുടെ ടെണ്ടർ എക്സസ്സ് നൽകുന്നത് സംബന്ധിച്ച്.

താഴെ പറയുന്ന റോഡു നിർമ്മാണം 2014-15വാർഷിക പദ്ധതിയിൽ ഉൾപ്പെട്ടതാണ്. ഈ പ്രവർത്തികളുടെ ടെണ്ടർ എക്സസ് തുകയായ 65,943 രൂപ അനുവദിച്ചു നൽകണമെന്നും ശ്രീ.എം. മുഹമ്മദ് മണിയാരത്ത് ഹൗസ്, ഞാങ്ങാട്ടിരി തദ്ദേശഭരണസ്ഥാപനങ്ങൾക്കു വേണ്ടിയുള്ള ബഹു. ഓംബുഡ്സ് മാൻ മുമ്പാകെ ഹർജി നൽകുകയും ഈ തുക നൽകാൻ 12.08.2015 ൽ ഉത്തരാവുകുകയും ചെയ്തു. ഈ തുക അനുവദിച്ചു നൽകാത്തതിനാൽ സമയബന്ധിതമായി തുക നൽകണമെന്ന് 07.10.2022 ൽ വീണ്ടും ഉത്തരവായി. ഇതനുസരിച്ച് ജില്ലാ ആസൂത്രണസമിതിക്ക് പ്രോജക്ട് സമർപ്പിച്ചെങ്കിലും ടെണ്ടർ എക്സസ് തുക നൽകാൻ നിലവിലെ ഉത്തരവനുസരിച്ച് അനുമതിയില്ലാത്തതിനാൽ ജില്ലാ ആസൂത്രണ സമിതി അംഗീകരിച്ചില്ല. അതിനാൽ ഓംബുഡ്സ്മാന്റെ ഉത്തരവനുസരിച്ച് തുക നൽകാൻ അനുമതി നൽകണമെന്നു സംബന്ധിച്ച്.

| ക്രമ നമ്പർ | പ്രവർത്തികളുടെ പേര് | നൽകാനുള്ള തുക |
|---|---|---|
| 1 | നീളം കുളം റോഡ് മെറ്റലിംഗ് | 22,073 രൂപ |
| 2 | ഉള്ളാംപുഴ- കണ്ണനൂര് റോഡ് മെറ്റലിംഗ് - ടാറിംഗ് | 21,370 രൂപ |
| 3 | താനിക്കുന്ന് കോളനി റോഡ് മെറ്റലിംഗ് - ടാറിംഗ് | 22,500 രൂപ |
| | **ആകെ** | **65,943 രൂപ** |

**തീരുമാനം :-**

**1)** 2014-15 ൽ ഇങ്ങനെ ടെണ്ടർ എക്സസ് നല്കാൻ അനുമതിയില്ലായിരുന്നു. ഈ തുക നൽകാമെന്ന് സെക്രട്ടറി ബഹു. ഓംബുഡ്സ്മാൻ മുമ്പാകെ മൊഴി നൽകിയ തിനാലാണ് തുക മൂന്നുമാസത്തിനകം നൽകാൻ ഉത്തരവാ യിരിക്കുന്നത്.

**2)** 2010-ലെ ഷെഡ്യൂൾ നിരക്ക് പുതുക്കാത്തതിനാൽ നിബന്ധനകളോടെ ടെണ്ടർ എക്സസ് നൽകാമെന്ന് 01.10.2011 ലെ 2284/11/തസ്വഭവ നമ്പർ പ്രകാരം സർക്കാർ ഉത്തരവായിരുന്നു. എന്നാൽ 13.02.2014 മുതൽ **DSR** തദ്ദേശഭരണസ്ഥാപനങ്ങളിൽ പ്രാബല്യത്തിലാക്കി. അതി നാൽ 01.10.2011 ലെ 2284/2011/തസ്വഭവ ഉത്തരവ് പ്രകാരമുള്ള ടെണ്ടർ എക്സസ് 2014-15 ലെ പ്രോജക്ടിനു നൽകാവുന്നതല്ല എന്ന് യോഗം വിലയിരുത്തി. അതിനാൽ ഓംബുഡ്സ്മാന്റെ മുമ്പാകെ സെക്രട്ടറി നൽകിയ മൊഴി പിശകാണ്. ഈ സാഹചര്യത്തിൽ ഓംബുഡ്സ്മാന്റെ ഉത്തരവിലൂടെ നൽകേണ്ടി വരുന്ന 65,943 രൂപ ബന്ധപ്പെട്ട സെക്രട്ടറിയുടെ വ്യക്തിപരമായ ബാധ്യതയാണ് എന്ന് യോഗം നിരീക്ഷിച്ചു. ഇതു വിശദമായി പരിശോധിച്ചു റിപ്പോർട്ട് നൽകാൻ തദ്ദേശസ്വയംഭരണവകുപ്പ് ചീഫ് എഞ്ചിനീയറെ ചുമതലപ്പെടുത്തി. റിപ്പോർട്ടിന്റെ അടിസ്ഥാന ത്തിൽ പിന്നീടു പരിഗണിക്കുന്നതാണ്.

**നടപടി:- 1) ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണവകുപ്പ്**
**തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

**4.65 <u>മുളിയാർ ഗ്രാമപഞ്ചായത്ത്</u>**

**കാസർകോഡ് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 20.12.2022 ലെ കത്തും മുളിയാർ ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 19.10.2022 ലെ 24/4-ാം നമ്പർ തീരുമാനവും (SRG 89/23 - CC/873/2022).**

**വിഷയം:-** ഗ്രാമപഞ്ചായത്തിലെ കെട്ടിടങ്ങളുടെ വിവര ശേഖരണം നടത്തുന്നതു സംബന്ധിച്ച്.

| പ്രോ.നം: 221/23 | അടങ്കൽ | 2,00,000/- രൂപ (തനത് ഫണ്ട്) |
|---|---|---|
| പേര് | കെട്ടിടങ്ങളുടെ വിവരശേഖരണം | |

ഗ്രാമപഞ്ചായത്തിലെ കെട്ടിട വിവരങ്ങളുടെ രജിസ്റ്റർ വളരെ മുമ്പ് തയ്യാറാക്കിയതാണ് പല കെട്ടിടങ്ങളും പുതുക്കി പണിയുകയോ തറ വിസ്തീർണ്ണം കൂട്ടുകയോ ചെയ്തിട്ടുണ്ട്. ഇത് പുതുക്കുന്നതിനും കെട്ടിട നമ്പർ ഇല്ലാത്ത കെട്ടിടങ്ങൾ കണ്ടു പിടിക്കുന്നതിനും എല്ലാ കെട്ടിടങ്ങളും അളന്നുതിട്ടപ്പെടുത്തി വിവരങ്ങൾ പരിഷ്കരിക്കുന്നതിനും ഭരണസമിതി തീരുമാനിച്ചിട്ടുണ്ട്. സിവിൽ ഡിപ്ലോമ യോഗ്യതയുള്ളവരിൽ നിന്ന് അപേക്ഷ ക്ഷണിച്ച് ആളുകളെ കണ്ടെത്തിയാണ് ഈ പ്രവൃത്തി ചെയ്യുന്നത്. ഒരു ദിവസം 25 കെട്ടിടം അളന്ന് വിവരങ്ങൾ ശേഖരിക്കുന്നതിനും ഒരു കെട്ടിടത്തിന് 50 രൂപ നിരക്കിൽ പ്രതിഫലം നൽകാനുമാണ് ഉദ്ദേശിക്കുന്നത്. ഇതു പ്രകാരം അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം :-** ഇതു സംബന്ധിച്ച് വകുപ്പുതലത്തിൽ ഉത്തരവായിട്ടുണ്ട്. ഈ ഉത്തരവിലെ മാർഗനിർദ്ദേശവും നിരക്കും പാലിച്ച് നടപടി സ്വീകരിക്കാൻ നിർദ്ദേശിക്കുന്നു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

**4.66 <u>പുലാമന്തോൾ ഗ്രാമപഞ്ചായത്ത്</u>**

**മലപ്പുറം ജില്ലാ പഞ്ചായത്ത് പ്ലാനിംഗ് ഓഫീസറുടെ 14.12.2022 ലെ കത്ത് (SRG 104/22- CC/870/22)**

**വിഷയം:-** പുലാമന്തോൾ ഹയർ സെക്കന്ററി സ്കൂളിലെ ലബോറട്ടറിയിൽ ഉപകരണങ്ങൾ വാങ്ങി നൽകുന്നത് സംബന്ധിച്ച്

പുലാമന്തോൾ ഹയർ സെക്കന്ററി സ്കൂളിൽ സർക്കാർ പുതിയതായി ലാബ് കെട്ടിടം നിർമ്മിച്ചിട്ടുണ്ട്. ഇവിടെ ലബോറട്ടറി സജ്ജീകരിക്കുന്നതിന് ഉപകരണങ്ങളും അനുബന്ധ സാമഗ്രികളും വാങ്ങി നൽകുന്നതിന് അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം :-** ഹയർ സെക്കന്ററി സ്കൂൾ ജില്ലാപഞ്ചായത്തിന്റെ ഉടമസ്ഥത യിലുള്ളതാണ്. അനുമതി നിരസിച്ചു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

**4.67 <u>പാണ്ടിക്കാട് ഗ്രാമപഞ്ചായത്ത്</u>**

**മലപ്പുറം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 14.12.2022 ലെ കത്ത് (SRG 105/23-CC/832/22)**

**വിഷയം:-** ഹരിതകർമ്മ സേനക്ക് മൊബൈൽ ഫോൺ വാങ്ങി നൽകുന്നതു സംബന്ധിച്ച്

| പ്രോ.നം: 23/23 | അടങ്കൽ | 15,00,550/- രൂപ (സി.എഫ്.സി റ്റൈഡ് ഗ്രാന്റ്) |
|---|---|---|
| പേര് | എക്സലന്റ് പാണ്ടിക്കാട് - മാലിന്യ സംസ്കരണ പദ്ധതി | |

പാണ്ടിക്കാട് ഗ്രാമപഞ്ചായത്ത് ഹരിത കർമ്മസേനയുടെ പ്രവർത്തനം കൂടുതൽ വിപുലീകരിക്കുന്നതിന്റെ ഭാഗമായി ഹൈടെക് ആക്കുന്നതിന്റേയും QR Code രീതികൊണ്ടു വരുന്നതിന്റേയും ഭാഗമായി ഹരിത കർമ്മസേനാംഗങ്ങൾക്ക് മൊബൈൽ ഫോൺ വാങ്ങി നൽകുന്നതിന് അനുമതി സംബന്ധിച്ച്.

**തീരുമാനം :-** അനുമതി നിരസിച്ചു. എന്നാൽ സംഭാവന, ഹരിത കർമ്മസേനയുടെ സ്വന്തം ഫണ്ട് എന്നിവ ഉപയോഗിച്ചു വാങ്ങാവുന്നതാണ്.

**നടപടി:- തദ്ദേശസ്വയംഭരണ (ഡബ്ളിയു.എം) വകുപ്പ്**

4.68 <u>പൊന്നാനി ബ്ലോക്ക് പഞ്ചായത്ത്</u>

**മലപ്പുറം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 04.11.2022-ലെ കത്തും കോഓർഡിനേഷൻ കമ്മിറ്റിയുടെ 09.01.23 ലെ യോഗ തീരുമാനവും ഖണ്ഡിക 4.15 (SRG 1257/22 - CC/707/22)**

**വിഷയം:-** പട്ടികജാതി വിഭാഗത്തിലുള്ള കുടുംബങ്ങൾക്ക് സ്മാർട്ട് അടുക്കള പണിയാൻ അനുമതി സംബന്ധിച്ച്.

| *പ്രോ.നം: 36/23* | ***അടങ്കൽ*** | *18,00,000 രൂപ (എസ്.സി.പി)* |
|---|---|---|
| ***പേര്*** | ***പട്ടികജാതി കുടുംബത്തിന് സ്മാർട്ട് അടുക്കള*** | |

പട്ടികജാതി വിഭാഗങ്ങളിലെ അടുക്കള മെച്ചപ്പെടുത്തുന്നതിനാണ് പ്രോജക്ട്. നിലവിലെ അടുക്കള പ്ലാസ്റ്ററിംഗ് ചെയ്തിട്ടില്ലെങ്കിൽ ടൈൽ ഇടുക, ഫാബ്രിക്കേഷൻ വർക്കുകൾ, സ്ലാബ് ഇട്ട് സിങ്ക് സ്ഥാപിക്കുക, ബേസിൻ, പുകയില്ലാത്ത അടുപ്പ് എന്നിവയാണ് പ്രവർത്തനം. ആകെ 60,000 രൂപയാണ് നൽകാൻ ഉദ്ദേശിക്കുന്നത്. ആദ്യ ഗഡുവായി 30,000 രൂപയും ബാക്കി തുക അസ്സിസ്റ്റന്റ് എഞ്ചിനീയറുടെ വാല്യുവേഷൻ പ്രകാരവും നൽകും. നൂതന പ്രോജക്ടുകൾക്ക് വേണ്ടിയുള്ള ജില്ലാതല കമ്മിറ്റി ഇതിന് അനുമതി നിരസിച്ചു. പ്രത്യേക അനുമതി നൽകണമെന്നതു സംബന്ധിച്ച്. ഇത് കോഓർഡിനേഷൻ കമ്മിറ്റിയുടെ 09.01.2023 ലെ യോഗത്തിൽ പരിഗണിച്ചതാണ്. വനിതാ ശിശു വികസന ഡയറക്ടറുടെ കൂടി അഭിപ്രായമാരാഞ്ഞ് പിന്നീട് പരിഗണിക്കുവാൻ മാറ്റിവച്ച വിഷയം.

**തീരുമാനം :-** ഇന്നത്തെ യോഗത്തിലും വനിതാ ശിശു വികസന ഡയറക്ടർ പങ്കെടുത്തില്ല. വർഷാവസാനം ആയതിനാൽ ഇനി പരിഗണിക്കേണ്ടതില്ല എന്നു തീരുമാനിച്ചു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

**4.69 <u>പള്ളിപ്പാട് ഗ്രാമപഞ്ചായത്ത്</u>**

**ആലപ്പുഴ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 05.01.2023 ലെ കത്തും (SRG 209/23, CC/959/22)**

**വിഷയം:-** പ്ലസ് ടു വരെയുള്ള കുട്ടികൾക്ക് കരാട്ടെ പരിശീലനം നൽകുന്നത് സംബന്ധിച്ച്.

| *പ്രോ.നം: 34/23* | ***അടങ്കൽ*** | *1,00,000/- രൂപ (വികസനഫണ്ട്)* |
|---|---|---|
| ***പേര്*** | **ബാലസൗഹൃദ പഞ്ചായത്ത് രൂപീകരണം** | |

കുട്ടികൾക്ക് മെച്ചപ്പെട്ട ശാരീരിക മാനസിക ആരോഗ്യം ലക്ഷ്യമിട്ടാണ് ഗ്രാമപഞ്ചായത്ത് ബാലസൗഹൃദ പഞ്ചായത്ത് രൂപീകരണം എന്ന പ്രോജക്ട് ഏറ്റെടുത്തിരിക്കുന്നത്. പ്ലസ് ടു വരെയുള്ള കുട്ടികൾക്ക് കരാട്ടെ പരിശീലനമാണ് ഉദ്ദേശിക്കുന്നത്. തെരഞ്ഞെടുത്ത 195 വിദ്യാർഥി വിദ്യാർത്ഥിനികൾക്ക് ശ്രീ.വി. രാജേഷ് എന്ന ആൾ കാരാട്ടെ പരിശീലിപ്പിച്ചു. ഒരു കുട്ടിക്ക് പ്രതിമാസം 300 രൂപ നിരക്കിലോ സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ നിർദ്ദേശിച്ചിട്ടുള്ള പ്രതിമാസ വേതനമോ (കേരള സ്പോർട്സ് കൗൺസിലിൽ കരാർ അടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന കരാട്ടെ പരിശീലകന് പ്രതിമാസം 23,565 രൂപയാണ് വേതനം) നൽകാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്

**തീരുമാനം :-** യോഗത്തിൽ കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ സെക്രട്ടറി പങ്കെടുത്തില്ല എന്നതിനാൽ ഇതിന്മേൽ അഭിപ്രായമാരായാൻ കഴിഞ്ഞില്ല. എസ്.ആർ.ജി. ചെയർമാൻ സ്പോർട്സ് കൗൺസിൽ

സെക്രട്ടറിയുമായി ചർച്ച ചെയ്ത് ഇതു സംബന്ധിച്ച അഭിപ്രായം തേടേണ്ടതാണ്. അടുത്ത യോഗത്തിൽ പരിഗണിക്കുന്ന താണ്.

**നടപടി:- 1) സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്**
**2)തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

4.70 **<u>തവിഞ്ഞാൽ ഗ്രാമപഞ്ചായത്ത്</u>**

**വയനാട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 13.12.2022 ലെ കത്തും തവിഞ്ഞാൽ ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 1(3)-ാം നമ്പർ തീരുമാനവും (SRG 109/23)**

**വിഷയം:-** കൗമാരക്കാരായ പെൺകുട്ടികൾക്ക് കരാട്ടെ പരിശീലനം നൽകുന്നതു സംബന്ധിച്ച്.

| | | |
|---|---|---|
| *പ്രോ.നം: 167/23* | *അടങ്കൽ* | *1,50,000 രൂപ (വികസനഫണ്ട് ജനറൽ)* |
| *പേര്* | *കൗമാരക്കാരായ പെൺകുട്ടികൾക്ക് സ്വയ രക്ഷയ്ക്ക് കരാട്ടെ പരിശീലനം നൽകൽ* | |

കൗമാരപ്രായക്കാരായ പെൺകുട്ടികൾക്ക് കരാട്ടെ പരിശീലനം നൽകുന്നതിന് പ്രോജക്ട് എടുത്തിട്ടുണ്ട്. ഇതിനായി പരിശീലകരെ നിയോഗിക്കേണ്ടതുണ്ട്. കരാട്ടെ പരിശീലനം നൽകാൻ മാർഗ്ഗരേഖയിൽ അനുമതിയുണ്ടെങ്കിലും പരിശീലകന്റെ നിയമനം, നൽകാവുന്ന പ്രതിഫലം എത്രയാണ് എന്നതു സംബന്ധിച്ച് മാർഗ്ഗരേഖയിൽ പ്രതിപാദിച്ചിട്ടില്ല. അതിനാൽ ഇവർക്കു നൽകാവുന്ന പ്രതിഫലം എത്രയെന്ന് നിശ്ചയിച്ച നൽകണമെന്നാവശ്യം സംബന്ധിച്ച്

**തീരുമാനം** അടുത്ത കോഓർഡിനേഷൻ കമ്മിറ്റിയിൽ പരിഗണിക്കുന്നതാണ്.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

4.71 **<u>തുണേരി ബ്ലോക്ക് പഞ്ചായത്ത്</u>**

**കോഴിക്കോട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 09.12.2022-ലെ കത്തും തുണേരി ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതിയുടെ 19.09.2022-ലെ 2(3)-ാം നമ്പർ തീരുമാനവും (SRG 115/2023 - CC /760/2022)**

**വിഷയം:-** SGSYയിൽ ചെലവഴിക്കാത്ത തുക കൂടി ഉപയോഗിച്ച് വനിതാ ഗ്രൂപ്പുകൾക്ക് തൊഴിൽ സംരംഭം ആരംഭിക്കുന്നതു സംബന്ധിച്ച്

| | | |
|---|---|---|
| *പ്രോ.നം: 83/23* | *അടങ്കൽ* | *78,60,000/- രൂപ (വികസന ഫണ്ട് ജനറൽ - 18,50,000 രൂപ)* |
| | | *ബാങ്ക് ലോൺ - 45,00,000/- രൂപ* |
| | | *CSS സേവിംഗ്സ് തുക - 15,10,000 രൂപ )* |
| *പേര്* | *വനിതാ ഗ്രൂപ്പകൾക്ക് തൊഴിൽ സംരംഭം* | |

വനിതാ ഗ്രൂപ്പുകൾക്ക് തൊഴിൽ സംരംഭം തുടങ്ങാനുള്ളതാണ് പ്രോജക്ട്. 2012-13-ൽ ബ്ലോക്ക് പഞ്ചായത്തിന് ലഭിച്ച **SGSY (swarnajayanti gram swarozgar yojana)** വിഹിതത്തിൽ ബാങ്ക് അക്കൗണ്ടിൽ 15.10 ലക്ഷം രൂപ പലിശയും കൂടി ചേർത്ത് ബാക്കിയുണ്ട്. വനിതാ സംരംഭം തുടങ്ങുന്നതിനുള്ള ഈ പ്രോജക്ടിൽ ബാങ്കിലെ മിച്ചമുള്ള തുക കൂടി ചേർത്തിട്ടുണ്ട്. ഈ പ്രോജക്ട് നടപ്പാക്കാൻ അനുമതിനൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം :-** തൊഴിൽ സൃഷ്ടിക്കുന്നതിനുവേണ്ടി ലഭിച്ച കേന്ദ്ര വിഹിതത്തിലെ മിച്ചമുള്ള തുക അതേ ആവശ്യത്തിനു തന്നെ (തൊഴിൽ സംരംഭം) ഉപയോഗിക്കാനായതിനാൽ അനുമതി നൽകുന്നു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.ഡി) വകുപ്പ്**

4.72 <u>പട്ടണക്കാട് ഗ്രാമപഞ്ചായത്ത്</u>

**ബഹു. കൃഷിവകുപ്പ് മന്ത്രിയുടെ 16.01.2023 ലെ 100/CTL/MC** Asil / 23-ാം **നമ്പർ കത്തും – പട്ടണക്കാട് ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 11.01.2022-ലെ SC2 – 2447/22-ാം നമ്പർ കത്തും പട്ടണക്കാട് ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 29.10.2022-ലെ 1(6)-ാം നമ്പർ തീരുമാനവും (SRG 181/2023)**

**വിഷയം:-** പൊതു വിഭാഗത്തിൽപ്പെട്ടവർക്കു കുടിവെള്ള ടാങ്ക് നൽകുന്നത് സംബന്ധിച്ച്

| | | |
|---|---|---|
| *പ്രോ.നം: 8/23* | *അടങ്കൽ* | *53,20,000/- രൂപ<br>(CFC Tied Grant – 37,09,500 രൂപ)* |
| | | *തനത് ഫണ്ട് – 14,500 രൂപ* |
| | | *ഗുണഭോക്തൃ വിഹിതം 15,96,000 രൂപ* |
| *പേര്* | *PVC ടാങ്ക് വാങ്ങി നൽകൽ – ജനറൽ* | |

പൊതു വിഭാഗത്തിൽപ്പെട്ടവർക്ക് കുടിവെള്ള ടാങ്ക് വാങ്ങി നൽകുന്നതിനുള്ള പ്രോജക്ടിന് അനുമതി നൽകണമെന്നതു സംബന്ധിച്ച്

**തീരുമാനം :-** അനുമതി നിരസിച്ചു. മാർഗ്ഗരേഖ പ്രകാരം SC/ST വിഭാഗത്തിനാണ് കുടിവെള്ള ടാങ്ക് നൽകാവുന്നത് എന്ന് നിർദ്ദേശിക്കുന്നു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

4.73 <u>മണീട് ഗ്രാമപഞ്ചായത്ത്</u>

**എറണാകുളം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 26.12.2022 ലെ കത്ത് (SRG 123/23** – CC/893/2022**)**

**വിഷയം:-** പരമ്പരാഗത തൊഴിലാളികൾക്ക് ഈറ്റ വാങ്ങി നൽകുന്നതു സംബന്ധിച്ച്

| | | |
|---|---|---|
| *പ്രോ.നം: 76/23* | *അടങ്കൽ* | *1,00,000/- രൂപ* |
| | *എസ്.സി.പി* | *90,000 രൂപ* |
| | *തനത് ഫണ്ട്* | *10,000 രൂപ* |
| *പേര്* | *ഈറ്റവിതരണം – വനിത* | |

പട്ടികജാതി വിഭാഗത്തിൽപ്പെട്ട പരമ്പരാഗത ഈറ്റ നെയ്ത്ത് തൊഴിലാളികൾക്ക് ബാംബു കോർപ്പറേഷനിൽ നിന്ന് ഈറ്റ വാങ്ങി നൽകുന്നതിനാണ് പ്രോജക്ട്. ഒരാൾക്ക് 5000 രൂപയുടെ ഈറ്റയാണ് വാങ്ങി നൽകുന്നത്. മാർഗ്ഗരേഖ പ്രകാരം 25 ശതമാനം ഗുണഭോക്തൃ വിഹിതം വേണം. ഇതൊഴിവാക്കി ഈറ്റ വാങ്ങി നൽകാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്

**തീരുമാനം :-** തീർത്തും പിന്നോക്കം നിൽക്കുന്ന പരമ്പരാഗത ഈറ്റ നെയ്ത്തു തൊഴിലാളികളാണ് എന്നത് പരിഗണിച്ച് അനുമതി നൽകുന്നു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

4.74 <u>കോതമംഗലം ബ്ലോക്ക് പഞ്ചായത്ത്</u>

**എറണാകുളം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 26.12.2022 24.12.2022 എന്നീ തീയതികളിലെ കത്തുകൾ (2 എണ്ണം) (SRG 118/23)**

**വിഷയം:-** ഇറിഗേഷൻ വകുപ്പിന്റെ സ്ഥലത്ത് വനിത വിപണന കേന്ദ്രം നിർമ്മിക്കുന്നതു സംബന്ധിച്ച്.

| | | |
|---|---|---|
| *പ്രോ.നം: 86/23* | ***അടങ്കൽ*** | *12,00,000/- രൂപ (വികസനഫണ്ട് ജനറൽ)* |
| ***പേര്*** | ***പിണ്ടിമന വാർഡ് 2 വനിതാ വിപണന കേന്ദ്ര നിർമ്മാണം*** | |

ബ്ലോക്ക് പഞ്ചായത്തിന്റെ ഈ വർഷത്തെ പദ്ധതിയിൽ പിണ്ടിമന ഗ്രാമപഞ്ചായത്ത് രണ്ടാം വാർഡിൽ വനിതാ വിപണനകേന്ദ്രം നിർമ്മിക്കുന്നതിന് പ്രോജക്ട് ഏറ്റെടുത്തിട്ടുണ്ട്. ജലസേചന വകുപ്പിന്റെ ഉടമസ്ഥതയിലുള്ള 10 സെന്റ് സ്ഥലത്താണ് വിപണന കേന്ദ്രം നിർമ്മിക്കുന്നത്. ജലസേചന വകുപ്പിന്റെ ഉടമസ്ഥതയിൽ തന്നെ സ്ഥലം നിലനിർത്തികൊണ്ട് കെട്ടിടം നിർമ്മിക്കാൻ വകുപ്പ് അനുമതി നൽകിയിട്ടുണ്ട്. ഈ സ്ഥലത്ത് വിപണനകേന്ദ്രം നിർമ്മിക്കാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്

**തീരുമാനം :-** ഇതു സംബന്ധിച്ച് ഇറിഗേഷൻ വകുപ്പുമായി കരാറിലേർപ്പെടണമെന്ന നിബന്ധനയോടെ അനുമതി നൽകുന്നു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

**4.75 <u>കാട്ടൂർ ഗ്രാമപഞ്ചായത്ത്</u>**

**തൃശ്ശൂർ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 27.12.2022-ലെ കത്ത് (SRG 158/2023 - CC/784/2022)**

**വിഷയം:-** കാട്ടൂർ മാർക്കറ്റിലെ മാലിന്യ സംസ്കരണ സംവിധാനത്തിന്റെ നിർമ്മാണ ചെലവ് നൽകുന്നത് സംബന്ധിച്ച്

| | | |
|---|---|---|
| *പ്രോ.നം: 35/23* | ***അടങ്കൽ*** | *3,15,000 രൂപ* |
| | | *CFC Tied Grant- 82,800 രൂപ* |
| | | *CSS വിഹിതം - 2,20,500 രൂപ )* |
| | | *തനത് ഫണ്ട് - 11,700 രൂപ* |
| ***പേര്*** | ***ODF പ്ലസ് - കാട്ടൂർ മാർക്കറ്റിൽ മാലിന്യ സംസ്കരണ സംവിധാനം ഏർപ്പെടുത്തൽ*** | |

കാട്ടൂർ മാർക്കറ്റിൽ മാലിന്യ സംസ്കരണ സംവിധാനം ഏർപ്പെടുത്തുന്നതിന് കഴിഞ്ഞ വർഷം പ്രോജക്ട് ഏറ്റെടുത്തിരുന്നു. ഇതിനായി തൃശ്ശൂർ സോഷ്യോ ഇക്കണോമിക് യൂണിറ്റ് ഫൗണ്ടേഷൻ എന്ന സ്ഥാപനത്തെ ഗ്രാമപഞ്ചായത്ത് തെരഞ്ഞെടുക്കുകയും ഈ സ്ഥാപനവുമായി 24.02.2022-ൽ എഗ്രിമെന്റ് വച്ച് 12.05.2022 ൽ പ്രവൃത്തി പൂർത്തിയാക്കുകയും ചെയ്തു. എന്നാൽ എഗ്രിമെന്റ് വയ്ക്കുന്നതിന് മുമ്പ് 16.02.2022-ൽ ഈ ഏജൻസിയുടെ അക്രഡിറ്റേഷൻ കാലാവധി കഴിഞ്ഞു. പിന്നീട് 16.08.2022-ൽ ഈ സ്ഥാപനത്തിന് സർക്കാർ അക്രഡിറ്റേഷൻ പുതുക്കി നൽകി. അക്രഡിറ്റേഷൻ ഇല്ലാതിരുന്ന കാലയളവിൽ നടപ്പാക്കിയ പ്രോജക്ടായതിനാൽ ബിൽ തുക നൽകാൻ പ്രത്യേക അനുമതി നൽകണമെന്നതു സംബന്ധിച്ച്

**തീരുമാനം :-** അനുമതി നൽകുന്നു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡബ്ളിയു.എം) വകുപ്പ്**

**4.76 <u>അരീക്കോട് ബ്ലോക്ക് പഞ്ചായത്ത്</u>**

**മലപ്പുറം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 27.12.2022-ലെ കത്ത് (SRG 116/2023 - CC/922/2022)**

**വിഷയം:-** അരീക്കോട് ബ്ലോക്ക് പഞ്ചായത്തിന് സ്പിൽഓവർ പ്രോജക്ടുകൾക്ക് ലഭിച്ച അധിക വിഹിതമുപയോഗിച്ച് പുതിയ പ്രോജക്ടുകൾ തയ്യാറാക്കുന്നതു സംബന്ധിച്ച്

ആരീക്കോട് ബ്ലോക്ക് പഞ്ചായത്തിന് 2021-22 വർഷത്തെ സ്പിൽഓവർ പ്രോജക്ടുകൾക്ക് ലഭിച്ച ക്യാരിഓവർ വിഹിതം താഴെപ്പറയും പ്രകാരമാണ്.

| | | |
|---|---|---|
| വികസനഫണ്ട് (ജനറൽ) | – | 18,26,417 രൂപ |
| എസ്.സി.പി | – | 21,85,648 രൂപ |
| റ്റി.എസ്.പി | – | 2,92,000 രൂപ |
| മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ് ) | – | 2,02,022 രൂപ |

ഈ തുക ഉപയോഗിച്ച് ബ്ലോക്ക് പഞ്ചായത്ത് 2022-23 വർഷാരംഭത്തിൽ പ്രോജക്ട തയ്യാറാക്കിയിരുന്നില്ല. എങ്കിലും കഴിഞ്ഞ വർഷത്തെ സ്പിൽഓവർ പ്രോജക്ടുകൾക്ക് ഈ വർഷത്തെ വിഹിതമുപയോഗിച്ച് ബിൽ തുക നൽകിയിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്. മുകളിൽ പറഞ്ഞ തുക ഉപയോഗിച്ച് താഴെപ്പറയുന്ന പ്രോജക്ട് തയ്യാറാക്കാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

(i) വികസന ഫണ്ട് (ജനറൽ) വിഹിതമായ 18,26,417 രൂപ ഉപയോഗിച്ച് ബ്ലോക്ക് പഞ്ചായത്ത് ഓഫീസിൽ ഓഡിറ്റോറിയം നിർമ്മിക്കാൻ അനുമതി
(ii) എസ്.സി.പി വിഹിതമായ 21,85,648 രൂപ ലൈഫ് ഭവന പദ്ധതിയിൽ ഗ്രാമപഞ്ചായത്തിനു വിഹിതം നൽകാൻ അനുമതി.
(iii) റ്റി.എസ്.പി. വഹിതമായ 2,92,000 രൂപ ഉപയോഗിച്ച് ആമപ്പെട്ടി പന്നിയാമല എസ്.റ്റി. കോളനി റോഡ് നിർമ്മിക്കാൻ (പൂർത്തീകരണം) അനുമതി.
(iv) മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ് ) വിഹിതമായ 2,02,022 രൂപ ഉപയോഗിച്ച് ബ്ലോക്ക് പഞ്ചായത്തിന്റെ നവീകരണത്തിന് ഉപയോഗിക്കാൻ അനുമതി.

**തീരുമാനം :-** പ്രോജക്ടുകൾ മാർഗ്ഗരേഖ പ്രകാരം അനുവദനീയമായിരിക്കണമെന്ന നിബന്ധനയോടെ അനുമതി നൽകുന്നു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

4.77 <u>പെരുമ്പടപ്പ് ബ്ലോക്ക് പഞ്ചായത്ത്</u>

**മലപ്പുറം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 01.02.2023 ലെ കത്തും പെരുമ്പടപ്പ് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ കത്തും (SRG 298/2023- CC/801/22)**

**വിഷയം:-** കുടിവെള്ള പദ്ധതിയ്ക്കായി KWA യിൽ ഡിപ്പോസിറ്റ് ചെയ്ത തുക തിരികെ കിട്ടിയത് നാട്ടുകല്ലിംഗൽ എസ്.സി കോളനി സമഗ്ര വികസനത്തിനു പയോഗിക്കുന്നതു സംബന്ധിച്ച്

| *പ്രോ.നം: 124/23* | *അടങ്കൽ* | *27,15,836/- രൂപ (എസ്.സി.പി ഫണ്ട് തിരികെ ലഭിച്ചത് )* |
|---|---|---|
| *പേര്* | *നാട്ടുകല്ലിംഗൽ എസ്.സി കോളനി സമഗ്ര വികസനം* | |

പെരുമ്പടപ്പ് ബ്ലോക്ക് പഞ്ചായത്ത് 2015-16 ൽ 27,15,836 രൂപ നന്നമുക്ക് ഗ്രാമപഞ്ചായത്തിലെ കോട്ടക്കുന്ന് കുടിവെള്ളം പദ്ധതിയ്ക്കായി KWAയിൽ ഡിപ്പോസിറ്റ് ചെയ്തിരുന്നു. ഇവിടെ ജലലഭ്യത ഇല്ല എന്നതിനാൽ ഈ തുക ബ്ലോക്ക് പഞ്ചായത്തിന് 03.08.2022 ന് തിരികെ നൽകി. ഈ തുക ഉപയോഗിച്ച് പെരുമ്പടപ്പ് ബ്ലോക്ക് പഞ്ചായത്തു പ്രദേശത്തെ ആലങ്കോട് ഗ്രാമപഞ്ചായത്തിലെ നാട്ടുകല്ലിംഗൽ എസ്.സി കോളനിയുടെ സമഗ്രവികസനത്തിനു പ്രോജക്ട് തയ്യാറാക്കിയിരുന്നു. താഴെ പറയുന്നവയാണ് പ്രധാന പ്രവർത്തനം.

I. ഇടവഴികളുടെ നവീകരണം 12.00 ലക്ഷം രൂപ
II. പൊതുകിണറുകളുടെ നവീകരണം 4.00 ലക്ഷം രൂപ
III. മിനിമാസ്റ്റ് ലൈറ്റ് 4.00 ലക്ഷം രൂപ

IV. പ്രധാന റോഡിന്റെ നവീകരണം 5.00 ലക്ഷം രൂപ
V. അതിർത്തി കല്ലുവെട്ടി സംരക്ഷിക്കൽ 2.00 ലക്ഷം രൂപ

**തീരുമാനം :-** **1)** കുടിവെള്ള ആവശ്യത്തിന് മാത്രമായിട്ടുള്ള പ്രോജക്ടുകൾക്ക് ഈ തുക ഉപയോഗിക്കാൻ അനുമതി നൽകുന്നു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്**

**4.78 <u>ചാലക്കുടി നഗരസഭ</u>**

**ചാലക്കുടി നഗരസഭാ ചെയർമാന്റെ 20.01.2022, 06.02.2023 എന്നീ തീയതികളിലെ R312195/22-ാം നമ്പർ കത്തുകളും അനുബന്ധരേഖകളും കോഓർഡിനേഷൻ കമ്മിറ്റിയുടെ 19.12.2022-ലെ (ഖണ്ഡിക 4.67) യോഗ തീരുമാനവും (SRG 269/23)**

**വിഷയം:-** ചാലക്കുടി നഗരസഭ വസ്തു ആർജ്ജിക്കൽ നിയമപ്രകാരം ഏറ്റെടുത്ത ഭൂമിയുടെ ബാധ്യത തീർക്കുന്നത് സംബന്ധിച്ച്

ചാലക്കുടി നഗരസഭ 2010 ൽ വസ്തു ആർജ്ജിക്കൽ നിയമ പ്രകാരം 3.07 ഏക്കർ ഭൂമി സ്റ്റേഡിയം നിർമ്മിക്കുന്നതിനായി ഏറ്റെടുത്തിരുന്നു. ഇതിന്റെ വില ഭൂമിയുടെ ഉടമകൾക്ക് നൽകിയിരുന്നില്ല. ഇതു സംബന്ധിച്ച് ഭൂഉടമകൾ ഭൂമിയുടെ വില ലഭിക്കുന്നതിന് ബഹു.ഇരിങ്ങാലക്കുട അഡീഷണൽ സബ്കോടതിയിൽ കേസ് ഫയൽ ചെയ്തിരുന്നു. ഇതനുസരിച്ച് 12,44,50,590 രൂപ വസ്തുവിന്റെ വിലയും 15 ശതമാനം പലിശയും നൽകാൻ ബഹു.കോടതി ഉത്തരവായി. 13.03.2018 ലെ 672/2018/തസ്വഭവ നമ്പർ സർക്കാർ ഉത്തരവു പ്രകാരം 3,40,47,185 രൂപയും 14.08.2019 ലെ 1756/2019/തസ്വഭവ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം 2.00 കോടി രൂപയും ഭൂഉടമകൾക്കു നൽകി. 2022 മാർച്ച് വരെയുള്ള 11,24,60,983 രൂപ പലിശയും ചേർത്ത് ഇനിയും 23,69,11,573 രൂപ കൂടി നൽകാനുണ്ട്.

ഈ സാഹചര്യത്തിൽ താഴെ പറയുന്ന രണ്ടു കാര്യങ്ങളിൽ സർക്കാർ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

1. ഭൂഉടമകൾക്ക് 15 ശതമാനം പലിശ നൽകണമെന്നാണ് കോടതി ഉത്തരവായിരിക്കുന്നത്. എന്നാൽ HDFC ബാങ്ക് 7.1 ശതമാനം പലിശയ്ക്ക് മുനിസിപ്പാലിറ്റിക്ക് വായ്പ നൽകാമെന്നറിയിച്ചിട്ടുണ്ട്. നഗരസഭയുടെ ആസ്തികൾ ഈടു നൽകി HDFC ബാങ്കിൽ നിന്ന് വായ്പയെടുത്ത് സ്ഥലം ആർജ്ജിച്ചതിലുള്ള ബാധ്യത കൊടുത്തു തീർക്കാൻ അനുമതി.
2. വായ്പ തിരിച്ചടവിനു നഗരസഭയുടെ തനതുഫണ്ടിനു പുറമെ നഗരസഭയുടെ പൊതു ആവശ്യഫണ്ട്, വികസനഫണ്ട്, ധനകാര്യ കമ്മീഷൻ ഗ്രാന്റ് എന്നീ വിഹിതവും ഉപയോഗിക്കാൻ അനുമതി.

ഈ വിഷയം കോഓർഡിനേഷൻ കമ്മിറ്റിയുടെ 19.02.2022-ലെ യോഗം പരിശോധിക്കുകയും താഴെപ്പറയുന്ന തീരുമാനമെടുക്കുകയും ചെയ്തു.

**<u>19.02.2022 ലെ തീരുമാനം</u>**:- 1) സർക്കാരിന്റെ 10.12.2022-ലെ 3070/2022/തസ്വഭവ ഉത്തരവ്പ്രകാരം മുകളിൽ പറഞ്ഞ ആവശ്യത്തിന്മേൽ ധനകാര്യ സ്ഥാപനങ്ങളിൽ നിന്ന് വായ്പയെടുക്കാൻ അനുമതി നൽകിയിട്ടുണ്ട്.

2) നഗരസഭ എടുക്കാനുദ്ദേശിക്കുന്ന വായ്പ തുക എത്രയാണ്, എത്ര വർഷത്തേ ക്കാണ് തിരിച്ചടവുള്ളത് എന്നതടക്കമുള്ള വിശദാംശങ്ങളൊന്നും നൽകിയിട്ടില്ല. നഗരസഭയുടെ തനതുഫണ്ടു ലഭ്യത എത്രയാണ്, വികസന ഫണ്ട് / ധനകാര്യ കമ്മീഷൻ ഗ്രാന്റ് എന്നിവയിൽ നിന്ന് എത്ര രൂപയാണ് ലോൺ/ബാധ്യത തിരിച്ചടവിനുപയോഗിക്കാൻ ഉദ്ദേശിക്കുന്നത് തുടങ്ങിയ വിവരങ്ങളും നൽകിയിട്ടില്ല. ഇവ നൽകുന്ന മുറയ്ക്ക് വായ്പ തിരിച്ചടവിന് വികസന ഫണ്ട്, ധനകാര്യകമ്മീഷൻ ഗ്രാന്റ് ഉപയോഗിക്കാനുള്ള അനുമതിയും ഓരോ വർഷവും എത്ര രൂപ വീതം

ഈ വിഹിതത്തിൽ നിന്ന് ഉപയോഗിക്കാം എന്നതും സംബന്ധിച്ച പിന്നീട് പരിഗണിക്കാൻ തീരുമാനിച്ചു.

3) സ്റ്റേഡിയത്തിനുവേണ്ടി വസ്തു ആർജ്ജിക്കൽ നിയമ പ്രകാരം സ്ഥലം ഏറ്റെടുത്തതു സംബന്ധിച്ച വിഷയങ്ങൾ വിശദമായി വകുപ്പുതലത്തിൽ പരിശോധിക്കാൻ നിർദ്ദേശിച്ചു.

കോഓർഡിനേഷൻ കമ്മിറ്റി തീരുമാനപ്രകാരം താഴെപ്പറയുന്ന വിവരങ്ങൾ ചാലക്കുടി നഗരസഭ നൽകിയിട്ടുണ്ട്.

പുതുക്കിയ കണക്കനുസരിച്ച് 31.01.2023 വരെ 27.5 കോടി രൂപ ഭൂഉടമകൾക്ക് നൽകണം. 7 മുതൽ 10 വർഷക്കാലയളവിലേയ്ക്ക് നിലവിൽ നഗരസഭയ്ക്ക് ബാദ്ധ്യതയായിട്ടുള്ള 27.5 കോടി രൂപ വായ്പ എടുക്കുന്നതിനും വായ്പയുടെ ഈടായി ഇൻഡോർ സ്റ്റേഡിയം സ്ഥിതി ചെയ്യുന്ന സ്ഥലം നൽകുന്നതിനും കൂടുതൽ ഈട് ആവശ്യമെങ്കിൽ ടൗൺഹാൾ സ്ഥിതി ചെയ്യുന്ന സ്ഥലം, നോർത്ത് ബസ് സ്റ്റാന്റ് സ്ഥിതി ചെയ്യുന്ന സ്ഥലം എന്നിവ കൂടി നൽകുന്നതിനും നഗരസഭ തീരുമാനിച്ചിട്ടുണ്ട്. പലിശ നിരക്ക് 8 മുതൽ 8.50 ശതമാനമാണ്. വികസനഫണ്ട്, ധനകാര്യ കമ്മീഷൻ ഗ്രാന്റ് എന്നിവയിൽ നിന്നും വായ്പാ തിരിച്ചടവ് നടത്തുന്നതിന് യഥേഷ്ടാനുമതി നൽകണമെന്ന ആവശ്യം സംബന്ധിച്ച്

2022-23-ലെ നഗരസഭയുടെ തനത് ഫണ്ട് ലഭ്യത 9 കോടി രൂപയാണ്. 2022-23 വർഷത്തിൽ നഗരസഭക്ക് ലഭിച്ചിട്ടുള്ള പൊതു ആവശ്യഫണ്ട്, വികസനഫണ്ട്, ധനകാര്യ കമ്മീഷൻ ഗ്രാന്റ് സംബന്ധിച്ചുള്ള വിശദാംശങ്ങൾ താഴെപ്പറയും പ്രകാരമാണ്.

| Sl.No | Type of Fund | Amount |
|---|---|---|
| 1 | General Fund | |
| 1 | Normal Share | 5,75,74,000 |
| 2 | FC Fund Basic | 1,72,32,000 |
| 3 | FC Fund Tied | 2,58,48,000 |
| 4 | SCP Fund | 1,61,90,000 |
| | Sub Total (1) | **11,68,44,000** |
| II | Maintenance Grant | |
| 1 | Road | 5,52,79,000 |
| 2 | Non Road | 1,65,82,000 |
| | Sub Total (II) | 7,18,61,000 |
| | **Grand Total (Sub Total I+II** | **18,87,05,000** |

**തീരുമാനം :-** ഇതിന്മേൽ വകുപ്പുതലത്തിൽ തീരുമാനമെടുക്കാൻ നിർദ്ദേശിക്കുന്നു.

**നടപടി:- തദ്ദേശസ്വയംഭരണ (ആർ.ഇ) വകുപ്പ്**

**4.79 <u>തൂണേരി ബ്ലോക്ക് പഞ്ചായത്ത്</u>**

**കോഴിക്കോട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 09.02.2023 ലെ കത്തും തൂണേരി ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതിയുടെ 19.09.2022 ലെ 2(1)-ാം നമ്പർ തീരുമാനവും (SRG 289/2023- CC/880/22)**

**വിഷയം:-** BSF കേന്ദ്രത്തിൽ കുളം നിർമ്മിക്കുന്നതു സംബന്ധിച്ച്

| പ്രോ.നം: 166/23 | അടങ്കൽ | 3,00,000/- രൂപ<br>(വികസനഫണ്ട് ജനറൽ ) |
|---|---|---|
| പേര് | BSF **കേന്ദ്രം - കുളം നിർമ്മാണം ചെക്യാട്** | |

തൂണേരി ബ്ലോക്ക് പഞ്ചായത്തിൽ ചെക്യാട് ഗ്രാമപഞ്ചായത്തിൽ BSF കേന്ദ്രം ഉണ്ട്. റവന്യൂ വകുപ്പ് പാട്ടത്തിനു നൽകിയ സ്ഥലത്താണ് ഇത് പ്രവർത്തിക്കുന്നത്. ബ്ലോക്കു പഞ്ചായത്തിന്റെ വിഹിതവും മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പപദ്ധതി (അമൃത് സരോവർ പ്രോഗ്രാം) വിഹിതവും സംയോജിപ്പിച്ചാണ് പ്രോജക്ട് നടപ്പാക്കുന്നത്. ഇവിടെ ജലക്ഷാമമുള്ള പ്രദേശമാണെന്നും കുടി വെള്ളത്തിനാണ് കുളം നിർമ്മിക്കുന്നതെന്നും അറിയിച്ചിട്ടുണ്ട്. തദ്ദേശഭരണസ്ഥാപനത്തിന്റെ അധീനതയിലുള്ള സ്ഥലത്തല്ല കുളം നിർമ്മിക്കുന്നത് എന്നതിനാൽ കോഓർഡിനേഷൻ കമ്മിറ്റിയുടെ അനുമതി നൽകണമെന്നതു സംബന്ധിച്ച് . **MGNREGS** വിഹിതം ഇതിനായി ഉപയോഗിക്കാമെന്ന് ജില്ലാ കളക്ടർ (ജില്ലാ പ്രോഗ്രാം കോഓർഡിനേറ്റർ) അറിയിച്ചിട്ടുണ്ട്.

**തീരുമാനം :-** ഇതിന്റെ പ്രധാന ഗുണഭോക്താവ് BSF ആണ്. ജല സംരക്ഷണ പ്രോജക്ട് ആയതിനാലും MGNREGS വിഹിതം ഉപയോഗിക്കാൻ കഴിയും എന്നതിനാലും പൊതുജനങ്ങൾക്കു കൂടി കുടിവെള്ളം ലഭ്യമാക്കണമെന്ന നിബന്ധനയോടെ പ്രത്യേകാനുമതി നൽകുന്നു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്**

**4.80 <u>തൃശ്ശൂർ ജില്ലാ പഞ്ചായത്ത്</u>**

**തൃശ്ശൂർ ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ 18.12.2023 ലെ** DPT/D5-25/2023-ാം **നമ്പർ കത്തും തൃശ്ശൂർ ജില്ലാ പഞ്ചായത്ത് ഭരണസമിതിയുടെ 12.01.2023 ലെ 4(1)-ാം നമ്പർ തീരുമാനവും (SRG 259/2023)**

**വിഷയം:-** ജില്ലാ പഞ്ചായത്തിന്റെ ഹൈസ്കൂൾ / ഹയർ സെക്കണ്ടറി സ്കൂളുകളിൽ ഇൻസിനറേറ്റർ സ്ഥാപിക്കുന്നതു സംബന്ധിച്ച്.

| പ്രോ.നം: 1007/23 | അടങ്കൽ | 58,00,000/- രൂപ<br>(വികസനഫണ്ട് ജനറൽ ) |
|---|---|---|
| പേര് | **ജില്ലാ പഞ്ചായത്ത് സ്കൂളുകളിൽ ഇൻസിനറേറ്റർ സ്ഥാപിക്കൽ** | |

ജില്ലാ പഞ്ചായത്തിന്റെ നിയന്ത്രണത്തിലുള്ള ഹൈസ്കൂൾ / ഹയർ സെക്കണ്ടറി സ്കൂളുകളിൽ മുമ്പ് ഇൻസിനറേറ്റർ സ്ഥാപിച്ചിരുന്നു. ഇവ ഇപ്പോൾ പ്രവർത്തനരഹിതമാണ്. അതിനാൽ ഈ സ്കൂളുകളിൽ വീണ്ടും ഇൻസിനറേറ്ററുകൾ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നു. എന്നാൽ ഇൻസിനറേറ്റർ സ്ഥാപിക്കാൻ നിയന്ത്രണമുണ്ട്. അതിനാൽ പ്രത്യേക അനുമതി നൽകണമെന്നതു സംബന്ധിച്ച്

**തീരുമാനം :-** ശുചിത്വമിഷന്റെ മേൽനോട്ടമുണ്ടാകണമെന്ന നിബന്ധനയോടെ അനുമതി നൽകുന്നു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.ഇ) വകുപ്പ്**

4.81 **<u>അഞ്ചൽ ബ്ലോക്ക് പഞ്ചായത്ത്</u>**

**ബഹു. പുനലൂർ എം.എൽ.എയുടെ 20.01.2023 ലെ** PLR/646/01/23-ാം **നമ്പർ കത്തും അഞ്ചൽ ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതിയുടെ 16.01.2023 ലെ 1(2)-ാം നമ്പർ തീരുമാനവും ഉള്ളടക്കം ചെയ്തിരിക്കുന്ന പ്രോജക്ട് റിപ്പോർട്ടും (SRG 243/2023)**

**വിഷയം:-** അഞ്ചൽ ബ്ലോക്കു പഞ്ചായത്ത് വനമേഖലയിൽ സോളാർ ഫെൻസിംഗ്, ട്രഞ്ചിംഗ് തുടങ്ങിയ പ്രവർത്തനം നടത്തുന്നതു സംബന്ധിച്ച്.

അഞ്ചൽ ബ്ലോക്ക് പഞ്ചായത്ത് വനമേഖലയിൽ വന്യ ജീവി ശല്യം ഒഴിവാക്കുന്നതിന് സോളാർ ഫെൻസിംഗ്, ട്രഞ്ചിംഗ് തുടങ്ങിയ പ്രവർത്തനങ്ങൾ നടപ്പാക്കാൻ ഉദ്ദേശിക്കുന്നു. ബ്ലോക്ക് പഞ്ചായത്ത് പരിധിയിലുള്ള 8 ഫോറസ്റ്റ് ഡിവിഷനുകളിൽ വളരെ അടിയന്തിരമായി നടത്തേണ്ട പ്രവർത്തനങ്ങൾക്ക് വികസന ഫണ്ടിൽ നിന്നോ നോൺ റോഡ് മെയിന്റനൻസ് വിഹിതത്തിൽ നിന്നോ തുക ചെലവഴിക്കുന്നതിനു ഉദ്ദേശിക്കുന്നു. MGNREGS പദ്ധതിയിൽ ഉൾപ്പെടുത്തി ട്രഞ്ചിംഗ് ഉൾപ്പെടെയുള്ള പ്രവർത്തനങ്ങൾ നടത്താനും ലക്ഷ്യമിടുന്നു.

സ്കിൽഡ് ലേബർ, വാച്ച് മാൻ പോസ്റ്റിംഗ്, വാച്ച് മാൻ ട്രെയിനിംഗ്, ഉപകരണങ്ങൾ, ലോക്കൽ പീപ്പിൾ അവയർനസ്, സ്ട്രീറ്റ്ലൈറ്റ്, എസ്.എം.എസ് അലെർട്ട് സിസ്റ്റം, ട്രഞ്ച് നിർമ്മിക്കൽ, ഹാഗിംഗ് ഫെൻസ്, സോളാർ ഫെൻസിംഗ്, വാഹനം തുടങ്ങിയവയൊക്കെ പ്രോജക്ട് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഗ്രാമപഞ്ചായത്തുകൾ, ജില്ലാ പഞ്ചായത്ത്, അഞ്ചൽ ബ്ലോക്ക് പഞ്ചായത്ത് എന്നീ സ്ഥാപനങ്ങൾ ചേർന്നുള്ള ഈ സംയുക്ത പ്രോജക്ടിന്റെ നിർവ്വഹണ ഏജൻസി അഞ്ചൽ ബ്ലോക്ക് പഞ്ചായത്താണ്. ഈ പ്രോജക്ടിന് ഈ വർഷം 25.00 ലക്ഷം രൂപ വകയിരുത്താൻ തീരുമാനിച്ചിട്ടുണ്ട്. ഈ പ്രോജക്ട് നടപ്പാക്കാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച് .

**തീരുമാനം :-**

1) വനം വകുപ്പിന്റെ കൂടി സാമ്പത്തിക പങ്കാളിത്തത്തോടെ വിശദമായി പ്രോജക്ട് തയ്യാറാക്കി ജില്ലാ ആസൂത്രണ സമിതിക്ക് സമർപ്പിക്കാൻ നിർദ്ദേശിക്കുന്നു. മാർഗ്ഗരേഖ പ്രകാരം ഫെൻസിംഗിനും മറ്റും 50 ശതമാനം ഗുണഭോക്തൃ വിഹിതം വേണം. എന്നാൽ അഞ്ചൽ ബ്ലോക്ക് പഞ്ചായത്ത് ഉദ്ദേശിക്കുന്ന പ്രവർത്തനങ്ങൾ പൊതുവായിട്ടുള്ളതായ തിനാൽ ഫോറസ്റ്റ് വകുപ്പിന്റെ കൂടി പങ്കാളിത്തമുണ്ടെങ്കിൽ ഗുണഭോക്തൃവിഹിതം ഒഴിവാക്കാവുന്നതാണ്.
2) എന്നാൽ കത്തിൽ പറയുന്ന മനുഷ്യവിഭവശേഷി, വാഹനം തുടങ്ങിയവ വനംവകുപ്പ് കണ്ടെത്തേണ്ടതാണ്. നോൺറോഡ് മെയിന്റനൻസ് ഗ്രാന്റ് ഈ ആവശ്യത്തിന് ഉപയോഗിക്കാവുന്നതല്ല. MGNREGS മാനദണ്ഡപ്രകാരം ട്രഞ്ച് നിർമ്മാണം അനുവദനീയമല്ലെന്ന് MGNREGS ഡയറക്ടർ അറിയിച്ചിട്ടുണ്ട്. മാർഗ്ഗരേഖ പ്രകാരമുള്ള പ്രോജക്ട് തയ്യാറാക്കി ജില്ലാ ആസൂത്രണ സമിതിക്ക് നൽകാൻ നിർദ്ദേശിക്കുന്നു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

### 4.82 <u>കോഴിക്കോട് കോർപ്പറേഷൻ</u>

**കോഴിക്കോട് കോർപ്പറേഷൻ സെക്രട്ടറിയുടെ 12.01.2023 ലെ** K2/**20929**/22-ാം **നമ്പർ കത്തും കോഴിക്കോട് കോർപ്പറേഷന്റെ 17.12.2022 ലെ 70-ാം നമ്പർ ഭരണസമിതി തീരുമാനവും കോഴിക്കോട് ജില്ലാ കളക്ടറുടെ 31.10.2022 ലെ കത്തും (SRG 249/2023)**

**വിഷയം:-** കോഴിക്കോട് ഉദയം ചാരിറ്റബിൾ സൊസൈറ്റിക്ക് കീഴിൽ പ്രവർത്തിക്കുന്ന ഷെൽറ്റർ ഹോമുകൾക്ക് ധനസഹായം നൽകുന്നതു സംബന്ധിച്ച്.

കോഴിക്കോട് ജില്ലാ കളക്ടർ ചെയർമാനായ ഉദയം ചാരിറ്റബിൾ സൊസൈറ്റിക്ക് കീഴിൽ നഗരസഭ പ്രദേശത്ത് വെള്ളിമാട്കുന്ന്, ചേവായൂർ, മാങ്കാവ്, വെസ്റ്റ് ഹിൽ എന്നിവിടങ്ങളിലായി നാലുഷെൽറ്റർ ഹോമുകൾ പ്രവർത്തിക്കുന്നുണ്ട്. നാനൂറു പേരെ താമസിപ്പിക്കാൻ കഴിയുന്ന ഇവിടെ ഇപ്പോൾ 300 പേർ താമസിക്കുന്നുണ്ട് എന്ന് ജില്ലാ കളക്ടർ അറിയിച്ചിട്ടുണ്ട്. തെരുവിൽ കഴിഞ്ഞ ഇവിടുത്തെ അന്തേവാസികളിൽ മാനസിക ബുദ്ധിമുട്ടുകൾ അനുഭവിക്കുന്നവർ, ഗുരുതരമായ ആരോഗ്യ പ്രശ്നങ്ങൾ ഉള്ളവർ, പകർച്ചാവ്യാധി ഉള്ളവർ, ലഹരിപദാർത്ഥങ്ങൾക്ക് അടിമപ്പെട്ടവർ എന്നിവരൊക്കെയുണ്ട്. 2020 ൽ ആരംഭിച്ച ഈ

ഷെൽറ്റർ ഹോമുകൾ സന്നദ്ധ സംഘടനകളുടേയും മറ്റും സംഭാവനകൊണ്ടാണ് പ്രവർത്തിക്കുന്നത്. ഒരു ദിവസം 100 രൂപ നിരക്കിൽ 400 പേർക്ക് ഭക്ഷണത്തിന് 1.46 കോടി രൂപയും മരുന്നുകൾക്ക് 6.00 ലക്ഷം രൂപയും ഒരു വർഷം വേണം. ആകെ 1.52 കോടി രൂപ. ഇവരുടെ ചെലവിനായി കോർപ്പറേഷനോട് ജില്ലാ കളക്ടർ സഹായം ചോദിച്ചിട്ടുണ്ട്. 50.00 ലക്ഷം രൂപയുടെ പ്രോജക്ട് ഇതിനായി തയ്യാറാക്കി ജില്ലാ ആസൂത്രണ സമിതിക്ക് നൽകിയെങ്കിലും അംഗീകാരം ലഭിച്ചില്ല. ഈ സ്ഥാപനത്തിലെ അന്തേവാസികൾക്ക് മരുന്ന്, ഭക്ഷണം എന്നിവക്കായി തയ്യാറാക്കിയിരുന്ന ഈ പ്രോജക്ടിന് അനുമതി നൽകണമെന്ന ആവശ്യം സംബന്ധിച്ച്

**തീരുമാനം:-** ഇത് ഭാരിച്ച ആവർത്തന ചെലവായതിനാൽ ഭാവിയിൽ കോർപ്പറേഷന് വലിയ ബാധ്യതയായി വരും. അതിനാൽ ആവർത്തന ചെലവിനു പകരം അടിസ്ഥാന സൗകര്യമൊരുക്കുന്നതിന് അനുവദനീയ വിഹിതം ഈ വർഷത്തേക്കു മാത്രമായി ചെലവഴിക്കാൻ അനുമതി നൽകുന്നു. ഒപ്പം ഇതിന്റെ നടത്തിപ്പിന് സാമൂഹ്യനീതി വകുപ്പിന്റെ സഹായം ലഭിക്കുന്നതിന്റെ സാധ്യത തേടേണ്ടതാണ്

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.ഇ) വകുപ്പ്**

**4.83 <u>പത്തനംതിട്ട ജില്ലാ പഞ്ചായത്ത്</u>**

**പത്തനംതിട്ട ജില്ലാ പഞ്ചായത്തു പ്രസിഡന്റിന്റെ 18.01.2023 ലെ കത്തും ജില്ലാ പഞ്ചായത്തിന്റെ 29.12.2022 ലെ 1-1(7)-ാം നമ്പർ തീരുമാനവും അനുബന്ധമായി ചേർത്തിരിക്കുന്ന പ്രോജക്ട് വിശദാംശങ്ങളും (SRG 193/2023)**

**വിഷയം:-** പത്തനംതിട്ട ജില്ലയിലെ പട്ടികജാതി സങ്കേതങ്ങളിൽ സോളാർ മിനി മാസ്റ്റ് ലൈറ്റ് സ്ഥാപിക്കുന്നത് സംബന്ധിച്ച്.

| | | |
|---|---|---|
| *പ്രോ.നം: 823/23* | ***അടങ്കൽ*** | ***21,00,000/- രൂപ*** *(എസ്.സി.പി )* |
| ***പേര്*** | **ജില്ലയിലെ എസ്.സി കോളനികളിൽ സോളാർ മിനി മാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ** | |

ജില്ലയിലെ വിവിധ ഗ്രാമപഞ്ചായത്തുകളിലെ പട്ടികജാതി സങ്കേതങ്ങളിൽ സോളാർ മിനിമാസ്റ്റ് സ്ഥാപിക്കുന്നതിനു വേണ്ടിയുള്ള പ്രോജക്ട് വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതു നടപ്പിലാക്കാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച് .

**തീരുമാനം :-** തുക ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തിനു കൈമാറി സോളാർ മിനി മാസ്റ്റ് ലൈറ്റ് സ്ഥാപിക്കാൻ അനുമതി നൽകുന്നു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

**4.84 <u>പുഴയ്ക്കൽ ബ്ലോക്ക് പഞ്ചായത്ത്</u>**

**തൃശ്ശൂർ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 04.01.2023 ലെ കത്തും പുഴയ്ക്കൽ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ 23.08.2022 ലെ C-299/2018-ാം നമ്പർ കത്തും (SRG 165/2023- CC /481/22)**

**വിഷയം:-** നിലവിലെ പ്ലാസ്റ്റിക് ഷ്രഡ്ഡിംഗ് മെഷീനു പകരം പുതിയ മെഷീൻ വാങ്ങുന്നതു സംബന്ധിച്ച്

| | | |
|---|---|---|
| *പ്രോ.നം: 76/2018* | ***അടങ്കൽ*** | ***16,00,000/- രൂപ*** *(വികസനഫണ്ട് - ജനറൽ )* |
| ***പേര്*** | **പ്ലാസ്റ്റിക് മാലിന്യ സംസ്കരണ പരിപാടി** | |

പുഴയ്ക്കൽ ബ്ലോക്ക് പഞ്ചായത്ത് 2017-18ൽ മാലിന്യ സംസ്കരണത്തിന്റെ ഭാഗമായി കൈപറമ്പ് ഗ്രാമപഞ്ചായത്തിൽ പ്ലാസ്റ്റിക് ഷ്രഡ്ഡിംഗ് യൂണിറ്റ് ആരംഭിച്ചിരുന്നു. ഇതിന്റെ ഭാഗമായി 4,54,000 രൂപ മുടക്കി പ്ലാസ്റ്റിക് ഷ്രഡ്ഡിംഗ് മെഷീൻ വാങ്ങി സ്ഥാപിച്ചു. 1,62,000 രൂപ ഇതുവരെ പ്രതിവർഷ അറ്റകുറ്റപ്പണിക്കായി ചെലവഴിച്ചിട്ടുണ്ട്. ഈ മെഷീന്റെ 6 ബ്ലേഡുകൾ പലതവണ മാറ്റിയെങ്കിലും പ്ലാസ്റ്റിക് പൊടിക്കാനാകുന്നില്ല. അതിനാൽ നിലവിലെ മെഷീൻ കണ്ടം ചെയ്ത് പുതിയ മെഷീൻ വാങ്ങാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച് .

**തീരുമാനം :-** 2017 ൽ വാങ്ങിയ മെഷീൻ പല പ്രാവശ്യം അറ്റകുറ്റപ്പണി നടത്തിയിട്ടും ഉപയോഗിക്കാൻ കഴിയാത്തത് പ്രത്യേകം പരിശോധിക്കേണ്ടതുണ്ട്. ക്ലീൻ കേരള കമ്പനി മുഖേനയാണോ മെഷീൻ വാങ്ങിയത് എന്നതടക്കം വിശദമായി പരിശോധിച്ച് റിപ്പോർട്ട് നൽകാൻ ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറെ ചുമതലപ്പെടുത്തുന്നു. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പിന്നീട് പരിഗണിക്കുന്നതാണ്.

**നടപടി:- 1) എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വമിഷൻ**

**2)തദ്ദേശസ്വയംഭരണ (ഡബ്ളിയു.എം) വകുപ്പ്**

4.85 **<u>കൊടുവായൂർ ഗ്രാമപഞ്ചായത്ത്</u>**

**പാലക്കാട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 03.01.2022 ലെ കത്തും കൊടുവായൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 25.06.2022 ലെ SC2-10785/2022-ാം നമ്പർ റിപ്പോർട്ടും, ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 16.06.2022 ലെ 4(1)-ാം നമ്പർ തീരുമാനവും (SRG 166/23 - CC /386/22)**

**വിഷയം:-** ഗ്രാമപഞ്ചായത്തിലെ ശ്രീ. റ്റി.ജി സത്യനാരായണൻ എന്ന വ്യക്തിക്ക് ലൈഫ് ഭവന പദ്ധതിയിൽ ഉൾപ്പെടുത്തി സ്ഥലവും വീടും നൽകുന്നതു സംബന്ധിച്ച്.

ശ്രീ.റ്റി.ജി. സത്യനാരായണൻ, ഞായറോഡ്, കാക്കയൂർ എന്ന വ്യക്തി ലൈഫ് ഭവനപദ്ധതിയിൽ സ്ഥലവും വീടും ലഭിക്കുന്നതിന് അപേക്ഷ നൽകിയിരുന്നു. എന്നാൽ ഇദ്ദേഹം ഉൾപ്പെട്ട റേഷൻ കാർഡിൽ ഭാര്യാപിതാവിന്റെ കുടുംബത്തിന് വീട് ഉണ്ട് എന്ന കാരണത്താൽ അപേക്ഷ നിരസിച്ചു. ഈ വ്യക്തി 25.02.2022 ൽ പ്രത്യേക റേഷൻ കാർഡ് എടുത്തു. ഈ റേഷൻ കാർഡിൽ ഉൾപ്പെട്ട കുടുംബത്തിന് (അപേക്ഷകനും ഭാര്യയും മകനും) വീട് ഇല്ല. അപേക്ഷകൻ കാഴ്ച ശക്തിയില്ലാത്ത വ്യക്തിയും ഭാര്യ മാനസിക വെല്ലുവിളി നേരിടുന്ന വ്യക്തിയുമാണെന്നും ഏക മകന് 8 വയസ്സുമാത്രമാണ് പ്രായമെന്നും അറിയിച്ചിരിക്കുന്നു. ലോട്ടറി വില്പനയും സാമൂഹ്യസുരക്ഷാ പെൻഷനുമാണ് വരുമാന മാർഗ്ഗം. ഈ സാഹചര്യത്തിൽ ഈ കുടുംബത്തെ ലൈഫ് ലിസ്റ്റിലെ ഭൂരഹിത ഭവന രഹിതരുടെ ലിസ്റ്റിൽ ഉൾപ്പെടുത്തി ആനുകൂല്യം നൽകാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്

**തീരുമാനം :-** ഇപ്പോൾ ഇവർ ഭവന നിർമ്മാണത്തിന് സഹായം ലഭിക്കാൻ അർഹതയുള്ള കുടുംബമാണെന്നും ഇവരുടെ ജീവിത സാഹചര്യം കണക്കിലെടുത്ത് ഭൂരഹിത ഭവന രഹിതരുടെ ഗണത്തിൽപ്പെടുത്തി ആനുകൂല്യം നൽകാവുന്നതാണെന്നും ലൈഫ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ പ്രതിനിധി അറിയിച്ചതനുസരിച്ച് അനുമതി നൽകുന്നു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.ഇ) വകുപ്പ്**

4.86 **മഞ്ചേരി മുനിസിപ്പാലിറ്റി**

**മഞ്ചേരി നഗരസഭാ ചെയർപേഴ്സന്റെ 24.01.2023 ലെ കത്തും മഞ്ചേരി നഗരസഭാ കൗൺസിലിന്റെ 09.12.2022 ലെ യോഗ തീരുമാനവും (യോഗതീരുമാന നമ്പർ ഇല്ല). (SRG 197/23)**

**വിഷയം:–** മഞ്ചേരി നഗരസഭാ ചെയർമാന് പുതിയ വാഹനം വാങ്ങുന്നത് സംബന്ധിച്ച്.

മഞ്ചേരി നഗരസഭാ ചെയർമാൻ നിലവിൽ ഉപയോഗിക്കുന്ന വാഹനം 2013–ൽ വാങ്ങിയതാണ്. ഇത് ദീർഘദൂരം യാത്രയ്ക്ക് അനുയോജ്യമല്ലാത്തതിനാൽ കിടപ്പുരോഗികൾക്ക് വേണ്ടിയുള്ള പരിരക്ഷാ യൂണിറ്റിനു ഈ വാഹനം കൈമാറി പുതിയ വാഹനം വാങ്ങാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച് .

**തീരുമാനം :–** ഇത് പ്രിൻസിപ്പൽ ഡയറക്ടറുടെ പരിഗണനയ്ക്ക് നൽകാൻ നിർദ്ദേശിക്കുന്നു.

**നടപടി:– തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

4.87 **കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ ലിമിറ്റഡ്**

**കേരള സ്റ്റേറ്റ് കയർ കോർപ്പറേഷനിൽ ചെയർമാന്റെ 24.01.2023 ലെ** KSCC/chmn 2022–ാം **നമ്പർ കത്ത് (SRG 302/23)**

**വിഷയം:–** കേരള സ്റ്റേറ്റ് കയർ കോർപ്പറേഷന്റെ ഉല്പന്നങ്ങൾ വാങ്ങുന്നതിന് തദ്ദേശഭരണസ്ഥാപനങ്ങൾക്ക് അനുമതി നൽകണമെന്നതു സംബന്ധിച്ച്.

കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ വിവിധതരം മെത്തകളും കയർ ഉല്പന്നങ്ങളും നിർമ്മിക്കുന്നുണ്ട്. തദ്ദേശഭരണസ്ഥാപനങ്ങൾ, ആശുപത്രികൾ, ഹോസ്പിറ്റലുകൾ, ബഡ്സ് സ്കൂളുകൾ, അങ്കണവാടികൾ തുടങ്ങിയ സ്ഥാപനങ്ങളിലേക്ക് ഇത്തരം ഉല്പന്നങ്ങൾ ആവശ്യമായി വരും. തദ്ദേശഭരണസ്ഥാപനങ്ങൾക്ക് ആവശ്യമായ ഇത്തരം ഉല്പന്നങ്ങൾ നൽകുന്ന അംഗീകൃത ഏജൻസിയായി കേരള സ്റ്റേറ്റ് കയർ കോർപ്പറേഷനെ അംഗീകരിക്കണമെന്ന ആവശ്യം സംബന്ധിച്ച്.

**തീരുമാനം :–** കയർ മേഖലയിൽ ഇത്തരത്തിലുള്ള വേറെയും സർക്കാർ ഏജൻസികൾ ഉണ്ട്. ഈ സാഹചര്യത്തിൽ കയർ വികസന വകുപ്പ് ഡയറക്ടറുടെ കൂടി അഭിപ്രായമാരാഞ്ഞ് പരിഗണിക്കുന്നതാണ്. അടുത്ത കോഓർഡിനേഷന് കമ്മിറ്റിയിൽ ഡയറക്ടറെ കൂടി ക്ഷണിക്കാൻ തീരുമാനിച്ചു.

**നടപടി:– 1) ഡയറക്ടർ, കയർവികസന വകുപ്പ്**
**2)തദ്ദേശസ്വയംഭരണ (ഡി.എ ) വകുപ്പ്**

**4.88 വയനാട് ജില്ലാ പ്ലാനിംഗ് ഓഫീസ്**

**വയനാട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 05.01.2023 ലെ കത്തുകളും (രണ്ടെണ്ണം) പെരിന്തൽ മണ്ണ കൃഷി അസിസ്റ്റന്റ് ഡയറക്ടറുടെ 20.10.2022 ലെ 4/22–ാം നമ്പർ കത്തും (SRG 164/23, CC/10/23, CC/11/23)**

**വിഷയം:–** കൃഷി വികസനം – പച്ചിലവളത്തിനു സബ്സിഡി നൽകുന്നത് സംബന്ധിച്ച്

പതിനാലാം പഞ്ചവത്സരപദ്ധതി സബ്സിഡി – ധന സഹായ മാർഗ്ഗരേഖ (28.05.2022 ലെ 115/2022/തസ്വഭവ നമ്പർ) ഖണ്ഡിക 3.3 ക്രമ നമ്പർ 1 പ്രകാരം ജില്ലാതലത്തിൽ യൂണിറ്റ് കോസ്റ്റ് നിശ്ചയിക്കാനുള്ള ലിസ്റ്റിൽ പച്ചിലവളം ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ സബ്സിഡി നൽകാനുള്ള ഇനത്തിൽ പച്ചിലവളം ഉൾപ്പെടുത്തിയിട്ടില്ല. സബ്സിഡി നൽകാനുള്ള ലിസ്റ്റിൽ പച്ചിലവളം ഉൾപ്പെടുത്തണമെന്ന ആവശ്യം സംബന്ധിച്ച്.

**തീരുമാനം :-** പച്ചിലവളത്തിനു സബ്സിഡി നൽകുന്നത് പ്രായോഗികമാണോ എന്നും കൃഷി വകുപ്പിൽ ഇതിനു സബ്സിഡി നൽകുന്നുണ്ടോ എന്നും കൃഷി വകുപ്പ ഡയറക്ടറുടെ കൂടി അഭിപ്രായമാരാഞ്ഞ് പിന്നീട് തീരുമാനമെടുക്കുന്നതാണ്.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

**4.89 <u>കാളിക്കാവ് ബ്ലോക്ക് പഞ്ചായത്ത്</u>**

**മലപ്പുറം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 15.01.2023 ലെ കത്തും കാളിക്കാവ് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ 05.01.2023 ലെ C-1655/21-ാം നമ്പർ കത്തും കാളിക്കാവ് ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതിയുടെ 19.11.2022 ലെ 2(2)-ാം നമ്പർ തീരുമാനവും (SRG 177/23, 178/23 - CC/17/23, )**

**വിഷയം:-** സോളാർ മിനിമാസ്റ്റ് സ്ഥാപിച്ചതിന്റെ ബിൽതുക നൽകുന്നതു സംബന്ധിച്ച്

| | | |
|---|---|---|
| ***പ്രോ.നം: 26/2023*** | ***അടങ്കൽ*** | ***9,52,212/- രൂപ*** *(വികസനഫണ്ട് - ജനറൽ )* |
| ***പേര്*** | **കാളിക്കാവ് ബ്ലോക്ക് പഞ്ചായത്തിലെ വാരിക്കൽ, മാമ്പറ്റ സർവ്വീസ് സ്റ്റേഷൻ പരിസരം, എടപ്പറ്റ കരിങ്കാളിക്കാവ് എന്നിവിടങ്ങളിൽ സോളാർ മിനിമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ** | |

കാളികാവ് പഞ്ചായത്തിലെ വാരിക്കൽ, മാമ്പറ്റ സർവ്വീസ് സ്റ്റേഷൻ പരിസരം, എടപ്പറ്റ കരിങ്കാളികാവ് എന്നീ സ്ഥലങ്ങളിൽ സോളാർ മിനിമാസ്റ്റ് ലൈറ്റ് സ്ഥാപിക്കാൻ കഴിഞ്ഞ വർഷം പ്രോജക്ട് ഏറ്റെടുത്തിരുന്നു. ഈ വർഷം ഇത് സ്പിൽഓവറായി ഉൾപ്പെടുത്തുകയും മുകളിൽ പറഞ്ഞ പ്രദേശങ്ങളിൽ നടപടിക്രമങ്ങൾ പാലിച്ച് സോളാർ മിനിമാസ്റ്റ് സ്ഥാപിക്കുകയും ചെയ്തു. കരുവാരക്കുണ്ട്, കരുളായി, എടപ്പറ്റ എന്നീ ഗ്രാമപഞ്ചായത്തുകളിൽ നിന്ന് NOC വാങ്ങുകയും ഭാവിയിലെ അറ്റകുറ്റപ്പണി ഈ ഗ്രാമപഞ്ചായത്തുകൾ നടത്തിക്കൊള്ളാമെന്ന് കരാറിലേർപ്പെടുകയും ചെയ്തു. ഇതിന്റെ ബിൽ തുക 8,01,945 രൂപ. ഈ തുക നൽകാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം :-** ഇത് ബ്ലോക്ക് പഞ്ചായത്തിന്റെ ചുമതലയല്ല. ഇതു പരിശോധിച്ച് റിപ്പോർട്ട് നൽകാൻ റൂറൽ ഡയറക്ടറെ ചുമതലപ്പെടുത്തി. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പിന്നീട് പരിഗണിക്കുന്നതാണ്.

**നടപടി:- 1) റൂറൽ ഡയറക്ടർ**
**2)തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

**4.90 <u>അരുവാലപ്പലം ഗ്രാമപഞ്ചായത്ത്</u>**

**പത്തനംതിട്ട ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 03.01.2023 ലെ കത്തും അരുവാലപ്പലം ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 12.12.2022 ലെ 3(7)-ാം നമ്പർ തീരുമാനവും (SRG 167/23, CC/965/22)**

**വിഷയം:-** ഗ്രാമപഞ്ചായത്തിലെ 9 മുതൽ 13 വയസ്സുവരെയുള്ള കുട്ടികൾക്ക് കായിക പരിശീലനം നൽകുന്നതു സംബന്ധിച്ച്.

| | | |
|---|---|---|
| ***പ്രോ.നം: 276/2023*** | ***അടങ്കൽ*** | ***1,20,000/- രൂപ*** *(വികസനഫണ്ട് - ജനറൽ )* |
| ***പേര്*** | **കുട്ടികൾക്ക് കായിക പരിശീലനവും ടീം രൂപീകരണവും കായിക പരിശീലനത്തിനാവശ്യമായ കളി ഉപകരണങ്ങളും** | |

അരുവാപ്പലം ഗ്രാമപഞ്ചായത്ത് ഈ വർഷം 9 മുതൽ 13 വയസ്സുവരെയുള്ള കുട്ടികൾക്ക് കായിക പരിശീലനം നൽകുന്നതിന് പ്രോജക്ട് ഏറ്റെടുത്തിരിക്കുന്നു. ആദ്യഘട്ടമെന്ന നിലയിൽ ഫുട്ബോൾ പരിശീലനമാണ് നൽകുന്നത്. ജില്ലാ സ്പോർട്സ് കൗൺസിൽ ലഭ്യമാക്കുന്ന പരിശീലകരെ ഉപയോഗിച്ച് പരിശീലനം നൽകുന്നതിനും കുട്ടികൾക്ക് ജഴ്സി, ബൂട്ട്, കായിക

ഉപകരണം, ലഘു ഭക്ഷണം എന്നിവ നൽകി ടീം രൂപീകരിക്കാനാണ് ഉദ്ദേശിക്കുന്നത്. പരിശീലകന് ഒരു ദിവസം 1000 രൂപ ഓണറേറിയം നൽകുന്നു. ഈ പ്രോജക്ട് നടപ്പാക്കാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്

**തീരുമാനം :-** ഈ വർഷത്തേയ്ക്ക് മാത്രമായി അനുമതി നൽകുന്നു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.ഇ) വകുപ്പ്**

4.91 <u>പനച്ചിക്കാട് ഗ്രാമപഞ്ചായത്ത്</u>

**കോട്ടയം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 03.01.2023 ലെ കത്തും പനച്ചിക്കാട് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 06.12.2022 ലെ** SC3/6883/2022 **ലെ കത്തും പനച്ചിക്കാട് ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 30.11.2022 ലെ 2(2)-ാം നമ്പർ തീരുമാനവും (SRG 195/23, CC/888/22)**

**വിഷയം:-** ഡയാലിസിസ് രോഗികൾക്കുള്ള കുടിശ്ശിക ധനസഹായം നൽകുന്നത് സംബന്ധിച്ച്

| *പ്രോ.നം: 243/2023* | ***അടങ്കൽ*** | ***6,72,000/- രൂപ*** |
|---|---|---|
| | *വികസനഫണ്ട് - ജനറൽ* | *4,03,200 രൂപ* |
| | *ബ്ലോക്ക് പഞ്ചായത്ത് വിഹിതം* | *2,01,600 രൂപ* |
| | *ജില്ലാ പഞ്ചായത്ത് വിഹിതം* | *67,200 രൂപ* |
| ***പേര്*** | **നിർദ്ധനരായ ഡയാലിസിസ് രോഗിൾക്ക് ധനസഹായം** | |

ഡയാലിസിസിന് ധനസഹായം നൽകുന്നതിന് ഗ്രാമപഞ്ചായത്ത് ഈ വർഷം പ്രോജക്ട് ഏറ്റെടുത്തിട്ടുണ്ട്. ഡിസംബർ 2022 മുതൽ പ്രതിമാസം 4000 രൂപ വീതം നൽകുന്നുണ്ട്. ആകെ 20 ഡയാലിസിസ് രോഗികൾ ഉണ്ട്. ഗുണഭോക്തൃ ലിസ്റ്റ് തയ്യാറാക്കുന്നതിനും ആശുപത്രികളുമായി ധാരണയിലെത്തുന്നതിനും കാലതാമസമുണ്ടായതിനാലാണ് ധനസഹായം നൽകാൻ വൈകിയത്. രോഗികളുടേതല്ലാത്ത കാരണത്താലായതിനാൽ പ്രത്യേകം പരിഗണിക്കമെന്നറിയിച്ചുകൊണ്ട് ഈ ഡയാലിസിസ് രോഗികൾക്ക് 2022 ഏപ്രിൽ മുതലുള്ള കുടിശ്ശിക നൽകാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്

**തീരുമാനം:-** കുടിശ്ശിക നൽകാൻ അനുമതി നൽകണമെന്ന ആവശ്യം നിരസിച്ചു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

**4.92 <u>കോട്ടയം നഗരസഭ</u>**

**കോട്ടയം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 03.01.2023 ലെ കത്തും കോട്ടയം നഗരസഭാ സെക്രട്ടറിയുടെ 22.12.2022 ലെ** G14-24366/22-**ാം നമ്പർ കത്തും (SRG 199/23, CC/946/22)**

**വിഷയം:-** താലൂക്ക് ഓഫീസിൽ ടേക്ക് എ ബ്രേക്ക് സമുച്ചയം നിർമ്മിക്കുന്നതു സംബന്ധിച്ച്

| *പ്രോ.നം: 426/2023* | ***അടങ്കൽ*** | ***45,00,000/- രൂപ***<br>*(സി.എഫ്.സി റ്റൈഡ് ഗ്രാന്റ് )* |
|---|---|---|
| ***പേര്*** | **താലൂക്ക് ഓഫീസിൽ ടേക്ക് എ ബ്രേക്ക് നിർമ്മാണം** | |

കോട്ടയം താലൂക്ക് ഓഫീസിൽ ടേക്ക് എ ബ്രേക്ക് സൗകര്യം ഒരുക്കുന്നതിനുള്ള പ്രോജക്ട് നടപ്പാക്കാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്

**തീരുമാനം :-** അനുമതി നിരസിച്ചു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡബ്ളിയു.എം) വകുപ്പ്**

4.93 <u>ചേർത്തല സൗത്ത് ഗ്രാമപഞ്ചായത്ത്</u>

**ആലപ്പുഴ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 05.01.2023 ലെ കത്ത് (SRG 204/23, CC/4/23)**

**വിഷയം:-** ആയുർവേദ പാലിയേറ്റീവ് പ്രവർത്തനത്തിന് വാഹന വാടക, വേതനം തുടങ്ങിയവ നൽകുന്നതു സംബന്ധിച്ച്.

| *പ്രോ.നം: 184/2023* | ***അടങ്കൽ*** | ***10,00,000/- രൂപ*** |
|---|---|---|
| | *വികസന ഫണ്ട് ജനറൽ* | ***5,00,000 രൂപ*** |
| | *മെയിന്റനൻസ് ഗ്രാന്റ് -നോൺ റോഡ്* | ***5,00,000 രൂപ*** |
| *പേര്* | **പാലിയേറ്റീവ് കെയർ പദ്ധതി - ആയുർവേദം അരികെ** | |

പാലിയേറ്റീവ് കെയർ പദ്ധതിയുടെ ഭാഗമായി ആയുർവേദ മരുന്ന് രോഗികൾക്ക് നൽകുന്നുണ്ട്. കിടപ്പു രോഗികളെ സന്ദർശിക്കുന്നതിന് വാഹനത്തിന്റെ വാടക, സ്റ്റാഫിന്റെ വേതനം തുടങ്ങിയവ സ്പോൺസർഷിപ്പ് വഴിയാണ് നല്കുന്നത്. സ്പോൺസർഷിപ്പിലൂടെ ലഭിക്കുന്ന തുക മൂന്നുമാസത്തേക്കു മാത്രമേ തികയുകയുള്ളൂ. വാഹനം വാടകയ്ക്കെടുക്കുന്നതിനും സ്റ്റാഫ് നേഴ്സിനു വേതനം നൽകാനും അനുമതി നൽകണമെന്നതു സംബന്ധിച്ച്
പ്രോജക്ട് പ്രകാരം താഴെ പറയുന്ന രീതിയിലാണ് വിഹിതം വകയിരുത്തിയിരിക്കുന്നത്

| **ക്രമ നം.** | **പ്രവർത്തനം** | **വികസന ഫണ്ട്** | **മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ്** | **ആകെ** |
|---|---|---|---|---|
| 1 | രോഗികളെ കണ്ടെത്തൽ | 1,00,000 | 1,00,000 | 2,00,000 |
| 2 | വാഹന വാടക | 1,00,000 | 1,00,000 | 2,00,000 |
| 3 | ജീവനക്കാർക്ക് വേതനം | 3,00,000 | 3,00,000 | 6,00,000 |

**തീരുമാനം :-** ആവശ്യം നിരസിച്ചു. പാലിയേറ്റീവ് പ്രവർത്തനത്തിന് ആയുർവേദ രീതി മാത്രം അനുവർത്തിക്കാവുന്നതല്ല. സർക്കാർ ഉത്തരവു പ്രകാരമുള്ള പാലിയേറ്റീവ് പ്രവർത്തനവുമായി ചേർന്ന് സേവനം നല്കാൻ നിർദ്ദേശിക്കുന്നു.

**നടപടി:- തദ്ദേശസ്വയംഭരണ (പി.പി) വകുപ്പ്**

4.94 <u>പറപ്പൂർ ഗ്രാമപഞ്ചായത്ത്</u>

**മലപ്പുറം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 05.01.2023 ലെ കത്തും പറപ്പൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 19.12.2022 ലെ കത്തും (SRG 206/23, CC/973/22)**

**വിഷയം:-** ഹരിതകർമ്മ സേനക്ക് വാഹനം വാങ്ങുന്നതു സംബന്ധിച്ച്.

| *പ്രോ.നം: 3/2023* | ***അടങ്കൽ*** | ***10,01,000/- രൂപ*** |
|---|---|---|
| | *സി.എഫ്.സി റ്റൈഡ് ഗ്രാന്റ്* | *10,00,000 രൂപ* |
| | *തനത് ഫണ്ട്* | *1000 രൂപ* |
| *പേര്* | **ഹരിതകർമ്മ സേനയ്ക്ക് വാഹനം വാങ്ങൽ** | |

മാലിന്യ ശേഖരണവുമായി ബന്ധപ്പെട്ട് ഹരിതകർമ്മ സേനയ്ക്ക് ഇലക്ട്രിക് വാഹനം വാങ്ങാൻ അനുമതിയുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിലെ മിക്ക സ്ഥലവും ചെങ്കുത്തായ പ്രദേശമാണ്. ഇവിടെ ഇലക്ട്രിക് വാഹനം അനുയോജ്യമല്ല എന്ന് ചൂണ്ടികാണിച്ച് ഡീസൽ/ പെട്രോൾ ഇന്ധനമായി ഉപയോഗിക്കുന്ന പ്രത്യേകം ഡിസൈൻ ചെയ്ത വാഹനം വാങ്ങാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്

**തീരുമാനം :-** അനുമതി നൽകുന്നു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡബ്ളിയു.എം) വകുപ്പ്**

**4.95 <u>മുതുകുളം ബ്ലോക്ക് പഞ്ചായത്ത്</u>**

**ആലപ്പുഴ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 05.01.2023 ലെ കത്തും മുതുകുളം ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ 16.12.2022 ലെ** C-3644/2022-ാം **നമ്പർ കത്തും അനുബന്ധ രേഖകളും (SRG 210/23, CC/969/22)**

**വിഷയം:-** വീട്ടു നിർമ്മാണത്തിനു ലഭിച്ച വിഹിതം പലിശ കൂടാതെ തിരികെ അടയ്ക്കാൻ അനുമതി സംബന്ധിച്ച്

മുതുകുളം ബ്ലോക്ക് പഞ്ചായത്ത് പരിധിയിലുള്ള മുതുകുളം ഗ്രാമപഞ്ചായത്തിൽ ഏഴാം വാർഡിലുള്ള ശ്രീ രഘുനാഥൻ പിള്ള, കണ്ണങ്കര വീട് എന്ന ആൾക്ക് 2015-16 ൽ IAY പദ്ധതി പ്രകാരം 2.00 ലക്ഷം രൂപ വീട്ടു നിർമ്മാണത്തിനു നൽകി. 30.03.2016 ൽ നിർമ്മാണം പൂർത്തിയാക്കി. ഈ വ്യക്തി ഇപ്പോൾ ക്യാൻസർ ബാധിതനാവുകയും ചികിത്സ മൂലം കടബാധ്യതയിൽപ്പെട്ടുകയും ചെയ്തു. തുടർ ചികിത്സയ്ക്കും കടബാധ്യതയിൽ നിന്നു രക്ഷപ്പെടാനും IAY പദ്ധതിയിലൂടെ ലഭിച്ച ഭവനവും സ്ഥലവും വിൽക്കണം. ഇതിന്റെ ഭാഗമായി വീടിനു ലഭിച്ച ധനസഹായം തിരികെ അടയ്ക്കാമെന്നും പലിശയിൽ ഇളവു തരണമെന്നുമുള്ള ആവശ്യം സംബന്ധിച്ച്. വീട്ടു വിറ്റാലും ഇദ്ദേഹം ഭവനരഹിതനാകുന്നില്ല എന്ന് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി അറിയിച്ചിട്ടുണ്ട്.

**തീരുമാനം** ആവശ്യം അംഗീകരിക്കുന്നു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.ഇ) വകുപ്പ്**

**4.96 <u>കീരമ്പാറ ഗ്രാമപഞ്ചായത്ത്</u>**

**എറണാകുളം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 06.01.2023 ലെ കത്തുകളും (രണ്ടെണ്ണം) കീരമ്പാറ ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 26.12.2022 ലെ 8(1)-ാം നമ്പർ തീരുമാനവും (SRG 212/23, CC/9/23)**

**വിഷയം:-** വനഭൂമിയിലൂടെ കടന്നു പോകുന്ന റോഡ് വനംസംരക്ഷണ സമിതി മുഖേന നടപ്പാക്കുന്നതിന് അനുമതി സംബന്ധിച്ച്.

| *പ്രോ.നം: 62/2023* | ***അടങ്കൽ*** | ***6,85,000/- രൂപ*** |
|---|---|---|
| | *വികസനഫണ്ട് - ജനറൽ* | *6,60,000 രൂപ* |
| | *സി.എഫ്.സി ബെയിസിക് ഗ്രാന്റ്* | *25,000 രൂപ* |
| ***പേര്*** | **സിഗ്നൽ സ്റ്റേഷൻ - കുരികുളം റോഡ് കോൺക്രീറ്റിംഗ്** | |

സിഗ്നൽ സ്റ്റേഷൻ - കുരികുളം റോഡ് വനഭൂമിയിലൂടെയാണ് കടന്നുപോകുന്നത്. ധാരാളം പേർ സഞ്ചരിക്കുന്ന ഈ റോഡ് തകർന്ന നിലയിലാണ്. ഗ്രാമപഞ്ചായത്തിന് ഇതിന്റെ കോൺക്രീറ്റിംഗ് നേരിട്ട് നടത്താൻ അനുമതി ലഭിക്കില്ല. ഈ സാഹചര്യത്തിൽ വനസംരക്ഷണ സമിതി മുഖേന റോഡ് കോൺക്രീറ്റിംഗ് നടത്താൻ അനുമതി നൽകണമെന്നതു സംബന്ധിച്ച് .

**തീരുമാനം :-** ആവശ്യം നിരസിച്ചു. വനംവകുപ്പിൽ നിന്ന് NOC (Non Objection Certificate) വാങ്ങി ഗ്രാമപഞ്ചായത്തിന് നേരിട്ട് പ്രവൃത്തി ചെയ്യാവുന്നതാണ്.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

**4.97 <u>കോയിപ്രം ബ്ലോക്ക് പഞ്ചായത്ത്</u>**

**പത്തനംതിട്ട ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 07.01.2023 ലെ കത്തും കോയിപ്രം ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ 20.12.2022 ലെ** A2-2327/22-ാം **നമ്പർ കത്തും (SRG 213/23, CC/812/22)**

**വിഷയം:-** സ്വയം തൊഴിലിന്റെ ഭാഗമായി ഓട്ടോറിക്ഷാ/പിക്അപ് ഓട്ടോ വാങ്ങുന്നതിന് ധനസഹായം സംബന്ധിച്ച്

| | | |
|---|---|---|
| ***പ്രോ.നം: 29/2022*** | ***അടങ്കൽ*** | ***17,50,000/- രൂപ*** |
| | *എസ്.സി.പി* | *4,20,000 രൂപ* |
| | *ഗുണഭോക്തൃ വിഹിതം* | *1,75,000 രൂപ* |
| | *ബാങ്ക് ലോൺ* | *11,55,000 രൂപ* |
| ***പേര്*** | **ഓട്ടോറിക്ഷാ / പിക്അപ് ഓട്ടോറിക്ഷ (പുരുഷ വിഭാഗം - എസ്.സി)** | |

കഴിഞ്ഞവർഷം (2021 – 22) പട്ടികജാതി വിഭാഗത്തിൽപ്പെട്ട പുരുഷന്മാർക്ക് ഓട്ടോറിക്ഷാ വാങ്ങുന്നതിന് ധനസഹായം നൽകാൻ പ്രോജക്ട് ഏറ്റെടുത്തിരുന്നു. ഇതിന് 9 അപേക്ഷകർ ഉണ്ടായിരുന്നു. ബാങ്ക് ലോൺകിട്ടിയതനുസരിച്ച് രണ്ടു പേർക്ക് കഴിഞ്ഞ വർഷം സബ്സിഡി നൽകി. കഴിഞ്ഞ വർഷം മറ്റുള്ളവർ എഗ്രിമെന്റ് വയ്ക്കുകയോ ഇവർക്ക് ബാങ്ക് വായ്പ ലഭിക്കുകയോ ചെയ്തില്ല. 3.00 ലക്ഷം രൂപ ചെലവഴിക്കാതെയുണ്ട്. ഈ തുക ഉപയോഗിച്ച് അർഹരായ അപേക്ഷകർക്ക് സബ്സിഡി നൽകൻ ഉദ്ദേശിക്കുന്നു. പതിമൂന്നാം പഞ്ചവത്സരപദ്ധതി മാർഗ്ഗരേഖ പ്രകാരം ബ്ലോക്കു പഞ്ചായത്തിൽ നിന്ന് ഓട്ടോറിക്ഷയ്ക്ക് സബ്സിഡി നൽകാൻ അനുമതിയുണ്ടായിരുന്നുവെങ്കിലും പുതിയ മാർഗ്ഗരേഖ പ്രകാരം ഗ്രാമപഞ്ചായത്തിനും നഗരഭരണ സ്ഥാപനങ്ങൾക്കും മാത്രമാണ് അനുമതിയുള്ളത്. ബ്ലോക്ക് പഞ്ചായത്ത് മുഖേന പ്രോജക്ടു നടപ്പാക്കാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്

**തീരുമാനം :-** സ്പിൽ ഓവർ പ്രോജക്ടായതിനാൽ അനുമതി നൽകുന്നു. എന്നാൽ കഴിഞ്ഞ വർഷത്തെ അർഹതയുള്ള ഗുണഭോക്തൃ ലിസ്റ്റിലുള്ള വർക്ക് കൊടുത്തതിനു ശേഷമേ പുതിയ ഗുണഭോക്താക്കൾക്ക് നൽകാവൂ എന്നും പഴയ സബ്സിഡി നിരക്ക് (പരമാവധി 75,000രൂപ) അനുസരിച്ചേ ധനസഹായം നൽകാവൂ എന്നും നിർദ്ദേശിക്കുന്നു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

**4.98 <u>തൃശ്ശൂർ ജില്ലാ പഞ്ചായത്ത്</u>**

**തൃശ്ശൂർ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 18.01.2023 ലെ കത്തും തൃശ്ശൂർ ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ 15.07.22,** 22.02.2023 **എന്നീ തീയതികളിലെ DPT C4-984/22-ാം നമ്പർ കത്തുകളും (SRG 214/23, CC/**21/23**)**

**വിഷയം:-** ചെലവഴിക്കാതെ കിടക്കുന്ന പാർപ്പിട പദ്ധതി പ്രകാരമുള്ള തുക ലൈഫ് ഭവന പദ്ധതിയ്ക്ക് ഉപയോഗിക്കാൻ അനുമതി സംബന്ധിച്ച്

| | | |
|---|---|---|
| ***പ്രോ.നം: 1063/2023*** | ***അടങ്കൽ*** | ***69,00,000/- രൂപ*** *(ചെലവഴിക്കാതെ ബാങ്കിൽ കിടക്കുന്ന തുക)* |
| ***പേര്*** | **ലൈഫ് ഭവനപദ്ധതി - സ്വാഭിമാൻ ഭവന പദ്ധതി ഫണ്ട് - ഗ്രാമപഞ്ചായത്തിന് ജില്ലാ പഞ്ചായത്തു വിഹിതം** | |

തൃശ്ശൂർ ജില്ലാ പഞ്ചായത്തും ഗവൺമന്റേതിര ഏജൻസി ആയ കോസ്റ്റ് ഫോർഡും തൃശ്ശൂർ ജില്ലയിലെ തദ്ദേശസ്ഥാപനങ്ങളും ചേർന്ന് 1999-2000 വർഷത്തിൽ ഹഡ്കോയുടെ സഹായത്തോടെ നടപ്പാക്കിയ പദ്ധതിയാണ് സ്വാഭിമാൻ പാർപ്പിട പദ്ധതി. ഹഡ്കോയിൽ നിന്നും വായ്പ എടുത്ത് കോസ്റ്റ് ഫോർഡ് മുഖേന ഗുണഭോക്താക്കൾക്ക് ഭവന നിർമ്മാണത്തിന് വായ്പ വിതരണം ചെയ്യുകയും ഗുണഭോക്താക്കൾ വായ്പ ഗഡുക്കളായി കോസ്റ്റ് ഫോർഡിൽ അടയ്ക്കുകയും കോസ്റ്റ് ഫോർഡ് ഈ തുക ഹഡ്കോയിൽ തിരിച്ചടവാക്കു ന്നതിനുമാണ് പദ്ധതി വിഭാവനം ചെയ്തിരുന്നത്. പദ്ധതിയ്ക്കായി തെരഞ്ഞെടുത്ത 12,605 ഗുണഭോക്താക്കളിൽ നിന്ന് 3667 പേർക്ക് മാത്രമായി ഹഡ്കോ വായ്പ പരിമിതപ്പെടുത്തിയ സാഹചര്യത്തിൽ അവശേഷിച്ച ഗുണഭോക്താക്കൾക്ക് പ്ലാൻ ഫണ്ട് ഉപയോഗിച്ച് വായ്പ നൽകുകയാണുണ്ടായത്. ഹഡ്കോയ്ക്ക്

തിരികെ നൽകാനുണ്ടായ വായ്പാതുക തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളിലെ പ്ലാൻ ഫണ്ടിൽ നിന്ന് കുറവ് ചെയ്ത് തിരിച്ചടച്ചു. എന്നാൽ സർക്കാർ പിന്നീട് കോസ്റ്റ് ഫോർഡിനെ പദ്ധതിയിൽ നിന്നും ഒഴിവാക്കിയതിനാൽ ഗുണഭോക്താക്കൾ തുക ജില്ലാ പഞ്ചായത്തിലാണ് തിരിച്ചടച്ചത്. ഗുണഭോക്താക്കൾ തിരിച്ചടച്ച തുക തൃശ്ശൂർ ജില്ലാ പഞ്ചായത്തിന്റെ ബാങ്ക് ഓഫ് ഇൻഡ്യയിലെ **BOI 855610110008125** നമ്പർ അക്കൗണ്ടിൽ സൂക്ഷിച്ചിട്ടുണ്ട്.

26.11.2004-ലെ 319/4/തസ്വഭവ ഉത്തരവ് പ്രകാരം ഗുണഭോക്താക്കൾ തിരിച്ചടവാക്കിയ തുക അതത് സാമ്പത്തിക വർഷത്തെ പദ്ധതി വിഹിതമായി കണക്കാക്കി വികസന പ്രവർത്തനങ്ങൾക്ക് വിനിയോഗിക്കാവുന്നതാണ് എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. തൃശ്ശൂർ ജില്ലാ പഞ്ചായത്ത് സ്വാഭിമാൻ പദ്ധതി പ്രകാരം തിരിച്ചടവാക്കിയ തുക ഉപയോഗിച്ച് 2022-23 വർഷത്തെ ലൈഫ് ഭവനപദ്ധതിയ്ക്ക് ഗ്രാമപഞ്ചായത്തുകൾക്ക് വിഹിതം നൽകുന്നതിനാണ് പ്രോജക്ട് രൂപീകരിച്ചിട്ടുള്ളത്. ഈ പദ്ധതിയ്ക്ക് അനുമതി നൽകണമെന്നതു സംബന്ധിച്ച്

**തീരുമാനം :-** സർക്കാരിന്റെ 26.11.2004 ലെ 319/04/തസ്വഭവ നമ്പർ ഉത്തരവിന്റെ കൂടി അടിസ്ഥാനത്തിൽ ഇതു വിശദമായി പരിശോധിച്ച് റിപ്പോർട്ട് ന ൽകാൻ സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ഓഫീസറെ ചുമതലപ്പെടുത്തി. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പിന്നീട് പരിഗണിക്കാവുന്നതാണ്.

**നടപടി:- 1)സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ഓഫീസർ**
**2)തദ്ദേശസ്വയംഭരണ (ഡി.ഇ) വകുപ്പ്**

4.99 **<u>കോയിപ്രം ബ്ലോക്ക് പഞ്ചായത്ത്</u>**

**പത്തനംതിട്ട ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 07.01.2023 ലെ കത്തും കോയിപ്രം ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ 04.01.2023 ലെ** A2-122/22-ാം **നമ്പർ കത്തും (SRG 218/23, CC/**8/23**)**

**വിഷയം:-** പട്ടികജാതി സങ്കേതങ്ങളിൽ സോളാർ മിനിമാസ്റ്റ് ലൈറ്റ് സ്ഥാപിക്കാൻ അനുമതി സംബന്ധിച്ച്.

| | | |
|---|---|---|
| *പ്രോ.നം: 119/23* | *അടങ്കൽ* | *10,33,000/- രൂപ (എസ്.സി.പി)* |
| *പേര്* | **വിവിധ പട്ടികജാതി കോളനികളിൽ സോളാർ മിനിമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ** | |

ബ്ലോക്ക് പഞ്ചായത്ത് പ്രദേശത്തെ വിവിധ പട്ടികജാതി സങ്കേതങ്ങളിൽ സോളാർ മിനിമാസ്റ്റ് ലൈറ്റ് സ്ഥാപിക്കാനുള്ള പ്രോജക്ട് നടപ്പാക്കാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്

**തീരുമാനം :-** ഈ വിഹിതം അതതു ഗ്രാമപഞ്ചായത്തിനു കൈമാറി പ്രോജക്ട് നടപ്പാക്കാൻ നിർദ്ദേശിക്കുന്നു

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

4.100 **<u>കോയിപ്രം ബ്ലോക്ക് പഞ്ചായത്ത്</u>**

**പത്തനംതിട്ട ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 07.01.2023 ലെ കത്തും കോയിപ്രം ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതിയുടെ 26.10.2022 ലെ 1(3)-ാം നമ്പർ തീരുമാനവും (SRG 216/23, CC/**811/23**)**

**വിഷയം:-** ബി.ആർ.സികളിലെ സ്പെഷ്യൽകെയർ സെന്ററുകൾക്ക് ഉപകരണങ്ങൾ വാങ്ങുന്നത് സംബന്ധിച്ച്.

| *പ്രോ.നം: 90/23* | ***അടങ്കൽ*** | ***2,00,000/- രൂപ*** *(വികസനഫണ്ട് - ജനറൽ)* |
|---|---|---|
| ***പേര്*** | **ബിആർസികളിലെ സ്പെഷ്യൽ കെയർ സെന്ററുകൾക്ക് അടിസ്ഥാനസൗകര്യ വികസനം** | |

ബി.ആർ.സിയുടെ ഇടപെടലോടെ വിദ്യാലയങ്ങളിൽ സ്പെഷ്യൽ കെയർ സെന്ററുകൾ ഉണ്ട്. സ്കൂളുകളിൽ പഠിക്കുന്ന ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് പഠനത്തിന് പൂർണ്ണപങ്കാളിത്തം ഉറപ്പുവരുത്തുന്നതിനും മറ്റു കുട്ടികൾക്കൊപ്പം പഠനശേഷി കൈവരിക്കുന്നതിനും അധിക പിന്തുണ ഒരുക്കുന്നതിനുമാണ് ഇത്തരം സെന്ററുകൾ. ഇത്തരം സെന്ററുകൾക്ക് ആവശ്യമായ ഉപകരണങ്ങളും സൗകര്യമൊരുക്കുന്നതിനുമാണ് പ്രോജക്ട്. ഈ പ്രോജക്ടിന് അനുമതി നൽകണമെന്നതു സംബന്ധിച്ച്

**തീരുമാനം :-** ഏതൊക്കെ സ്ഥാപനങ്ങൾക്ക് ഏതൊക്കെ ഉപകരണങ്ങളാണ് നൽകുന്നതെന്ന് വ്യക്തമാക്കി നൽകാൻ നിർദ്ദേശിക്കുന്നു. ഇവ ലഭിക്കുന്ന മുറയ്ക്ക് പിന്നീട് പരിഗണിക്കുന്നതാണ്.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.ഇ) വകുപ്പ്**

4.101 **<u>പുത്തിഗെ ഗ്രാമപഞ്ചായത്ത്</u>**

**കാസർഗോഡ് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 10.01.2023 ലെ കത്ത് (SRG 220/23, CC/935/22)**

**വിഷയം:-** ശവദഹന പെട്ടി വാങ്ങുന്നതിന് അനുമതി സംബന്ധിച്ച്

| *പ്രോ.നം: 1/23* | ***അടങ്കൽ*** | ***3,75,000/- രൂപ*** *(സി.എഫ്.എസി ടൈഡ് ഗ്രാന്റ്)* |
|---|---|---|
| ***പേര്*** | **ശവദഹന പെട്ടി വാങ്ങൽ** | |

ശവദഹനപെട്ടി വാങ്ങുന്നതിനുള്ള പ്രോജക്ട് വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതിന് അനുമതി നൽകണമെന്നതു സംബന്ധിച്ച്

**തീരുമാനം :-** ഇതിന് CFC Tied Fund ഉപയോഗിക്കാവുന്നതല്ല. എങ്ങനെയാണ് പ്രോജക്ട് നടപ്പാക്കുന്നതെന്ന വിശദാംശം പ്രോജക്ടിൽ ഇല്ല. അനുമതി നിരസിച്ചു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.ഇ) വകുപ്പ്**

4.102 **<u>വോർക്കാടി ഗ്രാമപഞ്ചായത്ത്</u>**

**കാസർകോഡ് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 10.01.2023 ലെ കത്തും വോർക്കാടി ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 29.11.2022 ലെ 17(8)-ാം നമ്പർ തീരുമാനവും (SRG 221/23, CC/877/22)**

**വിഷയം:-** നിലവിലെ കുടിവെള്ള പദ്ധതിയുടെ അറ്റകുറ്റപ്പണി നടത്തുന്നതു സംബന്ധിച്ച്

വോർക്കാടി ഗ്രാമപഞ്ചായത്തിലെ നാലാം വാർഡിലെ പുരുഷങ്കൊടി കുടിവെള്ള പദ്ധതിക്ക് അറ്റകുറ്റപ്പണിക്കായി 30,000 രൂപയും പതിനൊന്നാം വാർഡിലെ കുറുമദൈ-കജേപ്പദവ് കുടിവെള്ള പദ്ധതിക്ക് 20,000 രൂപയും ഗുണഭോക്തൃസമിതി ചെലവഴിച്ചിട്ടുണ്ട്. ഗുണഭോക്തൃ സമിതി ആവശ്യപ്പെട്ട പ്രകാരം ഈ തുക ധനകാര്യകമ്മിഷൻ ഗ്രാന്റിൽ നിന്നോ തനതുഫണ്ടിൽ നിന്നോ നൽകാൻ അനുമതി സംബന്ധിച്ച്

**തീരുമാനം :-** പൊതുവിഭാഗത്തിൽപ്പെട്ടവരാണ് ഇതിന്റെ പ്രധാന ഗുണഭോക്താക്കളെന്ന് യോഗം നിരീക്ഷിച്ചു. അതിനാൽ ഇതിന്റെ ചെലവ് ഗുണഭോക്തൃസമിതി തന്നെ വഹിക്കേണ്ടതാണ്. അനുമതി നിരസിച്ചു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്**

**4.103 <u>ഭരണിക്കാവ് ബ്ലോക്ക് പഞ്ചായത്ത്</u>**

**ആലപ്പുഴ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 25.01.2023 ലെ കത്തും അനുബന്ധ രേഖകളും (SRG 318/23, CC/59/23)**

**വിഷയം:-** ബ്ലോക്ക് പഞ്ചായത്ത് സ്ഥാപിച്ച സി.സി.റ്റി.വി ക്യാമറ ദൃശ്യങ്ങൾ പോലീസ് സ്റ്റേഷനുമായി ബന്ധിപ്പിക്കുന്നതു സംബന്ധിച്ച്.

| *പ്രോ.നം: 109/23* | *അടങ്കൽ* | *4,00,000/- രൂപ (തനത് ഫണ്ട്)* |
|---|---|---|
| *പേര്* | **ദൃശ്യം 2 - ഹരിതാഭം ചാരുംമൂട് ബ്ലോക്ക് സി.സി.റ്റി.വി ദൃശ്യങ്ങൾ പോലീസ് സ്റ്റേഷനു ലഭ്യമാക്കുന്നതു സംബന്ധിച്ച്** | |

ഭരണിക്കാവ് ബ്ലോക്ക് പഞ്ചായത്ത് 2019-20 ൽ നൂതന പ്രോജക്ടുകളുടെ ഗണത്തിൽപ്പെടുത്തി 14 സി.സി.റ്റി.വി ക്യാമറകൾ നാഷണൽ ഹൈവേ സ്റ്റേറ്റ് റോഡുകളിൽ സ്ഥാപിച്ചിരുന്നു. ഈ ക്യാമറകളെല്ലാം നൂറനാട് പോലീസ് സ്റ്റേഷൻ അതിർത്തിയിലാണ്. ഈ ക്യാമറ ദൃശ്യങ്ങൾ നൂറനാട് പോലീസ് സ്റ്റേഷനുമായി ബന്ധിപ്പിക്കുന്നതിന് പ്രോജക്ട് വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. സി.സി.റ്റി.വി ക്യാമറയുടെ ദൃശ്യങ്ങളും അവയുടെ റെക്കോർഡിംഗും നൂറനാട് പോലീസ് സ്റ്റേഷനിൽ അക്സസ് ലഭിക്കത്തക്ക വിധമുള്ള ക്രമീകരണം നടത്തണമെന്ന് നൂറനാട് പോലീസ് **S.H.O** ആവശ്യപ്പെട്ടിട്ടുണ്ട്. ഈ പ്രോജക്ട് നടപ്പാക്കാൻ അനുമതി നൽകണമെന്നു സംബന്ധിച്ച് .

**തീരുമാനം :-** മാലിന്യ നിർമ്മാർജ്ജനത്തിനു കൂടി സഹായകരമാകും എന്നുറപ്പാക്കണമെന്ന നിബന്ധനയോടെ അനുമതി നൽകുന്നു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.ഇ) വകുപ്പ്**

**4.104 <u>തിരുവനന്തപുരം ജില്ലാ പഞ്ചായത്ത്</u>**

**തിരുവനന്തപുരം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 06.02.2023 ലെ കത്തുകളും (രണ്ടെണ്ണം) തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് ഭരണസമിതിയുടെ 05.01.2023 ലെ 3(5)-ാം നമ്പർ തീരുമാനവും (SRG 328/23, CC/46/23)**

**വിഷയം:-** പട്ടികജാതി വിഭാഗത്തിലെ അഭ്യസ്തവിദ്യരായ യുവജനങ്ങൾക്ക് തൊഴിൽ പരിശീലനവും സ്റ്റൈപന്റും നൽകുന്നതു സംബന്ധിച്ച്.

| *പ്രോ.നം: 943/23* | *അടങ്കൽ* | *60,00,000/- രൂപ (എസ്.സി.പി)* |
|---|---|---|
| *പേര്* | **പട്ടികജാതി വിഭാഗത്തിലെ അഭ്യസ്തവിദ്യരായ യുവജനങ്ങൾക്ക് തൊഴിൽ പരിശീലനം - ബി.എസ്. സി നേഴ്സിംഗ്** | |

തിരുവനന്തപുരം ജില്ലാ പഞ്ചായത്തിന്റെ 2022-23 വാർഷിക പദ്ധതിയിൽ ഉൾപ്പെട്ട പട്ടികജാതി വിഭാഗത്തിലെ അഭ്യസ്തവിദ്യരായ യുവജനങ്ങൾക്ക് തൊഴിൽ പരിശീലനം എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി ബി.എസ്.സി. നേഴ്സിംഗ് (പ്രോജക്ട് നമ്പർ 943/23), ജി.എൻ.എം (പ്രോജക്ട് നമ്പർ 946/23), എഞ്ചിനീയറിംഗ്, പോളിടെക്നിക്, ഐ.റ്റി.ഐ (പ്രോജക്ട് നമ്പർ 950/23) എന്നീ കോഴ്സുകൾ പാസ്സായവർക്കായി പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. ഈ പദ്ധതികൾക്കായി സബ്സിഡി മാർഗ്ഗരേഖ പ്രകാരം (28.05.2022 ലെ 115/2022/തസ്വഭവ നമ്പർ സർക്കാർ ഉത്തരവ്) ബി.എസ്.സി നേഴ്സിംഗ്, ജി.എൻ.എം, എന്നീ കോഴ്സുകൾ കഴിഞ്ഞവർക്ക് യഥാക്രമം 10,000/- 8,000/- രൂപ നിരക്കിലും എഞ്ചിനീയറിംഗ്, പോളിടെക്നിക്, ഐ.റ്റി.ഐ എന്നിവർക്ക് യഥാക്രമം 10,000/-, 8000/-, 7,000/- - രൂപയുമാണ് സ്റ്റൈപന്റ് ആയി നിശ്ചയിച്ചിട്ടുള്ളത്. ഇതിനു സമാനമായ പദ്ധതികൾ പട്ടികജാതി വികസന വകുപ്പ് മുഖേനയാകുമ്പോൾ ബി.എസ്.സി നേഴ്സിംഗും ജി.എൻ.എം കോഴ്സും പാസ്സായ നേഴ്സുമാർക്ക് 15,000/-

രൂപയും ബി.ടെക്, ഡിപ്ലോമ കോഴ്സും പാസ്സായവർക്ക് 18,000/- രൂപയുമാണ് നിശ്ചയിച്ചിരിക്കുന്നത്. സമാന പദ്ധതികൾക്ക് വേതനം/സ്റ്റൈപന്റിൽ ഉണ്ടാകുന്ന ഈ വ്യത്യാസം കാരണം ജില്ലാ പഞ്ചായത്ത് പദ്ധതികളിൽ അപേക്ഷ സമർപ്പിക്കുന്നതിന് അപേക്ഷകർ വിമുഖത കാണിക്കുന്നു. അതിനാൽ സമാന പദ്ധതികളുടെ ഓണറേറിയം ഏകീകരിക്കണമെന്നതു സംബന്ധിച്ച്.

**തീരുമാനം :-**

1) പട്ടികജാതി / പട്ടിക വർഗ്ഗ വികസനവകുപ്പിൽ പട്ടികജാതി വിഭാഗത്തിൽപ്പെട്ട 300 പേരേയും പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട 200 പേരേയും രണ്ടു വർഷത്തേക്ക് അക്രഡിറ്റഡ് എഞ്ചിനീയർമാരായി നിയമിച്ചിട്ടുണ്ട്. ഇവർക്കാണ് 18,000 രൂപ പ്രതിമാസം വേതനം നൽകുന്നത് എന്ന് യോഗം വിലയിരുത്തി. ഇത് തദ്ദേശഭരണ സ്ഥാപനങ്ങൾ അഭ്യസ്തവിദ്യരായുള്ളവർക്ക് നൽകുന്ന പരിശീലനവുമായി ബന്ധപ്പെട്ടതല്ല. പരിശീലനം നൽകുന്നതിന് പട്ടികജാതി വികസന വകുപ്പ് നിലവിൽ തദ്ദേശഭരണ വകുപ്പിനേക്കാൾ ഉയർന്ന നിരക്കിൽ സ്റ്റൈപന്റ് നൽകുന്നില്ല എന്ന് പട്ടികജാതി വികസന വകുപ്പ് ഡയറക്ടറുടെ പ്രതിനിധി യോഗത്തിൽ അറിയിച്ചു. ജില്ലാ പഞ്ചായത്തിന്റെ ആവശ്യം പരിഗണിച്ചില്ല.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

**4.105 <u>പിണറായി ഗ്രാമപഞ്ചായത്ത്</u>**

**കണ്ണൂർ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 11.01.23 ലെ കത്തും പിണറായി ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 30.12.2022 ലെ 2/398/2022 (5)-ാം നമ്പർ തീരുമാനവും (SRG 228/23, CC/23/23)**

**വിഷയം:-** വീട്ടു വളപ്പിൽ രണ്ടു സെന്റ് സ്ഥലത്ത് ആസാബാള മത്സ്യകൃഷി ചെയ്യുന്നതു സംബന്ധിച്ച്.

| *പ്രോ.നം: 283/23* | ***അടങ്കൽ*** | ***2,46,000/- രൂപ*** |
|---|---|---|
| | *തനതു ഫണ്ട്* | *98,400 രൂപ* |
| | *ഗുണഭോക്തൃവിഹിതം* | *1,47,600 രൂപ* |
| ***പേര്*** | **വീട്ടുവളപ്പിലെ മത്സ്യകൃഷി** | |

വീട്ടുവളപ്പിൽ രണ്ടു സെന്റ് സ്ഥലത്ത് മത്സ്യകൃഷിക്ക് പ്രോജക്റ്റ് ഏറ്റെടുത്തിട്ടുണ്ട്. പിണറായി ഗ്രാമപഞ്ചായത്തിൽ രണ്ടു ഗുണഭോക്തൃ ഗ്രൂപ്പാണ് ഉള്ളത്. മാർഗ്ഗരേഖ പ്രകാരം ഇത് ഗ്രാമപഞ്ചായത്തിന് ഏറ്റെടുക്കാവുന്നതല്ല എന്നതിനാൽ പ്രത്യേകാനുമതി നൽകണമെന്നതു സംബന്ധിച്ച്

**തീരുമാനം:-** ഇത് ഗ്രാമപഞ്ചായത്തിൽ നടപ്പാക്കിക്കൊണ്ടിരിക്കുന്ന പദ്ധതിയാണ് എന്നതിനാൽ അനുമതി നൽകുന്നു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

**4.106 <u>കരുനാഗപ്പള്ളി ബ്ലോക്ക് പഞ്ചായത്ത്</u>**

**ഗ്രാമവികസന കമ്മീഷണറുടെ 28.10.2022-ലെ കത്തും ഗ്രാമവികസന കമ്മീഷണറുടെ 14.02.2022** CRD/140/2022/H & T2 **നമ്പർ ഉത്തരവും (SRG 248/23-LSGD-DB3/421/2022-**LSGD

**വിഷയം:-** നിർത്തലാക്കിയ കരുനാഗപ്പള്ളി ബ്ലോക്ക് പഞ്ചായത്തിന്റെ കെട്ടിടം ന്യൂനപക്ഷ വിഭാഗത്തിലെ യുവജനങ്ങൾക്ക് പരിശീലനത്തിനായി വിട്ടു നൽകുന്നതു സംബന്ധിച്ച്.

കൊല്ലം ജില്ലയിലെ നിർത്തലാക്കിയ കരുനാഗപ്പള്ളി ബ്ലോക്ക് പഞ്ചായത്തിന്റെ പഴയ കെട്ടിടത്തിലാണ് ന്യൂനപക്ഷ യുവജന പരിശീലനകേന്ദ്രം പ്രവർത്തിച്ചുവരുന്നത്. ഈ കെട്ടിടം 10 വർഷത്തേക്കു ന്യൂനപക്ഷ ക്ഷേമ വകുപ്പിന് വിട്ടു നൽകുന്നതിന് ഗ്രാമവികസന കമ്മീഷണർ അനുമതി നൽകിയിട്ടുണ്ട്. 70 വർഷം പഴക്കമുള്ള ഈ കെട്ടിടത്തിന് അടിയന്തിരമായി അറ്റകുറ്റപ്പണി ആവശ്യമുണ്ട്. ഇതിനായി 13.00 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി. അറ്റകുറ്റപ്പണി നടത്താൻ ന്യൂനപക്ഷ ക്ഷേമ വകുപ്പിന് അനുമതി നൽകിയിട്ടുണ്ട്. ഈ സാഹചര്യത്തിൽ ഈ കെട്ടിടം അറ്റകുറ്റപ്പണി നടത്തുന്നതുവരെ സമീപത്തുള്ള ബ്ലോക്കു പഞ്ചായത്തിന്റെ തന്നെ രണ്ടുനില കെട്ടിടം പരിശീലനം നൽകുന്നതിന് വിട്ടു നൽകാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്. പരമാവധി ഒരു വർഷത്തേക്കോ കെട്ടിടത്തിന്റെ അറ്റകുറ്റപ്പണി പൂർത്തിയാകുന്നതുവരേയോ ആണ് കെട്ടിടം വിട്ടു നൽകുന്നത്.

**തീരുമാനം :-** ഗ്രാമവികസനകമ്മീഷണർ കൂടി ശുപാർശ ചെയ്തത് അനുസരിച്ച് അനുമതി നൽകുന്നു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

**4.107 <u>പത്തനംതിട്ട ജില്ലാ പഞ്ചായത്ത്</u>**

**പത്തനംതിട്ട ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ 18.01.2023-ലെ കത്ത് (SRG/192/23)**

**വിഷയം:-** പത്തനംതിട്ട ജില്ലാ പഞ്ചായത്തിൽ ഹരിതമിത്രം സ്മാർട്ട് ഗാർബേജ് ആപ്ലിക്കേഷൻ ഉപയോഗിച്ച് സർവ്വേ നടത്തുന്നത് സംബന്ധിച്ച്

പത്തനംതിട്ട ജില്ലയിലെ എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളിലും ജില്ലാ പ്ലാനിന്റെ ഭാഗമായി നിർമ്മല ഗ്രാമം, നിർമ്മല നഗരം, നിർമ്മല ജില്ല എന്ന പദ്ധതി ഏറ്റെടുക്കുന്നുണ്ട്. പദ്ധതി നിർവ്വഹണത്തിന്റെ ഭാഗമായി ശുചിത്വ സർവ്വെ നടത്തുന്നതിന് ഹരിതമിത്രം സ്മാർട്ട് ഗാർബേജ് മോണിറ്ററിംഗ് ആപ്ലിക്കേഷൻ ഉപയോഗിക്കുവാനാണ് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകിയിട്ടുള്ളത്. ജില്ലയിൽ നിലവിൽ 4 നഗരസഭകളിലും 12 ഗ്രാമപഞ്ചായത്തുകളിലും ഹരിതമിത്രം സ്മാർട്ട് ഗാർബേജ് ആപ്ലിക്കേഷൻ ഉപയോഗിച്ച് സർവ്വെ പ്രവർത്തനങ്ങൾ നടന്നുവരികയാണ്. ആദ്യഘട്ടത്തിൽ മേൽ ആപ്ലിക്കേഷൻ ഉപയോഗിച്ച് ഗ്രാമപഞ്ചായത്തുകളിൽ വിശദമായ സർവെ നടത്തേണ്ടതില്ല എന്ന് സർക്കാർ നിർദ്ദേശിച്ചിട്ടുള്ളതിനാൽ നഗരസഭകളിൽ മാത്രമേ വിശദമായ സർവ്വേ നടത്തിയിട്ടുള്ളൂ. നഗരസഭകളിൽ 25 രൂപയും ഗ്രാമപഞ്ചായത്തുകളിൽ 15 രൂപയുമാണ് ഒരു വീടിന് സർവ്വെയ്ക്ക് സർക്കാർ ഉത്തരവ് പ്രകാരം പ്രതിഫലം അനുവദിച്ചിട്ടുള്ളത്. എന്നാൽ പത്തനംതിട്ട ജില്ലയിൽ ജില്ലാ പ്ലാനിന്റെ ഭാഗമായി നിർമ്മല ഗ്രാമം, നിർമ്മല നഗരം, നിർമ്മല ജില്ല പദ്ധതി നടപ്പാക്കുന്നതിന് എല്ലാ ഗ്രാമപഞ്ചായത്തുകളിലും വിശദമായ സർവ്വെ നടത്തേണ്ടതുണ്ട്. അതിനാൽ പത്തനംതിട്ട ജില്ലയിലെ എല്ലാ ഗ്രാമപഞ്ചായത്തുകളിലും ഹരിതമിത്രം സ്മാർട്ട് ഗാർബേജ് മോണിട്ടറിംഗ് ആപ്ലിക്കേഷൻ ഉപയോഗിച്ച് വിശദമായ സർവ്വേ നടത്തുന്നതിനും നഗരസഭയിലേതിനു തുല്യമായി 25 രൂപ വീതം സർവ്വേയ്ക്ക് പ്രതിഫലം നൽകുന്നതിനും നിലവിൽ പ്രാരംഭ സർവ്വേ നടത്തിയ 12 ഗ്രാമപഞ്ചായത്തുകളിൽ വിശദമായ സർവേ വീണ്ടും നടത്തേണ്ടതിനാൽ ഇതിന് അധികമായ തുക വകയിരുത്തുന്നതിനും അനുമതി നൽകണമെന്നതു സംബന്ധിച്ച്

**തീരുമാനം :-** സർക്കാരിന്റെ 26.09.2022-ലെ 2341/2022/തസ്വഭവ ഉത്തരവിന്റെ കൂടി അടിസ്ഥാനത്തിൽ ഇത് പരിശോധിച്ച് റിപ്പോർട്ട് ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറെ ചുമതലപ്പെടുത്തി. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പിന്നീട് പരിഗണിക്കും.

**നടപടി:- തദ്ദേശസ്വയംഭരണ (ഡബ്ളിയു.എം) വകുപ്പ്**

4.108 <u>കൊല്ലം കോർപ്പറേഷൻ</u>

**കൊല്ലം കോർപ്പറേഷൻ മേയറുടെ 05.12.2022,14.02.2022 എന്നീ തീയതികളിലെ Kud/25924/ 21-ാം നമ്പർ കത്തും കോഓർഡിനേഷൻ കമ്മിറ്റിയുടെ 21.08.2022-ലെ (ഖണ്ഡിക 4.34) യോഗ തീരുമാനം (SRG/46/23)**

**വിഷയം:-** താമരക്കുളം വൃത്തിയാക്കുന്നതിന്റെ ഭാഗമായി നാല് കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതു സംബന്ധിച്ച്

കൊല്ലം കോർപ്പറേഷനിലെ താമരക്കുളം ഡിവിഷനിലെ താമരക്കുളം വൃത്തിയാക്കുന്നതിന് കഴിഞ്ഞ 2 വർഷമായി പദ്ധതിയിൽ ഉൾപ്പെടുത്തുകയും കരാർ നൽകിയിട്ടുള്ളതുമാണ്. എന്നാൽ ഈ കുളത്തിന്റെ സമീപത്തായി 4 കുടുംബങ്ങൾ (ശ്രീമതി.സുബൈദ, ശ്രീമതി. നസീമ, ശ്രീമതി.ഷെരീഫാ. ശ്രീമതി തനുജ എന്നിവർ) ഷീറ്റ് മേഞ്ഞ ഒറ്റമുറി വീട്ടിൽ കുടുംബമായി താമസിക്കുന്നുണ്ട്. ഇവരുടെ ടോയിലറ്റ് മാലിന്യങ്ങളും മറ്റും ഈ കുളത്തിൽ നിക്ഷേപിക്കുകയും അതിനാൽ പകർച്ചവ്യാധി അടക്കം ഉണ്ടാകാനുള്ള സാഹചര്യവുമുണ്ട്. ഈ പ്രദേശത്ത് കോർപ്പറേഷൻ ഒരു ബൃഹത് പ്രോജക്ടിന് ഡി.പി.ആർ. തയ്യാറാക്കിയിട്ടുള്ളതാണ്. ഇതിന്റെ ഭാഗമായി 4 കുടുംബങ്ങളെയും പുനരധിവാസ പാക്കേജിൽ ഉൾപ്പെടുത്തി ഒരു കുടുംബത്തിന് 2 സെന്റ് സ്ഥലവും 60 ചതുരശ്ര മീറ്റർ തറ വിസ്തീർണ്ണവുമുള്ള വീട് വാങ്ങി പുനരധിവസിപ്പിക്കുന്നതിന് 10 ലക്ഷം രൂപ വീതം നൽകുന്നതിനും ആകെ 40 ലക്ഷം രൂപ പദ്ധതിയിൽ ഉൾപ്പെടുത്തി ജില്ലാ ആസൂത്രണസമിതിയുടെ അംഗീകാരവും ലഭിച്ചിട്ടുണ്ട്.

ഇത് കോഓർഡിനേഷൻ കമ്മിറ്റിയുടെ 21.08.2022-ലെ യോഗം പരിഗണിച്ചു. ഈ കുടുംബങ്ങൾക്ക് ലൈഫ്/പി.എം.എ.വൈ. പദ്ധതിയിൽ ഉൾപ്പെടുത്തി ഭവനം നൽകുന്നതിന് യോഗം നിർദ്ദേശിച്ചിരുന്നു. എന്നാൽ ഈ നിർദ്ദേശം പ്രായോഗികമായി ബുദ്ധിമുട്ടുണ്ടാക്കുന്നു. എന്ന് കോർപ്പറേഷൻ അറിയിച്ചിട്ടുണ്ട്. കൊല്ലം കോർപ്പറേഷന്റെ വികസന പ്രവർത്തനങ്ങൾക്കായി നിലവിൽ ഈ കുടുംബങ്ങൾ അധിവസിക്കുന്ന പ്രദേശം ഏറ്റെടുക്കേണ്ടി വരുന്നതിനാൽ കോഓർഡിനേഷൻ കമ്മിറ്റി നിർദ്ദേശിക്കുന്ന രീതിക്കു പകരം ഈ കുടുംബങ്ങൾക്ക് 10 ലക്ഷം രൂപ വീതം നൽകി രണ്ട് സെന്റ് സ്ഥലത്തോടെ കോൺക്രീറ്റ് വീട് നൽകുന്ന പ്രത്യേക പാക്കേജായി പുനരധിവസിപ്പിക്കുന്നതിന് അനുമതി നൽകണമെന്നതു സംബന്ധിച്ച്

**തീരുമാനം :-** ഇത് അടുത്ത കോഓർഡിനേഷൻ കമ്മിറ്റിയിൽ പരിഗണിക്കുന്നതാണ്.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.ഇ) വകുപ്പ്**

4.109 <u>തൃശ്ശൂർ ജില്ലാ പഞ്ചായത്ത്</u>

**തൃശ്ശൂർ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 18.01.2023-ലെ കത്തും തൃശ്ശൂർ ജില്ലാ പഞ്ചായത്ത് ഭരണസമിതിയുടെ 23.12.2022-ലെ 2(5)-ാം നമ്പർ തീരുമാനവും അനുബന്ധരേഖകളും**

**വിഷയം:-** മാള മഹിളാ റൈസ് പ്രൊഡ്യൂസർ കമ്പനിക്ക് ധനസഹായം നൽകുന്നത് സംബന്ധിച്ച്

| | | |
|---|---|---|
| *പ്രോ.നം: 1128/23* | *അടങ്കൽ* | *25,00,000/- രൂപ (വികസനഫണ്ട് -ജനറൽ)* |
| *പേര്* | *മാള വനിതാ ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനിക്ക് ധനസഹായം* | |

കുടുംബശ്രീ മിഷന്റെ നേതൃത്വത്തിൽ മാള ബ്ലോക്ക് പരിധിയിൽ ഉൾപ്പെടുന്ന ജെ.എൽ.ജി. ഗ്രൂപ്പുകളെ ഉൾപ്പെടുത്തിയാണ് മാള മഹിളാ റൈസ് പ്രൊഡ്യൂസർ കമ്പനി 2018-ൽ പ്രവർത്തനം ആരംഭിച്ചത്. കർഷകർ ഉല്പാദിപ്പിക്കുന്ന നെല്ല് നേരിട്ട് സംഭരിച്ച് അരിയും അരിയുടെ ഉപ ഉല്പന്നങ്ങളും വിപണിയിലെത്തിക്കുക എന്നതാണ് ഈ കമ്പനിയുടെ ലക്ഷ്യം. മാർഗ്ഗരേഖ പ്രകാരം ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനിക്ക് 50 ശതമാനമാണ് ധനസഹായം നൽകാവുന്നത് ഈ

കമ്പനിയുടെ പ്രവർത്തന മൂലധനത്തിനും യന്ത്ര സാമഗ്രികൾ സ്ഥാപിക്കുന്നതിനും മുഴുവൻ തുകയും സബ്സിഡിയായി നൽകാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം :-** യന്ത്രസാമഗ്രികൾ, കെട്ടിട നിർമ്മാണം എന്നിവയുടെ ചെലവിന്റെ 50 ശതമാനം സബ്സിഡി മുകളിൽ പറഞ്ഞ തുകയ്ക്ക് പരിമിതപ്പെടുത്തി നൽകാൻ അനുമതി നൽകുന്നു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

**4.110 <u>ആലപ്പുഴ മുനിസിപ്പാലിറ്റി</u>**

**ആലപ്പുഴ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 18.01.2023-ല കത്തും ആലപ്പുഴ മുനിസിപ്പൽ സെക്രട്ടറിയുടെ 13.01.2023-ലെ p1-369/2022-ാം നമ്പർ കത്തും (SRG 224/23 - CC/51/23**

**വിഷയം:-** തോടുകൾ നവീകരിക്കുന്നതിനും മാലിന്യം വൃത്തിയാക്കുന്നതിനും ജെ.സി.ബി. വാങ്ങുന്നത് സംബന്ധിച്ച്

| | | |
|---|---|---|
| *പ്രോ.നം: 322/23* | *അടങ്കൽ* | *32,50,000/- രൂപ (സി.എഫ്.സി. റ്റൈഡ് ഗ്രാന്റ്)* |
| *പേര്* | *മാലിന്യ സംസ്കരണത്തിനും ഇടത്തോടുകളുടെ നവീകരണത്തിനും ജെ.സി.ബി. വാങ്ങൽ* | |

മാലിന്യ സംസ്കരണത്തിന്റെ ഭാഗമായി ജലസ്രോതസ്സുകളിലെ ഒഴുക്ക് സുഗമമാക്കു ന്നതിനും പൊഴി മുറിക്കൽ ഉൾപ്പെടെയുള്ള പ്രവൃത്തികൾക്കുവേണ്ടി ഉപയോഗിച്ചിരുന്ന ജെ.സി.ബി തകരാറിലായി. ഇതിനുപകരം സി.എഫ്.സി. റ്റൈഡ് ഗ്രാന്റ് ഉപയോഗിച്ച് ജെ.സി.ബി വാങ്ങാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം :-** ഇതു പരിശോധിച്ച് റിപ്പോർട്ട് നൽകാൻ തദ്ദേശസ്വയം ഭരണവകുപ്പ് ചീഫ് എഞ്ചിനീയറെ ചുമതലപ്പെടുത്തി. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പിന്നീട് പരിഗണിക്കുന്ന താണ്.

**നടപടി:- 1) ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണവകുപ്പ്**
**തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

**4.111 <u>ആലപ്പുഴ ജില്ലാ പഞ്ചായത്ത്</u>**

**ആലപ്പുഴ ജില്ലാ പഞ്ചായത്ത് പ്രസിഡിന്റിന്റെ 03.02.2023-ലെ കത്തും ആലപ്പുഴ ജില്ലാ പഞ്ചായത്ത് ഭരണസമിതിയുടെ 23.12.2022-ലെ 8(11)-ാം നമ്പർ തീരുമാനവും (SRG 257/23)**

**വിഷയം:-** വനിതാ ജെന്റർ പാർക്കിൽ താൽക്കാലികമായി നിയമിച്ചവർക്ക് വേതനം നൽകാനുള്ള അനുമതി സംബന്ധിച്ച്.

ആലപ്പുഴ ജില്ലാ ആസ്ഥാനത്ത് ഒരുക്കിയിരിക്കുന്ന ജന്റർ പാർക്കിൽ വനിതകൾക്ക് ഡോർമിറ്ററി, ലൈബ്രറി, സൗജന്യ നിയമ സഹായ കേന്ദ്രം, കൗൺസിലിംഗിനുള്ള സംവിധാനം, യോഗ പരിശീലന കേന്ദ്രം തുടങ്ങിയവ ഒരുക്കിയിട്ടുണ്ട്. ഇതോടനുബന്ധിച്ച് യോഗ ട്രെയിനർ, സെൽഫ് ഡിഫെൻസ് ട്രെയിനർ, ഫെസിലിറ്റേറ്റർ, വാച്ച് വുമൺ എന്നിവരെ നിയമിച്ചിട്ടുണ്ട്. ഇവർക്ക് ഒരു മാസത്തെ ഓണറേറിയം നൽകിയിട്ടുണ്ട്. ജെന്റർ പാർക്കിനായി രൂപീകരിച്ചിട്ടുള്ള കമ്മിറ്റിയെ ഈ സ്ഥാപനത്തിന്റെ പ്രവർത്തനം ഏൽപ്പിച്ച് യൂസർ ഫീ ആയി ലഭിക്കുന്ന വരുമാനത്തിൽ നിന്ന് തുടർ പ്രവർത്തനം നടത്തണമെന്ന് ജില്ലാ വനിതാ ശിശു വികസന ഓഫീസർ ജില്ലാ പഞ്ചായത്തിനെ അറിയിച്ചിട്ടുണ്ട്. എങ്കിലും മുകളിൽ പറഞ്ഞവർക്ക് ഓണറേറിയം /വേതനം വികസന ഫണ്ടിൽ നിന്നു നൽകാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം :-** ഈ സ്ഥാപനത്തിൽ ഓരോ ഇനത്തിൽ നിന്നുള്ള വരവും ഓരോ ഇനത്തിനും പ്രതീക്ഷിക്കുന്ന ചെലവും ഉൾപ്പെടുത്തി വിശദാംശം സഹിതം നൽകാൻ നിർദ്ദേശിക്കുന്നു. ഇവ ലഭിക്കുന്ന മുറയ്ക്ക് പിന്നീടു പരിഗണിക്കുന്നതാണ്.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.ഇ) വകുപ്പ്**

4.112 <u>**ആലപ്പുഴ ജില്ലാ പഞ്ചായത്ത്**</u>

**ആലപ്പുഴ ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ 17.11.2022-ലെ pl-5110/22-ലെ കത്ത് (SRG 42/23**

**വിഷയം:-** കർഷകരുടെ കൈവശമുള്ള നെൽവിത്തു വാങ്ങുന്നതിന് സബ്സിഡി നൽകുന്നത് സംബന്ധിച്ച്

പതിനാലാം പഞ്ചവൽസര പദ്ധതി സബ്സിഡി -ധനസഹായ മാർഗ്ഗരേഖ പ്രകാരം നെൽവിത്തിനു സബ്സിഡി നൽകാം. കൃഷി വകുപ്പ ഫാമുകൾ, നാഷണൽ സീഡ് കോർപ്പറേഷൻ, കേരള സംസ്ഥാന വിത്ത് വികസന അതോറിറ്റി, വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ കേരള, വിവിധ പദ്ധതികളിൽ സ്ഥാപിച്ചിട്ടുള്ള നേഴ്സറികൾ, സീഡ് മൾട്ടിപ്ലിക്കേഷൻ യൂണിറ്റുകൾ എന്നിവിടങ്ങളിൽ നിന്നും വാങ്ങാവുന്ന വിത്തുകൾക്കാണ് സബ്സിഡി നൽകാവുന്നത്. എന്നാൽ പല കർഷകരുടെയും കൈവശം അവർ തന്നെ ഉല്പാദിപ്പിക്കുന്ന അത്യുല്പാദനശേഷിയുള്ള വിത്തുകൾ ഉണ്ട്. ഈ സാഹചര്യത്തിൽ കർഷകരുടെ സ്വന്തം ഉപയോഗത്തിന് കൈവശമുള്ള നെൽ വിത്ത് ഉപയോഗിച്ചാലും നെൽവിത്ത് അധികമുള്ള കർഷകരുടെ കൈയ്യിൽ നിന്ന് വാങ്ങി ഉപയോഗിച്ചാലും ഗുണമേന്മ ഉണ്ടെങ്കിൽ അനുവദനീയമായ സബ്സിഡി നൽകാൻ അനുമതി നൽകണമെന്നും ഇത് മാർഗ്ഗരേഖയിൽ കൂട്ടിച്ചേർക്കണമെന്നതും സംബന്ധിച്ച്.

**തീരുമാനം :-** ഇന്നത്തെ യോഗത്തിൽ കൃഷി ഡയറക്ടർ പങ്കെടുത്തിട്ടില്ല എന്നതിനാൽ പരിഗണിച്ചില്ല. അടുത്ത കോഓർഡിനേഷൻ കമ്മിറ്റിയിൽ പരിഗണിക്കുന്നതാണ്.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

4.113 <u>**പട്ടാമ്പി ബ്ലോക്ക് പഞ്ചായത്ത്**</u>

**പാലക്കാട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 08.02.2023-ലെ കത്തും പട്ടാമ്പി ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ 07.02.2023-ലെ 2730/21-ാം നമ്പർ കത്തും ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 31.12.2022-ലെ 6(3)-ാം നമ്പർ തീരുമാനവും (SRG 337/23 cc /78/23)**

**വിഷയം:-** ഐ.എ.വൈ. പദ്ധതി പ്രകാരമുള്ള വീടിന്റെ നിർമ്മാണം പൂർത്തീകരിക്കുന്നത് സംബന്ധിച്ച്

| | | |
|---|---|---|
| ***പ്രോ.നം: 148/23*** | ***അടങ്കൽ*** | ***1,50,000 രൂപ (ബാങ്കിൽ ചെലവഴിക്കാതെ കിടക്കുന്ന തുക )*** |
| ***പേര്*** | ***ഐ.എ.വൈ. ഗുണഭോക്താവായ ശ്രീമതി ശ്രീജയുടെ ഭവന പൂർത്തീകരണം*** | |

വിളയൂർ ഗ്രാമപഞ്ചായത്തിലെ പട്ടികജാതി വിഭാഗത്തിൽപ്പെട്ട ശ്രീമതി. ശ്രീജ ചാലപ്പുറത്ത് വീട് എന്ന വ്യക്തിക്ക് 2015-16-ൽ ഐ.എ.വൈ. ഭവന പദ്ധതി പ്രകാരം വീടിന് ധനസഹായം നൽകിയിരുന്നു. ഐ.എ.വൈ നിരക്കായ 2.00 ലക്ഷം രൂപയിൽ 1,41,500 രൂപ ആകെ നൽകിയിട്ടുണ്ട്. ഇതുപയോഗിച്ച് ലിന്റൽ ലെവൽ വരെ നിർമ്മാണം നടത്തി. ഗുണഭോക്താവിന്റെ സാമ്പത്തിക ബുദ്ധിമുട്ടു കാരണം ലൈഫ് ഒന്നാം ഘട്ടത്തിൽ (പൂർത്തീകരിക്കാത്ത വീടുകളുടെ പൂർത്തീകരണം) വീട് പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടില്ല. ഈ വ്യക്തിക്ക് വീട് പൂർത്തീകരണത്തിന് 1,87,895 രൂപ (പുതിയ നിരക്കിന്റെ ആനുപാതിക തുക എന്ന് കണക്കാക്കി) നൽകാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്. ഇതിനായി

പി.എം.എ. വൈ. പദ്ധതിക്കായി ലഭിച്ചിട്ടുള്ളതും ചെലവഴിക്കാതെ കിടക്കുന്നതുമായ തുക ഉപയോഗിക്കാനാണ് ഉദ്ദേശിക്കുന്നത്.

**തീരുമാനം:-** ഇതിന്റെ വിശദാംശങ്ങളും ചെലവുകളും പരിശോധിച്ച് റിപ്പോർട്ട് നൽകാൻ ലൈഫ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറെ ചുമതലപ്പെടുത്തി. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പിന്നീട് പരിഗണിക്കുന്നതാണ്.

**നടപടി:-1) ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ**
**2)തദ്ദേശസ്വയംഭരണ (ഡി.ഇ) വകുപ്പ്**

**4.114 <u>തിരൂർ നഗരസഭ</u>**

**മലപ്പുറം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 19.01.2023-ലെ കത്തും തിരൂർ നഗരസഭാ സെക്രട്ടറിയുടെ 13.09.2022-ലെ H3-17754/21- ലെ കത്ത് (SRG 237/23 - CC/35/23)**

**വിഷയം:-** കിണർ നിർമ്മാണത്തിന് ധനസഹായം നൽകുന്നത് സംബന്ധിച്ച്

| *പ്രോ.നം: 105/23* | *അടങ്കൽ* | *6,41,555/- രൂപ (എസ്.സി.പി)* |
|---|---|---|
| *പേര്* | *തുറന്ന കിണർ നിർമ്മാണം* | |

തിരൂർ നഗരസഭ പട്ടികജാതി വിഭാഗക്കാർക്ക് തുറന്ന കിണർ നിർമ്മാണത്തിന് 2021-22-ൽ പ്രോജക്ട് ഏറ്റെടുത്തിരുന്നു . ഈ വർഷം സ്പിൽ ഓവറായി തുടരുന്നു. ആകെ 10 ഗുണഭോക്താക്കളാണ് ഉണ്ടായിരുന്നത്. 6 പേർക്ക് ധനസഹായം നൽകി. കഴിഞ്ഞ വർഷം നിലനിന്നിരുന്ന മാർഗ്ഗരേഖ പ്രകാരം പട്ടികജാതി പട്ടികവർഗ്ഗ വിഭാഗക്കാർക്ക് കിണർ നിർമ്മാണത്തിന്റെ യഥാർത്ഥ ചെലവ് നൽകാമായിരുന്നു. എന്നാൽ പതിനാലാം പഞ്ചവൽസര പദ്ധതി മാർഗ്ഗരേഖ പ്രകാരം പട്ടികജാതി പട്ടികവർഗ്ഗ വിഭാഗക്കാർക്ക് പരമാവധി 35,000 രൂപയാണ് നൽകാവുന്നത്. എന്നാൽ നഗരസഭയുടെ പ്രോജക്ട് പ്രകാരം പരമാവധി 1.00 ലക്ഷം രൂപ നല്കാനാണ് ഉദ്ദേശിച്ചിരുന്നത്. സ്പിൽഓവർ പ്രോജക്ടായതിനാൽ കഴിഞ്ഞ വർഷം നിലനിന്ന മാർഗ്ഗരേഖ പ്രകാരമുള്ള യഥാർത്ഥ ചെലവ് നൽകാമോ എന്ന് വ്യക്തത വരുത്തണമെന്നതു സംബന്ധിച്ച്.

**തീരുമാനം :-** സ്പിൽ ഓവർ പ്രോജക്ട് ആയതിനാൽ പതിമൂന്നാം പദ്ധതി മാർഗ്ഗരേഖയിലെ മാനദണ്ഡമാണ് ബാധകമാകുന്നത് എന്ന് വ്യക്തത വരുത്തുന്നു. വാല്യുവേഷൻ പ്രകാരമുള്ള തുകയേ നൽകാവൂ എന്ന് നിർദ്ദേശിക്കുന്നു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്**

**4.115 <u>വേങ്ങര ഗ്രാമപഞ്ചായത്ത്</u>**

**മലപ്പുറം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 19.01.2023-ലെ കത്തും വേങ്ങര ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 10.01.2023-ലെ** PRS/2020/2022/(2) **-ാം നമ്പർ കത്തും (SRG 236/23 - CC/33/23)**

**വിഷയം:-** അങ്കണവാടി കലോത്സവത്തിന്റെ നടത്തിപ്പ് ചെലവ് വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച്

| *പ്രോ.നം: 123/23* | *അടങ്കൽ* | *15,000 രൂപ (തനത് ഫണ്ട്)* |
|---|---|---|
| *പേര്* | *അങ്കണവാടി കലോത്സവം* | |

വേങ്ങര ഗ്രാമപഞ്ചായത്തിൽ ഉള്ള 39 അങ്കണവാടി കുട്ടികളെ ഉൾപ്പെടുത്തി കലോത്സവം നടത്തി. മാർഗ്ഗരേഖ പ്രകാരം അങ്കണവാടി കലോത്സവത്തിന് ചെലവഴിക്കാവുന്നത് 15,000 രൂപയാണ്. പങ്കെടുത്തവർക്ക് സമ്മാനങ്ങളും മറ്റും നൽകാൻ സ്പോൺസർഷിപ്പ് ലഭിച്ചുവെങ്കിൽപോലും ചെലവ് അധികരിച്ചു. 723 പേർ ഹാജർ രജിസ്റ്ററിൽ

ഒപ്പിട്ടുണ്ടെന്നും 71,000 രൂപ കലോത്സവത്തിന് ചെലവായെന്നും ഗ്രാമപഞ്ചായത്ത് അറിയിച്ചിരിക്കുന്നു. അതിനാൽ അധികമായി ചെലവായ 56,000 രൂപ നൽകാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം :–** ഇതിന്റെ വിശദാംശങ്ങളും ചെലവുകളും പരിശോധിച്ച് റിപ്പോർട്ട് നൽകാൻ റൂറൽ ഡയറക്ടറെ ചുമതലപ്പെടുത്തുന്നു. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പിന്നീട് പരിഗണിക്കുന്നതാണ്.

**നടപടി:– 1) റൂറൽ ഡയറക്ടർ**
**2)തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

4.116 <u>**തദ്ദേശസ്വയംഭരണ വകുപ്പ് എഞ്ചിനീയറിംഗ് വിഭാഗം**</u>

**തദ്ദേശസ്വയംഭരണവകുപ്പ് ചീഫ് എഞ്ചിനീയറുടെ 21.02.2023 ലെ** DB3/753/2013/CE/LID & EW **നമ്പർ കത്ത് (SRG 351/23)**

**വിഷയം:–** എഞ്ചിനീയർമാർക്ക് വാഹനം വാടകയ്ക്കെടുക്കുന്നത് സംബന്ധിച്ച്.

**(i)** തദ്ദേശഭരണസ്ഥാപനങ്ങൾക്ക് അവയുടെ എഞ്ചിനീയറിംഗ് വിഭാഗത്തിന് നിലവിൽ സ്വന്തമായി വാഹനമില്ലെങ്കിൽ ഒരു വാഹനം വാടകയ്ക്കെടുക്കാവുന്നതാണെന്ന് ആസൂത്രണ മാർഗ്ഗരേഖയിൽ പറയുന്നുണ്ട്. വാഹനം വാടകയ്ക്കെടുക്കുമ്പോൾ 2017 നു ശേഷമുള്ള വാഹനമായിരിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ പല തദ്ദേശസ്ഥാപനങ്ങളിലും ഈ നിബന്ധനകാരണം എഞ്ചിനീയറിംഗ് വിഭാഗത്തിന് വാഹനം വാടകയ്ക്ക് എടുക്കാൻ കഴിയുന്നില്ല. പദ്ധതി പ്രവർത്തനങ്ങളുടെ സുഗമമായ നടത്തിപ്പിന് എഞ്ചിനീയറിംഗ് വിഭാഗത്തിന് വാഹനം അത്യാവശ്യമായതിനാൽ ക്വട്ടേഷൻ ക്ഷണിക്കുമ്പോൾ 2017 നു ശേഷമുള്ള വാഹനങ്ങൾ ലഭ്യമാകുന്നില്ലെങ്കിൽ, രണ്ടാമത്തെ ക്വട്ടേഷനിൽ വാഹനങ്ങളുടെ പഴക്കം സംബന്ധിച്ച നിബന്ധന ഒഴിവാക്കി ക്വട്ടേഷൻ ക്ഷണിക്കുന്നതിന് അനുവാദമുണ്ടാകണമെന്നത് സംബന്ധിച്ച്.

**തീരുമാനം :–** പൊതു തീരുമാനം ഖണ്ഡിക 3.6 ബാധകമാണ്.

**നടപടി:– തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

**(ii)** പ്രതിമാസം പരമാവധി 36,000 രൂപയിൽ അധികരിക്കാതെ പരമാവധി 2000 കി.മീ ഓടുന്നതിന് ക്വട്ടേഷൻ ക്ഷണിച്ച് ഏറ്റവും കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്യുന്ന വ്യക്തിയെ തെരഞ്ഞെടുക്കാവുന്നതാണെന്നും 2000 കി.മീ ഓടിയില്ലെങ്കിൽ പോലും ക്വാട്ട് ചെയ്യുന്ന തുക എത്രയാണോ അത് നൽകാവുന്നതാണെന്നും കോഓർഡിനേഷൻ കമ്മിറ്റി സ്പഷ്ടീകരണം നൽകിയിട്ടുണ്ട്. എന്നാൽ ഹൈറേഞ്ച് മേഖലകളിലും ഒപ്പം വിസ്തൃതി കൂടിയ തദ്ദേശഭരണസ്ഥാപനങ്ങളിലും പ്രതിമാസം പരമാവധി തുക 36,000 രൂപയെന്നത് കുറവാണെന്ന് അറിയിച്ചിട്ടുണ്ട്. അത്തരം സാഹചര്യങ്ങളിൽ ഈ തുക വർദ്ധിപ്പിച്ച് നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം :–** സംസ്ഥാനത്ത് മറ്റു വകുപ്പുകളിൽ നിലനിൽക്കുന്നതിനേക്കാൾ ഉയർന്ന നിരക്കാണ് ഇത് എന്ന് യോഗം വിലയിരുത്തി. ആവശ്യം നിരസിച്ചു.

**നടപടി:– തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

4.117 <u>**ളാലം ബ്ലോക്ക് പഞ്ചായത്ത്**</u>

**കോട്ടയം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 28.01.2023 ലെ കത്തും ളാലം ബ്ലോക്ക് പഞ്ചായത്തു ഭരണസമിതിയുടെ 06.01.2023 ലെ 3(1)–ാം നമ്പർ തീരുമാനവും (SRG 313/23 – CC/53/23)**

**വിഷയം:–** സെന്റ് തോമസ് മൗണ്ട് ഭാഗത്ത് ടൂറിസം പദ്ധതി നടപ്പാക്കുന്നത് സംബന്ധിച്ച്.

| | | |
|---|---|---|
| ***പ്രോ.നം: 67/23*** | ***അടങ്കൽ*** | ***15,00,000 രൂപ*** |
| | *അവാർഡ് തുക* | *10,00,000 രൂപ* |
| | *തനത് ഫണ്ട്* | *5,00,000 രൂപ* |
| ***പേര്*** | ***കരൂർ പഞ്ചായത്ത് സെന്റ് തോമസ് മൗണ്ട് ഭാഗത്ത് ടൂറിസം പദ്ധതി.*** | |

ബ്ലോക്ക് പഞ്ചായത്തിലെ കരൂർ ഗ്രാമപഞ്ചായത്തിലെ സെന്റ് തോമസ് മൗണ്ട് ഭാഗത്ത് ടൂറിസം പദ്ധതി നടപ്പാക്കുന്നതിന് 6 സെന്റ് സ്ഥലം വാങ്ങാൻ ഉദ്ദേശിക്കുന്നു. ഈ പ്രദേശത്ത് ഹിൽവ്യൂ പോയിന്റ്, ടോയിലറ്റ്, കോഫി ഷോപ്പ്, ചെറിയ പാർക്ക് തുടങ്ങിയ നിർമ്മാണ പ്രവർത്തികളും നടപ്പാക്കാനുദ്ദേശിക്കുന്നു. ഇതിന് അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം :-** ഇതു സംബന്ധിച്ച് കോട്ടയം ടൂറിസം ഡെപ്യൂട്ടി ഡയറക്ടറുടെ റിപ്പോർട്ട് സഹിതം വിശദാംശങ്ങൾ ഉൾപ്പെടുത്തി നൽകാൻ നിർദ്ദേശിക്കുന്നു. ഈ ആവശ്യത്തിന് ടൂറിസം വകുപ്പിൽ നിന്ന് വിഹിതം ലഭിക്കാൻ സാധ്യതയുണ്ടോ എന്നും റിപ്പോർട്ടിൽ ഉൾപ്പെടുത്തണം. ഇതു ലഭിക്കുന്ന മുറയ്ക്ക് പിന്നീട് പരിഗണി ക്കുന്നതാണ്.

**നടപടി:- തദ്ദേശസ്വയംഭരണ (ആർ.ഇ) വകുപ്പ്**

4.118 **<u>പനച്ചിക്കാട് ഗ്രാമപഞ്ചായത്ത്</u>**

**കോട്ടയം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 28.01.2023 ലെ കത്തും പനച്ചിക്കാട് ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 30.11.2022 ലെ 23(1)-ാം നമ്പർ തീരുമാനവും (SRG 319/23 - CC/64/23)**

**വിഷയം:-** ശുചിത്വ മാലിന്യ സംസ്കരണത്തിന്റെ ഭാഗമായി വീടുകളിൽ കണ്ടെയ്നറുകളും സഞ്ചിയും വിതരണം ചെയ്യുന്നതു സംബന്ധിച്ച്.

| | | |
|---|---|---|
| ***പ്രോ.നം: 261/23*** | ***അടങ്കൽ*** | ***18,00,000 രൂപ*** *(സി.എഫ്.സി റൈഡ് ഗ്രാന്റ്)* |
| ***പേര്*** | ***ക്ലീൻ പനച്ചിക്കാട്*** | |

മാലിന്യ സംസ്കരണത്തിന്റെ ഭാഗമായി പനച്ചിക്കാട് ഗ്രാമപഞ്ചായത്തിലെ 12,000 വീടുകളിൽ മാംസം, മത്സ്യം എന്നിവ വാങ്ങാൻ രണ്ട് ഫുഡ് ഗ്രേഡ് പ്ലാസ്റ്റിക് കണ്ടെയ്നർ വീതം വാങ്ങി നൽകാൻ ഉദ്ദേശിക്കുന്നു. ഒപ്പം പച്ചകറികളും പഴവർഗ്ഗങ്ങളും വാങ്ങാൻ പുനരുപയോഗ സാധ്യതയുള്ള 10 കിലോ, 5 കിലോ ഭാരം വഹിക്കാൻ കഴിയുന്ന 2 തുണി സഞ്ചികളും എല്ലാ വീടുകളിലും വാങ്ങി നൽകുന്നു. ഇതുവഴി പ്ലാസ്റ്റിക് ക്യാരി ബാഗുകളുടെ സമ്പൂർണ്ണ നിരോധനം ലക്ഷ്യമിടുന്നു. ഈ പ്രോജക്ടിന് അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം :-** അനുമതി നിരസിച്ചു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡബ്ളിയു.എം) വകുപ്പ്**

4.119 **<u>ശ്രീനാരായണപുരം ഗ്രാമപഞ്ചായത്ത്</u>**

**തൃശ്ശൂർ ജില്ല പ്ലാനിംഗ് ഓഫീസറുടെ 18.01.2023 ലെ കത്തും ശ്രീനാരായണപുരം ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 17.10.2022 ലെ 4(1)-ാം നമ്പർ തീരുമാനവും (SRG/ 234/23 - CC/924/23)**

**വിഷയം:-** ആരോഗ്യ മേഖലയിലെ ആശാവർക്കർമാർക്ക് യൂണിഫോം നൽകുന്നത് സംബന്ധിച്ച്.

| പ്രോ.നം: 226/23 | അടങ്കൽ | 60,000 രൂപ (തനത് ഫണ്ട്) |
|---|---|---|
| പേര് | ആശാവർക്കർമാർക്ക് യൂണിഫോം | |

ആരോഗ്യ മേഖലയിൽ പ്രവർത്തിക്കുന്ന ആശാവർക്കർമാർക്ക് യൂണിഫോം നൽകുന്നതിന് അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം :-** ആശാവർക്കർമാർക്ക് യൂണിഫോം ആരോഗ്യ വകുപ്പോ സർക്കാരോ നിശ്ചയിച്ച നൽകിയിട്ടില്ല. ഈ സാഹചര്യത്തിൽ ആവശ്യം നിരസിച്ചു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.ഇ) വകുപ്പ്**

4.120 <u>തിരുവില്ല്വാമല ഗ്രാമപഞ്ചായത്ത്</u>

**തൃശ്ശൂർ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 18.01.2023 ലെ കത്തും തിരുവില്ല്വാമല ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 25.10.2022 ലെ 21(1)-ാം നമ്പർ തീരുമാനവും (SRG 233/23 - CC/970/23)**

**വിഷയം:-** ബഡ്സ് സ്കൂളിന് സ്വന്തമായി വാഹനം വാങ്ങുന്നതു സംബന്ധിച്ച്

| പ്രോ.നം: 204/23 | അടങ്കൽ | 11,00,000 രൂപ |
|---|---|---|
| | വികസനഫണ്ട് ജനറൽ | 1,00,000 രൂപ |
| | ജില്ലാ പഞ്ചായത്ത് വിഹിതം | 10,00,000 രൂപ |
| പേര് | ബഡ്സ് സ്കൂളിലേക്ക് വാഹനം വാങ്ങൽ | |

ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന ബഡ്സ് സ്കൂളിന് വാഹനം വാങ്ങാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം :-** മാർഗ്ഗരേഖയിൽ നിർദ്ദേശിച്ചിരിക്കുന്നതനുസരിച്ച് വാഹനം വാടകയ്ക്കെടുക്കാൻ നിർദ്ദേശിക്കുന്നു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

4.121 <u>ന്യൂമാഹി ഗ്രാമപഞ്ചായത്ത്</u>

**കണ്ണൂർ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 17.01.2023 ലെ കത്തും ന്യൂമാഹി ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 05.01.2023 ലെ 2/2023-ാം നമ്പർ തീരുമാനവും (SRG 231/23 - CC/42/23)**

**വിഷയം:-** ലൈഫ് പദ്ധതിക്കായി 2019-20-ൽ ലഭിച്ച ബ്ലോക്കു വിഹിതം പുതിയ ലൈഫ് ഗുണഭോക്താക്കൾക്ക് വേണ്ടി ഉപയോഗിക്കുന്നതു സംബന്ധിച്ച്.

ഭൂരഹിത ഭവനപദ്ധതിയിൽ വീടും സ്ഥലവും വാങ്ങാൻ 2019-20 ൽ പ്രോജക്ട് ഏറ്റെടുത്തിരുന്നു. ഇതിനായി ബ്ലോക്കു പഞ്ചായത്ത് വിഹിതമായി 26,53,600 രൂപ ലഭിച്ചിരുന്നു. ന്യൂമാഹി ഗ്രാമപഞ്ചായത്ത് പ്രദേശത്ത് ഭൂമിയുടെ വില കൂടുതലായതിനാൽ ഗുണഭോക്താക്കൾക്ക് ഭൂമി ലഭ്യമാക്കാൻ സാധിക്കാത്തതിനാൽ ആകെ 17,69,800 രൂപ മാത്രമാണ് ചെലവഴിക്കാൻ കഴിഞ്ഞത്. ബാക്കി 8,83,800 രൂപ തനതുഫണ്ട് അക്കൗണ്ടിൽ സൂക്ഷിച്ചിട്ടുണ്ട്. ലൈഫ് പദ്ധതിയിലെ 2022-ലെ ഭൂരഹിത ഭവനരഹിതരുടെ ലിസ്റ്റിൽ ഉൾപ്പെട്ടവർ സ്വന്തമായി ഭൂമി കണ്ടെത്താമെന്നറിയിച്ചിട്ടുണ്ട്. മുകളിൽ പറഞ്ഞ ചെലവഴിക്കാതെ കിടക്കുന്ന 8,83,800 രൂപ ഈ ഗുണഭോക്താക്കൾക്ക് വീടു നിർമ്മിച്ചു നൽകാനായി ഉപയോഗിക്കാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം :-** അനുമതി നൽകുന്നു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.ഇ) വകുപ്പ്**

**4.122 <u>നെല്ലിയാമ്പതി ഗ്രാമപഞ്ചായത്ത്</u>**
**പാലക്കാട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 17.01.2023 ലെ കത്ത് (SRG 229/23 - CC/872/22)**

**വിഷയം:-** പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് ലാപ് ടോപ് നൽകുന്നത് സംബന്ധിച്ച്.

| | | |
|---|---|---|
| *പ്രോ.നം: 169/23* | *അടങ്കൽ* | *4,20,000 രൂപ (എസ്.സി.പി)* |
| *പേര്* | *പട്ടികജാതി പ്രൊഫഷണൽ വിദ്യാർത്ഥികൾക്ക് ലാപ് ടോപ് വിതരണം* | |

നെല്ലിയാമ്പതി ഗ്രാമപഞ്ചായത്ത് 2021-22 വർഷം പട്ടികജാതി പ്രൊഫഷണൽ വിദ്യാർത്ഥികൾക്ക് ലാപ് ടോപ് നൽകുന്നതിന് പ്രോജക്ട് ഏറ്റെടുത്തിരുന്നു. ആകെയുണ്ടായിരുന്ന 8 ഗുണഭോക്താക്കളിൽ 3 പേർക്ക് ലാപ് ടോപ്പ് നൽകി. മതിയായ ഫണ്ടില്ലാത്തതിനാൽ 5 പേർക്ക് ലാപ് ടോപ് കഴിഞ്ഞവർഷം നൽകിയില്ല. ഈ പ്രോജക്ട് 2022-23 ൽ സ്പിൽ ഓവറായി തുടരുന്നു. മുകളിൽ പറഞ്ഞ 5 പേരിൽ ഒരാൾ ബിരുദപഠനം പൂർത്തിയാക്കി. ഈ വിദ്യാർത്ഥി ഉൾപ്പെടെ 5 പേർക്ക് ലാപ് ടോപ് വാങ്ങി നൽകി. ഇതിനു സാധൂകരണം നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം :-** സാധൂകരണം നൽകുന്നു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

**4.123 <u>കൊല്ലം ജില്ലാ ആസൂത്രണസമിതി</u>**

**കൊല്ലം ജില്ലാ കളക്ടറുടെ 17.02.2023 ലെ** planning 612/2022-23/DPC/DPO/KLM **നമ്പർ കത്ത് (SRG 359/22).**

**വിഷയം:-** മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് ഫർണിച്ചർ നൽകുന്നത് സംബന്ധിച്ച്.

കൊല്ലം ജില്ലയിൽ തദ്ദേശഭരണസ്ഥാപനങ്ങൾ മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് മേശ, കസേര തുടങ്ങിയ ഫർണിച്ചർ നൽകുന്നതിന് പ്രോജക്ട് ഏറ്റെടുത്തിട്ടുണ്ട്. ഇവ നൽകാൻ പതിനാലാം പഞ്ചവത്സരപദ്ധതി സബ്സിഡി-ധനസഹായ മാർഗ്ഗരേഖയിൽ അനുമതി ഉണ്ടെങ്കിലും ഇവയുടെ യൂണിറ്റ് നിരക്ക് നിശ്ചയിച്ചിട്ടില്ല. ഇതിന്റെ യൂണിറ്റ് നിരക്ക് നിശ്ചയിച്ചു നൽകണമെന്നു സം ബന്ധിച്ച്.

**തീരുമാനം :-** പൊതു തീരുമാനം ഖണ്ഡിക 7 ബാധകമാണ്.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

**4.124 <u>തിരുവനന്തപുരം കോർപ്പറേഷൻ</u>**
**തിരുവനന്തപുരം കോർപ്പറേഷൻ സെക്രട്ടറിയുടെ 12.01.2023-ലെ** A2/2022/ HREDC **നമ്പർ കത്തും കോഓർഡിനേഷൻ കമ്മിറ്റിയുടെ 10.02.2022-ലെ യോഗ തീരുമാനവും അനുബന്ധരേഖകളും (SRG 132/23)**

**വിഷയം:-** കണ്ണമ്മൂല വനിതാ ഐ.റ്റി പാർക്കിന് വിവിധ പ്രവർത്തികൾ ടെണ്ടർ കൂടാതെ ഏല്പിക്കുന്നതിന് അനുമതി സംബന്ധിച്ച്

തിരുവനന്തപുരം നഗരസഭയുടെ ഹ്യൂമൻ റിസോഴ്സ് എംപ്ലോയ്മെന്റ് ആന്റ് ഡെവലപ്മെന്റ് സെന്റർ **(HREDC)** എന്ന സ്ഥാപനത്തിനു കീഴിൽ കണ്ണമ്മൂല വനിതാ ഐ.റ്റി. പാർക്ക്

പ്രവർത്തിക്കുന്നുണ്ട്. ഇവിടെ അടിസ്ഥാന സൗകര്യങ്ങളോടെ 40 വനിതാ ഡേറ്റാ എൻട്രി ഓപ്പറേറ്റർമാർ പ്രവർത്തിക്കുന്നു. കൂടുതൽ പേർക്ക് തൊഴിൽ നൽകുന്നതിന് ജനകീയാസൂത്രണം/കുടുംബശ്രീ തുടങ്ങിയ മേഖലകളിൽ ഉൾപ്പെട്ട ഡേറ്റാ എൻട്രി വർക്കുകൾ ഈ സ്ഥാപനം വഴി ടെണ്ടർ കൂടാതെ നടത്താൻ അനുമതി നൽകണമെന്നാവശ്യപ്പെട്ടിരിക്കുന്നു. കോഓർഡിനേഷൻ കമ്മിറ്റിയുടെ 10.02.2022-ലെ യോഗത്തിൽ ഇത് പരിഗണിക്കുകയും ഈ സെന്ററിന്റെ ഇപ്പോഴത്തെ അവസ്ഥ, സെന്ററിന്റെ നടത്തിപ്പ് ചുമതല ആർക്കാണ് തുടങ്ങിയ വിശദാംശം സഹിതം നൽകാൻ കോഓർഡിനേഷൻ കമ്മിറ്റി നിർദ്ദേശിക്കുകയും ചെയ്തിരുന്നു. അടിസ്ഥാന സൗകര്യങ്ങൾ സംബന്ധിച്ച വിവരങ്ങൾ നൽകിയിട്ടുണ്ട്. കോർപ്പറേഷൻ മേയർ ചെയർപേഴ്സണും കോർപ്പറേഷൻ സെക്രട്ടറി സെക്രട്ടറിയുമായുള്ള ഡയറക്ടർ ബോർഡാണ് **HREDC** യെ നിയന്ത്രിക്കുന്നത്. ഈ സ്ഥാപനം വഴി ടെണ്ടർ കൂടാതെ ഡേറ്റാ എൻട്രി വർക്കുകൾ നടത്താൻ വീണ്ടും അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

**തീരുമാനം :-** ഇത് പരിശോധിച്ച് റിപ്പോർട്ട് നൽകാൻ അർബൻ ഡയറക്ടറെ ചുമതലപ്പെടുത്തി. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പിന്നീട് പരിഗണിക്കുന്നതാണ്.

**നടപടി:- 1) അർബൻ ഡയറക്ടർ**
**2)തദ്ദേശസ്വയംഭരണ (ഡി.ഇ) വകുപ്പ്**

**4.125 കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ**

**കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടറുടെ 31.01.2023-ലെ KSWDC/P5/SHEPAD/2021-22/306-ാം നമ്പർ കത്ത് (SRG 267/23)**

**വിഷയം:-** സംസ്ഥാനത്തെ സർക്കാർ/എയ്ഡഡ് സ്കൂളിൽ നടപ്പാക്കുന്ന ഷീപാഡ് പദ്ധതി കാര്യക്ഷമമായി നടപ്പാക്കുന്നത് സംബന്ധിച്ച്

കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷനും തദ്ദേശഭരണ സ്ഥാപനങ്ങളുമായി സഹകരിച്ച് സർക്കാർ/എയിഡഡ് സ്കൂളുകളിലെ കൗമാരക്കായ പെൺകുട്ടികളുടെ ആരോഗ്യ പരിരക്ഷയും ശുചിത്വവും മുൻ നിർത്തി സാനിട്ടറി നാപ്കിൻ, അവ സൂക്ഷിക്കുന്നതിനുള്ള അലമാര, ഉപയോഗിച്ച നാപ്കിൻ പ്രകൃതിക്ക് ദോഷമല്ലാത്ത രീതിയിൽ നിർമ്മാർജ്ജനം ചെയ്യുന്നതിനുള്ള ഡിസ്ട്രോയർ എന്നിവ സൗജന്യമായി നൽകുന്ന 'ഷീ പാഡ് പദ്ധതി' സ്കൂളുകളിൽ നടത്തുന്നുണ്ട്. ഷീപാഡ് പദ്ധതി നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് ചില പ്രശ്നങ്ങൾ നിലനിൽക്കുന്നുണ്ട്.

1. സ്കൂളുകളിൽ സാനിറ്ററി നാപ്കിനുകൾ ലഭ്യമല്ലായെന്ന് സ്കൂൾ അധികാരികൾ അതത് തദ്ദേശഭരണ സ്ഥാപനങ്ങളെ അറിയിക്കുന്നുണ്ടെങ്കിലും അവരുടെ വനിതാ ഘടക പദ്ധതിയിൽ ഷീ പാഡ് പദ്ധതി ഉൾപ്പെടുത്താൻ വിമുഖത കാണിക്കുന്നു.
2. ഷീപാഡ് പോലുള്ള സമഗ്രമായ പദ്ധതി നിലവിലുള്ളപ്പോൾ ചില തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നാപ്കിൻ ഡിസ്ട്രോയർ/നാപ്കിൻ വെന്റിംഗ് മെഷീൻ എന്നിവയ്ക്കായി മാത്രം ഫണ്ട് വകയിരുത്തി ചുമതല ചില സ്വകാര്യ ഏജൻസികൾക്ക് നൽകുന്നു. ഈ ഏജൻസികൾ നൽകുന്ന സാനിട്ടറി പാഡുകൾ ഗുണമേന്മ, ഫാർമസ്യൂട്ടിക്കൽ സ്പെസിഫിക്കേഷൻ, നിർദ്ദിഷ്ട വലിപ്പം എന്നിങ്ങനെയുള്ള മാനദണ്ഡങ്ങൾ പാലിച്ചുള്ളവയല്ല. ഒപ്പം വെന്റിംഗ് മെഷീൻ, ഡിസ്ട്രോയർ എന്നിവയുടെ മെയിന്റനൻസ് നടക്കുന്നില്ല, വിദ്യാർത്ഥികൾക്ക് അവബോധ ക്ലാസ്സ് നൽകുന്നില്ല തുടങ്ങിയ പ്രശ്നങ്ങൾ നിലനിൽക്കുന്നുവെന്ന് മാനേജിംഗ് ഡയറക്ടർ അറിയിച്ചിരിക്കുന്നു. കൂടാതെ സാധന സാമഗ്രികൾ **GEM** പോർട്ടിൽ വഴി വാങ്ങണമെന്നത് ഷീപാഡ് പദ്ധതിയുടെ നടത്തിപ്പിനെ ബാധിക്കുന്നു. **GEM** പോർട്ടൽ വഴി വാങ്ങുന്നവയ്ക്ക് മെയിന്റനൻസ് ലഭ്യമാകുന്നില്ല എന്നും ചൂണ്ടിക്കാണിച്ചിരിക്കുന്നു. വിദ്യാർത്ഥിനികളുടെ ശുചിത്വ പരിപാലനം എന്നത് ഒരു മെഷിൻ വാങ്ങി സ്ഥാപിക്കുന്നതു മാത്രമല്ല എന്ന അടിസ്ഥാന തത്വം ഉൾക്കൊണ്ട് വേണം ഷീപാഡ് പദ്ധതി നടപ്പാക്കേണ്ടതെന്ന് മാനേജിംഗ് ഡയറക്ടർ അറിയിച്ചിരിക്കുന്നു. ഈ

സാഹചര്യത്തിൽ താഴെപ്പറയുന്ന നിർദ്ദേശങ്ങൾ കോഓർഡിനേഷൻ കമ്മിറ്റി പരിഗണിക്കണമെന്ന ആവശ്യം സംബന്ധിച്ച്.

(i) സംസ്ഥാനത്തെ കൗമാരക്കാരായ പെൺകുട്ടികളുടെ ആരോഗ്യ പരിരക്ഷയും, ശുചിത്വവും മുൻനിർത്തി നടപ്പിലാക്കുന്ന ഷീപാഡ് പദ്ധതി തദ്ദേശസ്വയംഭരണ വകുപ്പിന്റെ പദ്ധതി മാർഗ്ഗരേഖയിൽ മുടക്കം കൂടാതെ നടത്തേണ്ട പദ്ധതികളുടെ പട്ടികയിൽ ഉൾപ്പെടുത്തണം.

(ii) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ കീഴിലെ എല്ലാ സർക്കാർ/എയിഡഡ് സ്കൂളുകളിലും ഷീ പാഡ് പദ്ധതി നടപ്പിലാക്കുന്നതിന് ഓരോ സാമ്പത്തിക വർഷത്തിന്റേയും ആരംഭത്തിൽ തന്നെ കേന്ദ്രീകൃത ഓർഡർ തദ്ദേശസ്വയംഭരണ വകുപ്പ് വനിതാ വികസന കോർപ്പറേഷനെ ഏൽപ്പിക്കണം.

**തീരുമാനം:-** ഇത് അടുത്ത കോഓർഡിനേഷൻ കമ്മിറ്റിയിൽ പരിഗണിക്കുന്നതാണ്.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

4.126 <u>എളവള്ളി ഗ്രാമപഞ്ചായത്ത്</u>

**സർക്കാരിന്റെ 27.12.2022 ലെ DA1/552/2018/തസ്വഭവ നമ്പർ കത്തും പഞ്ചായത്ത് ഡയറക്ടറുടെ 13.12.2022 ലെ PAN/5088/20/J2(DP) നമ്പർ കത്തും എളവള്ളി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 26.09.2022 ലെ SC2/1784/22-ാം നമ്പർ കത്തും (SRG /130/23, DA1/552/2018/തസ്വഭവ).**

**വിഷയം:-** വീട് നിർമ്മിക്കുന്നതിന് ഭൂമി വാങ്ങിയ ഗുണഭോക്താവിന് ധനസഹായം നൽകുന്നത് സംബന്ധിച്ച്

വീട് വയ്ക്കുന്നതിന് ഭൂമി വാങ്ങുന്നതിന് ധനസഹായം നൽകാനുള്ള 2015-16 ലെ ഗുണഭോക്തൃ ലിസ്റ്റിൽ പട്ടികജാതി വിഭാഗത്തിൽപ്പെട്ട ശ്രീമതി വിജയലക്ഷ്മി, തേർഹൗസ് എന്ന വ്യക്തി ഉൾപ്പെട്ടിരുന്നു. ശ്രീ ഗംഗാധരൻ എന്ന വ്യക്തിയുടെ 1.214 ആർ ഭൂമിയാണ് വാങ്ങിയത്. എന്നാൽ ഈ ഭൂമി ഡേറ്റ ബാങ്കിൽ ഉൾപ്പെട്ടതാണെന്നും 2010-ൽ നിയമ വിരുദ്ധമായി മണ്ണിട്ടു നികത്തിയാതണെന്നും കണ്ടെത്തിയിട്ടുണ്ട്. മണ്ണുനീക്കം ചെയ്ത് പൂർവ്വ സ്ഥിതിയിലാക്കണമെന്ന് തൃശ്ശൂർ RDO ഭൂഉടമസ്ഥനെ അറിയിച്ചിട്ടുണ്ട്. അതിനാൽ ഭൂമിയുടെ വില ഭൂഉടമയായ ശ്രീ.ഗംഗാധരന് ഗ്രാമപഞ്ചായത്തിൽ നിന്നു നൽകിയില്ല. എന്നാൽ ഗുണഭോക്താവായ ശ്രീമതി വിജയലക്ഷ്മി ഭൂഉടമയ്ക്ക് വില നൽകി. അതിനാൽ ധനസഹായം ശ്രീമതി വിജയലക്ഷ്മിക്ക് നൽകണമെന്നാണ് ഗുണഭോക്താവിന്റെ ആവശ്യം. ഇതിന്മേൽ ഡെപ്യൂട്ടി ഡയറക്ടർ ഓഫ് പഞ്ചായത്ത്, റൂറൽ ഡയറക്ടർ എന്നിവരുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കോഓർഡിനേഷൻ കമ്മിറ്റിയുടെ തീരുമാനം സംബന്ധിച്ച്.

**തീരുമാനം:-** ഇതു സംബന്ധിച്ച് ഗ്രാമപഞ്ചായത്തിൽ ബന്ധപ്പെട്ടെങ്കിലും വിശദാംശങ്ങൾ ലഭിച്ചില്ല. വീട് നിർമ്മിക്കുന്നതിന് ഏതു പദ്ധതിയിൽപ്പെടുത്തിയാണ് ഭൂമി വാങ്ങി നൽകാൻ ഉദ്ദേശിച്ചിരുന്നത്, അന്ന് നിലനിന്നിരുന്ന നിരക്ക് എത്രയാണ്, ഡേറ്റാ ബാങ്കിൽ ഉൾപ്പെട്ട സ്ഥലത്ത് വീട് നിർമ്മാണം സാധ്യമാണോ തുടങ്ങിയ വിവരങ്ങൾ റൂറൽ ഡയറക്ടറുടെ കത്തിൽ ഇല്ല. ഇവ പരിഹരിച്ച് റിപ്പോർട്ട് നൽകാൻ റൂറൽ ഡയറക്ടറെ ചുമതലപ്പെടുത്തി. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പിന്നീട് പരിഗണിക്കുന്നതാണ്.

**നടപടി:- 1)റൂറൽ ഡയറക്ടർ**
**2)തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

**4.127 <u>പെരുമാട്ടി ഗ്രാമപഞ്ചായത്ത്</u>**

**പാലക്കാട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 19.01.2023-ലെ കത്തും പെരുമാട്ടി ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 04.01.2023 ലെ (8)-ാം നമ്പർ തീരുമാനവും (SRG 398/23 - CC/879/22).**

**വിഷയം:-** പട്ടികവർഗ്ഗ വിഭാഗക്കാർ വീടിനുമുകളിൽ സൗരോർജ്ജ പ്ലാന്റ് സ്ഥാപിക്കുന്നത് സംബന്ധിച്ച്.

| *പ്രോ.നം: 155/23* | *അടങ്കൽ* | *5,00,000 രൂപ (റ്റി.എസ്.പി)* |
|---|---|---|
| *പേര്* | *പുരപ്പുറം പദ്ധതി - KSEB ക്ക് തുക നൽകൽ* | |

പെരുമാട്ടി ഗ്രാമപഞ്ചായത്ത് പട്ടികവർഗ്ഗ കുടുംബങ്ങൾക്കായി പുരപ്പുറം സോളാർ പദ്ധതി നടപ്പാക്കുന്നു. അഞ്ചു കുടുംബത്തിന് 2 KW ശേഷിയുള്ള Ongrid Solar Power Plant ആണ് സ്ഥാപിക്കുന്നത്. മാർഗ്ഗരേഖ പ്രകാരം അനർട്ടിനെയാണ് ചുമതലപ്പെടുത്തേണ്ടതെങ്കിലും KSEB മുഖേനയാണ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്. ഇതു അനുസരിച്ചാണ് പ്രോജക്ട് തയ്യാറാക്കിയത്. എന്നാൽ മാർഗ്ഗരേഖയിൽ പറയും പ്രകാരം അനെർട്ട് മുഖേന തന്നെ നടപ്പാക്കാൻ പ്രോജക്ട് ഭേദഗതി ചെയ്യാൻ ഉദ്ദേശിക്കുന്നു. സൗരതേജസ് എന്ന പദ്ധതി പ്രകാരം 40 ശതമാനം സബ്സിഡി അനെർട്ടിൽ നിന്നു ലഭിക്കും. ബാക്കിയുള്ള 60 ശതമാനം ഗുണഭോക്തൃ വിഹിതമാണ്. പട്ടികവർഗ്ഗ വിഭാഗക്കാരായതിനാൽ ഗ്രാമപഞ്ചായത്തിൽ നിന്ന് ഈ വിഹിതം നൽകാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം :-** Ongrid സോളാർ പ്ലാന്റ് ആയതിനാൽ ഇതിന്റെ ഫീസിബിലിറ്റി **KSEB** പരിശോധിച്ച് റിപ്പോർട്ട് സഹിതം നൽകാൻ നിർദ്ദേശിക്കുന്നു. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പിന്നീട് പരിഗണിക്കുന്നതാണ്.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

**4.128 <u>കുറ്റിപ്പുറം ഗ്രാമപഞ്ചായത്ത്</u>**

**ബഹു. കോട്ടക്കൽ എം.എൽ.എ.യുടെ 23.01.2023-ലെ 6/2023/**KTK **നമ്പർ കത്തും മലപ്പുറം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 17.02.2023-ലെ കത്തും കുറ്റിപ്പുറം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 21.01.2023, 15.02.2023 എന്നീ തീയതികളിലെ A2/100/23 -ാം നമ്പർ കത്തും (SRG 246/23, 398/23 - CC - 137/23)**

**വിഷയം:-** കുറ്റിപ്പുറം ഗ്രാമപഞ്ചായത്തിലെ വിവിധ കുടിവെള്ള പദ്ധതികളുടെ നടത്തിപ്പ് സംബന്ധിച്ച്

ഗ്രാമ പഞ്ചായത്തിൽ 11 കുടിവെള്ള പദ്ധതികളുടെ വൈദ്യുതി ചാർജ് കുടിശ്ശിക വരുത്തിയിരുന്നു. ഇവ ഗുണഭോക്തൃ സമിതിക്ക് കൈമാറിയിട്ടില്ല. വൈദ്യുതി ചാർജും മറ്റു നടത്തിപ്പ് ചെലവും ഗ്രാമപഞ്ചായത്തിൽ നിന്നും നൽകിയത് സംബന്ധിച്ച് ഓഡിറ്റ് കുറിപ്പുള്ളതിനാൽ തുടർന്നുള്ള ചെലവ് ഗ്രാമപഞ്ചായത്തിൽ നിന്ന് നൽകാൻ കഴിയുന്നില്ല. 11 കുടിവെള്ള പദ്ധതിയിൽ താഴെപ്പറയുന്ന നാലു പദ്ധതികൾക്കാണ് ഇനി കുടിശ്ശിക ഉള്ളത്.

| **ക്രമ നം** | **പദ്ധതിയുടെ പേര്** | **കുടിശ്ശിക** |
|---|---|---|
| 1 | പോലീസ് സ്റ്റേഷൻ കുടിവെള്ള പദ്ധതി | 6,913 രൂപ |
| 2 | മിച്ചഭൂമി കുടിവെള്ള പദ്ധതി | 366 രൂപ |
| 3 | കൊടിക്കുന്ന് കുടിവെള്ള പദ്ധതി | 691 രൂപ |
| 4 | മല്ലൂർക്കടവ് കുടിവെള്ള പദ്ധതി | 1,01,478 രൂപ |
| | **ആകെ** | **1,09,448 രൂപ** |

ഈ തുക നൽകാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു. ഗ്രാമപഞ്ചായത്തിൽ 8 പമ്പ് ഓപ്പറേറ്റർമാരുണ്ട്. 2022 മാർച്ച് മുതൽ 2022 ജൂൺ വരെ 4 മാസത്തെ വേതനം ഇവർക്ക്

നൽകാനുണ്ട്. ഒരാൾക്ക് പ്രതിമാസം 12,200 രൂപ നിരക്കിൽ 8 പേർക്ക് നാലുമാസത്തെ വേതനമായ 3,90,400 രൂപ നൽകാനും അനുമതി ആവശ്യപ്പെട്ടിരിക്കുന്നു. ഗ്രാമപഞ്ചായത്തിലെ വിവിധ കുടിവെള്ള പദ്ധതികളുടെ അറ്റകുറ്റപ്പണി ഇനിയും പൂർത്തീകരിച്ചിട്ടില്ലാത്തതിനാൽ ഗ്രാമപഞ്ചായത്തിൽ നിന്ന് തന്നെ വൈദ്യുതി ചാർജ്ജ്, പമ്പ് ഓപ്പറേറ്ററുടെ വേതനം, മറ്റ് ചെലവുകൾ എന്നിവയും നൽകാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്

**തീരുമാനം :-** അനുമതി നിരസിച്ചു. കുടിവെള്ള പദ്ധതി പൂർത്തിയാക്കി ഗുണഭോക്തൃ സമിതിക്ക് കൈമാറാത്തത് ഗ്രാമപഞ്ചായത്തിന്റെ വീഴ്ചയാണ്. ഗുണഭോക്തൃ സമിതി തന്നെ പദ്ധതിയുടെ നടത്തിപ്പ് ചെലവ് വഹിക്കണമെന്ന് മുൻ വർഷങ്ങളിലും നിർദ്ദേശമുള്ളതാണ്. പതിനാലാം പഞ്ചവത്സരപദ്ധതി സബ്സിഡി ധനസഹായ മാർഗ്ഗരേഖ (28.05.2022-ലെ 115/22/തസ്വഭവ) ഖണ്ഡിക 6.6.7 IV ൽപറയുന്ന പ്രകാരം നടപടി സ്വീകരിക്കാൻ നിർദ്ദേശിക്കുന്നു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്**

**4.129 <u>കോഴിക്കോട് കോർപ്പറേഷൻ</u>**

**കോഴിക്കോട് കോർപ്പറേഷൻ മേയറുടെ 01.03.2023 ലെ കത്തും കോഴിക്കോട് കോർപ്പറേഷൻ കൗൺസിലിന്റെ 02.03.2023 ലെ 127-ാം നമ്പർ തീരുമാനവും (SRG 456/23)**

**വിഷയം:-** വാർഷിക പദ്ധതിയിൽ ചെലവഴിക്കാൻ സാധിക്കാത്ത തുക - ലാന്റ് അക്വിസിഷൻ പദ്ധതിയ്ക്ക് വകയിരുത്തുന്നതിന് അനുമതി നൽകുന്നതു സംബന്ധിച്ച്.

കോഴിക്കോട് കോർപ്പറേഷനിൽ കല്ലുത്താൻ കടവ് വെജിറ്റബിൾ കം ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണത്തിന് സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരികയാണ്. കാലപ്പഴക്കത്താൽ അപകട ഭീഷണിയിലായ പാളയത്തെ പച്ചക്കറി മാർക്കറ്റ് കല്ലുത്താൻ കടവിലേക്ക് മാറ്റാനാണ് ഉദ്ദേശിക്കുന്നത്. മാർക്കറ്റ് നിർമ്മാണത്തിനുള്ള ഭൂമി ഏറ്റെടുക്കുന്നതിനായി കോഴിക്കോട് കോർപ്പറേഷന് 7 കോടിയോളം രൂപ ആവശ്യമായി വരും. 26.03.2023 ന് മുമ്പ് സ്ഥലം അക്വിസിഷൻ ചെയ്യുതിന്റെ പണം അടയ്ക്കേണ്ടതുണ്ട്. കോർപ്പറേഷന്റെ തനത് വരുമാനം കുറവായ സാഹചര്യത്തിൽ ഭൂമി ഏറ്റെടുക്കുന്നതിന് തുക കണ്ടെത്താൻ ബുദ്ധിമുട്ടുണ്ടാണ്. ഈ സാഹചര്യത്തിൽ കോഴിക്കോട് കോർപ്പറേഷന്റെ 2022-23 വാർഷിക പദ്ധതിയിലെ പൂർണ്ണമായും ചെലവഴിക്കാൻ സാധിക്കാത്ത പ്രോജക്ടുകളിൽ നിന്നും തുക കണ്ടെത്തി ലാന്റ് അക്വിസിഷന് ആവശ്യമായ തുക കണ്ടെത്താനുദ്ദേശിക്കുന്നു. ഇതിന് അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം :-** അനുമതി നൽകുന്നു. ഇതിനാവശ്യമായ ക്രമീകരണം സുലേഖ സോഫ്റ്റ് വെയറിൽ ചെയ്യുന്നതിന് ഐ.കെ.എം. എക്സിക്യൂട്ടീവ് ഡയറക്ടറെ ചുമതലപ്പെടുത്തി.

**നടപടി:- തദ്ദേശസ്വയംഭരണ (ആർ.ഇ) വകുപ്പ്**

യോഗം രാത്രി 8.00 മണിക്ക് അവസാനിച്ചു

**<u>യോഗത്തിൽ പങ്കെടുത്തവർ</u>**

1. ബഹു. തദ്ദേശസ്വയംഭരണ – എക്സൈസ് വകുപ്പ് മന്ത്രി
2. മെമ്പർ, വികേന്ദ്രീകൃതാസൂത്രണ വിഭാഗം, സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ്
3. അഡീഷണൽ ചീഫ് സെക്രട്ടറി, തദ്ദേശസ്വയംഭരണവകുപ്പ്
4. ഡയറക്ടർ, തദ്ദേശസ്വയംഭരണവകുപ്പ് റൂറൽ (പ്രതിനിധി)
5. ഡയറക്ടർ, തദ്ദേശസ്വയംഭരണവകുപ്പ് അർബൻ
6. പ്രിൻസിപ്പൽ സെക്രട്ടറി, ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ് (പ്രതിനിധി)
7. അഡീഷണൽ ചീഫ് സെക്രട്ടറി, ധനവകുപ്പ് (പ്രതിനിധി)
8. എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ
9. എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം (പ്രതിനിധി)
10. ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ (പ്രതിനിധി)
11. മിഷൻ ഡയറക്ടർ, MGNREGS
12. ഡയറക്ടർ, ശുചിത്വമിഷൻ
13. മെമ്പർ സെക്രട്ടറി, സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ് (പ്രതിനിധി)
14. ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്
15. ഡയറക്ടർ, പട്ടികജാതി വികസന വകുപ്പ് (പ്രതിനിധി)
16. ഡയറക്ടർ, പട്ടികവർഗ്ഗ വികസന വകുപ്പ് (പ്രതിനിധി)
17. ഡയറക്ടർ, ആരോഗ്യവകുപ്പ് (പ്രതിനിധി)
18. പൊതു വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ (പ്രതിനിധി)